# എടമനക്കരിശും
# എടമനക്കുടുംബവും



വി. മത്തായിശ്ലീഹാ
തിരുനാൾ
സെപ്റ്റംബർ 21

വി. മത്തായി
സുവിശേഷം

എടമനക്കുടുംബക്കാരുടെ
പ്രത്യേക മദ്ധ്യസ്ഥൻ

## എടമനക്കരിശേ വാഴ്ക
## ഇടയിലും വഴിയിലും ഞങ്ങൾക്കു രക്ഷ നൽകുക

Fr. Hugo 1971
LIBRARY
DHARMARAM COLLEGE LIBRARY BANGALORE-29
LIBRARY M. D. MONASTERY KOTHAMANGALAM
814

# സമർപ്പണം

കളത്തിക്കുടുംബക്കാർ തൻ ചരിത്രത്തെ ലവലേശം
പൊളിയൊന്നും കലരാതെയെഴുതിട്ടുവാൻ
പണിപ്പെട്ട മഹാത്മാവാം ''ശൗര്യാരച്ചന''വർകൾതൻ
പരിശ്രമഫലമാണീ ചരിത്രഗ്രന്ഥം.
കളത്തിക്കുടുംബത്തിന്റെയാരംഭം തൊട്ടുള്ളതെല്ലാം
ശരിയായിട്ടിതിലങ്ങു പകർത്തിട്ടുവാൻ
തീവ്രമായിശ്രമിച്ചോരാ വന്ദ്യനാകും പിതാവിന്റെ
സേവനദീപത്തിൻ മുന്നിൽ നമിച്ചീടുന്നു!
ഇച്ചരിത്രമെഴുതുവാൻ സഹായിച്ച ജനങ്ങളേ!
നന്ദിപൂർവ്വം നിങ്ങളേയും സ്മരിച്ചിടുന്നു!
''എടമന''യില്ലത്തിൽനിന്നൊരു മഹാൻ പണ്ടൊരുനാൾ
മടിയാതെ ക്രിസ്തുമതം സ്വീകരിക്കയും
''അരക്കുഴ''നാട്ടിൽ വന്നു കുടുംബസഹിതമവർ
ധീരരായിത്തന്നെയങ്ങു വാഴ്കയും ചെയ്തു.
കാലമേറെക്കഴിഞ്ഞപ്പോളെടമനത്തറവാട്ടിൽ
ആളുകളങ്ങേറെയായി വർദ്ധിച്ചുവന്നു.
പലരും പലവഴിയായ് പിരിഞ്ഞങ്ങു താമസിക്കേ,
ഒരു ധന്യൻ ''വാഴക്കുളം'' നാടതിൽ വന്നു.
കിഴക്കമ്പലം കാരനാം ''കളത്തിക്കർത്താവി''ന്നുടെ
സ്ഥലമതു വാങ്ങിയതിൽ വാസം തുടങ്ങി.
അതുമുതൽ നമ്മളുടെ കുടുംബത്തിൻ നാമധേയം
''കളത്തി''യെന്നായിട്ടങ്ങു പ്രസിദ്ധമായി.
ശാഖോപശാഖകളായി പലപല നാട്ടുകളിൽ
വാണിടുന്നു നമ്മളുടെ കുടുംബാംഗങ്ങൾ.
വാഴക്കുളം, കല്ലൂക്കാട്ട്, കലയന്താനി തുടങ്ങി
ഏറെനാട്ടുകളിലവർ വസിച്ചിടുന്നു.
ഈ വിധത്തിലാരംഭിച്ച കളത്തിക്കുടുംബത്തിന്റെ
പൂർണ്ണമായ ചരിത്രത്തെയെഴുതിട്ടുവാൻ
വന്ദ്യനായ ശൗര്യാരച്ചൻ ശ്രമിച്ചതിൻ ഫലമായി
സുന്ദരമായൊരു ഗ്രന്ഥം രൂപമെടുത്തു.
കാപട്യമതേശിടാതെയഹങ്കാരം കലരാതെ
ആത്മാർത്ഥതയ്ക്കകമ്പടി സേവിച്ചുകൊണ്ടു്,
രചിച്ചോരിച്ചരിത്രത്തെ സഹൃദയ ലോകത്തിന്റെ
ദയയേറും ഹസ്തങ്ങളിൽ സമർപ്പിക്കുന്നു.

ജൂഡിത്തു് ഇടപ്പഴം.

Dharmaram College Library
Acc. No. 87592
Call. No. J631/ED15

M1929.2
IDA

LIBRARY M.D. MONASTERY
814

# മുഖവുര

1 കുടുംബചരിത്രം അറിയുന്നതു, കുടുംബക്കാരും, കുടുംബാംഗങ്ങളും തമ്മിലുള്ള സ്നേഹവും ബന്ധവും അടുപ്പവും ഒടപ്പവും, പുലത്തുന്നതിനു വളരെ ഉപകരിക്കുന്ന ഒന്നാണു്.

2 സ്വന്ത സഹോദരസഹോദരിമാർതന്നെയും അവരുടെയും പുത്രകളത്രാദികളുടേയും മരണത്തോടുകൂടെ, തമ്മിലുള്ള ബന്ധവും സംബന്ധവും അറിയാതെ ആയിത്തീരുന്നുണ്ടു്. നമ്മൾ ഏതു ദേശത്തും എത്ര വിദൂരസ്ഥലങ്ങളിൽ പോയി താമസിച്ചാലും നമ്മുടെ കുടുംബവും, കുടുംബപ്പേരും, തറവാടും തറവാട്ടുപേരും ഉപേക്ഷിക്കുകയും മറക്കുകയും ചെയ്യരുതു്.

3 പെരുമ്പല്ലൂരു് "എടമന" എന്നു പേരായി ഒരു ബ്രാഹ്മണ ഇല്ലം ഉണ്ടായിരുന്നു. ആ ഇല്ലത്തിൽനിന്നു് ഒരാൾ കുടുംബസഹിതം ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുമതത്തിൻെറ ആരംഭനൂററാണ്ടിൽ ആയിരുന്നു ഈ മാനസാന്തരം നടന്നതെന്നാണു് പുരാതന ഐതിഹ്യം.

ഇവർ അവിടെനിന്നു ഭ്രഷ്ടാക്കപ്പെട്ടു. ഇവർ ആരക്കുഴ കീഴ മടങ്ങിൽ ആററരുകിൽ വന്നു താമസം ഉറപ്പിച്ചു. ആ പഴയ ഹൈന്ദവപേരായ "എടമന" എന്നതന്നെ ഈ ക്രിസ്തീയകുടുംബത്തിനും അവർ പേരിട്ടു. എടമന കുടുംബത്തിൽ ആളുകൾ വദ്ധിച്ചു. അവർ ആരക്കുഴയും അയൽസ്ഥലങ്ങളിലും ദൂരസ്ഥലങ്ങളിലും മാറി താമസിച്ചു. അവർ എവിടെ എല്ലാം പോയോ, പോയ സ്ഥലങ്ങളിലെ വീട്ടുപേരുംമററും കാലാന്തരത്തിൽ മറന്നു പോയി. 999_ൽ ആരക്കുഴപ്പള്ളി സ്ഥാപിച്ചപ്പോൾ ഇവർ പെരുകി 1000ത്തോളം ആയി എന്നാണു് ഐതിഹ്യം.

ഈ ക്രിസ്തീയ എടമനക്കുടുംബത്തിൽനിന്നു് ഒരു കാരണവൻ കാവന വെട്ടുപാറക്കലേക്കും അവിടന്നു മാത്തു, മാത്തുണ്ണി, എന്നു് എല്ലാം പേരുവിളിക്കപ്പെട്ടിരുന്ന ഒരു കാരണവൻ വാഴക്കുളം കളത്തിപ്പുരയിടത്തിലേക്കും കുടുംബസഹിതം മാറി പാത്തു. ആ പുരയിടത്തിന്റെ പേരാൽ അവർ "കുളത്തിക്കുടുംബക്കാർ" എന്നു വിളിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്നു. ഈ കാരണവനു 1. കളപ്പുരയ്ക്കൽ താമസിച്ച അയിപ്പു് (ശാഖാ തലക്കൽ–എടപ്പഴത്തിൽ) 2. പുല്ലറമ്പിൽ താമസിച്ച വറുഗീസ്, 3 കൊട്ടുപള്ളിൽ താമസിച്ച ഉതുപ്പു് എന്ന മൂന്നു് ആൺമക്കളും–കൊച്ചുമറിയാമ്മ എന്ന ഏകമകളുമുണ്ടായിരുന്നു. ഇന്നത്തെ കുളത്തിക്കുടുംബക്കാർ എല്ലാവരും ഈ മൂന്നു് ആൺശാഖകളിൽപ്പെട്ടവരാണു്.

കളപ്പുരയ്ക്കൽ, തലയ്ക്കൽ, എടപ്പഴത്തിൽ, പുല്ലറമ്പിൽ, കൊട്ടുപള്ളിൽ, മലേക്കുടിയിൽ, നെല്ലിക്കുന്നേൽ– മുതലായ തറവാട്ടുപേരുകളിൽ ഇവർ വാഴക്കുളം, കൂവേലി, കലേക്കാട്ടു്, മുടപ്പന്നൂർ, മ

ഞ്ഞളൂർ, കല്ലൂർക്കാട്ട്, കിരമ്പാറ, കൊമ്പഗപാടം, തഴവംകുന്ന്, തെന്നത്തൂർ, നേയിശേരി, കല്ലാനി, കലയന്താനി, കോതമംഗലം, വെളിയൻചാൻ, മലബാറിൽ കെല്ലൂർ, മാനന്തവാടി, ദേവികുളം, ഉട്ടംബംചോല, രാജാക്കാട്ട് മുതലായ സ്ഥലങ്ങളിൽ കൂട്ടമായും ഒററയായും താമസിക്കുന്നുണ്ട്.

ഇവർ എവിടെ പോയി താമസിച്ചാലും പൂർവ്വതറവാട്ട് എടമനക്കുട്ടംബത്തേയും വാഴക്കുളം കളത്തിക്കുട്ടംബത്തേയും അതിൻെറ ശാഖാകുട്ടംബങ്ങളേയും മറക്കരുത്. ഔദ്യോഗിക എഴുത്തുകുത്തുകളിലും മററും എടമന, (കളത്തിയായ) കളപ്പുര, എടമന, തലയ്ക്കൽ, പുല്ലറമ്പിൽ, കൊട്ടപള്ളി മലേക്കുടി, നെല്ലിക്കുന്നേൽ, ഇഞ്ചപ്ലാക്കൽ, മുതലായ ഈ ശാഖാപേരുകൾ എഴുതണം. ഈ ശാഖാകുട്ടംബക്കാർ ആരും, എവിടെപ്പോയാലും കുട്ടംബശാഖാപേരുകൾ ഉപേക്ഷിക്കരുത്, മറക്കരുത്—.അതായത്ത (കളത്തിയായ, കളപുരയ്ക്കൽ– ഏറംകോട്ടിൽ–താമസിക്കുന്നു.....)

ഈ ശാഖാപേരുകളോടുകൂടി– ഇപ്പോഴത്തേ താമസസ്ഥലവും, താമസിക്കുന്ന വീട്ടുപേരും പറയണം.

N. B: ഇങ്ങനെ എഴുതുകയും പറയുകയും ചെയ്താൽ കൂട്ടവും കുലവും സംബന്ധവും അറിവാനും സംബന്ധപ്പേരുകൾ വിളിക്കുവാനും ഇടയാകും. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ കുടുംബചരിത്രം എഴുതപ്പെട്ടിരിക്കുന്നതു്.

4. 1922 നവബർ 22–ാം നു എടമനകളത്തി, നെയിശേരി-പാടത്തിൽ സ്വസഹോദരനായ ഉതുപ്പ് അയിപ്പിൻെറ ഭവനത്തിൽ കിടന്നു മരിച്ച ബ: എടപ്പഴത്തിൽ ചാക്കോച്ചനും, കുട്ടംബസ്നേഹികളും പഴമക്കാരുമായി മററു പല ആളുകളും ഒരു കുട്ടംബചരിത്രം എഴുതുന്നതിനു് എന്നോടു പറയുകയും എന്നെ പ്രോത്സാഹിപ്പിക്കുകയും, അവരുടെ പാരമ്പര്യകേൾവികളും, അവരുടെ അറിവുകളും എന്നെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. ഈ അടിസ്ഥാനത്തിൽ ഞാൻ ഒരു കുട്ടംബചരിത്രനക്കൽ 1930-ൽ എഴുതി ഉണ്ടാക്കുകയും അന്നു ജീവിച്ചിരുന്ന പഴമക്കാരെ വായിച്ചുകേൾപ്പിക്കുകയും ഇവർ ചിലതെല്ലാം തിരുത്തുകയും പുതിയ അറിവുകൾ പറഞ്ഞുതരുകയും ചെയ്തു. ഈ അടിസ്ഥാനത്തിൽ കുട്ടംബചരിത്രം വീണ്ടും തിരുത്തി എഴുതി. വീണ്ടും വീണ്ടും പുതിയ അറിവുകൾ കിട്ടിയതനുസരിച്ച് ആറു പ്രാവശ്യം തിരുത്തി എഴുതി. 1960–ൽ ആണ് 6–ാം പ്രാവശ്യം എഴുതിത്തീർത്തതു്.

1932 നവമ്പർ 20-ാംനു- മരിച്ച നമ്പ്യാപറമ്പിൽ വടക്കേക്കര ബ: ചാക്കോച്ചൻ ഒരു നിഷ്പക്ഷകനും നല്ല ഓർമ്മശക്തിയുള്ളവനും ആയിരുന്നു. ഈ ചരിത്രനക്കൽ, ഞാൻ 1931 ഡിസമ്പർ 27-ാംനു- വാഴക്കുളം ഇടവകപ്പള്ളിയിലെ 13-

മണി ആരാധനദിവസം വിശ്രമസമയത്ത് മുറിയിൽ ചെന്ന് അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചു. അപ്പോൾ അദ്ദേഹം സന്തോഷത്തോടും അതിശയത്തോടുംകൂടെ ചോദിക്കുന്ന "അച്ചന് ഈ അറിവുകൾ എവിടെനിന്നു കിട്ടി"യെന്നു്. അതിനു ഞാൻ സമാധാനം പറഞ്ഞപ്പോൾ അദ്ദേഹം "ഇതെല്ലാം ശരിയാണു്. ഇതിൽ പറയുന്ന കാര്യങ്ങളെക്കുറിച്ചും കളത്തി നമ്പ്യാപറമ്പൻ ബന്ധത്തെക്കുറിച്ചും ഇന്നത്തേ പല ആളുകൾക്കും പ്രത്യേകിച്ചു ചെറുപ്പക്കാക്ക് ശരിയായി അറിഞ്ഞുകൂടാ- ഇതു് അച്ചൻ ശരിപ്പെടുത്തി എഴുതണം". എന്നുമററും പറഞ്ഞു് എന്നെ പ്രോത്സാഹിപ്പിച്ചു. ഇതിൽ എഴുതിയിരുന്നതിനും പുറമെ വേറെ കൂടുതൽ അറിവുകളും അദ്ദേഹം എനിക്കു പറഞ്ഞുതന്നു. കളത്തി,നമ്പ്യാപറമ്പിൽ കുടുംബങ്ങളിലേ ഒന്നും രണ്ടും മൂന്നും തലമുറ വംശാവലിയും എഴുതിത്തന്നു. മരിച്ചുപോയ വല്യവീട്ടിൽപറമ്പിൽ ബ: ഗീവറുഗീസച്ചൻ, മഞ്ചേരിൻ ബ: കുരിയാക്കോസച്ചൻ ററി. ഒ. സി. ഡി., ബ: തറയിൽ ലൂക്കാച്ചൻ ററി. ഓ. സി. ഡി., മുതലായ പഴമക്കാരായ വൈദികരിൽനിന്നും, പല അൽമായരിൽനിന്നും കളത്തി, നമ്പ്യാപറമ്പിൽ, ചൊള്ളാമഠം കുടുംബങ്ങളെക്കുറിച്ച് പല പാരമ്പര്യ അറിവുകൾ ലഭിക്കുവാൻ ഇടയായിട്ടുണ്ടു്.

1962 ഒക്ടോബർ 21-ാംനു 96-ാമത്തേ വയസ്സിൽ മരിച്ച വാഴക്കുളം ഇടവക കാവകാട്ട് താമസിച്ചിരുന്ന ചൊള്ളാമഠക്കുടുംബം കളപ്പുരക്കൽ ശ്രീ വക്കിയെന്ന വയോവൃദ്ധൻ കളത്തി, നമ്പ്യാപറമ്പൻ, ചൊള്ളാമഠക്കുടുംബങ്ങളെക്കുറിച്ചു പല പുരാതന അറിവുകളും പറഞ്ഞു തന്നിട്ടുണ്ടു്. ഇയ്യാൾക്കു് ഈ വാദ്ധക്യകാലത്തിലും പഴയ സംഗതികളെക്കുറിച്ച് നല്ല ഓമ്മയുണ്ടായിരുന്നു. എന്നാൽ പുതിയ കാര്യങ്ങളെക്കുറിച്ചു വളരെ മറവിയും ആയിരുന്നു.

ഈ 1964_ൽ എൻെറ സമകാലികന്മാരായ കളത്തി, നമ്പ്യാപറമ്പിൽ, ചൊള്ളാമഠം കുടുംബങ്ങളിൽ ഉള്ളവരോട് ഈ ചരിത്രം സംബന്ധിച്ചു പലതും ചോദിക്കുകയും അറിയുകയും ചെയ്തിട്ടുണ്ടു്. ചിലക്കു ചിലകാര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഭൂരിപക്ഷാഭിപ്രായങ്ങളെ മാനിച്ചും സ്ഥലകാല സാഹചര്യങ്ങൾ നോക്കിയുമാണു്. ഈ ചരിത്രത്തിനു ഞാൻ അവസാനരൂപം കൊടുത്തിട്ടുള്ളതു്.

ചില ചരിത്രക്കാരന്മാർ തങ്ങളുടെ ചരിത്രത്തെ നീതീകരിക്കുകയും മററു ചരിത്രങ്ങളെ താറടിക്കുകയും ഇടകരിക്കുകയും ചെയ്യുന്നതു് ഒരു സാമത്ഥ്യമായി കരുതുന്നുണ്ടു്. ഇതെല്ലാം തെററാണു്. ചരിത്രങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളും തെററുകളും ഉണ്ടാകാം.

എടമനക്കുടുംബക്കാരും അതിൻെറ ശാഖാകുടുംബങ്ങളായ വെട്ടപാറക്കൽ, എടത്തട്ടേൻ, കട്ടയ്ക്കൽ. തയ്യിൽ, കുറുപ്പുംപടി, കാളാംപറമ്പൻ, കളത്തി, ചൊള്ളാമഠം മുതലായ കുടുംബക്കാർക്കും, തങ്ങൾ പുരാതന ബ്രഹ്മാണകുടുംബക്കാർ എന്നും മറ്റും പറഞ്ഞു് അഭിമാനിക്കാമെങ്കിലും, മററു കുടുംബക്കാരെ ദുഷിക്കുവാനും, താഴ്ത്തുവാനും ഒരിക്കലും പാടുള്ളതല്ലാ. പുരാതനത്വവും പൗരാണികത്വവും ഉള്ള കുടുംബക്കാർ ഇവിടേയും ഈ കേരളത്തിലും പലതുണ്ടു്.

## അനുബന്ധം

1. പലവഷങ്ങളിലേ അന്വേഷണത്തിൻെറയും പരിശ്രമത്തിൻെറയും ഫലമാണു് ഈ ചരിത്രം—ഇതിനു് എന്നെ സഹായിച്ചിട്ടുള്ള പല കുടുംബങ്ങളിലേ വൃദ്ധന്മാരോടും പഴമക്കാരോടും (ബ. വൈദികരോടും അല്മായരോടും) ഞാൻ വളരെ നന്ദിയുള്ളവനാണു്. അവർ എല്ലാവരും ഇന്നു മരിച്ചു പോയി. അവക്കുവേണ്ടി ഞാൻ പ്രത്യേകം പ്രാത്ഥിക്കുന്നുണ്ടു്.

ഇന്നു ജീവിച്ചിരിക്കുന്നവരും ഈ ചരിത്രം എഴുതുന്നതിനു് എന്നെ സഹായിച്ചിട്ടുള്ളവരുമായ എൻെറ സമകാലികന്മാരോടും ഞാൻ വളരെ നന്ദിയുള്ളവനാണു്.

2. ഈ ചരിത്രം അടിക്കുന്നതിനു ധനസഹായം ചെയ്ത കളത്തി കുടുംബക്കാരോടും എൻെറ ബന്ധുമിത്രാദികളോടും ഞാൻ നന്ദിപറയുന്നു. (ധനസഹായം ചെയ്തവരുടെ പേരുകൾ കടശി കൊടുത്തിട്ടുണ്ടു്.)

3. ഇതു പരിപൂണ്ണമായ ഒരു ചരിത്രമാണെന്നു ഞാൻ കരുതുന്നില്ല. വല്ല തെററുകളും കണ്ടേക്കും. അങ്ങനെ വല്ലതുമുണ്ടെങ്കിൽ ഇനിയത്തേ രണ്ടാം പതിപ്പിൽ അതെല്ലാം തിരുത്തി അടിപ്പിക്കണമെന്നു് എൻെറ അനന്തിരവക്കാരോടു ഞാൻ അഭ്യത്ഥിക്കുന്നു—എനിക്കു് ഇനി ഇതിൻെറ അടുത്ത പതിപ്പു് അടിപ്പിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. വയസ്സു് 77—ആയി- തിരുത്തേണ്ടതും ചേക്കേണ്ടതും എനിക്കു് സാധിക്കുന്നിടത്തോളം ഞാൻ എൻെറ ഓമ്മക്കുറിപ്പു ഡയറിയിൽ കുറിച്ചിടുന്നതാണു്.

4. ഈ പുസ്തകത്തിൽ കളത്തി, നമ്പ്യാപറമ്പൻ, ചൊള്ളാമഠം മുതലായ കുടുംബക്കാർ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും വിവരിച്ചിട്ടുണ്ടു്. ഇതിനെ ഉറപ്പിക്കുന്ന ചില സക്കാർ രേഖകൾ—ആധാര പകപ്പുകളും ഇതിൽ കാണിച്ചിട്ടുണ്ടു്.

5. കളത്തിക്കുടുംബക്കാർ വാഴക്കുളത്തു വന്നിട്ടു് ഈ 1965_ൽ ഏകദേശം 200 വഷങ്ങൾ കഴിഞ്ഞിട്ടുണ്ടെന്നാണു കാലസാഹചര്യങ്ങൾകൊണ്ടു മനസ്സിലാകുന്നതു്.

6. കളത്തിക്കുട്ടംബത്തിലേ ഒന്നും രണ്ടും മൂന്നും തലമുറക്കാർ എല്ലാവരും മരിച്ചു പോയി. നാലാം തലമുറക്കാരും മിക്കവാറും പേരും മരിച്ചുപോയി. ബാക്കി അഞ്ചു പത്തു പേരുണ്ടെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. 85 കാരനായ തലയ്ക്കൽ വറുഗീസ് അയിപ്പും 77 കാരനായ ഞാനും ഈ 1965-ൽ നാലാം തലമുറയിൽപ്പെട്ടവരായി ഉണ്ടു്. വേറെയും നാലാം തലമുറക്കാർ കുറച്ചു പേരുകൂടെ ഉണ്ടു്. എല്ലാവരുംതന്നെ വയസ്സന്മാരായി.

7. അഞ്ചാം തലമുറക്കാരായി ഈ 1965- ൽ കളത്തിക്കുട്ടംബത്തിൽ മൊത്തം ഏകദേശം, ആൺവഴിക്കാർ 125, പെൺവഴി 115. ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവർ എല്ലാവരുംതന്നെ വിവാഹം കഴിച്ചു തനികുടുംബങ്ങളായി താമസിക്കുന്നവരാണു്. ഇപ്പോൾ ആൺപെൺ വഴിക്കാർ ഏകദേശം 240 വീട്ടുകാർ 5-ാം തലമുറ ഉണ്ടെന്നു കാണുന്നു., ഇവരാണു് ഇന്നത്തെ കുടുംബഭരണക്കാർ.

8. ആറാം തലമുറക്കാരായി ഈ 1965-ൽ കളത്തിക്കുട്ടംബത്തിൽ ഏകദേശം 195 ആൺ 140 പെൺ വഴിക്കാരും- ആകെ 300-ൽ പരം അംഗങ്ങൾ ഉണ്ടു്. 6-ാം തലമുറയിൽ വിവാഹം കഴിക്കാത്തവരുമുണ്ടു്. ഇവർ പല കരകളിലും നാട്ടുകളിലും താമസിക്കുന്നതുകൊണ്ടു് ഇവരുടെ കണക്കുകൾ ശരിയായി അറിഞ്ഞുകൂടാ --- 7-ം, 8-ം, 9-ം, തലമുറക്കാരുണ്ടു്.

9. കല്ലൂർ കളപ്പുരയ്ക്കൽ ആഗസ്തി ബ: ജെയിംസ് അച്ചൻ 7-ാം തലമുറക്കാരനാണു്. ഇദ്ദേഹം പൂനാ പേപ്പൽ സെമിനാരിയിൽ പഠിച്ചു. 1964 ഡിസംബർ 1-ാംനു- 38-ാം ദിവ്യകാരുണ്യകോൺഗ്രസിന്റെ അവസരത്തിൽ ബോംബയിൽ ഗുരുപ്പട്ടമേറ്റു. ഡിസംബർ 7-ാം നു- സ്വന്തം ഇടവകയായ കല്ലൂർ പള്ളിയിൽ ആഘോഷമായ പുത്തൻ കുർബ്ബാന ചൊല്ലി. അന്നുതന്നെ സ്വന്തം ഭവനത്തിലും ആഘോഷങ്ങൾ നടത്തി. കൊട്ടപള്ളി കുടുംബത്തിൻ ഇന്നു് 8, 9- തലമുറക്കാർ ഉണ്ടു്.

10. ആദ്യം തുടങ്ങിയുള്ള തലമുറക്കാരുടെ ആൺ പെൺവഴിക്കാരുടെ പേരുകൾ ഈ പുസ്തകത്തിൽ- "കളത്തികുട്ടംബത്തിലേ വംശാവലി"യിൽ ചേർത്തിട്ടുണ്ടു്, വല്ലതും വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രത്യേകിച്ചു—6-ാം തലമുറയിൽ പെട്ടവരുടെയും, 7- 8- ശേഷം തലമുറയിൽ ഇനി ജനിക്കുന്നവരുടെയും പേരുകൾ ജനനതീയതി (അപ്പൻ, അമ്മ, താമസിക്കുന്ന വീട്ടുപേരു്). . . മുതലായതു നല്ല മഷിയിൽ - പടരാതെ - നല്ല കൈയക്ഷരത്തിൽ ഈ പുസ്തകം കിട്ടുന്ന എല്ലാ വീട്ടുകാരും തുടർച്ചയായി എഴുതിപ്പോരണം— "ഭാവികുട്ടംബവംശാവലി" ശരിപ്പെടുത്താൻവേണ്ടിയാണു് -- ഇങ്ങിനെ പറയുന്നതു്, അവസാനം എഴുതാത്ത കുറേ കടലാസ് ഇട്ടിട്ടുണ്ടു്. ഇതു് എഴുതുവാൻ വേണ്ടിയാണു് ഈ

കടലാസ് ഇട്ടിരിക്കുന്നതു്.

11. വൈദികർ, കന്യാസ്ത്രീകൾ, ബിരുദധാരികൾ മുതലായവരുടെ ഫോട്ടോബ്ളോക്കുകൾ അവരവരുടെ കാര്യം പറയുന്ന സ്ഥലങ്ങളിൽ വെച്ചിട്ടുണ്ടു്- ഈ കുടുംബത്തിൽനിന്നു് അന്യകുടുംബങ്ങളിൽ വിവാഹം കഴിച്ചുപോയിട്ടുള്ള സ്ത്രീകളുടെ വിവരങ്ങളും അവരുടെ മക്കളും വൈദികരും കന്യാസ്ത്രീകളുമായവരുടെ വിവരങ്ങളും കിട്ടിയവരുടെ ഫോട്ടോബ്ളോക്കുകളും ചേർത്തിട്ടുണ്ടു്. കുടുംബങ്ങൾ തമ്മിലുള്ള ബന്ധം കാണിപ്പാനാണു ബ്ളോക്കുകൾ വച്ചിരിക്കുന്നതു്. ഇന്നത്തേ നമ്മുടെ പൂർവ്വകാരണവന്മാരുടെയും കാരണവത്തികളുടെയും പേരും, ഇടവകയും നാടും നമുക്കറിഞ്ഞുകൂടാ. ഇങ്ങനെയുള്ള അബദ്ധങ്ങൾ ഇനിയും നമുക്കു വരാതിരിപ്പാൻ വേണ്ടി ഇന്നത്തേ നിങ്ങളുടെ കാരണവന്മാർ, മക്കൾ മുതലായവരുടെ പേരുകൾ രേഖപ്പെടുത്തണം.

കുടുംബത്തിലുള്ള ചിലരുടെ ബ്ളോക്കുകൾ കിട്ടിയിട്ടില്ല. കിട്ടാത്ത സ്ഥലങ്ങളിൽ ഈ അടയാളം വരച്ചു് അവരുടെ പേരുകൾ എഴുതിയിട്ടുണ്ടു്.

12 ഈ പുസ്തകത്തിനു കുടുംബചരിത്രം എന്നു പറയാതെ കുടുംബത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ, പാരമ്പര്യങ്ങൾ എന്നു പറയുന്നതാണുത്തമം— കളത്തിക്കുടുംബവംശാവലി എന്നും പറയാം.

കളത്തിക്കുടുംബത്തെയോ, കുടുംബാംഗങ്ങളെയോ ആകാശംവരെ ഉയർത്തുന്ന ഒരു വാക്കുപോലും ഇതിൽ ഇല്ല.

കുടുംബത്തിൽ പ്രശസ്തന്മാരായ പല ധീരപുരുഷന്മാരുണ്ടു്. അവരെക്കുറിച്ചു യാതൊന്നും ഇതിൽ പറഞ്ഞിട്ടില്ല.- ഈ കാലത്തിൽ സ്വയം പ്രശംസ, സ്വയം പറഞ്ഞു അഭിമാനംകൊള്ളുക മുതലായതു മനുഷ്യർക്കു പൊതുവെ വെറുപ്പാണു്.

കുടുംബക്കാർ സ്വന്തകുടുംബക്കാരെ ഉയർത്താതിരുന്നാൽ നാട്ടുകാർ അവരെ ഉയർത്തുന്നവർ കാണും. നാട്ടുകാർ അവരെ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യട്ടെ. നാം ആരെയെങ്കിലും ഉയർത്തിയാൽ അവരെ, അന്യ ആളുകൾ താഴ്ത്തിയെന്നു വരാം.

ചില കുടുംബങ്ങളിൽ ദൈവത്തിനും മനുഷ്യർക്കും നല്ലവരായി ജീവിച്ചിട്ടുള്ളവർ ഉണ്ടു്. അവരെയും അവരുടെ സൽപ്രവൃത്തികളെയും നാട്ടുകാർ കാണുകയും കേൾക്കുകയും ചെയ്യട്ടെ. അതാണു നല്ലതു്.

13 അന്യ കുടുംബക്കാരെ യാതൊരു വിധത്തിലും താഴ്ത്തുന്ന ഒററ വാക്കെങ്കിലും പറഞ്ഞിട്ടില്ല. ചരിത്രത്തിലും ഐതിഹ്യ

ങ്ങളിലും സംശയാസ്പദങ്ങളായ കാര്യങ്ങൾ ഒന്നും ഖണ്ഡിച്ചു പറഞ്ഞിട്ടില്ല. ഇങ്ങിനേയും അങ്ങിനേയും കേൾക്കുന്നു, അറിയുന്നു എന്നു മാത്രമാണു പറഞ്ഞിരിക്കുന്നതു്.

തർക്കവിഷയങ്ങളായ ചില സംഗതികൾ ഉണ്ടു്. അതെല്ലാം അങ്ങിനെതന്നെ കിടക്കട്ടെ. അതു തെററാണു് ഇതാണു ശരി എന്നു് ഒന്നും രേഖപ്പെടുത്തിയിട്ടില്ല. തർക്കവിഷയങ്ങൾ, പൊതുജനങ്ങൾ പാരമ്പര്യകേൾവി അനുസരിച്ചു വിധിച്ചുകൊള്ളട്ടെ.

# കുടുംബയോഗം

1 കുടുംബങ്ങൾ തമ്മിലുള്ള ഐക്യം പുലർത്തുന്നതിനും, സംബന്ധവും കെട്ടുപാടുകളും അറിയുന്നതിനും, കുടുംബകാര്യങ്ങളെക്കുറിച്ചും മററും പല കാര്യങ്ങൾ പറയുന്നതിനും ആലോചിക്കുന്നതിനും, അതാതു കാലങ്ങളിലെ സംഭവവികാസങ്ങൾ, രാഷ്ട്രീയകാര്യങ്ങൾ, നാട്ടുകാര്യങ്ങൾ, സമുദായകാര്യങ്ങൾ കുടുംബകാര്യങ്ങളും മററും വിവരിച്ചു ചർച്ചകൾ ചെയ്യുന്നതിനുംവേണ്ടി കുടുംബയോഗങ്ങൾ ഉണ്ടാകണം.

ഇന്നു് ഈ പരിഷ്ക്കാരകാലത്തു രാഷ്ട്രീയസമ്മേളനങ്ങൾ, പ്രാദേശികസമ്മേളനങ്ങൾ, സമുദായസമ്മേളനങ്ങൾ, ജാതീയസമ്മേളനങ്ങൾ, കുടുംബസമ്മേളനങ്ങൾ, മുതലായവ വളരെ ആവേശത്തോടുകൂടെ നടക്കുന്നുണ്ടു്. ഇതുകൊണ്ടു രാജ്യത്തിനും, സമുദായങ്ങൾക്കും, കുടുംബങ്ങൾക്കും, വളരെ അഭിവൃദ്ധിയും ഐശ്വര്യവും മററനവധി ഗുണങ്ങളും നന്മകളും ഉണ്ടാകുന്നുണ്ടു്. ചിലപ്പോൾ ഇതിലെല്ലാം ചില കുഴപ്പങ്ങളും ഉണ്ടാകും സാരമില്ല. മനുഷ്യൻ നടത്തുന്ന കാര്യങ്ങൾ അല്ലേ. മനുഷ്യബലഹീനതകൾ കൊണ്ടു പലതും സംഭവിക്കും. തെററുകൾ തിരുത്തുക, ക്ഷമിക്കുക, മറക്കുക. തല്ലിപ്പൊളികൾ ഉണ്ടാക്കി കുടുംബയോഗങ്ങളും മററും ഇല്ലാതാക്കരുതു്. വ്യക്തിപരമായും സംഘടിച്ചും യോഗത്തിൽ ഭിന്നിപ്പും വഴക്കും ആരും ഉണ്ടാക്കരുതു്.

ഒരു ഇടവകയിൽ, അല്ലെങ്കിൽ കരയിൽ കളത്തിക്കുടുംബശാഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഒരു ചെറിയ സംഘമെങ്കിലും അതാതു് ഇടവകയിൽ, അതാതുകരകളിൽ കൂടണം.

ഓരോ ഇടവകകളിലോ, കരകളിലോ യോഗം കൂട്ടുവാൻ മാത്രം വീട്ടുകാർ ഇല്ലെങ്കിൽ, അയൽ ഇടവകയിലോ കരകളിലോ ഉള്ളവർ എല്ലാവരുംകൂടി ഒരു സംഘം രൂപീകരിക്കണം. കുടുംബയോഗങ്ങൾ കാര്യമായി ആലോചിച്ചു വല്ല തീരുമാനവും എടുത്തിട്ടുണ്ടെങ്കിൽ അവയെല്ലാം ഒരു ബയ്ററു ചെയ്ത പുസ്തകത്തിൽ

രേഖപ്പെടുത്തണം. സംബന്ധിക്കേണ്ടവരുടെയും സംബന്ധിച്ചവരുടെയും പേരുകൾ എഴുതണം.

2 സ്വന്ത കുടുംബങ്ങൾ തമ്മിലോ, അന്യകുടുംബങ്ങൾ തമ്മിലോ വല്ല കേസുകളോ വഴക്കുകളോ ഉണ്ടോയെന്നു് അന്വേഷിക്കണം.- വല്ലതും കണ്ടാൽ സംഘക്കാർ അതിനുള്ള പരിഹാരമാർഗ്ഗങ്ങളും, നിവൃത്തിമാർഗ്ഗങ്ങളും കണ്ടുപിടിക്കണം. എതിർപ്പു കാണിച്ചു കച്ചേരി കയറാൻ ഇടവരുത്തരുതു്.

3 ഇങ്ങനെ പലപല കാര്യങ്ങൾക്കും കുടുംബയോഗം ഉപകരിക്കും. യോഗതീരുമാനങ്ങൾക്കു വ്യക്തികൾ സഹകരിക്കുകയും സമ്മതിക്കുകയും ചെയ്യണം.

4 മാസംതോറുമോ, ആറുമാസത്തിലൊരിക്കലോ, കുറഞ്ഞപക്ഷം വർഷത്തിലൊരിക്കൽ എങ്കിലുമോ പല ഇടവകകളും കരകളും ചേർന്നു കുടുംബയോഗം നടത്തണം. യോഗത്തിൽ പ്രായം കൊണ്ടോ പൊതുസമ്മതംകൊണ്ടോ, ധനസ്ഥിതികൊണ്ടോ, വിദ്യാഭ്യാസംകൊണ്ടോ, കാര്യക്ഷമതകൊണ്ടോ, തക്കവനായ ഒരാൾ ആദ്ധ്യക്ഷം വഹിക്കണം. അല്ലെങ്കിൽ എല്ലാവരുംകൂടി പൊതുസമ്മതപ്രകാരം ഒരാളെ തെരിഞ്ഞെടുക്കണം. അയാൾ മാസവാർഷികയോഗം കൂടുന്നതിനു് അടുത്തുള്ളവരെ ക്ഷണിക്കണം. ഇങ്ങിനെയുള്ള യോഗങ്ങളിൽ എല്ലാവർക്കും ഒരു സ്ഥലത്തു വന്നുചേരാൻ, സ്ഥലദൈർഘ്യംകൊണ്ടോ- യാത്രാസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടോ സാധിക്കുന്നില്ലെങ്കിൽ, പല സ്ഥലങ്ങളിൽവച്ചു കുടുംബയോഗം നടത്തണം. ഓരോ സ്ഥലങ്ങളിലും അദ്ധ്യക്ഷന്മാരും ഖജാൻജിമാരും വേണം.

5 യോഗത്തിൽ കൂടുന്നവർ, അവരവരുടെ സ്ഥിതിയനുസരിച്ചുള്ള സംഭാവനകൾ നൽകണം. സംഭാവനയായി കിട്ടുന്ന തുക സംഘക്കാരെ ബോദ്ധ്യപ്പെടുത്തി, അദ്ധ്യക്ഷനേയും ഖജാൻജിയേയും ഏൽപ്പിക്കണം. ഇവർ ഈ തുക തക്കബാങ്കിൽ നിക്ഷേപിക്കണം. എല്ലാത്തിനും പരസ്യകണക്കുവേണം. രഹസ്യകണക്കുകൾ ഒന്നും ഉണ്ടാകരുതു്. കൂട്ടത്തിൽ വരവുചിലവു കണക്കുകൾ വായിക്കണം. ഒപ്പിടണം.

6 മാസയോഗം, ആണ്ടുയോഗം മുതലായതിനും പുറമെ, അയ്യഞ്ചുവർഷം കഴിയുമ്പോൾ ഒരു പൊതുയോഗവും വേണം. ഇതിനു പ്രാദേശിക അദ്ധ്യക്ഷന്മാരും ഖജാൻജിമാരും ഒരുമിച്ചുകൂടി പഞ്ചവത്സരയോഗത്തിനുള്ള തക്കസ്ഥലം, സമയം മുതലായതു നിശ്ചയിച്ചു്, ഇവർ പ്രാദേശിക അംഗങ്ങളെ അറിയിക്കണം. അവർ അവരുടെ അറിവിൽപ്പെട്ട സകല വീട്ടുകാരെയും അറിയിക്കണം.

7 കളത്തിക്കുടുംബത്തിലെ, വിവിധ പ്രാദേശിക സംഘ

814

ങ്ങൾ എല്ലാവരും വന്നുകൂടി—ഒരു പൊതുയോഗം കൂടണം. ഈ യോഗത്തിൽ കുടുംബകാര്യങ്ങളെക്കുറിച്ചു പലതും ആലോചിച്ചു പൊതു അഭിപ്രായം അനുസരിച്ചു നിശ്ചയങ്ങൾ പാസ്സാക്കി, അതിനുള്ള നല്ല ബയ്റൗണ്ടുചെയ്ത പുസ്തകത്തിൽ രേഖപ്പെടുത്തണം.

ഓരോ പ്രാദേശിക സംഘങ്ങളിലേ കണക്കുകൾ പരിശോധിക്കണം. പ്രാദേശികക്കൂട്ടക്കാരുടെ അഞ്ച്വവർഷത്തേ പണം എല്ലാം എടുത്തു പൊതുഅദ്ധ്യക്ഷനേയും ഖജാൻജിയേയും ഏല്പിക്കണം. ഇവർ ഈ തുക ഇവരുടേയും ഏതാനും അനുദ്യോഗസ്ഥന്മാരുടേയും പേരിൽ ഉറപ്പുള്ള ബാങ്കിൽ നിക്ഷേപിക്കണം.

8 ഈ പൊതുസംഘത്തിൽവച്ച് അടുത്ത അഞ്ചു വർഷത്തേക്കുള്ള പൊതുഅദ്ധ്യക്ഷനേയും, ഖജാൻജിയേയും-ഓരോ പ്രാദേശികസംഘത്തിലേക്കുള്ള അദ്ധ്യക്ഷന്മാരേയും പൊതു അഭിപ്രായം അനുസരിച്ചു തെരിഞ്ഞെടുക്കണം.

9 കളത്തിക്കുടുംബത്തിൽ ഏതെങ്കിലും ശാഖയിൽ ഇടവക വൈദികർ ഉണ്ടെങ്കിൽ ഇവർ, വാർഷികസംഘത്തിലും പഞ്ചവത്സരസംഘത്തിലും ഉണ്ടായിരിക്കണം. സംഘങ്ങളിൽ ഏതെങ്കിലും അഭിപ്രായവ്യത്യാസങ്ങളോ, ഭിന്നിപ്പുകളോ ഉണ്ടായാൽ ഈ വൈദികർ, ഇതിന്റെ ഒത്തുതീർപ്പുകാരായിരിക്കണം. കുടുംബത്തിലേ സകല ഇടവക വൈദികരും, സന്യാസവൈദികരും ഇതിന്റെ പ്രോമോട്ടറന്മാരായിരിക്കണം. അൽമായരിൽ ഭിന്നിപ്പുണ്ടായാൽ ഇവർ ഇതെല്ലാം ശാന്തമാക്കണം. വൈദികനേതൃത്വത്തിൽ വേണം കുടുംബത്തിലേ ആദ്ധ്യാത്മിക, ലൗകിക കാര്യങ്ങൾ നടത്താൻ.

10 കുടുംബയോഗങ്ങളും മററും ശരിക്കു നടത്തപ്പെട്ടാൽ കുടുംബങ്ങൾക്കു് അനവധി ആത്മിക, ലൗകിക നന്മകൾ വരാൻ പാടുണ്ട്. മറിച്ചു് ഭിന്നിപ്പുണ്ടായാൽ പലനാശങ്ങളും വന്നു സംഭവിക്കുവാനും പാടുണ്ട്.

കുടുംബയോഗം കുടുംബരോഗമായിത്തീരാതിരിപ്പാൻ എല്ലാവരും ഒത്തൊരുമിച്ചു ക്ഷമിച്ചും സഹിച്ചും ത്യാഗരൂപിയോടുകൂടെ പ്രവർത്തിക്കണം.

"ഒന്നിച്ചാൽ നാം നിൽക്കും
ഭിന്നിച്ചാൽ നാം നശിക്കും."

എന്ന ആപ്തവാക്യം എല്ലാവരും ഓർത്തു് എല്ലാവരും ഒന്നിക്കണം. ആരും ഭിന്നിക്കരുതു്. വ്യക്തികൾ തമ്മിലും, കുടുംബങ്ങൾ തമ്മിലും വല്ല അസുഖങ്ങൾ ഉണ്ടെങ്കിൽ അതൊന്നും കുടുംബയോഗത്തിൽ കാണിക്കരുതു്.

11 കുടുംബയോഗങ്ങൾ, കുടുംബരോഗങ്ങളായി തീരുന്നതിനുള്ള കാരണങ്ങൾ

1) സ്വാർത്ഥത, തൻകാര്യം, സ്വന്തം ഉയർച്ച, ലാഭം, ദൈവ വിശ്വാസവും പരസ്നേഹവും കുടുംബസ്നേഹവും ഇല്ലാതിരിക്കുക.

2) നിഗളം, അനുസരണയില്ലായ്മ, എതിർപ്പ്, അധികാര സ്ഥാനഭ്രമം.

3 മൂലധനം വല്ലതും ഉണ്ടാകുമ്പോൾ അതു, സകല കൌശലങ്ങളും ഉപയോഗിച്ചു തട്ടിയെടുത്തു, തൻകാര്യങ്ങൾ കാണ്മാനുള്ള ആശയും, ശ്രമവും മററുമാണ്.

12 കുടുംബരോഗത്തിനുള്ള പ്രത്യൌഷധികൾ

1) ദൈവവിശ്വാസം, നീതിബോധം, സത്യസന്ധത, പരസ്പരസ്നേഹം, കുടുംബസ്നേഹം.

2) ത്യാഗശീലം, സഹനം, സർവപ്രധാനമായി പ്രാർത്ഥന. കുടുംബങ്ങളുടെയും വ്യക്തികളുടെയും ഉയർച്ചയ്ക്കും കുടുംബസമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കണം. പൊതുഫണ്ടിൽനിന്നു ജീവിച്ചിരിക്കുന്നവർക്കും, മരിച്ചവർക്കുംവേണ്ടി കുർബാന ചൊല്ലിക്കണം. ധർമ്മം കൊടുക്കണം.

13 കളത്തിക്കുടുംബക്കാരുടെ ജന്മദേശം വാഴക്കുളമാണ്. വാഴക്കുളത്തിൻെറ പ്രത്യേക സംരക്ഷക കർമ്മലമാതാവാണ്. കളത്തിക്കുടുംബക്കാർ എവിടെപ്പോയാലും കർമ്മലമാതാവിനെ കൂടെ കൊണ്ടുപോകണം. തങ്ങളുടെ നാട്ടിലും വീട്ടിലും മാതാവിനു സ്ഥലം കൊടുക്കണം. ഉത്തരീയത്തെ മറക്കരുതു്. അതിനെ ബഹുമാനിക്കണം സ്നേഹിക്കണം. അതു കഴുത്തിൽ ധരിക്കുകയും വേണം. ജൂലായിമാസം 16–ാംനു വാഴക്കുളം കൊവേന്തയിൽ ഉത്തരീയമാതാവിൻെറ തിരുനാൾ ഇന്നും 10 ദിവസത്തേക്കു് ആഘോഷിച്ചുവരുന്നു. 1859 മുതൽ നമ്മുടെ പൂർവ്വന്മാർ ഇതിൽ സംബന്ധിക്കുവാൻ തുടങ്ങി. അവരെല്ലാവരും ഉത്തരീയഭക്തരായി ജീവിച്ചു മരിച്ചു. അവരുടെ അനന്തിരവരായ നമ്മൾ ഇന്നു പ്രധാനമായി വാഴക്കുളത്തും ദൂരെസ്ഥലങ്ങളിലും പോയി താമസിക്കുന്നു. നമ്മൾ എവിടെപ്പോയാലും നമ്മുടെ പൂർവന്മാരുടെ വണക്കവിഷയമായ ഉത്തരീയമാതാവിനെ മറക്കരുതു്. നമ്മുടെ പൂർവന്മാർ എല്ലാവരുംതന്നെ ആദ്യകാലങ്ങളിൽ ഉത്തരീയമാതാവിൻെറ തിരുനാൾ കൊണ്ടാടിയിട്ടുള്ളവരായിരിക്കും. അതെല്ലാം ഓർത്തു ജൂലായി 16–ാംനു നമ്മൾ താമസിക്കുന്ന ഇടവകയിൽ ചെന്നു കുമ്പസാരിച്ചു വി. കുർബാന കൈക്കൊള്ളണം. നമ്മുടെ കുട്ടികളോടു പൂർവചരിത്രം പറഞ്ഞുകേൾപ്പിക്കണം. അവരെ ഉത്തരീയ സഖ്യതയിൽ ചേർത്തു പേരെഴുതിക്കണം. നമ്മുടെ മക്കളെ കർമ്മല മാതാവിൻെറ ശുശ്രൂഷയ്ക്കായി കൊവേന്തയിൽ ചേർക്കണം. ഈ 1965-ൽ കർമ്മലമാതാവിൻെറ ശുശ്രൂഷികളായി കളത്തിക്കുടുംബ

ത്തിൽനിന്നു 7 പേരുണ്ടു്. ഇനിയും തുടർച്ചയായി ഉണ്ടാകണം.

14 എടമന ഇല്ലത്തിൽനിന്നു് ആദ്യമായി ജ്ഞാനസ്നാനപ്പെട്ട ആളിൻെറ പേരു മത്തായി എന്നായിരുന്നു എന്നാണു ഐതിഹ്യം. മത്തായിശ്ലീഹായുടെ രൂപം എടമന കപ്പേളയിൽ സ്ഥാപിച്ചിരുന്നതു് ഇതിനൊരു തെളിവാണു്. മത്തായിശ്ലീഹായുടെ തിരുന്നാൾ സെപ്റ്റബർ 21-ാംനു യാണു്. അന്നു മത്തായിശ്ലീഹായെ പ്രത്യേകമായി എടമന കളത്തിക്കുടുംബക്കാർ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

എന്നു് ബ. ശവ്വാരച്ചൻ സി. എം. ഐ.

## പ്രസാധകൻ

## പുൽപ്പറമ്പിൽ ഉലഹന്നൻ കുഞ്ചിലോയുടെ

## പ്രസ്താവന

എൻെറ കാരണവൻ ബ. ശവയ്യാരച്ചൻ സി. എം. ഐ. (പുൽപ്പറമ്പിൽ) അവർകൾ കളത്തിക്കുടുംബത്തിലേയും മററു പല പുരാതന കുടുംബങ്ങളിലേയും പഴമക്കാരോടു ചോദിച്ചും പാരമ്പര്യങ്ങൾ അന്വേഷിച്ചും എഴുതിയുണ്ടാക്കിയ ഈ പുസ്തകം എൻേറയും കളത്തിക്കുടുംബത്തിലെ ഉദാരമതികളായ പലരുടേയും സംഭാവനകൾകൊണ്ടു ഞാൻ അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യുന്നു. (സംഭാവനലിസ്റ്റ് അവസാനം നോക്കുക.)



ഉലഹന്നൻ കുഞ്ചിലോ, പുല്പറമ്പിൽ

# എടമനക്കുടുംബവും
# എടമനക്കരിശ്ശും



വി. മത്തായി
സുവിശേഷം

വി. മത്തായി ശ്ലീഹാ
തിരുനാൾ
സെപ്റ്റംബർ 21

വി. മത്തായി ശ്ലീഹാ
എടമനക്കുടുംബക്കാരുടെ
പ്രത്യേക മദ്ധ്യസ്ഥൻ

**എടമനക്കരിശേ; വാഴുക**

**ഇടയിലും വഴിയിലും ഞങ്ങൾക്കു രക്ഷ നൽകുക**

# എടമനക്കുടുംബവും എടമനക്കരിശ്രും

## എടമന ഹൈന്ദവ ഇല്ലം

### ഈ ഇല്ലത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ

1 എടമന ഇല്ലം പെരുങ്ങൊഴ പെരുമ്പല്ലൂർ ആററിൻെറ പടിഞ്ഞാറേ കരയിൽ പെരുമ്പല്ലൂർ പള്ളിക്കു തെക്കുവശത്തു സ്ഥിതിചെയ്യുന്നു. ഇതു ക്രിസ്ത്വാബ്ദത്തിനു മുമ്പുള്ള ഒരു ബ്രാഹ്മണ കുടുംബമാണെന്നാണ് ഐതിഹ്യം.

ഈ ഇല്ലം വടക്കംപറവൂർ പുഴക്കനേടത്തു് ഇല്ലവും മററു പല ഇല്ലങ്ങളുമായി ബന്ധപ്പെട്ടതാണ്. ഈ ഇല്ലംവകയായി വളരെ നിലംപുരയിടങ്ങൾ ഉണ്ടായിരുന്നു. ബ്രാഹ്മണരുടെ ജീവിതമുറകൊണ്ടും ഇവരുടെ കാര്യസ്ഥന്മാരുടെ വിക്രിയകൾകൊണ്ടും മററും കാലക്രമേണ ഇല്ലംവക വസ്തുക്കൾ അന്യാധീനപ്പെട്ടുകൊണ്ടിരുന്നു. 1100-ാം മാണ്ടു് 1924-ൽ ഇല്ലം ഇരിക്കുന്ന പുരയിടം മാത്രം ശേഷിച്ചു. ഇല്ലംവാസികൾക്കു് ഉപജീവനമാർഗ്ഗം ഇല്ലാതായിത്തീൎന്നു. ഇല്ലത്തിൻെറ അററകുററങ്ങൾ അതാതുകാലത്തിൽ തീർക്കാതിരുന്നതുകൊണ്ടു് ഇല്ലം വളരെയധികം ജീർണ്ണിച്ചുപോയി. അവസാനകാലത്തു് ഇല്ലത്തു് ആൺസന്താനങ്ങൾ ഇല്ലാതായി. രണ്ടു് അന്തർജനങ്ങൾ (സ്ത്രീകൾ) മാത്രമായിത്തീൎന്നു. ഇവർ (വേളി) കല്യാണം കഴിച്ചില്ല. തന്നിമിത്തം ഇവർ അലഞ്ഞു നടക്കുന്നതിനു് ഇടയായി. ഇവർ ചില കത്തോലിക്കാവീട്ടുകളിൽ ജോലി ചെയ്താണു് ഉപജീവനമാർഗ്ഗം നേടിയിരുന്നതു്. അവസാനം ഈ അന്തർജനങ്ങളിൽ ഒരാൾ കത്തോലിക്കാമതത്തിൽ ചേൎന്നു മുറപ്രകാരം വിവാഹവും കഴിച്ചു. ഇവർ 1965-ൽ പാറത്തോട്ടപള്ളി ഇടവകയിൽ കുടുംബസഹിതം ജീവിക്കുന്നു. ഈ ഇല്ലത്തിൽനിന്നു് ആദ്യ നൂററാണ്ടുകളിൽ ഒരു ആൺവഴിയും ഈ കടശി 1924-ൽ ഒരന്തർജനവും ക്രിസ്തുമതത്തിൽ ചേൎന്നു. ഈ അന്തർജനങ്ങളായ സ്ത്രീകളെക്കൂടാതെ വെറേയും സ്ത്രീ പുരുഷന്മാരായി കത്തോലിക്കരും ഹിന്ദുക്കളുമായി, എടമന ഇല്ലക്കുടുംബക്കാർ പലയിടങ്ങളിലായി താമസിക്കുന്നുണ്ടാകും. ഇവർ ആരെല്ലാം, എവിടെയെല്ലാം ആണെന്നു് ഇന്നു് ആൎക്കും നിശ്ചയമില്ല.

ഈ സ്ത്രീകളെക്കൂടാതെ, അറിയപ്പെട്ടവരായി എടമന ഇല്ല ത്തിൽ ഒരു ആൺവഴി ഇല്ലം ഉണ്ടു്. ഇവർ ഇന്നു മൂവാററുപുഴ മാറാടിക്കരയിൽ താമസിക്കുന്നു. എടമന ഇല്ലത്തെ ശരിക്കുള്ള ആൺവഴി അവകാശികൾ ആണു് ഇവരും.

1100-ാം മാണ്ടു (1924-) എടമന ഇല്ലപ്പുരയിടം കുരീത്തടത്തിൽ മാത്യു എന്ന ആൾ വിലയ്ക്കുവാങ്ങി. മാറാടിയിലുള്ള ആൺവഴിക്കാരാണു പുരയിടം കുരീത്തടത്തിക്കാക്കു് എഴുതിയതു്. പല അന്വേഷണങ്ങളും ആലോചനകളും നടത്തിയും പല വ്യവസ്ഥകൾ വച്ചുമാണു കുരീത്തടത്തിക്കാർ ഈ പുരാതന ഇല്ലപ്പുരയിടം വാങ്ങിയതു്. അന്തർജനങ്ങളേയും കക്ഷിചേർത്തു. ഇല്ലത്തിനു സമീപം വളരെ പുരാതനമായുള്ള ഒരു കാവും സർപ്പക്കാടും ഉണ്ടായിരുന്നു. ഈ ഇല്ലക്കാർ ഇവിടെ പുരാതനമായി പല സേവകളും പൂജകളും നടത്തിയിരുന്നു. ഇതിനാൽ ക്രിസ്ത്യാനികൾക്കു് ഈ പുരയിടം വാങ്ങാൻ വളരെ ഭയമുണ്ടായിരുന്നു.

സാക്ഷാൽ ഇന്നു് ഈ വസ്തുവിൻെറ അവകാശികളായ മാറാട്ടിൽ താമസിക്കുന്നവർ ധൈര്യമായി പറഞ്ഞു. ക്രിസ്ത്യാനികൾക്കു യാതൊരു ഉപദ്രവവും വരാത്തവിധത്തിൽ സപ്പക്കാട്ടിലുള്ള ബിംബങ്ങളെ ഒക്കെയും എടുത്തു മറാട്ടിലുള്ള അവരുടെ സപ്പക്കാട്ടിൽ സ്ഥാപിച്ചുകൊള്ളാമെന്നു്. പറഞ്ഞതുപോലെ അവർ ഒരു ദിവസം രാത്രിയിൽ അവരുടെ ശാന്തിക്കാരൻ, പൂജാരി മുതലായവരെ കൂട്ടിക്കൊണ്ടുവന്നു, കൊമ്പും കുഴലും ഊതി ചില പൂജകളുംനടത്തി എടമന ഇല്ലം സപ്പക്കാട്ടിൽ പല നൂററാണ്ടുകളായി പൂജിച്ചും, സേവിച്ചും, പ്രതിഷ്ഠിച്ചും വച്ചിരുന്ന ബിംബങ്ങളെ എല്ലാം എടുത്തു കൊണ്ടു പോയി മാറാട്ടിലേ അവരുടെ സർപ്പക്കാട്ടിൽ പ്രതിഷ്ഠിച്ചു. എടമന ഇല്ലംവക വസ്തുക്കൾ ഇവർ കുരീത്തടത്തിൽ മാത്യുവിനു തീറു് എഴുതി.

ഉടനെ കുരീത്തടത്തിക്കാർ പുരാതന ഇല്ലവും അതിൻെറ അടിത്തറയും മാന്തി സർപ്പക്കാടു മുഴുവൻ വെട്ടി നശിപ്പിച്ചു. ഇന്നു പഴയ ഇല്ലവും സർപ്പക്കാടും സ്ഥിതിചെയ്തിരുന്ന സ്ഥലം ഏതെന്നു് ആർക്കും അറിയുവാൻ പാടില്ലാത്തവിധത്തിൽ അതിനെല്ലാം സാരമായ രൂപഭേദം വന്നിട്ടുണ്ടു്. ഇന്നു് ഇല്ലം വക പഴയ ഇല്ലക്കുളം മാത്രം നശിച്ചു കിടക്കുന്നതായിട്ടു കാണാം.

കുരീത്തടത്തിൽ മാത്യു പഴയ ഇല്ലത്തറയിൽ നിന്നു കിഴക്കോട്ടു മാററി ആധുനികരീതിയിൽ മനോഹരമായ വാർക്കക്കെട്ടിടം പണിയിച്ചു് അതിൽ സുഖമായി താമസിക്കുന്നു. സർപ്പക്കാടിൻെറ യാതോരുവക ഉപദ്രവവും ഇവക്കില്ല. ഇവർ ഈ പറമ്പും പുരയും ഔദ്യോഗികമായി ആരക്കുഴപ്പള്ളിവികാരിയച്ചനെ കൊണ്ടു വെഞ്ചരിപ്പിച്ചു കുടുംബപ്രതിഷ്ഠയും നടത്തി. ക്രിസ്ത്വാബ്ദത്തിനു മുമ്പുതുടങ്ങി ഈ 1924 വരെ ഒരു ഹൈന്ദവ കേന്ദ്ര

മായിരുന്ന എടമന ഇല്ലപ്പറമ്പ് ഇന്നു കത്തോലിക്കാപറമ്പായി തീർന്നിരിക്കുന്നു. ഇവിടെനിന്നു വടക്കുവശത്ത് ആരക്കുഴപ്പള്ളിയുടെ ഒരു കുരിശുപള്ളി 1958-ൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പെരുമ്പല്ലൂർ പള്ളി എന്നാണു പേര്.

## 3 ക്രിസ്താബ്ദത്തിന്റെ ആദ്യകാലത്ത് എടമന ഇല്ലത്തുനിന്ന് ഒരാൾ കുടുംബസഹിതം ക്രിസ്തുമതം സ്വീകരിച്ചു.

ഇയ്യാൾ ക്രിസ്തുമതം സ്വീകരിച്ചതു് ഏതാണ്ടിൽ ആണെന്നുള്ളതിനു യാതൊരു ചരിത്രരേഖയും കാണുന്നില്ല. മൈലക്കൊമ്പുപള്ളി വളരെ പുരാതനമായ ഒന്നാണ്. തോമ്മാശ്ലീഹാ, മൈലക്കൊമ്പിൽ വന്നതായും അവിടെ ഒരു കരിങ്കൽക്കുരിശു സ്ഥാപിച്ചതായും "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന പുസ്തകം 297-ാം പക്ഷത്തിൽ കാണുന്നുണ്ട്. ഈ കാലഘട്ടത്തിൽ ശ്ലീഹാതന്നെയോ അവിടുത്തെ ശിഷ്യന്മാരോ ആയിരിക്കാൻ പാടുണ്ട് ഇവരെ ക്രിസ്തുമതത്തിൽ ചേർത്തതു്.

സൂചന:- ക. നി. മൂ. സ. ബ. ബർണ്ണാദച്ചനാണ് ഈ ചരിത്രത്തിന്റെ രചയിതാവ്. ഇദ്ദേഹം ചങ്ങനാശ്ശേരി തുരുത്തിപ്പള്ളി ഇടവക ആലഞ്ചേരി കുടുംബാംഗമാണ്. ഇദ്ദേഹം ഒരു ഇല്ല ചരിത്രാന്വേഷകനാണ്. നിധീരിക്കൽ പെ. ബ. മാണിയച്ചന്റെ സമകാലികനാണ്. ഇദ്ദേഹത്തിനു സുറിയാനി, ലത്തീൻ, ഇംഗ്ലീഷ്, തമിഴ മുതലായ ഭാഷകളിൽ നല്ല പഠനം ഉണ്ടായിരുന്നു. കേരളസഭയ്ക്കു ശരിയായ ഒരു ചരിത്രം ഇല്ലായിരുന്നു. ഈ ചരിത്രരേഖകൾ ശേഖരിക്കുന്നതിനു പഴയ കത്തോലിക്കാ, യാക്കോബായ, സുറിയാനി, ലത്തീൻപള്ളികളിൽപോയി താമസിച്ച്, ഇടവക പ്രമാണികളിൽനിന്നും വൈദികരിൽനിന്നും പല പാരമ്പര്യ അറിവുകളും രേഖകളും കണ്ടുപിടിച്ചാണ് ഈ ചരിത്രം രചിച്ചതു്. "മാർത്തോമ്മാക്രിസ്ത്യാനികൾ" എന്ന ഈ ഗ്രന്ഥത്തിനു കേരളസഭയിൽ ഇന്നു് ഒരു നല്ല സ്ഥാനമുണ്ട്. 1917-ൽ കുറവിലങ്ങാട്ടു സമ്മേളിച്ച കത്തോലിക്കാകോൺഗ്രസ് ഇദ്ദേഹത്തിനു് ഒരു സ്വർണ്ണമെഡലും 1930-ൽ 11-ാം പീയൂസ് മാർപ്പാപ്പാ ബേനെ മെരേന്തി (Benea merenti) എന്ന കീർത്തിമുദ്രയും നൽകിയിട്ടുണ്ട്. 1940 ആഗസ്റ്റ് 16-ാംനു ഇദ്ദേഹം 83-ാമത്തേ വയസ്സിൽ ചെത്തിപ്പുഴ ആശ്രമത്തിൽ വച്ചു ഭാഗ്യമരണം പ്രാപിച്ചു.

## 4 എടമന ക്രിസ്തീയകുടുംബവും എടമനക്കുരിശും

എടമന ഇല്ലത്തിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച്, ജ്ഞാനസ്നാനപ്പെട്ടവർ ഇല്ലത്തിൽനിന്നു ഭ്രഷ്ടരാക്കപ്പെട്ടുവെങ്കിലും, അവർ മതവും നാടും വിടാതെ ആരക്കുഴ കീഴമടങ്ങിൽ ആററിനുതൊട്ടു തെക്കുവശത്തു കിടന്നിരുന്ന ഒരു പുരയിടത്തിൽ, കുടുംബസഹിതം വന്നു താമസിച്ചു. ഈ പുരയിടത്തിനു സ്വന്ത തറവാട്ടുപേരാ

യ "എടമന" എന്ന പേരും ഇട്ടു. ഇവർ ഇവിടെ "എടമനക്കുടുംബക്കാർ" എന്നു വിളിക്കപ്പെട്ടുകയും ചെയ്തിരുന്നു. ഇന്നും ഈ പറമ്പിനു്, എടമനപ്പറമ്പു്, അഥവാ കുരിശുങ്കൽപറമ്പു് എന്നാണു പേരു വിളിക്കപ്പെട്ടുന്നതു്.

## എടമനപ്പറമ്പിന്റെ വിവരങ്ങൾ

ഈ പറമ്പു് ആററിനു തൊട്ടു തെക്കുവടക്കായി കിടക്കുന്നു. ഉദ്ദേശ്യം രണ്ടര ഏക്കറോളം വിസ്തീർണ്ണമുണ്ടു്. രണ്ടു തട്ടായിട്ടാണു പുരയിടം കിടക്കുന്നതു്. പടിഞ്ഞാറുവശവും വടക്കുവശവും കിഴക്കുവശവും അടിത്തട്ടു്. ഇവിടെ ആററുവെള്ളം കയറും.

ഇതിനുമുകളിൽ സ്വല്പം ഉയന്ന ഒരു തട്ടുണ്ടു്. ഇവിടെ വെള്ളം കയറുകയില്ല. ഇതിന്റെ ഏകദേശം മദ്ധ്യസ്ഥലത്തു് ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ഒരു പുരത്തറ ഇന്നും കാണ്മാനുണ്ടു്. എടമന ഇല്ലത്തിൽനിന്നു ഭ്രഷ്ടാക്കപ്പെട്ടവർ കുടുംബസഹിതം വന്നു താമസിച്ചതു് ഈ പുരയിൽ ആയിരിക്കണം. ഇതിനു പള്ളിമുറി എന്നും പേരുണ്ടു്. അന്നു വൈദികരും മററും ധാരാളം ഉള്ള കാലമല്ല. എങ്കിലും വല്ലപ്പോഴും വൈദികർ വന്നു താമസിച്ചുയെന്നു വരാം. അന്നു വീടും പള്ളിമുറിയും ഒന്നുതന്നെ ആയിരുന്നിരിക്കണം.

## എടമനപ്പള്ളി

ഈ വീടിനു സ്വല്പം തെക്കുവശം വളരെ നിരപ്പുള്ള ഒരു സ്ഥലം കാണുന്നുണ്ടു്. ഇവിടെ ആയിരുന്നിരിക്കണം അവരുടെ ആരാധനസ്ഥലം. വെടിക്കെട്ടായി ഉണ്ടാക്കിയിട്ടുള്ള ഒരു ചെറിയ പള്ളി. കപ്പേള ആയിരുന്നിരിക്കണം ഇതു്. ആ ചെറിയ പള്ളിയിൽ അവരുടെ ആരാധനകൾ നടത്തിയിരുന്നു. വല്ലപ്പോഴും വല്ല വൈദികരുംവന്നു് അവിടെ കുർബാനയും മററും നടത്തിയിട്ടുണ്ടായിരിക്കാം. ഈ പള്ളിയുടെ ഇരുവശങ്ങളിലാണു ശവസംസ്കാരം നടത്തപ്പെട്ടിരുന്നതു്. ഇന്നു് അവിടെ കുഴിച്ചു നോക്കിയാൽ ജീർണ്ണിച്ച അസ്ഥികളോ, തലയോടോ വല്ലതും കാണും. 999-ൽ ആണു് ആരക്കുഴപ്പള്ളി സ്ഥാപിതമായതു്. അന്നുവരെ എടമനപ്പള്ളിയിലാണു ശവസംസ്കാരം നടത്തപ്പെട്ടിരുന്നതു്. ആരക്കുഴപ്പള്ളി സ്ഥാപിതമായശേഷം ഇവിടെ ശവസംസ്കാരം നടത്തപ്പെട്ടിട്ടില്ല.

## എടമനക്കുരിശു്

പള്ളിമുററത്തു് ഒരു കരിങ്കൽക്കുരിശു സ്ഥാപിച്ചിട്ടുണ്ടാ

യിരുന്നു. അന്നുണ്ടായിരുന്ന ക്രിസ്ത്യാനികൾ കുരിശിനു വണക്കവും ബഹുമാനവും കാണിച്ചിരുന്നു. കുരിശ് അവരുടെ പ്രത്യേകവണക്കത്തിൻേറയും ബഹുമാനത്തിൻേറയും വിഷയമായിരുന്നു.

## മത്തായിശ്ലീഹായുടെ രൂപം

എടമനകപ്പേളയിൽ വി. മത്തായിശ്ലീഹായുടെ ഒരു പ്രതിമ ഉണ്ടായിരുന്നു. ഏതുകാലത്തിലാണ് ഈ പ്രതിമ സ്ഥാപിതമായതെന്നു നിശ്ചയമില്ല. ഈ പ്രതിമ സ്ഥാപിക്കാനുള്ള കാരണം എടമന ഇല്ലത്തുനിന്നു ജ്ഞാനസ്നാനപ്പെട്ട ആളിനു "മത്തായി" എന്നു പേരിട്ടതായിരിക്കണം.

എടമനപ്പറമ്പിനു തൊട്ടുകിഴക്കുവശത്തു "മയിലാനിക്കാട്ട്" എന്ന പേരായി ഒരു പുരാതന നായർകുടുംബം ഇന്നുമുണ്ട്. അവർ പറയുന്നു: "ഞങ്ങളുടെ പൂർവ്വന്മാരിൽനിന്നും ഞങ്ങൾ കേട്ടിട്ടുണ്ട്, എടമനപ്പറമ്പിൽ ഒരു പള്ളിയും ഒരു ക്രിസ്തീയ കുടുംബവും ഉണ്ടായിരുന്നുയെന്നും മററും". ഇനിയും ആ നായർകുടുംബത്തിലേ കാരണവരെ കണ്ടു ചോദിച്ചാൽ പല അറിവുകളും കിട്ടും.

പൂർവ എടമന ഇല്ലത്തിൻെറ ഒരു ആൺവഴിശാഖ ഇന്നു മറാട്ടിയിൽ താമസിക്കുന്നുണ്ട്. കടശിയിലത്തേ അന്തർജനം (ഒരു സ്ത്രീ) ഇന്നു ക്രിസ്തുമതം സ്വീകരിച്ചു മുറപ്രകാരം വിവാഹം കഴിച്ചു ഉടുമ്പംചോല പാറത്തോട്ട പള്ളിയിടവകയിൽ കുടുംബസഹിതം താമസിക്കുന്നുണ്ട്. ഞാൻ ഇവരെയൊക്കെയും കണ്ടു പല കാര്യങ്ങളെക്കുറിച്ചും ചോദിക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്.

ആദ്യകാലത്തിൽ, എടമനഇല്ലത്തുനിന്ന് കുടുംബസഹിതം ഒരു പുരുഷനും ഈ കടശി 1924–ന ശേഷം ഒരു അന്തർജനവും (വിവാഹിതയായി) ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്.

എടമനയിലെ കുരിശും മത്തായിശ്ലീഹായുടെ രൂപവും എടമനക്കുടുംബക്കാരുടെ ഒരു പുരാതന തറവാട്ടുമുതലാണ്. കാലമാററങ്ങളും സ്ഥലംമാററങ്ങളും ഈ നീണ്ട കാലങ്ങളിൽ പലതും ഉണ്ടായിട്ടുണ്ടെങ്കിലും ഈ കുരിശിനും രൂപത്തിനും ഈ വർത്തമാനകാലംവരെ യാതോരു നാശവും നഷ്ടവും മാററവും ഉണ്ടായിട്ടില്ല. ഇവ ഇന്നും ഭദ്രമായി സൂക്ഷിക്കപ്പെടുന്നു. വി. മത്തായിശ്ലീഹായുടെ പഴയരൂപം ആരക്കുഴപ്പള്ളി മദ്ബഹായിലും, കുരിശു തെക്കുവശത്തു റോഡരുകിലുള്ള ചെറിയ കപ്പേളയിലും സൂക്ഷിക്കപ്പെടുന്നു.

## എടമനക്കുരിശ്ശുങ്കലെ ക്രിസ്തീയ ആചാരങ്ങൾ

999-ൽ അരക്കുഴപ്പള്ളി സ്ഥാപിതമാകുന്നതിനുമുമ്പ് എടമനക്രിസ്ത്യാനികളുടെ ആരാധനസ്ഥലം എടമനക്കുരിശ്ശുങ്കലായിരുന്നു. ഇവിടെ ഇവർ ദൈവാരാധന, പ്രാത്ഥന, കുരിശുവണക്കം, നേർച്ചകാണിക്കകൾ നടത്തിയിരുന്നു. ഇവിടത്തേ ആദ്യക്രിസ്ത്യാനികൾക്ക് ഉറച്ച സത്യവിശ്വാസം, ദൈവവിശ്വാസം, ദൈവാരാധന, മതാനുഷ്ഠാനങ്ങൾ നല്ലപോലെ ഉണ്ടായിരുന്നു.

## 6 കുഴിമാടസേവ അഥവാ ക്രിസ്തീയശേഷക്രിയകൾ

സത്യവിശ്വാസത്തിൽ മരിച്ചവരെ എടമനക്കുരിശ്ശുങ്കൽ സംസ്കരിച്ചിരുന്നു. ഇവരുടെ മരണദിവസവും മരണവാർഷികദിവസവും ഇവരുടെ തലസ്സുല്യം കുഴിമാടങ്ങളിലും സ്വന്ത ആളുകൾ ചെന്നു മരിച്ചവക്കുവേണ്ടി പ്രാത്ഥിക്കുകയും ചില ശേഷക്രിയകൾ നടത്തുകയും ചെയ്തിരുന്നു. ഇവയെല്ലാം നടത്തപ്പെട്ടിരുന്നതു് ഇന്നത്തെപ്പോലെ വൈദികസാന്നിദ്ധ്യത്തിൽ അല്ലായിരുന്നു. അവിടെ യാതൊരു വൈദികരും സ്ഥിരമായിട്ടില്ലായിരുന്നു.

തോമ്മാശ്ലീഹാ കേരളം വിട്ടു പോകുന്നതിനുമുമ്പ്, അവിടുന്നു മെത്രാന്മാരെ വാഴിക്കുകയും പുരോഹിതന്മാരെ അഭിഷേചിക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നു് കേരളചരിത്രത്തിൽ കാണുന്നുണ്ടു്. അവർ എത്ര പേരുണ്ടായിരുന്നുവെന്നും അവർ എവിടെയെല്ലാം ആയിരുന്നുവെന്നും അവരുടെ പ്രവത്തനങ്ങൾ എന്തെല്ലാം, എങ്ങനെയെല്ലാം ആയിരുന്നുവെന്നും കാണിക്കുന്ന യാതൊരു ചരിത്രരേഖകളും കാണുന്നില്ല. എങ്കിലും തോമ്മാശ്ലീഹായുടെ പ്രാത്ഥനകൊണ്ടും ദൈവാനുഗ്രഹംകൊണ്ടും ജ്ഞാനസ്നാനപ്പെട്ടവർ അവരുടെ വിശ്വാസം നഷ്ടപ്പെടുത്താതെ, ക്രിസ്ത്യാനികളായിത്തന്നെ ജീവിച്ചിരുന്നു.

## 7: എടമനയിലെ ക്രിസ്ത്യാനികളുടെ വിശ്വാസമന്ദത

ഇവിടത്തേ ആദ്യക്രിസ്ത്യാനികൾ സത്യവിശ്വാസത്തിൽ ഉറച്ചുജീവിച്ചു. സത്യവിശ്വാസത്തിൽ മരിച്ചു. കാലങ്ങൾ കഴിഞ്ഞു് ഇവരുടെ അനന്തിരവക്കാരെ ക്രിസ്തുമതതത്വങ്ങൾ പഠിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും തക്ക വൈദിരും ഉപദേശികളും ഇല്ലാതായിത്തുടങ്ങി. ഇവരുടെ ചുററും വസിച്ചിരുന്ന മഹാഭൂരിപക്ഷം ആളുകളും ഹിന്ദുക്കളായിരുന്നു. ഇവരുടെ മാതൃകയും പ്രേരണയും ക്രിസ്ത്യാനികളുടെ മതവിശ്വാസത്തെ മന്ദീഭവിപ്പിച്ചിരുന്നു.

ക്രിസ്ത്യാനികളുടെ ദൈവാരാധന, പ്രാർത്ഥന, കുരിശുവ ണക്കം, മരിച്ചവർക്കുവേണ്ടിയുള്ള കുഴിമാടപ്രാർത്ഥന, ശേഷക്രിയ കൾ മുതലായവയ്ക്കു സാരമായ വാട്ടവും കോട്ടവും തട്ടിത്തുടങ്ങി.

### 8 കുഴിമാടസേവ അഥവാ പൈശാചികസേവ

സത്യവിശ്വാസത്തിൽ മരിച്ചവർക്കുവേണ്ടി നടത്തിയിരുന്ന കുഴിമാടശേഷക്രിയകൾ അന്ധവിശ്വാസസേവ, അഥവാ പൈ ശാചികസേവ ആയി രൂപാന്തരപ്പെട്ടുതുടങ്ങി. മരിച്ചവർക്കുവേണ്ടി അപേക്ഷിക്കുന്ന മുറ മാററി പിശാചിനോട് അപേക്ഷിക്കുവാൻ തുടങ്ങി. മരിച്ചവരുടെ തലയ്ക്കൽ കരിക്കു വെട്ടിവെയ്ക്കുക, മലർ പൊടി, തുളസിഇലയും പൂവും ഇവ വിതറുക മുതലായ ഹൈന്ദ വാചാരങ്ങൾ അനുഷ്ഠിക്കുവാൻ തുടങ്ങി.

കാരണവന്മാരുടെ മരണദിവസവും അവരുടെ മരണവാർഷി കദിവസവും അവർ അനുഷ്ഠിച്ചിരുന്ന ക്രിസ്തീയ ആചാരങ്ങൾ ഉ പേക്ഷിച്ചു. കോഴിവെട്ടി അതിന്റെ മാംസവും, പിടിയും, കള്ളപ്പ വും, ചിലപ്പോൾ ചാരായവും മററും ഉണ്ടാക്കി രഹസ്യമായി എ ടമന കപ്പേളയ്ക്കകത്തും വീട്ടിൽ അറമുറിക്കകത്തും വച്ചു രാത്രി വി ളക്കും കത്തിച്ചുവെച്ചു, മരിച്ചുപോയവരെ കൈകൊട്ടി ക്ഷണി ച്ചശേഷം മുറിയുടെ വാതിലടച്ചു പോരും. അറിവില്ലായ്മകൊ ണ്ട് അന്നത്തെ ആളുകളുടെ ധാരണ, മരിച്ചുപോയവർ ക്ഷണം സ്വീകരിച്ചു രാത്രിയിൽ വന്നു മുറിക്കകത്തു വച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങൾ ഭക്ഷിച്ചുപോകുമെന്നായിരുന്നു. രാവിലേ മുറി തു റന്നു വച്ചിരിക്കുന്ന സാധനങ്ങൾ എടുത്തു പൂജ്യസാധനങ്ങളായി അവർ ഭക്ഷിച്ചിരുന്നു.

സൂചന: രാത്രിയിൽ ചില കള്ളപ്രമാണികൾ മുറിതുറന്നു,വച്ചിരിക്കുന്ന ഭക്ഷണസാധനങ്ങൾ തിന്നു ശേഷിപ്പുവച്ചു കതക് അടച്ചുപോയിരുന്നു. പുലച്ചക്കു കതകു തുറന്നു് അകത്തു കയറുന്നവർ, വിശ്വസിച്ചിരുന്നതു് മരിച്ചുപോയവർ വന്നുഭക്ഷിച്ചുവെന്നായിരുന്നു.

### 9. അന്ധവിശ്വാസപ്രവൃത്തികൾ

സത്യവിശ്വാസത്തിൽ മരിച്ചുപോയവർക്കുവേണ്ടി സത്യവി ശ്വാസികൾ അനുഷ്ഠിച്ചിരുന്ന കുഴിമാടശേഷക്രിയകൾ ഉപേക്ഷി ച്ചു പിശാചുസേവ നടത്താൻ തുടങ്ങി. ഒരോ കാര്യസാദ്ധ്യ ങ്ങൾക്കും പൈശാചിക ഉപദ്രവങ്ങൾ മാറിപ്പോകുന്നതിനും മററും വേണ്ടിയാണു് ഈ സേവ നടത്തിയിരുന്നതു്. ദൈവവി ശ്വാസവും മതവിശ്വാസവും കുറഞ്ഞവരാണു് പിശാചുസേവ നട ത്തിയിരുന്നതു്. അപൂർവം ചിലപ്പോൾ ചില ലൗകികകാര്യ

ങ്ങൾ ഇവർക്കു സാധിച്ചുകിട്ടിയെന്നും വരാം. പക്ഷേ പിന്നീട് ഉപകാരത്തേക്കാൾ കൂടുതൽ ഉപദ്രവങ്ങൾ ഇവക്ക് ഉണ്ടായികൊണ്ടിരുന്നു.

ആരക്കുഴ എടമനക്കുടുംബക്കാർ വർദ്ധിച്ചപ്പോൾ അവർ പല സ്ഥലങ്ങളിലേക്കു മാറിത്താമസിക്കുവാൻ തുടങ്ങി. അവർ പോയ സ്ഥലങ്ങളിൽ എല്ലാം കുഴിമാടസേവയുംകൂടെ കൊണ്ടുപോയിരുന്നു. പല സ്ഥലങ്ങളിലും കുഴിമാടസേവ ജനങ്ങൾ നടപ്പിലാക്കി. മൈലക്കൊമ്പ്, മുതലക്കോടം, വണ്ടമററം മുതലായ സ്ഥലങ്ങൾ ഒരുകാലത്തു കുഴിമാടസേവയുടെ കേന്ദ്രങ്ങളായിരുന്നു. ഈ സേവ ഉപേക്ഷിച്ചാൽ ഒരോതരത്തിലുള്ള അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമെന്ന് അവക്കു ഭയവുമുണ്ടായിരുന്നു. ഇവരുടെ മരണസമയത്ത് ഈ സേവ ഇവർ ആരെയെങ്കിലും ഏല്പിച്ചില്ലായെങ്കിൽ ഇവക്കു സമാധാനത്തിൽ മരിക്കുവാൻ പ്രയാസമായിരിക്കും. ഈ വിഷമഘട്ടത്തിൽ ഇവർ ആരെയെങ്കിലും ഏല്പിക്കും.മരണസമയത്ത് ഇവർ അനുഭവിക്കുന്ന മഹാ വിഷമതകൾ കണ്ടാൽ അടുത്ത ആളുകൾ ആരെങ്കിലും നിർബന്ധപ്പെട്ട് ഈ സേവ ഏറെറടുക്കുകയും ചെയ്യും.

കുഴിമാടസേവ പതിവായി നടത്തിയവക്കും, അവർ ഏതു വീട്ടിൽ, ഏതു സ്ഥലത്തുവച്ചു നടത്തിയോ ആ വീടിനും, സ്ഥലത്തിനും പൈശാചിക ഉപദ്രവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരുടെ വീടും പറമ്പും അന്യ ആളുകൾ വിലയ്ക്കു വാങ്ങിയാൽത്തന്നെയും ആ സ്ഥലത്ത് താമസിക്കുന്നവക്കു ചിലപ്പോൾ അനിഷ്ടസംഭവങ്ങളും പൈശാചിക ഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ താമസക്കാരുടെ ജീവനുള്ള ഉറച്ച ദൈവവിശ്വാസംകൊണ്ടും സൽപ്രവൃത്തികൾ, കുടുംബപ്രതിഷ്ഠ, പറമ്പും വീടും വെഞ്ചിരിക്കൽ, ദാനധർമ്മം, ജപതപങ്ങൾ കൊണ്ടും അവ മാറിപ്പോയിട്ടുണ്ട്.

## 10 ഊട്ട്

കുഴിമാടസേവ ഉപേക്ഷിച്ച ആളുകൾ പൈശാചിക ഉപദ്രവങ്ങൾ ഭയന്ന്, ആണ്ടുതോറും സ്വഭവനത്തിലോ, പള്ളിയിലോ വച്ച് ഊട്ടു നടത്തിവന്നിരുന്നു. ഇന്നും ചിലർ നടത്തിവരുന്നുണ്ട്. പുരാതന പള്ളികളായ കുറവിലങ്ങാട്ട്, മൈലകൊമ്പ്, ആരക്കുഴ, മുതലക്കോടം, രാമപുരം, വടകര മുതലായ പള്ളികളിലാണ് ഊട്ട് ഇന്നു സധാരണ നടത്തിവരുന്നത്. ഈ പുരാതന പള്ളികളിൽനിന്നു പിരിഞ്ഞുപോയ അപൂർവ്വം ചില പുതിയ പള്ളികളിലും ഇന്ന് ഊട്ട് നടത്തപ്പെടുന്നുണ്ട്. ഇതു നടത്തപ്പെടുന്നത് വൈദികസാന്നിദ്ധ്യത്തിലാണ്. ഇതിനാൽ പള്ളി അധികാരിൽ ഈ ഊട്ട് നിരോധിച്ചിട്ടില്ല.

ചിലർ ഓരോ കാര്യസാദ്ധ്യങ്ങൾക്കായി ഊട്ടും നേർച്ചകളും പള്ളികളിലും ചിലപ്പോൾ വൈദികസാന്നിദ്ധ്യത്തിൽ ഭവനങ്ങളിലുംവെച്ചു നടത്തുന്നുണ്ട്.

ഊട്ട് രണ്ടുതരമുണ്ട്. പൈതൽ ഊട്ടും വലിയവരുടെ ഊട്ടും. 12 ആൺകുട്ടികളേയോ 12 പുരുഷന്മാരേയോ പന്തിക്ക് ഇരുത്തുന്നു. ഇവർ ഊട്ടിന് ഇരിക്കുമ്പോൾ 12 ശ്ലീഹന്മാരുടെ ഓർമ്മയ്ക്കായി 12 സ്വര്‍ഗ്ഗ. ചെല്ലുന്നതു സാധാരണമാണ്. ഊട്ടിൻെറ വിഭവങ്ങൾ കള്ളപ്പം, പിടി, ഇറച്ചി, ചോറും കറിയും മററും ആയിരിക്കും. പഴയ പള്ളികളിൽ ചിലതിൽ ഊട്ട് ഒരു പുരാതന ചടങ്ങാണ്. ഇന്നും അതു നടത്തിവരുന്നുണ്ട്.

### 11 കുഴിമാടസേവ പള്ളിഅധികാരികൾ കർശനമായി നിരോധിച്ചു

1831-ൽ സുറിയാനികർമ്മലീത്താസന്യാസസഭ കേരളത്തിൽ സ്ഥാപിതമായി. മാന്നാനംകുന്നിലാണ് ആരംഭിച്ചതു്. 1855-ൽ, അതിനു റോമ്മായിൽനിന്നുള്ള അംഗീകാരവും ലഭിച്ചു. അവിടെ നിന്നു സന്യാസവൈദികർ പള്ളികളിൽ ചെന്നു ജ്ഞാനധ്യാനങ്ങൾ നടത്തുവാൻ തുടങ്ങി. പെ. ബ. കട്ടക്കയത്തു വല്യചാണ്ടിയച്ചനും മററും 1859 ജനുവരിമാസത്തിൽ ആരക്കുഴപള്ളിയിലും വന്നു ധ്യാനം നടത്തി. അന്ന് ആരക്കുഴ കുഴിമാടസേവ നടന്നുവരുന്ന ഒരു കാലമായിരുന്നു. അവർ അതിൻെറ ദൂഷ്യവശങ്ങൾ എല്ലാം ധ്യാനാവസരത്തിൽ ജനങ്ങളെ പറഞ്ഞുധരിപ്പിച്ചു. ഇടവകയിലെ പലകാര്യങ്ങളെക്കുറിച്ചും വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയെ അറിയിച്ച കൂട്ടത്തിൽ കുഴിമാടസേവയെക്കുറിച്ചും ധ്യാനഗുരുക്കന്മാർ അറിയിച്ചിരുന്നു. ഏ. പെ.പെ. ബ. ബെർണ്ണദീനോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കുഴിമാടസേവ ഉടനെ നിർത്തലാക്കിക്കൊള്ളണമെന്ന് ആരക്കുഴവികാരിക്കു കല്പനയും കൊടുത്തു. കല്പനപ്രകാരം ബ: വികാരിയച്ചൻ ആരക്കുഴയും അയൽസ്ഥലങ്ങളിലും നടത്തിവന്നിരുന്ന ഈ ദുരാചാരം ശിക്ഷയിൽകീഴ മുടക്കി. എങ്കിലും ദീർഘനാളായി നടത്തിക്കൊണ്ടുവന്നിരുന്ന ഈ ആചാരം പഴയ കുടുംബക്കാരും പഴയ ആളുകളും മുഴുവനായി ഉപേക്ഷിച്ചില്ല. രഹസ്യമായും രാത്രികാലങ്ങളിലും സ്വന്തം ഭവനങ്ങളിലും എടമനക്കുരിശുങ്കലുംവച്ചു കുഴിമാടസേവ നടത്തിയിരുന്നു. വൈദിക ഉപദേശംകൊണ്ടു ക്രമേണ, ആരക്കുഴയും അയൽസ്ഥലങ്ങളിലും ഈ ദുരാചാരം ഇല്ലാതായി. കുഴിമാടസേവ നിർത്തലാക്കപ്പെട്ടപ്പോൾ അതിനു പകരമാണ് മുൻപക്ഷത്തിൽ പറഞ്ഞിരിക്കുന്ന ഊട്ട് നടത്തുവാൻ തുടങ്ങിയതു്.

## എടമനപുരയിടത്തിലെ പുരാതന കപ്പേളയും കരിശ്ശും മാററപ്പെടുന്നു

999-ൽ ആരക്കുഴപള്ളി 1000 (ആയിരം) മാപ്പിളമാരെ ഉദ്ദേശിച്ചു സ്ഥാപിച്ചുവെന്നാണു് പുരാതന ഐതിഹ്യവും ചരിത്രവും കാണിക്കുന്നതു്. "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന പുസ്തകത്തിൽ 300-ാം പക്ഷത്തിൽ കാണുന്നുണ്ടു്.

ഈ ആയിരം മാപ്പിളമാർ, ആദ്യനൂററാണ്ടിൽ മാർ തോമ്മാശ്ലീഹായാലോ, അങ്ങേ ശിഷ്യന്മാരാലോ ജ്ഞാനസ്നാനപ്പെട്ടത്തപ്പെട്ട എടമനക്കുടുംബക്കാരുടെ സന്തതികൾ ആണെന്നു് ന്യായപൂർവ്വവും യുക്തിപൂർവ്വവും നമുക്കു് അനുമാനിക്കാം.

ആരക്കുഴപ്പള്ളി സ്ഥാപിതമായ കാലംമുതൽ എടമനപള്ളിയിലെ ആരാധനകളും നേർച്ചകാണിക്കകളും കുറഞ്ഞുതുടങ്ങി. ആദ്യകാലംമുതൽ ഇവിടെ നടത്തിവന്നിരുന്ന ശവസംസ്കാരവും ആരക്കുഴപള്ളി സിമിത്തേരിയിലേക്കു മാററി. ആരക്കുഴക്കാർ സാധാരണ കൂടിയിരുന്നതു് പുതിയ പള്ളിയിലാണു്.

എങ്കിലും ഇവിടെനിന്നു ദൂരസ്ഥലങ്ങളിൽ പോയിരുന്ന പൂർവ്വികന്മാർ, തങ്ങളുടെ പൂർവ്വതറവാട്ടും ആരാധനസ്ഥലവുമായിരുന്ന എടമനപള്ളിയിൽ വരികയും അവരുടെ നേർച്ചകാണിക്കകൾ സമർപ്പിക്കുകയും ചെയ്തിരുന്നു.

ഇവിടെനിന്നു അന്യനാട്ടുകളിൽ ആദ്യകാലങ്ങളിൽ പോയിരുന്ന കത്തോലിക്കരിൽ ചിലർ 14-ാം നൂററാണ്ടോട്ടുകൂടി കേരളത്തിൽ ഉണ്ടായ യാക്കോബായസഭയിൽ (പുത്തൻകൂററിൽ) ചേന്നവരുമുണ്ടു്. ഇവർ യാക്കോബായ—പുത്തൻകൂററുകാർ—ആയി എങ്കിലും തങ്ങളുടെ പൂർവ്വന്മാർ കത്തോലിക്കരായിരുന്ന കാലത്തു്, ദൈവാരാധന നടത്തിയിരുന്ന, എടമനയിൽ വന്നിരുന്നു—ആ കൂട്ടത്തിൽ അന്യനാട്ടിൽ പോയിരുന്ന കത്തോലിക്കരും വന്നിരുന്നു.

1859 വരെ എടമനപള്ളിയും കുരിശ്ശും അവിടെ ഉണ്ടായിരുന്നു. അവിടത്തെ പഴയ ആചാരങ്ങളും നേർച്ചകാണിക്കകളും മുഴുവനായി മാററാതിരുന്നതുകൊണ്ടു്, അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്താ ഏ.പെ. പെ. ബ. ബർണദീനോസ് തിരുമനസ്സുകൊണ്ടു് പ്രസ്തുത പഴയ എടമനപള്ളി പൊളിച്ചുകളയണമെന്നും എടമനക്കുരിശ്ശു മാററപ്പെടണമെന്നും കല്പിക്കുകയുണ്ടായി. കല്പനപ്രകാരം പള്ളി പൊളിച്ചു്, പള്ളിയിൽ വച്ചിരുന്ന വി. മത്തായിശ്ലീഹായുടെ സ്വരൂപം ആരക്കുഴപള്ളിയിൽ കൊണ്ടുവന്നു സ്ഥാപിക്കുകയും ചെയ്തു. എടമനപള്ളിപൊളിച്ചു്, ആരക്കുഴയിലെ കുരിശ്ശുമലയുടെ താഴെ ഇന്നത്തെ റോഡരികിൽ ഒരു ചെറിയ കപ്പേളയായി പണിയിച്ചു.

കപ്പേള ചെറുതായിരുന്നതുകൊണ്ടാണു് എടമനപള്ളിയിൽ

സ്ഥാപിച്ചിരുന്ന വി. മത്തായിശ്ലീഹായുടെ രൂപം പള്ളിയിൽ വച്ചിരിക്കുന്നതു്.

ഈ കപ്പേളയുടെ കിഴക്കേച്ചുമരുചേത്തു പതിച്ചുവച്ചിരിക്കുകയാണു പഴയ എടമനക്കുരിശു. കപ്പേളയുടെ അകം ആണ്ടുതോറും വെള്ളപൂശുമ്പോൾ ഈ കുരിശും പൂശപ്പെട്ടുകയാണു പതിവു്. എങ്കിലും സൂക്ഷിച്ചുനോക്കിയാൽ കുരിശു തടിച്ചു നിൽക്കുന്നതു കാണാം.

ഇന്നു് ഈ ചെറിയ പള്ളിയിൽ വി. മത്തായിശ്ലീഹായുടെ ഒരു ചെറിയ കൊത്തുരൂപം, ആരക്കുഴപള്ളിയിൽനിന്നു 1930-ൽ പണിയിച്ചു വച്ചിട്ടുണ്ടു്. ഈ ചെറിയ കപ്പേള, കുരിശു്, വി. മത്തായിശ്ലീഹായുടെ രൂപം മുതലായതു പഴയ എടമനപള്ളിയുടെ ഓർമ്മയാണു്.

പഴയ എടമനപള്ളിയുടെ മുററത്തു വളരെ പഴക്കമുള്ള ഒരു പ്ലാവു് ഈ 1965-ലും നിൽപ്പുണ്ടു്. പള്ളിപ്ലാവു് എന്നാണു് ഇതിനു് ഇന്നു പേരു്. നല്ല ദൈവവിശ്വാസമുണ്ടായിരുന്ന പഴയ ആളുകൾ ഈ പള്ളിപ്ലാവിൻെറ ചുവട്ടിൽ വന്നിരുന്നു പുരാതന പ്രാത്ഥനകൾ നടത്തുകയും മരിച്ചു്, അവിടെ സംസ്കരിക്കപ്പെട്ടിരുന്നവർക്കുവേണ്ടി സത്യവിശ്വാസത്തിനടുത്ത പ്രാത്ഥനകൾ നടത്തുകയും ചെയ്തിരുന്നു.

പഴയ എടമനപള്ളിമുററത്തുനിന്നു സ്വല്പം തെക്കോട്ടുമാറി വളരെ പ്രായമുള്ള വേറൊരു പ്ലാവും ഈ 1965-ൽ നിൽപ്പുണ്ടു്.

1859-നു ശേഷം പള്ളിയില്ലാതായപ്പോൾ പഴയ പഴമക്കാർ ഈ പ്ലാവിൻെറ ചുവട്ടിൽവച്ചാണു കുഴിമാടസേവ, കോഴിവെട്ടു മുതലായതു നടത്തിയിരുന്നതു്. അതിനാൽ ഈ പ്ലാവിനു "കുട്ടണാച്ചിപ്ലാവു്" എന്നു പേരുണ്ടായി. ഇന്നു് ഇങ്ങിനെയുള്ള കാവ്യപ്രവൃത്തികൾ ആരും ചെയ്യുന്നില്ല.

പഴയ എടമനപ്പറമ്പു് അഥവാ കുരിശുങ്കൽപുരയിടം ആരക്കുഴപള്ളിയുടെ ഒരു പുരാതന വസ്തുവായി കിടക്കുന്നു.

സൂചന:- ഏ. പെ. പെ. ബ. ബഞ്ഞദീനോസ് മെത്രാപ്പോലിത്തായുടെ ഭരണകാലം 1858 മുതൽ 1868വരെ 10 വർഷത്തേക്കായിരുന്നു. ഈ കാലഘട്ടത്തിലാണു് എടമനപള്ളിയും കുരിശും പൊളിച്ചു മാററപ്പെട്ടതു്. ഏതാണ്ടിലാണു് ഇതു നടന്നതെന്നു് ആരക്കുഴപള്ളിയിലെ പഴയ റിക്കാർഡുകൾ പരിശോധിച്ചാൽ പക്ഷേ കണ്ടേക്കും.

ഇന്നു പഴയ എടമനപുരയിടത്തിൽ അഥവാ കുരിശുങ്കൽ യാതൊരു മതാചാരങ്ങളും നടത്തപ്പെട്ടുന്നില്ല. എടമനക്കുടുംബക്കാരുടെ വീടും ആരാധനസ്ഥലവും ശവസംസ്കാരസ്ഥലവുമായിരുന്നു ഇതു്. പൂർവ്വന്മാരുടെ അവശിഷ്ടങ്ങൾ തലയോട്ടു്, അസ്ഥികൾ മുതലായതു് ഇന്നും ഇവിടെ കിടപ്പുണ്ടു്. 999 -ൽ ആരക്കുഴ പള്ളി സ്ഥാപിതമായ കാലം മുതൽ ഇതു പള്ളിവകയായിത്തീ

ന്നു. ഇവിടത്തെ ആരാധനയും ശവസംസ്കാരവും നിർത്തലാക്കപ്പെട്ടു.

എന്നാൽ സങ്കടമേ, എടമനക്കുടുംബക്കാരുടെ പൂർവ്വതറവാടും, അവരുടെ ആരാധനസ്ഥലവും, ശ്മശാനസ്ഥലവുമായിരുന്ന ഈ പുരാതനപുരയിടം, ആരക്കുഴപള്ളി ഉണ്ടാകുന്നതിനു മുമ്പുണ്ടായിരുന്നതും, 999–ൽ ആരക്കുഴപള്ളി ഉണ്ടായകാലം മുതൽക്കു പള്ളിവകയായിതീർന്ന പുരാതനസമ്പത്തുമായ ഈ എടമനപറമ്പ്, അഥവാ കുരിശുങ്കൽ പുരയിടം 1958–ൽ അന്നത്തെ പള്ളിവികാരി, മംഗലശേരിക്കാക്കു വിററു.

സൂചന:– വസ്തു വാങ്ങിയ മംഗലശേരിക്കാരോടും, വാങ്ങിയ ആളിനോടും, ആധാരം എഴുതിക്കൊടുത്ത പുളിക്കൽ പെ. ബ. ചെറിയാച്ചൻ, പള്ളിക്കാർ ആവശ്യപ്പെട്ടപ്പോൾ ഒരു സെൻറു സ്ഥലമെങ്കിലും ഒരു കപ്പേള പണിയുന്നതിനു വിട്ടുകൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതായും, വസ്തു വാങ്ങിച്ചയാൾ അതിനു സമ്മതിച്ചിട്ടുള്ളതായും അന്നത്തെ ഇടവകക്കാരിൽ നിന്നും അറിയുന്നു—

എടമനക്കുടുംബക്കാർ ശാഖകളായും, ഉപശാഖകളായും വീണ്ടും ശാഖകളും ഉപശാഖകളുമായി, എവിടെ താമസിക്കുന്നവരായാലും ഇവരും ആരക്കുഴപള്ളിയുടെ ഇടവകക്കാരുംകൂടി പെ. ബ. ആരക്കുഴ വികാരി അച്ചനോട് അപേക്ഷിച്ച്, പിതാവിൻെറ കൽപ്പനയും വാങ്ങി, എടമനപ്പറമ്പിൽ ആധുനികരീതിയിൽ. അകത്തു കർബാന ചൊല്ലുവാനും ജനങ്ങൾക്കു കർബാന സൗകര്യമായി കാണത്തക്ക ഒരു കുരിശുപള്ളി പണിയിക്കണമെന്നപേക്ഷ. ഇന്നു പള്ളിയിൽനിന്നും ആററിലേക്കു ഒരു റോഡു തുറന്നിട്ടുണ്ട്. ഈ റോഡിൽനിന്നു് ഒരു കൈറോഡ് പുതിയ കപ്പേളയിലേക്കും വെട്ടണം. ഈ കപ്പേളയിൽ വി. മത്തായിശ്ലീഹായുടെ പഴയ രൂപം കൊണ്ടുവന്നു വയ്ക്കുകയും സെപ്ററമ്പർ 21–ാംതീയതി വിശുദ്ധൻെറ തിരുനാൾ ഘോഷിക്കുകയും ചെയ്യണം.

### എടമന വി. മത്തായിശ്ലീഹായുടെ പുരാതന കപ്പേളയുടെ ഓർമ്മയ്ക്കു തൊടുപുഴ കല്ലാനിക്കപ്പള്ളി ഇടവകയിൽ വി. മത്തായിശ്ലീഹായുടെ കപ്പേള

ഇന്നു കല്ലാനിക്കപള്ളി ഇടവകയിൽ താമസിക്കുന്ന പൂർവ്വ എടമനക്കുടുംബാംഗവും വാഴക്കുളം പുല്പറമ്പിൽനിന്നു് ഇപ്പോൾ ഇവിടെ സ്ഥിരമായി താമസിക്കുന്നയാളുമായ പുല്പറമ്പിൽ ഉലഹന്നൻ കുഞ്ചിലോവൈദ്യൻ, തൻെറ പൂർവ്വന്മാരുടെ പൂർവ്വഓർമ്മയെ നിലനിത്താൻവേണ്ടി, കല്ലാനി ഇടവകപ്പള്ളിയിൽനിന്നു് ഏകദേശം ഒരു മൈൽ വടക്കു, റോഡരുകിൽ, പടിഞ്ഞാറുവശത്തു കിഴക്കോട്ടു ദർശനമായി വി. മത്തായിശ്ലീഹായുടെ നാമത്തിൽ, ആധുനികരീതിയിൽ ഒരു മനോഹരമായ കപ്പേള സ്വന്തം ചിലവിൽ പണിയിച്ചു കല്ലാനിക്കപ്പള്ളിക്കു് ഇഷ്ടദാനമായി 1955 മാർച്ചുമാസത്തിൽ എഴുതിക്കൊടുത്തു.



വി. മത്തായി ശ്ലീഹായുടെ കപ്പേള
(പഴയ എടമനപള്ളിയുടെ ഓർമ്മ)
(By. Ulahannan Kunjelo Pulparambil)
1956

ഇന്നു് ഇവിടെ പ്രതിവഷം സെപ്ററംബർ 21-ാംനു- വി. മത്തായിശ്ലീഹായുടെ തിരുനാൾ ആഘോഷമായി കൊണ്ടാടുന്നുണ്ടു്.

ഇയ്യാൾതന്നെ ഒരു പൊൻകുരിശു ചില വ്യവസ്ഥകളോടുകൂടി പള്ളിക്കു ദാനമായി കൊടുത്തിട്ടുണ്ടു്.

## മലെക്കുരിശു മലമുകളിലെ കപ്പേള അഥവാ കുരിശുപള്ളി

ഇന്നു താഴെ റോഡരുകിൽ കാണുന്ന ചെറിയ കപ്പേള സ്ഥാപിതമായിട്ടു് ഏറെക്കാലം കഴിഞ്ഞശേഷമാണു് മുകളിലത്തെ കപ്പേള അഥവാ കുരിശുപള്ളി സ്ഥാപിച്ചതു്. വി. സെബസ്ത്യാനോസിൻെറ നാമത്തിലാണു് ഇതു സ്ഥാപിതമായിരിക്കുന്നതു്.

പഴയ എടമനപ്പറമ്പിൽ ഉണ്ടായിരുന്ന കപ്പേളയിൽ പുരാതനകാലത്തു പ്രതിഷ്ഠിച്ചിരുന്നതാണു് വി. മത്തായി ശ്ലീഹായുടെ രൂപം—ഈ രൂപം അവിടെനിന്നു മാററി, ഭംഗിയായി പെയിൻറു ചെയ്തു്, ഇന്നു് ആരക്കുഴപള്ളിമദ്ബഹായിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. പുതുഞായറാഴ്ചമാത്രം ഈ രൂപം മലമുകളിലേ കപ്പേളയിൽ എഴുന്നെള്ളിച്ചു വെയ്ക്കും—തിരുനാൾ കഴിയുമ്പോൾ എടുത്തു പള്ളിയിൽത്തന്നെ കൊണ്ടുവന്നു വെയ്ക്കും.

ആണ്ടുതോറും പുതുഞായറാഴ്ചയാണു് മുകളിലും താഴെയും ഉള്ള കപ്പേളകളിൽ തിരുനാൾ ആഡംബരമായി കൊണ്ടാടുന്നതു്. ഊട്ടുകളും നേച്ചകാണിക്കകളും ഇവിടെ വളരെ അധികമുണ്ടു്. പൂർവ്വകാലത്തു് എടമനയിൽനിന്നു് അന്യനാട്ടുകളിൽപോയ കത്തോലിക്കരും യാക്കോബായക്കാരും കുറെപ്പേർ എങ്കിലും ആണ്ടിൽ ഒരിക്കൽ എങ്കിലും, വരുന്നുണ്ടു്.

## 14 എടമനക്രിസ്തീയ കുടുംബത്തിൽനിന്നു് ആളുകൾ മാറി താമസിക്കുന്നു

എടമന ക്രിസ്തീയകുടുംബത്തിൽ പല നൂററാണ്ടുകളായി ആളുകൾ വദ്ധിച്ചപ്പോൾ, അവിടെനിന്നു ചില വീട്ടുകാർ കുടുംബസഹിതം ആരക്കുഴയും, അയൽസ്ഥലങ്ങളിലും അന്യനാട്ടുകളിലും മാറിത്താമസിക്കുവാൻ തുടങ്ങി. ഇവർ എവിടെയെല്ലാം പോയി എന്നും, പോയ സ്ഥലങ്ങളിൽ അവർ താമസിച്ച വീട്ടുപേർ എന്തെന്നും മററും ഇന്നു് ആക്കും അറിഞ്ഞുകൂടാ.

എടമന പൂർവ്വതറവാട്ടിൽനിന്നു്, ഓരോ കാലങ്ങളിൽ അന്യദേശങ്ങളിലേക്കു പോയ കാരണവന്മാരും,അവരുടെ അനന്തിരവക്കാരും ചിലപ്പോഴെല്ലാം കുറഞ്ഞപക്ഷം ആണ്ടിൽ ഒരിക്കൽ

എങ്കിലും തങ്ങളുടെ പൂർവ്വനാട്ടും വീട്ടും കുടുംബവും, കുടുംബക്കാർ സംബന്ധക്കാർ ബന്ധുമിത്രാദികളേയും മററും കാണുന്നതിനും, സംബന്ധം പുലത്തുന്നതിനും, തങ്ങളുടെ പൂർവ്വതറവാട്ടുമുതലായ എടമനക്കരിശുങ്കൽ നേർച്ചകാണിക്കകൾ സമർപ്പിക്കുന്നതിനും, അവിടെ മരിച്ചടക്കപ്പെട്ടിരിക്കുന്ന തങ്ങളുടെ പൂർവ്വകാരണവന്മാരുടെ കബറിടത്തുങ്കൽ ചെന്നു് പ്രാത്ഥിക്കുന്നതിനും വേണ്ടി ദീർഘനാളത്തേക്കു വന്നിരുന്നുവെന്നു് ആരക്കുഴയുള്ള പൂർവ്വന്മാരിൽനിന്നു് പാരമ്പര്യകേൾവിയുണ്ട്. ഇന്നും അപൂർവ്വം ചില ആളുകൾ അയൽപ്രദേശങ്ങളിൽനിന്നും ദൂരസ്ഥലങ്ങളിൽനിന്നും പുതുഞായറാഴ്ച മലെക്കുരിശുങ്കലും, താഴെ പഴയ എടമനക്കരിശും വി. മത്തായിശ്ലീഹായുടെ രൂപവും വച്ചിരിക്കുന്ന കപ്പേളയും സന്ദർശിച്ചു് ഊട്ടും നേർച്ചകാണിക്കകളും നടത്തുന്നുണ്ട്.

ഇന്നു് ആരക്കുഴയും അയൽപ്രദേശങ്ങളിലേ ഇടവകകളിലും താമസിക്കുന്ന പൂർവ്വ തറവാട്ടുകാരിൽ(ധനികന്മാരിലും പാവപ്പെട്ടവരിലും കൂലിവേലക്കാരിലും) പൂർവ്വഎടമന ഇല്ലത്തിൽനിന്നു്, പൂർവ്വകാലത്തിൽ ക്രിസ്തുമതത്തിൽ ചേന്നവരും, പിന്നീട്ട പലകാലങ്ങളിലായി ക്രിസ്തുമതം സ്വീകരിച്ച ഈ നാട്ടുകാരും, അന്യദേശങ്ങളിൽനിന്നു് ഈ നാട്ടിൽ കുടിയേറി താമസിച്ച കുടുംബക്കാരുമുണ്ട്. ഇവർ എല്ലാവരും ഈ നാട്ടിലേ പൂർവ്വതറവാട്ടുകാരും കുടുംബക്കാരുമായി എണ്ണപ്പെട്ടുകയും പരിഗണിക്കപ്പെട്ടുകയും ചെയ്യുന്നു. ആരക്കുഴപള്ളിയുടെ മേൽപൂട്ടിൽ കിടക്കുന്ന പഴയ കൈയെഴുത്തു് ഓലകളും കണക്കുകളും പരിശോധിച്ചാൽ ഇവിടെയുള്ള കുടുംബക്കാരെക്കുറിച്ചു കൂടുതൽ വിവരങ്ങൾ അറിയാൻ സാധിക്കും.

## 15 വെട്ടുപാറയ്ക്കൽ കുടുംബം

ആരക്കുഴ എടമനക്കുടുംബത്തിൽനിന്നു ദൂരസ്ഥലങ്ങളിലേക്കു പോയവരെക്കൂടാതെ, ഇവിടെനിന്നു് ഒരു കാരണവൻ കുടുംബസഹിതം കാവന വെട്ടുപാറയ്ക്കൽ പുരയിടത്തിലേക്കു മാറി. ആ പുരയിടത്തിൻെറ പേരാൽ—"വെട്ടുപാറയ്ക്കൽ" കുടുംബക്കാർ എന്നു വിളിക്കപ്പെട്ടു.

ഇവർ ആരക്കുഴനിന്നു കാവന വെട്ടുപാറയ്ക്കൽ വന്നതു് ക്രിസ്ത്വാബ്ദം ഏകദേശം 1700—ാമാണ്ടാണെന്നു തെളിയിക്കുന്ന പല സാഹചര്യങ്ങളും, ചരിത്രങ്ങളും, ഐതിഹ്യങ്ങളുമുണ്ട്. "വെട്ടുപാറയ്ക്കൽനിന്നു മാത്തുളയും കുടുംബവും വാഴക്കുളം കളത്തിപുരയിടത്തിലേക്കു മാറി."...... എന്നു് ആരക്കുഴപള്ളിയിലേ മേൽപൂട്ടിൽ സൂക്ഷിച്ചിരുന്ന ഒരു കൈയെഴുത്തു് ഓല കാഞ്ഞിരത്തുങ്കൽ ബ. അബ്രാഹം അച്ചൻ 1956 ഡിസംബറിൽ ഞാൻ ആ

രക്കുഴ ഇടവക ജനങ്ങളുടെ ധ്യാനത്തിനു ചെന്ന അവസരത്തിൽ എന്നെ കാണിച്ചുതന്നതായി ഓക്കുന്നുണ്ട്.

ഏകദേശം 100വഷത്തോളം വെട്ടപാറയ്ക്കൽ കുടുംബം ഇവിടെ നിലനിന്നിരുന്നു. ഇതിൻെറ ശാഖാകുടുംബങ്ങളാണ് എടത്തട്ടേൽ, തയ്യിൽ, കട്ടയ്ക്കൽ, ചൊള്ളാമഠം, പെരുമ്പാവൂർ, കുറുപ്പംപടി, കാളാംപറമ്പിൽ, വാഴക്കുളം തെക്കുംമലയിൽ വെട്ടപാറയ്ക്കൽ (ഇവരുടെ ആൺവഴി നിന്നുപോയി. ഇന്നത്തെ വെട്ടപാറയ്ക്കക്കാർ പെൺവഴിക്കാരാണ്. പള്ളത്തുനിന്നു ഒരാൾ കെട്ടി ഇവിടെ ദത്തുനിന്നു.) നാഗപ്പുഴ വെട്ടപാറയ്ക്കൽ, കളത്തികുടുംബം മുതലായവർ. ഈ കുടുംബത്തിൽപ്പെട്ട, പഴമക്കാരിൽനിന്നും –പ്രത്യേകം ചൊള്ളാമഠം–ശാഖ, കളപ്പുരയ്ക്കൽ, കാവക്കാട്ട താമസിച്ച്‌,1962 ഒക്ടോബർ 21–ാംനു 96–മത്തെ വയസ്സിൽ മരിച്ച വക്കീഅപ്പാപ്പനിൽനിന്നു, വെട്ടപാറയ്ക്കക്കുടുംബത്തെക്കുറിച്ചും അതിൻെറ മുകളിൽ പറഞ്ഞിരിക്കുന്ന ശാഖാകുടുംബങ്ങളെക്കുറിച്ചും പല അറിവുകളും എനിക്കു കിട്ടിയിട്ടുണ്ട്.

16: ഈ കുടുംബങ്ങളിൽ എല്ലാംതന്നെ മുൻകാലങ്ങളിലും ഇന്നും വൈദികരും കന്യാസ്ത്രീകളും ഉണ്ട്. പെ. ബ. അബ്രാഹം മല്പാനച്ചൻ എടത്തട്ടേൽ കുടുംബത്തിൽനിന്നുള്ള ഒരു പുരാതന വൈദികനാണ്. എടത്തട്ടേൽ കുടുംബത്തിൻെറ ഒരു ശാഖാകുടുംബമാണ് കാഞ്ഞിരത്തുങ്കൽകുടുംബം. ഈ കുടുംബത്തിൽ ബ. അബ്രാഹം അച്ചൻ ഉണ്ടായിരുന്നു. 1964 നവംബർ 9–ൽ ഇദ്ദേഹം 78–ാം വയസ്സിൽ മരിച്ചു. ചൊള്ളാമഠം കുടുംബത്തിൽ ഈ1964-നു്-ഏകദേശം 270 വഷങ്ങൾക്കുമുമ്പ് ഒരു വല്യച്ചൻ ഉണ്ടായിരുന്നു. നൂറുവഷങ്ങൾക്കുമുമ്പു ചൊള്ളാമഠംശാഖാ വെട്ടകല്ലുംപുറത്തു ബ. മാത്തുഅച്ചൻ ഉണ്ടായിരുന്നു. ഇദ്ദേഹവും നമ്പ്യാപറമ്പിൽ കൊച്ചുമാത്തു അച്ചനും, എടപ്പുഴത്തിൽ ബ. ചാക്കോച്ചനും, കളപ്പുരയ്ക്കൽ ബ. ഗീവറുഗീസച്ചനും, റാത്തപ്പിള്ളിൽ ബ. യോഹന്നാനച്ചനും, വല്യവീട്ടിൽപറമ്പിൽ ബ. ഗീവറുഗീസച്ചനും, വടക്കേക്കര ബ. ചാക്കോച്ചനും ഏകദേശം സമകാലികന്മാരായിരുന്നു.

1885–ൽ വാഴക്കുളം ഇടവകപള്ളി സ്ഥാപിതമായ കാലത്തിൽ ഈ ബ. അച്ചന്മാർ എല്ലാവരും ബ. എടപ്പുഴത്തിൽ ചാക്കോച്ചൻെറ കൂട്ടത്തിൽ നിന്നു സഹകരിച്ചു പ്രവത്തിച്ചവരാണ്.

ഈ 1965–ൽ ചൊള്ളാമഠം ശാഖ മുതകുന്നേൽ ബ. ജോർജ്ജച്ചനും, കിഴക്കേൽ ബ. ക്രിസോസ്റ്റോം അച്ചനും വെട്ടകല്ലുംപുറത്തു ബ. ജോർജ്ജച്ചൻ സി. എം. ഐ. യും ഉണ്ട്.

കാവന കല്ലറയ്ക്കൽകുടുംബത്തിൽ ഈ 1965–നു് ഏകദേശം 270വഷങ്ങൾക്കു മുമ്പു ചൊള്ളാമഠത്തിൽ വല്യച്ചൻെറ സംബ

സ്ഥക്കാരനും സമകാലികനും ആയി ഒരു വല്യച്ചൻ ഉണ്ടായിരുന്നു. ഇവർ ഇരുവരുംകൂടി കാവന ഒരു പള്ളി സ്ഥാപിക്കുന്നതിന് ശ്രമിച്ചുവെന്ന് വാഴക്കുളം കൊവേന്തനാളാഗമത്തിൽ കാണുന്നുണ്ട്. ഇപ്പോൾ കല്ലറസ്സുക്കുടുംബത്തിൽ ബ. മൂശയച്ചനും, ബ. ജോർജ്ജ് ശെമ്മാച്ചനും സി. എം: ഐ: വാഴക്കുളം കൊവേന്തയിൽ ചേർന്നിട്ടുണ്ട്. തെന്നത്തൂർ ഇടവകയിൽ ഒരു ഇടവകവൈദികനും ബൽജിയം യൂവെൻസർവകലാശാലയിൽ പഠിച്ചു ബിരുദം സമ്പാദിച്ച ശ്രീ. പി. ററി. ചാക്കോയും കല്ലറസ്സൽ കുടുംബക്കാരാണ്.

ചൊള്ളാമഠത്തിൽ വല്യച്ചനും കല്ലറസ്സൽ വല്യച്ചനും സഹോദരസഹോദരീപുത്രന്മാരാണ്.

## 17 കളത്തികുടുംബം

കളത്തിക്കുടുംബം പുരാതന എടമനക്കുടുംബത്തിന്റെ ശാഖയാണ്. എടമനക്കുടുംബത്തിൽനിന്ന് ഒരു കാരണവൻ ഏകദേശം 1700–ാമാണ്ട് കാവന വെട്ടുപാറസ്സൽ വന്നു താമസിച്ചു. ഏകദേശം (100) നൂറുവർഷത്തോളം വെട്ടുപാറസ്സൽ കുടുംബം കാവന നിലനിന്നു. ഇവിടെനിന്നു പല സ്ഥലങ്ങളിലേക്ക് ഇവർ മാറി വിവിധ കുടുംബപ്പേരുകളോടുകൂടി താമസിച്ചു. ഈ വിവരങ്ങൾ മുൻഅദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

ഇന്നു വെട്ടുപാറസ്സൽ കുടുംബക്കാർ ആരും കാവന വെട്ടുപാറസ്സൽ പുരയിടത്തിൽ താമസമില്ല— ഇന്നും ഈ പേരിൽ വെട്ടുപാറസ്സൽ പുരയിടം കിടപ്പുണ്ട്. ഈ പുരയിടം വെട്ടുപാറസ്സുക്കാർക്ക് അന്യാധീനപ്പെട്ടുപോയി. ഇന്നു വേറെ ആളുകൾ വെട്ടുപാറസ്സൽ എന്ന പേരിൽ അവിടെ താമസിക്കുന്നുണ്ട്. ഇവരാരും പഴയ വെട്ടുപാറസ്സൽ കുടുംബക്കാരല്ലാ.

## 18 ഏകദേശം 1700-ന്റെ അവസാനകാലത്തും 1800-ന്റെ ആരംഭകാലത്തും

വെട്ടുപാറസ്സൽനിന്നു മാത്തു, മാത്തുണ്ണി, മാത്തുള എന്നെല്ലാമുള്ള പേരുകളാൽ അറിയപ്പെട്ടുകയും വിളിക്കപ്പെട്ടുകയും ചെയ്തിരുന്ന മാത്തു കുടുംബസഹിതം വാഴക്കുളത്തുള്ള കിഴക്കമ്പലം കളത്തികത്താവിന്റെ സ്ഥലം വിലയ്ക്കുവാങ്ങി അവിടം തന്റെ സ്ഥിരതാമസസ്ഥലമാക്കി. ഈ പുരയിടപ്പേരാൽ ഇവർ കളത്തികുടുംബക്കാർ അഥവാ കളത്തിയാന്മാർ എന്നു വിളിക്കപ്പെട്ടുകയും അറിയപ്പെട്ടുകയും ചെയ്യുന്നു.

ഇയ്യാൾ വിവാഹം കഴിച്ചതു് വൈസ്സും സമീപമുള്ള തല

തലയോലപ്പറമ്പ് പള്ളി ഇടവക കൊല്ലം പറമ്പിൽ കുടുംബത്തിൽ നിന്നായിരുന്നു. മറിയാമ്മ എന്നായിരുന്നു ഇവരുടെ പേര്. ഇവർ വളരെ സമർത്ഥയായ ഒരു സ്ത്രീരത്നമായിരുന്നു ഇവർക്ക സർക്കാർ കാര്യങ്ങളിലും നല്ല പരിജ്ഞാനവും കഴിവുമുണ്ടായിരുന്നു. ഇവർ കളത്തിമുത്തി എന്ന അപരനാമത്താൽ വിളിക്കപ്പെട്ടുകയും, അറിയപ്പെട്ടുകയും ചെയ്തിരുന്നു.

ഇവർ ഇവിടെ സുഖത്തിലും, സന്തോഷത്തിലും, സമ്പൽ സമൃദ്ധിയിലും, ദൈവഭയത്തിലും, ദൈവ ഓർമ്മയിലും, ഭക്തിയിലും, മതവിശ്വാസത്തിലും, മതാനുഷ്ഠാനങ്ങളിലും ജീവിച്ചിരുന്നു. അന്ന് മറ്റിലക്കൊമ്പും ആരക്കുഴയും ആയിരുന്നു ഇവരുടെഅയൽപള്ളികൾ.

ഇവർക്ക് അയൽവാസികളായി വെള്ളാറ്റുപ്പള്ളിക്കാരും പടിഞ്ഞാറുവശത്ത് നമ്പ്യാപറമ്പേൽക്കാരും ഒരു ഈഴവകുടുംബവും ഉണ്ടായിരുന്നു

ഈ വെള്ളാപ്പള്ളികുടുംബക്കാരാണ് ഇന്നത്തെ തെക്കേക്കര പേരേക്കാട്ട്, കരിംതോളി, തകരപ്പള്ളി മുതലായ കുടുംബക്കാർ.

ഇവരെല്ലാവരുംതമ്മിൽ വളരെ സ്നേഹ, സൗഹാർദ്ദതയിലാണ് ജീവിച്ചിരുന്നതു് ഇവർ വളരെ ചുരുങ്ങിയ വീട്ടുകാർ മാത്രമേ ഇവിടെ ഉണ്ടായിരുന്നൊള്ളു. ഇവർ കള്ളന്മാരെ ഭയന്നാണ് ഇവിടെ താമസിച്ചിരുന്നതു്.

വാഴക്കുളം കൊവേന്ത 1859_ൽ തുടങ്ങി. ഇതിന് ഏകദേശം 50 വർഷങ്ങൾക്ക മുമ്പാണ് കളത്തിക്കുടുംബക്കാരും മററും വാഴക്കുളത്തു് താമസം തുടങ്ങിയതു്.

## കളത്തിക്കുടുംബത്തിലെ കാരണവരായ മാത്തുവിൻെറ അകാല മരണം

മാത്തുവിന് ഏകദേശം നല്ലതു വയസ്സും കൊച്ചുമറിയാമ്മ, അയിപ്പ്, വർഗ്ഗീസ്, ഉതുപ്പ് എന്ന നാലു പ്രായപൂർത്തിയാകാത്ത സന്താനങ്ങളുമായപ്പോൾ അയ്യാൾ അകാലമരണം കൈവരിച്ചു. കുടുംബനായകൻെറ മരണം ഈ വിധവകുടുംബത്തിന് പല നാശനഷ്ടങ്ങൾക്ക് കാരണമായി. അയൽവാസികൾ എല്ലാവരും ഇവരെ എല്ലാവിധത്തിലും സഹായിച്ചിരുന്നു. കാവന നിന്നു്,ഈ കുടുംബ ശാഖയിൽ പെട്ട ചൊള്ളമാത്തിൽകാരും ഇവർക്ക ഉററ സഹായികളായിരുന്നു___. ചൊള്ളാമാത്തിൽ ബ: വല്ല്യച്ചനും, കല്ലറയ്ക്കൽ ബ: വല്ല്യച്ചനും പലപ്പോഴും വന്നു് ഇവരുടെ

കാര്യങ്ങളന്വേഷിക്കുകയും ചെയ്തുരുന്നു. ചൊള്ളാമഠത്തിൽകാർ അന്നും ഇന്നും കാവനായാണ് മിക്കവാറും താമസിക്കുന്നത്. ഇവർ ഇന്ന് ഒരു വലിയ കുടുംബ ശേഖരക്കാരാണ്. ചൊള്ളാമഠം, വെട്ടുകല്ലുപുറം, കിഴക്കേൽ മുതലായി പല വീട്ടുകാരുമുണ്ട്. പലശാഖകളും, ഉപശാഖകളും അവക്കുണ്ട്. കല്ലറയ്ക്കലക്കാർ, താഴത്തെക്കാർ മുതലായി ചുരുക്കം വീട്ടുകാർ ഒഴിച്ചുബാക്കി എല്ലാവരും മയിലക്കൊമ്പ്, മടക്കത്താനം, കാളിയാർ, തെന്നത്തൂർ, കുട്ടംപുഴ മുതലായ സ്ഥലങ്ങളിലേയ്ക്കു മാറിപ്പോയി.

കളത്തിക്കുടുംബക്കാരുടെ അയൽ വാസികളിൽ നമ്പ്യാപറമ്പേൽ കുടുംബക്കാർ മാത്തുവിന്റെ മരണശേഷം കളത്തികുടുംബക്കാരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെട്ടു. ഇവർ തമ്മിൽ ബന്ധുക്കളായിത്തീർന്നു.

ബന്ധുക്കളായശേഷം ഇവർ തമ്മിൽ കൂടുതൽ സ്നേഹത്തിലും, സഹകരണത്തിലും, സൗഹാർദ്ദതയിലും ആണ് ജീവിച്ചിരുന്നത്. ഇവർ കൂട്ടു കൃഷിക്കാരും, കൂട്ടുവേലക്കാരുമായിരുന്നു.

അന്നു വസ്തുക്കൾ വാങ്ങുകയും പതിപ്പിക്കുകയും മററും ചെയ്തിരുന്നതു് ഇരുവരുടെയും പേരിലും കൂട്ടാധാരമായിട്ടും ആയിരുന്നുവെന്നു തെളിയിക്കുന്ന ചില ആധാരവകുപ്പുകൾ ഇവിടെ ചേർക്കുന്നു.

I ........ ...... കഴിഞ്ഞുപോയ (മരിച്ചുപോയ) നമ്പ്യാപറമ്പിൽ ഓക്കാണ്ട വറുഗീസു പേരിലും, കളത്തിമാത്തു (മൂത്ത മകൻ കളപ്പുരയ്ക്കൽ) അയിപ്പുപേരിലും പതിഞ്ഞതും, മരിച്ചുപോയ ഞങ്ങളുടെ അമ്മയ്ക്കു സ്ത്രീധന അവകാശമായി 1054–ാമാണ്ടു് 12–10 നമ്പ്ര് ആയി തീറുകിട്ടിയതും ഞങ്ങളുടെ കൈവശഅവകാശത്തിൽ ഇരിക്കുന്നതുമായ കൊരട്ടി നിലം എട്ടു പറ 1056–ാമാണ്ടു് മേടമാസം എട്ടാം തിയ്യതി ആരക്കുഴ കിഴക്കേമൊതേക്കൽ മാത്തുണ്ണി മത്തായിക്കു വാഴക്കുളംമുറിയിൽ വരിക്കമൊക്കൻ മറിയം മക്കൾ മത്താ, അന്നം, ഏലി എഴുതിക്കൊടുത്ത തീറാധാരം......

II ഓക്കാണ്ട വറുഗീസ്, മാത്തുഅയിപ്പു പേരിൽ പതിഞ്ഞതും പുതുശേരിൽ ചാക്കോവറുഗീസിനു ഭാഗത്തിൽ കിട്ടിയയതുമായ കൊരട്ടിനിലം രണ്ടുപറ 1069–ാമാണ്ടു് കോണേകല്ലുങ്കൽ മത്തായി വറുഗീസ് പേർക്കു തീറുകൊടുത്തു. — — — —

III ടി. പുതുശേരി ചാക്കോ ഉലഹന്നൻെറ വീതം രണ്ടുപറയും ടി. യാനു 1071—മാണ്ടു തീറുകൊടുത്തു.

ഇതിൻെറ ആധാരങ്ങൾ എല്ലാം ടി. വസ്തു ഉടമകളുടെ കൈവശമുണ്ടു്. ഇതു നോക്കിയാണു് മുകളിലത്തെ കുറിപ്പുകൾ എഴുതിയിരിക്കുന്നതു്.

ഓക്കാണ്ട വറുഗീസ്, മാത്തു അയിപ്പു മുതൽപേർ ഒരുമിച്ചു പിടിച്ചതും പതിപ്പിച്ചതുമായ വസ്തുക്കളുടെ രേഖകൾ തൊടുപുഴ കച്ചേരി റിക്കാർഡുകളിൽ നോക്കിയാൽ ഇന്നു കിട്ടും—
131/3: 14: പറ; 131/2: 8: പറ; 131/4: 22 പറ ആകെ 44 പറയും ഓക്കാണ്ട വറുഗീസ് പേരിലും കളത്തിമാത്തുണ്ണി അയിപ്പു പേരിലും പതിഞ്ഞതാണു്.

1079 പട്ടയം താഴത്തേവീട്ടുകാക്കും, കൊണേകല്ലുങ്കൽകാക്കും, വടക്കേക്കരക്കാക്കും കിട്ടി: പട്ടയത്തിൽ ചില പിശകുകൾ വന്നിട്ടുണ്ടു്. അതിനാൽ ഇവർ തമ്മിൽ ചില സിവിൽകേസുകൾ നടത്താൻ ഇടയായിട്ടുണ്ടു്.

ചിറയടിമുതൽ വാഴക്കുളം ചന്തയ്ക്കു താഴെവരെയുള്ള നിലങ്ങളും ഏതാനും പുരയിടങ്ങളും ഇന്നും കളത്തി നമ്പ്യാപറമ്പൻ വകയാണു്. ഇതിൽ കുറേയെല്ലാം വിററും സ്ത്രീധനമായും പോയിട്ടുണ്ടു്.

ഈ 1965-ൽ ഈ ഇരുകുടുംബക്കാരും തമ്മിൽ ഏഴും എട്ടും തലമുറകൾവരെയും കൂടുതല്യം ആയിട്ടുണ്ടു്. ഇന്നു ഈ ബന്ധങ്ങളും

കെട്ടുപാട്ടുകളും ശരിയായി അറിയാവുന്നവർ വളരെ ചുരുക്കമാണ്.

ആദ്യകാലങ്ങളിൽ ഏകദേശം മൂന്നുനാലു തലമുറകൾവരെ ഇവർ തമ്മിൽ സംബന്ധപ്പേരുകൾ വിളിച്ചിരുന്നു. പ്രത്യകിച്ച് അയൽവാസികളായി താമസിച്ചിരുന്നവർ തമ്മിൽ. ഇന്നത്തേ തലമുറക്കാർക്ക് ഈ ബന്ധങ്ങൾ ഒന്നും അറിഞ്ഞുകൂടാ—ഇതിനാൽ സംബന്ധപ്പേരുകൾ വിളിക്കലും മിക്കവാറും ഇല്ലാതായി.

## കളത്തിക്കുടുംബത്തിലേ വംശാവലി അഥവാ ജനനവഴി

കളത്തി കുടുംബത്തിലെ പൂർവ്വകാരണരവൻ മാത്തു മുപ്പത്തനും പൂർവ്വകാരണവത്തി മറിയം മുത്തിഅമ്മയുമാണ്. ഇവരുടെ വീട്ടു തലയോലപ്പറമ്പിലാണ്.

ഇവർക്ക് 1-ാം തലമുറയിൽ മൂന്നു ആൺമക്കളും ഒരു പെണ്ണും.
ഇവരുടെ വിവരങ്ങൾ

1 വാഴക്കുളം കൊവേന്തയുടെ തെക്കുവശത്തു താമസിച്ച കളപ്പുരസ്ഥൽ അയിപ്പ്

2 മഞ്ഞള്ളൂരു താമസിച്ചിരുന്ന പുല്ലറമ്പിൽ വറുഗീസ്

3 കലേക്കാട്ടു കൊട്ടുപള്ളി അഥവാ–മണൽചിറ താമസിച്ചിരുന്ന ഉതുപ്പ്

ഈ മൂന്നുശാഖകളിൽപ്പെട്ടവരാണ് ഇന്നത്തെ കളത്തിക്കുടുംബക്കാർ എല്ലാവരും. ഇവരുടെ പുരാതന തറവാട്ട് ആരക്കുഴ കീഴമടങ്ങിൽ എടമനപറമ്പിലാണ്.

പല നൂറാണ്ടുകളായി കുടുംബത്തിൽ അംഗങ്ങൾ വദ്ധിച്ചപ്പോൾ, അവർ ആരക്കുഴയിലും, അയൽസ്ഥലങ്ങളിലും വിദൂരസ്ഥലങ്ങളിലും കുടിയേറിപ്പാർക്കുവാൻ തുടങ്ങി.

ആരക്കുഴനിന്നു് ഒരു കാരണവൻ കാവന വെട്ടുപാറസ്ഥൽ പുരയിടത്തിലേക്കു മാറിത്താമസിച്ചു. ഇവർ പല കുടുംബങ്ങളും ശാഖകളുമായി ഇവിടെ നൂറിൽപ്പരം കൊല്ലങ്ങളോളം താമസിച്ചു.

ഈ വെട്ടുപാറസ്ഥൽനിന്നു് ഒരു കാരണവൻ വാഴക്കുളം കളത്തി കർത്താവിൻെറ വക പുരയിടം വാങ്ങിച്ച് അവിടെ താമസിച്ചു. ഈ കളത്തിപ്പുരയിടത്തിൻെറ പേരാൽ ഇവർ "കളത്തിക്കുടുംബക്കാർ" എന്നു് അന്നും ഇന്നും വിളിക്കപ്പെട്ടുകയും അറിയപ്പെട്ടുകയും ചെയ്യുന്നു. ഇന്നു ഇവിടെയും എവിടെയും താമസിക്കുന്ന കളത്തിക്കുടുംബക്കാരുടെ എല്ലാവരുടെയും പൂർവ്വതറവാട്ടു കളിത്തിപ്പുരയിടമാണ്.

കളത്തിമാത്തുവിനു് അയിപ്പ്, വറുഗീസ്, ഉതുപ്പ്–എന്ന

മൂന്നാൺമക്കളും—കൊച്ചുമറിയാമ്മ എന്ന ഏക മകളും ഉണ്ടായിരുന്നു.

## കളത്തിക്കുടുംബത്തിൽ മൂന്നു് ആൺശാഖകളും ഒരു പെൺശാഖയുമുണ്ടു്.

## ഒന്നാമത്തെ ആൺശാഖ കളപുരക്കൽ മാത്തു അയിപ്പാണു്.

മൂത്തമകൻ കളപുരക്കൽ മാത്തു അയിപ്പുവിവാഹം കഴിച്ചുകളപ്പുരയ്ക്കൽ പുരയിടത്തിലേക്കു മാറിതാമസിച്ചു. വാഴക്കുളം കൊവേന്തയുടെ തെക്കു വശത്താണു് ഈ പുരയിടം കിടക്കുന്നതു്. ഇന്നു പല ശാഖകളും ഉപ ശാഖകളുമായി പിരിഞ്ഞു വാഴക്കുളം, കലേക്കാട്ടു്, കൂവേലി, മുടപ്പന്നൂർ, കല്ലൂർക്കാട്ടു്, കൊമ്പങ്ങപ്പാടം, കൊട്ടവേലി, കലയന്താനി, മലബാർ മുതലായ പല സ്ഥലങ്ങളിൽ കൂട്ടമായും തനിച്ചും താമസിക്കുന്ന കളപ്പുരയ്ക്കക്കാർ എല്ലാവരുടേയും പൂർവ്വ തറവാട്ടു് ഇതാണു്. ഇന്നും ഈ പുരയിടം ഇവരുടെ കൈവശമാണു്. വളരെ പഴക്കമുള്ള പഴയവീട്ടു പൊളിച്ചു് ആ സ്ഥാനത്തു തന്നെ ആധുനിക രീതിയിൽ ഒരു പുതിയ പുര പണിതു തീർന്നിട്ടുണ്ടു്.

30 ഈ പുരയിടവും താഴെ പടിഞ്ഞാറുവശത്തുള്ള നിലവും ചിറയടിയിലുള്ള നിലവും മാത്തു അയിപ്പിന്റെ വീതത്തിൽ കിട്ടിയതാണു്—ചിറയടിനിലം കളപ്പുരയ്ക്കൽനിന്നു വട്ടക്കുഴിയിൽ വിവാഹം ചെയ്ത സ്ത്രീക്കു് സ്ത്രീധനമായി കൊടുത്തു. പുരക്കു താഴെയുള്ള കുറച്ചു നിലവും വാഴക്കുളം കൊവേന്തയിൽ നിത്യ കുർബ്ബാനക്കേല്പിച്ചു.

സൂചന_കളപ്പുരയ്ക്കൽ പറമ്പിനു താഴെയുണ്ടായിരുന്ന നിലം 1960_ൽ കൊവേന്ത കളപ്പുരയ്ക്കൽക്കാർക്കുതന്നെ വിലയ്ക്കു കൊടുത്തു. ഈ രൂപകൊണ്ടു് കൊവേന്ത വാഴക്കുളം പാടത്തുണ്ടായിരുന്ന പൂക്കാട്ടു് ചാക്കോവക നിലം വാങ്ങിച്ചു. ഈ നിലത്തിൽ ഒരു ഭാഗംകൊണ്ടു് കളപ്പുരയ്ക്കൽക്കാരുടെ നിത്യകുർബ്ബാന 1962_ൽ സ്ഥാപിച്ചിട്ടുണ്ടു്. ഈ കുർബ്ബാനവസ്തുക്കൾ കളപ്പുരയ്ക്കൽകുടുംബക്കാരുടെ മൊത്തംവകയാണു്. ഇന്നു കളപ്പുരയ്ക്കൽകുടുംബക്കാർ എല്ലാവർക്കുംവേണ്ടി കൊവേന്തയിൽനിന്നു കുർബ്ബാന മുടക്കംകൂടാതെ ചൊല്ലിവരുന്നുണ്ടു്.

കളപ്പുരയ്ക്കൽകുടുംബത്തിന്റെ ശാഖകളാണു്, കരോട്ടേത്തലക്കൽ, (പുളിയാങ്കര)താഴത്തേത്തലക്കൽ, എടപ്പുഴംകുടുംബക്കാർ.

# കളപ്പുരക്കൽ ശാഖ

## 2_ാം തലമുറ

കളപ്പുരക്കലെ 5 ആൺശാഖകളും;
3 പെൺ ശാഖകളും

1. കളപ്പുരക്കൽ തറവാട്ടിൽ താമസിച്ച മാണി
2. കരോട്ടേത്തലക്കൽ (പുളിയാംങ്കര) മാത്യു മത്തായി
3. താഴത്തേത്തലക്കൽ (താഴത്തേൽ) ഔസേപ്പു്
4. മഞ്ഞള്ളൂർ താമസിച്ച എടപ്പുഴത്തിൽ ഉലുപ്പു്
5. കളപ്പുരക്കൽ അയിപ്പു. ബ: ഗീവർഗ്ഗീസു് ശെമ്മാശൻ_നാലു പട്ടത്തിൽ മരിച്ചു.

ബ. ഗീവറുഗീസു്
ശെമ്മാശ്ശൻ

| | |
|---|---|
| ജനനം | 1859 |
| മരണം | 1877 |

പെൺ മക്കൾ മൂന്നു്

1. മൂത്ത മകളെ വഴക്കുളത്തു വട്ടക്കുഴിയിൽ ചാക്കൊ വിവാഹം കഴിച്ചു. ഇവർക്കു സ്ത്രീധനമായി ചിറയടി നിലത്തിൽ ഒരു ഭാഗം കൊടുത്തു.

2. രണ്ടാമത്തെ മകളെ അറകാലിൽ വിവാഹം ചെയ്തു. ഇവരുടെ മക്കൾ ഒരാൾ അറകാലിലും മറേറയാൾ ചൂരാപ്പുഴയും താമസിച്ചു ഇവരുടെ അനന്തിരവക്കാരൻ അറകാലിൽ ബ: ഗീവർഗ്ഗീസച്ചനും ചൂരാപ്പുഴ അന്ത്രയോസു്, മത്തായിമുതൽ പേർ

3 മൂന്നാമത്തേ മകളെ മഞ്ഞളൂരു നട്ടക്കടിയിൽ വിവാഹം ചെയ്തു.

**കളപ്പുരയ്ക്കൽ തറവാട്ടിൽ താമസിച്ച മാണിയുടെ മക്കൾ മാണി വിവാഹം കഴിച്ചതു ആപ്പ്ത്താനത്തു നിന്നാണ്.**

3–ാം തലമുറക്കാർ; പുരുഷന്മാർ 3: സ്ത്രീ 1.

ഏകമകളെ ആരക്കുഴ കീഴമടങ്ങിൽ പ്ലാത്തോട്ടത്തിൽ വിവാഹം കഴിച്ചു.

1 മൂത്തമകൻ -മാണി അയിപ്പ്. ഇയ്യാൾ കല്ലൂർക്കാട്ട ചൊള്ളാപാറയ്ക്കൽ താമസിച്ചു. മാണി അയിപ്പ നാഗപ്പുഴ താഴത്തു വീട്ടിൽനിന്നു് വിവാഹം കഴിച്ചു

2 രണ്ടാമത്തേ മകൻ തറവാട്ടിൽ താമസിച്ച മാണി മത്തായി. ഇയ്യാൾ രണ്ടു വിവാഹം കഴിച്ചു. ആദ്യ വിവാഹം ആരക്കുഴ ഏത്തടത്തിൽനിന്നു്–ഈ വിവാഹത്തിൽ, 4-ാം കരുന്തലക്കാർ കല്ലൂക്കാട്ട മോളത്തു താമസിച്ചിരുന്ന മാണിയും കളപ്പുര-വാഴക്കുളം തറവാട്ടിൽ താമസിച്ചിരുന്ന ഔസേപ്പും.



3 മാണിയുടെ മൂന്നാമത്തേ മകൻ ബ. ഗീവറുഗീസച്ചനാണ്.

ജനനം 1843 ജനുവരി 15
ഗുരുപട്ടം 1865 ഡിസംബർ 22
മരണം 1888 ജൂൺ 20

സൂചന: കല്ലൂർക്കാട്ട സ്വന്തം സഹോദരൻ ചൊള്ളപ്പാറ അയിപ്പിന്റെ വീട്ടിൽകിടന്നാണ് ഇദ്ദേഹം മരിച്ചതു്.

വാഴക്കുളം ഇടവകപള്ളിയിൽ വൈദികരിൽ ആദ്യമായി സംസ്കരിക്കപ്പെട്ടതു് ഇദ്ദേഹമാണ്. 1885 ആഗസ്റ്റ് 15–ാംനു- വാഴക്കുളം ഇടവക പള്ളി ആരംഭിക്കുന്നതിനു പരിശ്രമിച്ച വൈദികരിൽ ഒരാളാണ് ഇദ്ദേഹം.

**കളപ്പുര തറവാട്ടിൽ താമസിച്ചിരുന്ന രണ്ടാംതലമുറ അയിപ്പ മാണിയുടെ മൂന്നാംതലമുറ മക്കളുടെ വിവരങ്ങൾ**

മൂന്നാം തലമുറ കല്ലൂക്കാട്ട ചൊള്ളാപാറതാമസിച്ചിരുന്ന മാണി അയിപ്പിനു 4-ാം തലമുറ ആൺമക്കൾ 5 പെൺമക്കൾ 1.

ഇവരുടെ വിവിരങ്ങൾ.

ഏക മകളെ മണിയംതറത്തു നെട്ടംകല്ലേൻ (പാറേൽ) വിവാഹം ചെയ്തു.

1 മാണി അയിപ്പിന്റെ മൂത്ത മകൻ അയിപ്പ മാണി—മഞ്ഞള്ളൂർ ഏറാംകോട്ടിൻ താമസിച്ചിരുന്നു. ഇയ്യാൾ വിവാഹം കഴിച്ചിരുന്നതു കല്ലൂക്കാട്ടു റാത്തപ്പിള്ളിൽനിന്നായിരുന്നു.

ഇവരുടെ 5–ാം കരുന്തല ആൺമക്കൾ 5 പെൺമക്കൾ 4

മാണിഅയിപ്പ്, മത്തായി, വക്കി, ആഗസ്തി, ചാക്കോ.

ഇവരുടെ വിവരങ്ങൾ

1. മാണി അയിപ്പ് കല്ലൂർക്കാട്ടു പിണക്കാട്ടുനിന്ന് വിവാഹം കഴിച്ചു. ഇവരുടെ 6–ാം തലമുറ: അയിപ്പ്, ആഗസ്തി, മറിയം, കുഞ്ഞുപെണ്ണ്, ഏലി.

2. മാണിമത്തായി നെയ്ശ്ശേരി വട്ടമററത്തിൽനിന്നു വിവാഹം കഴിച്ചു, വെളിയച്ചാലിൽ താമസിക്കുന്നു. ഇവക്കു 6–ാം തലമുറയിൽ: പുരുഷന്മാർ 6 പെൺമക്കൾ.

3. മാണിവക്കി കല്ലൂക്കാട്ടു നെട്ടംകല്ലേൽനിന്നു വിവാഹം കഴിച്ചു. ഇവക്കു മാണി, ചാക്കോ, ഏലി, മത്ത, മറിയം, അന്ന, ത്രേസ്യാ എന്ന മക്കളുണ്ട്. ബസ്ലഹത്തു താമസം.

4. മാണി ആഗസ്തി മാറാടി പാലമൂട്ടിൽനിന്നു വിവാഹം കഴിച്ചു. ഇയ്യാൾ കല്യാനിയ്ക്കൽ താമസിക്കുന്നു. ഇവക്കു 6–ാം തലമുറ മാണി ആഗസ്തി.

5. മാണി ചാക്കോ പെരുങ്ങൊഴ മാറാശേരിൽനിന്നു വിവാഹം കഴിച്ചു. കുമ്പംപാറ താമസിക്കുന്നു. ഇവരുടെ 6–ാം തലമുറ മാണി, കുഞ്ചിലോ, ഏലി, അന്നം, മാമ്മി, ത്രേസ്യാ, അയിപ്പ്. മാണിയുടെ പെൺമക്കൾ.

1 പൈങ്ങോട്ടൂർ കൊച്ചുമുട്ടത്തു മത്തായി ഡോമനിക്കു് വിവാഹം കഴിച്ചു.

2 രണ്ടാമത്തേ മകളെ മഞ്ഞള്ളൂർ ആനിക്കോട്ടിൽ മത്തായി ഉലഹന്നൻ വിവാഹം ചെയ്തു.

3 മുന്നാമത്തേ മകളെ വാഴക്കുളത്തു വെട്ടംകല്ലുംപുറത്തു വിവാഹം ചെയ്തു.

4 നാലാമത്തേ മകളെ കല്ലൂർ പേയ്ക്കൻ വിവാഹം കഴിച്ചു.

### ii ചൊള്ളാപ്പാറ കളപ്പുരയ്ക്കൽ അയിപ്പിൻെറ രണ്ടാമത്തെ മകൻ അയിപ്പ് ഇട്ടൂപ്പ് 4–ാം തലമുറ:

ഇയ്യാൾ ഏനാനല്ലൂർ കൊച്ചുമുട്ടത്തു, പാറേകണ്ടത്തിൽ മത്തായി തൊമ്മൻ മകളെ വിവാഹം കഴിച്ചു കൊമ്പുങ്ങപാടത്തു താമസിച്ചു.

അയിപ്പ് ഇട്ടൂപ്പിനു 5-ാം തലമുറ 2 പുരുഷന്മാർ 3 പെൺമക്കൾ ഇവരുടെ വിവരങ്ങൾ

1. മൂത്ത മകൻ ഇട്ടൂപ്പ് അയിപ്പ് (കൊച്ചു്.) ഇയ്യാൾ കല്ലൂക്കാട്ട റാത്തപ്പിള്ളിൽനിന്നു വിവാഹം കഴിച്ചു. കൊമ്പുംഗപാടത്തു് താമസിച്ചു. ഇയ്യാൾക്കു 6-ാം കരുന്തലയിൽ പുരുഷന്മാർ3

1 ഇട്ടൂപ്പ് അയിപ്പ കൊച്ചിന്റെ മൂത്തമകൻ 6-ാം കരുന്തല-ആഗസ്തി ഇയ്യാൾ ഏഴല്ലൂർ വട്ടക്കുന്നേൽ ചാക്കോ മകളെ വിവാഹം കഴിച്ചു. കല്ലൂർ ഇടവകയിൽ താമസിക്കുന്നു. 7-ാം തലമുറ അയിപ്പുമകൻ (ഇയ്യാൾ അറക്കളം പുതുപ്പള്ളിൽ ചിന്നമ്മയെ വിവാഹം കഴിച്ചു.)

2 ബ. ജയിംസച്ചൻ – പൂനാസെമ്മനാരിയിൽ പഠിച്ചു, 1964 ഡിസംബർ- 1 -ാംനു- ബോംബെയിൽ 38–ാം ദിവ്യകാരുണ്യ കോൺഗ്രസിന്റെ അവസരത്തിൽ ഗുരുപട്ടമേററു ഡിസംബർ 7–ാംനു- ഇടവകയിൽ നവപൂജ അപ്പിച്ചു. ദേവസ്യാ, ഈപ്പൻ, ജോൺ; തങ്കമ്മ, ചിന്നമ്മ, മേരി, ലീലാമ്മ. എൽസി, മോളി എന്ന മക്കൾകൂടി ഉണ്ടു്.



കളപ്പുരയ്ക്കൽ ബ. ആഗസ്തി ജയിംസച്ചൻ
ജനനം.
ഗുരുപ്പട്ടം 1. 12. 64
നവപൂജ. 7. 12. 64

സൂചന: 7 മുതൽ മുമ്പോട്ടുള്ള തലമുറക്കാരുടെ പേരുകൾ എല്ലാം കുടുംബക്കാർ എഴുതി ഇട്ടുകൊള്ളണം. ഇനി ഈ പുസ്തകം അടിക്കുന്ന കാലത്തു് ഈ തലമുറകൾ പുസ്തകത്തിൽ ചേർത്തു് അടിപ്പിക്കണം

2 ഇട്ടൂപ്പ് അയിപ്പ(കൊച്ചിൻെറ) രണ്ടാമത്തേ മകൻ അയിപ്പ് ബി. എ. ബി. ററി. പൈങ്ങോട്ടൂർ ആട്ടകുഴിയിൽനിന്നു വിവാഹം കഴിച്ചു.

| |
|---|
| കെ: അയിപ്പസാറു<br>ബി. എ., ബി. ററി. |

അയിപ്പസാറിനു് 7-ാം തലമുറയിൽ അയിപ്പ് ജോസഫ് ബി. എ, ജോണി, ജോയി......... തുടങ്ങി 6 ആൺമക്കളുണ്ടു്.

കളത്തി: കളപ്പുരയ്ക്കൽ കുടുംബത്തിലേ ആദ്യ ബിരുദ്ധധാരിയാണു് ഇയ്യാൾ. ഇയ്യാൾ പോത്താനികാട്ട, കലയന്താനി, കല്ലൂക്കാട്ട മുതലായ സ്കൂൾകളിലേ ഹെഡ്മാസ്റ്റർ ആയി ജോലി നോക്കിയിട്ടുണ്ടു്.

## കളപ്പുര, ചൊള്ളാപ്പാറ അയിപ്പ് ഇട്ടൂപ്പ കുടുംബം

3: ചൊള്ളാപ്പാറ ഇട്ടൂപ്പ് അയിപ്പ (കൊച്ചിൻെറ) മൂന്നാമത്തേ മകൻ 6–ാം തലമുറ കുഞ്ചിലോ. ഇയ്യാൾ കല്ലൂക്കാട്ട് ഊന്നുകല്ലേൽനിന്നു വിവാഹം കഴിച്ചു കൊമ്പുങ്ങപ്പാടത്തു താമസിക്കുന്നു. ഇയ്യാൾക്കു 7–ാം തലമുറയിൽ ജോസഫ്, ജോർജ്ജ്, ജോണി ഓമനാ, ഫിലോമിനാ, എന്ന മക്കളുണ്ടു്.

ചൊള്ളാപ്പാറ അയിപ്പ് ഇട്ടൂപ്പിൻെറ രണ്ടാമത്തേ മകൻ തൊമ്മൻ ഇയ്യാൾ 5–ാം തലമുറ. കോടിക്കളം ചാലയ്ക്കൽനിന്നു വിവാഹം കഴിച്ചു. ഇയ്യാൾക്കു് 6–ാം തലമുറയിൽ അയിപ്പ്, വക്കി, ജേക്കബ്, ദേവസ്യ തോമസ് (ബേബി) മത്തായി എന്ന ആൺമക്കൾ ഉണ്ടു്.

ഏക മകൾ മേരി മാറികആരാധനമഠത്തിൽ ചേന്നു.

| |
|---|
| തൊമ്മൻ മകൾ<br>സിസ്റ്റർ. മേരി: ആരാധനമഠം |

ചൊള്ളാപ്പാറ അയിപ്പ് ഇട്ടൂപ്പിനു്...5–ാ—തലമുറയിൽ പെൺമക്കൾ മൂന്നു്. ഒരാളെ മഞ്ഞള്ളൂരു വല്യവീട്ടിപറമ്പിൽ (കുന്നത്തു്) അയിപ്പ മകൻ സ്കറിയാ വിവാഹം കഴിച്ചു. ഇവക്കു നാലു പെൺമക്കൾ മാത്രമേയുള്ളൂ. രണ്ടുപേരു ചങ്ങനാശേരി ആരാധനമഠത്തിൽ ചേന്നു. ഒരാളെഎടപ്പുഴത്തിൽ ഉതുപ്പമാനുവൻ വിവാഹം കഴിച്ചു. നാലാമത്തേമകൾ സുഖമില്ലാതെ വീട്ടിൽ കന്യകയായി നില്ക്കുന്നു. അയിപ്പ് ഉതുപ്പിൻെറ രണ്ടാമത്തേ മകളെ ആയവന കുമ്പപ്പള്ളിലും മൂന്നാമത്തേ മകളെ നാഗപ്പുഴ അറയ്ക്കലും വിവാഹം ചെയ്തു.

### ചൊള്ളാപ്പാറ അയിപ്പിൻെറ മകൻ മത്തായിയുടെ കുടുംബം

4–ാം തലമുറ ചൊള്ളാപ്പാറ അയിപ്പ മത്തായി—കൊമ്പങ്ങ പ്പാടത്തു താമസിക്കുന്നു. ഇയ്യാൾ മുതലക്കുടത്തു ചെമ്പരുത്തി ക്കൽനിന്നു വിവാഹം കഴിച്ചു. ഇയ്യാൾക്കു് 5–ാം തലമുറക്കാരാ യി മത്തായിക്കുഞ്ഞാപ്പു് എന്ന ഏക മകനും –ഏഴ പെൺമക്കളു മുണ്ടു്. പെൺമക്കളിൽ ഒരാളെ കോടിക്കുളത്തു പുല്ലറമ്പിൽ വി വാഹം ചെയ്തു. മറെറാരാളെ കരിമണ്ണൂർ പറയംനിലത്തു വിവാ ഹം കഴിച്ചു. മൂന്നാമത്തേയാളെ കോടിക്കുളത്തു തോട്ടപാട്ടം നാലാമത്തേയാളെ കരിമണ്ണൂർ കുഴിക്കാട്ടും, അഞ്ചാമത്തേയാളെ കല്ലൂക്കാട്ട നീറമ്പുഴയും വിവാഹം ചെയ്തു. 6–ാമത്തേയും 7–ാമ ത്തേയും പെൺമക്കൾ കന്യകകളായി വീട്ടിൽ താമസിക്കുന്നു. ഏകമകൻ കുഞ്ഞാപ്പു കരിമണ്ണൂർ കുഴിക്കാട്ടുനിന്നു വിവാഹം കഴിച്ചു. ഇവരുടെ—6–ാം തലമുറയിൽപ്പെട്ട 1 കുഞ്ഞാപ്പുമത്താ യി ഏനാനല്ലൂർ കൊച്ചുമുട്ടത്തു പാറേക്കണ്ടത്തിൽ തോമ്മയുടെ മകളെ വിവാഹം ചെയ്തു.

2. ജോർജ്ജ്. ബി.എ., ബി.ററി.

3. തോമ്മസ് 4. ചിന്നമ്മ 5. മേരി.

### കളപ്പുര ചൊള്ളാപ്പാറ പുറത്തേപറമ്പിൽ അയിപ്പ വക്കിയുടെ കുടുംബം

4–ാം കരുന്തല അയിപ്പ വക്കി പോത്താനിക്കാട്ട തെക്കെക്കു ന്നേൽനിന്നു വിവാഹം കഴിച്ചു. 5–ാം കരുന്തലക്കാരായി ഇവ ക്കു് 5 ആൺമക്കളും 2 പെൺമക്കളുമുണ്ടു്.

ഇവരുടെ വിവരങ്ങൾ

1 വക്കിയുടെ മൂത്തമകൻ അയിപ്പ (കുട്ടൻ) പുന്നമററത്തു പി ച്ചാപ്പള്ളിൽനിന്നു വിവാഹം ചെയ്തു. ഇവരുടെ മക്കൾ–അയി പ്പു്, വറുഗീസ്; ബ്രീജിത്താ, മറിയം, ത്രേസ്യാ, അന്നം, ഏലി, ഫിലോമിന, സെലിൻ, ലൂസി.

2 വക്കിയുടെ രണ്ടാമത്തേ മകൻ ആഗസ്തി തഴവംകുന്നത്തു താമസം. ഇയ്യാൾ രണ്ടു വിവാഹം ചെയ്തു. ആദ്യ വിവാഹം ആ യവന കിഴക്കേടത്തുനിന്നു്. ഇതിൽ ഒരു മകൻ മാത്രമേയുള്ളൂ 3–ാം

തലമുറ. രണ്ടാംവിവാഹം പെരുമ്പള്ളിച്ചിറ കളരിപറമ്പിൽനിന്ന്. ഇറക്ക 6–ാം തലമുറയിൽ ബ. ജോർജ്ജച്ചൻ, C. M. I. തോമസ് B. A; ആഗസ്തി; കൊച്ചുത്രേസ്യാ–എന്നിവർ ഉണ്ട്.



ബ. ജോർജ്ജച്ചൻ.
സി എം. ഐ.
ജനനം ......27-10- 1932
സന്യാസപ്രവേശം 15–10–1952
ഗുരുപ്പട്ടം 17-5-1960

ആഗസ്തി തോമസ് B. A

3 വക്കിയുടെ മൂന്നാമത്തേ മകൻ മത്തായി–തഴവംകുന്നിൽ താമസം. ആയവന കാട്ടാംകാട്ടിൽ നിന്നു വിവാഹം കഴിച്ചു. ഇയ്യാൾ അകാലമരണം പ്രാപിച്ചു. ഇയ്യാളുടെ 6–ാംതലമുറ: ജോസഫ്: എൽസി (ത്രേസ്യാ) ഇളയമകൾ വീട്ടിൽ നില്ക്കുന്നു.

| | |
|---|---|
| മത്തായി ജോസഫ്<br>മിഷനിൽ പോയി | റവ. സി-മത്തായി എൽസി<br>മിഷൻ മഠത്തിൽ |

4 പുറത്തേപറമ്പിൽ വക്കിയുടെ നാലാമത്തേ മകൻ വറുഗീസ്, കല്ലുക്കാട്ട തെക്കേടത്തുനിന്ന് വിവാഹം കഴിച്ചു. ഇവരുടെ 6–ാം തലമുറ വറുഗീസ്, അയിപ്പ്, ഫ്രാൻസിസ്; ബ്രീശി, ത്രേസ്യാ

5 വക്കിയുടെ അഞ്ചാമത്തേ മകൻ തോമസ്. തഴവംകു

ന്നിൽ നീറുംപുഴനിന്നു് വിവാഹം കഴിച്ചു. ഇവരുടെ 6-ാംത ലമുറ: വറുഗീസ്; ഏലി, ബ്രിജീത്ത.

പുറത്തേപറമ്പിൽ അയിപ്പുവക്കിയുടെ പെൺമക്കൾ രണ്ടു്. ഒരാളെ കാളക്കഴിയിൽ വിവാഹം ചെയ്തു. മറെറയാളെ റാത്ത പ്പിളിൽ വിവാഹം ചെയ്തു.

## കളപ്പുര, ചൊള്ളാപ്പാറ തറവാട്ടിൽ താമസിച്ച അയിപ്പ ചാക്കോ കുടുംബം

ഇളയ മകനായ അയിപ്പു ചാക്കോയുടെ വിവരങ്ങൾ

ഇയ്യാൾ ഏനാനല്ലൂർ കൊച്ചുമുട്ടത്തു മത്തായി ചെറിയായു ടെ ഇളയ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു.

ഇവക്കു 5-ാം തലമുറയിൽ നാലു ആൺമക്കൾ രണ്ടു പെൺ മക്കൾ. 1 മൂത്തമകൻ ചാക്കോ അയിപ്പു, മഞ്ഞള്ളൂർ വല്യവീ ട്ടിൽപറമ്പിൽ (കുന്നത്തു) അയിപ്പു് മകളെ വിവാഹം കഴിച്ചു. ഇവർ തഴവംകുന്നിൽ താമസിക്കുന്നു.

ഇവക്കു 6-ാം തലമുറക്കാരായി ചാക്കോ (കുട്ടി) സ്ക്കറിയാ വറുഗീസ്, മത്തായി, മറിയം, സിസിലി, റോസാ, കൊച്ചുത്രേ സ്യാ എന്ന നാലു് ആൺമക്കളും നാലു പെൺമക്കളുമുണ്ടു്.

2 ചാക്കോയുടെ രണ്ടാമത്തേ മകൻ സ്ക്കറിയാ-ഇയ്യാൾ മേ മടങ്ങു മേമനയിൽനിന്നു വിവാഹം കഴിച്ചു. തഴവംകുന്നിൽ താ മസം. ഇവരുടെ 6-ാം തലമുറ: ചാക്കോ, ജോൺ, ജോസഫ്, മേരി (ഇവൾ മഠത്തിൽ ചേന്നു)



സ്ക്കറിയാ- മേരിദെൽമ്മെ സ്യാ.
ജനനം 1933
സഭാവസ്ത്രസ്വീകരണം 1956

3 ചാക്കോ മത്തായി മേക്കുന്നേൽനിന്നു വിവാഹം കഴിച്ചു ചൊള്ളാപ്പാറ തറവാട്ടിൽ താമസിക്കുന്നു. ഇവരുടെ 6-ാം തലമുറ ജോസഫ്, മേരി: (ഇവൾ മഠത്തിൽ ചേൎന്നു) റോസാ, ഏലി.



റവ. സിസ്റ്റർ മത്തായി മേരി

4 ചാക്കോയുടെ നാലാമത്തേമകൻ വറുഗീസ് വാഴക്കുളത്തു തിരുതാളിൽനിന്നു വിവാഹം കഴിച്ചു. ഇവൎക്കു 6-ാം തലമുറയിലെ മകൻ ചാക്കോ..................

തറവാട്ടിൽതാമസിച്ച ചൊള്ളാപ്പാറ അയിപ്പു ചാക്കോയ്ക്കു രണ്ടു പെൺമക്കൾ—ഒരാളെ കല്ലൂക്കാട്ടും രണ്ടാമത്തേയാളെ കോതമംഗലം—നെല്ലിമററത്തു നെടുംപുറത്തും വിവാഹംചെയ്തു.

മുൻ പറഞ്ഞിരിക്കുന്ന 2-ാ തറമുറ കളപ്പുരയ്ക്കൽ തറവാട്ടിൽ താമസിച്ചിരുന്ന അയിപ്പു മാണിയുടെ മൂന്നു ആൺമക്കളിൽ 3-ാം തലമുറ: ചൊള്ളാപ്പാറ അയിപ്പിനേയും അയാളുടെ 4-ാം തലമുറ മക്കളെക്കുറിച്ചും, ബ. ഗീവറുഗീസച്ചനെക്കുറിച്ചും മുൻ പക്ഷങ്ങളിൽ വിവരിച്ചു കഴിഞ്ഞു,

ഇനി അയിപ്പു മാണിയുടെ 3-ാം കരുന്തല കളപ്പുര തറവാട്ടിൽ താമസിച്ചിരുന്ന മാണിമത്തായിയുടെ വിവരങ്ങൾ

1 മത്തായിയുടെ ആദ്യകുടി മൂത്തമകൻ 4-ാം തലമുറ കല്ലൂക്കാട്ടു മോളത്തു താമസിച്ചിരുന്നു. ഇയ്യാൾ വടകോട്ടു മിററത്താനിക്കൽനിന്നു വിവാഹം കഴിച്ചു.

ഇയ്യാൾക്ക് 5-ാം തലമുറ ആൺമക്കൾ 6 പെൺ മക്കൾ 4

ഇവരുടെ വിവരങ്ങൾ

1 മത്തായി. വടകോട്ട താമസം. ഇയ്യാൾ കല്ലൂക്കാട്ട ഏഴാനിക്കാട്ട പുത്തൻപുരയിൽനിന്ന വിവാഹം കഴിച്ചു. ഇവരുടെ 6-ാം തലമുറ ആൺ മക്കൾ മാണി, ആഗസ്റ്റി. പെൺമക്കൾ ഏലി, മറിയം, അന്നാ, റോസാ.

2 മാണി അയിപ്പ്. ഇയ്യാൾ മേമടങ്ങു മൂഴിക്കച്ചാലിൽനിന്നു വിവാഹം ചെയ്തു. ഇയ്യാൾക്കു 6-ാം തലമുറയിൽ—ഏലി, അന്നാ, മറിയം എന്ന പെൺ മക്കൾ മാത്രം.

3 മാണിവക്കി. ഇയ്യാൾ പൈങ്ങോട്ടൂർ ചെറുകാട്ട നിന്നു വിവാഹം കഴിച്ചു. ഇയ്യാളുടെ 6-ാം തലമുറ മാണിജോസഫ്, വക്കി, ചാക്കോ, തോമസ്, എന്ന ആൺമക്കൾ. പെൺമക്കൾ അന്നാ, ഏലി,

റവ. സിസ്റ്റർ മറിയം
ക്ലാരമഠം.

4 മാണിആഗസ്റ്റി. ഇയ്യാൾ കല്ലൂക്കാട്ട പുല്പറമ്പിൽ വറുഗീസ് മകൾ ത്രേസ്യായെ വിവാഹം കഴിച്ചു. കലയന്താനിയിൽ താമസിക്കുന്നു. ഇവർ ഇരുവരും കളത്തിക്കുടുംബത്തിൽ പെട്ടവരും– അഞ്ചാം തലമുറക്കാരുമാണ്.

ഇവക്കു മാണി, വക്കി, [കൊവേന്തയിൽ ചേന്നു] മർസൽ, എന്ന ആൺമക്കളും ഏലി, ത്രേസ്യാ, ഫിലോമിനാ എന്ന മൂന്നു പെൺമക്കളുമുണ്ട്.



Rev. Br. Austin Varghese
C. M. I.



റവ. സി. സിമൊനിത്ത (ഏലി.)
,, ,, ,, തെയോഫിൻ (ത്രേസ്യ)

**കളപ്പുര കല്ലൂക്കാട്ട മോളത്തു മത്തായിമാണി കുടുംബം**

5 മാണി മാണി. ഇയ്യാൾ ആരക്കുഴ പോത്തനാമൂഴിയിൽനിന്നു വിവാഹം കഴിച്ചു. കല്ലൂക്കാട്ട മോളത്തു തറവാട്ടിൽ താമസിക്കുന്നു. ചെറുപ്പത്തിലേ മരിച്ചു. ഇയ്യാൾക്കു 6–ാം തലമുറ രണ്ടു പുരുഷന്മാരും രണ്ടു സ്ത്രീകളും

മൂത്തമകൻ മാണി. ഇയ്യാൾ പുല്ലറമ്പിൽ (മലനിരപ്പേൻ) കുരിയാക്കോ മകൾ ആഗ്നസിനെ വിവാഹം കഴിച്ചു. 1963-ൽ. ഇരുവരും കളത്തികുടുംബക്കാരാണ്. 6–ാം തലമുറക്കാരാണ്.

രണ്ടാമത്തെ മകൻ ജോസഫ്. മൂത്ത മകൾ ഏലി ഇവൾ വിവാഹം കഴിച്ചു. 4 ഇളയ മകൾ അന്നാ—

6 മാണിയുടെ ഇളയമകൻ തോമസ്–ഇയ്യാൾ കോതമംഗലത്തു് ഒലിയപ്പുറത്തുനിന്നു വിവാഹം കഴിച്ചു. കുട്ടംപുഴ താമസിക്കുന്നു. ഇവക്കു 6–ാം തലമുറ രണ്ടു പെൺമക്കൾ മാത്രമേയുള്ളു.

മോളത്തു മത്തായിമാണിയുടെ പെൺമക്കൾ

1 ആയവന കാക്കനാട്ട കിഴക്കേവീട്ടിൽ വിവാഹം ചെയ്തു.

2 ആയവന കാക്കനാട്ട കിഴക്കേവീട്ടിൽ–പൗലോ മത്തായി വിവാഹം കഴിച്ചു. ഇവക്കു പൈലി മനുവേൽ എന്ന രണ്ടുപുത്രന്മാരുണ്ട്. ഇവരിൽ മനുവേൽ വാഴക്കുളം കൊവേന്തയിൽ ചേന്നു. പെൺമക്കൾ ഒരാൾ തിരുഹൃദയ മഠത്തിൽ ചേന്നു.



മത്തായി മകൾ
റവ. സി. സാലെസ്



ബ: ജോസ് എമ്മാനുവേൽ

3 മത്തായി മാണിയുടെ മൂന്നാമത്തേ മകൾ റോസയെ കല്ലൂക്കാട്ടു പുല്ലറമ്പിൽ വറുഗീസ് മകൻ വിവാഹം കഴിച്ചു വെളിയാചാലിൽ താമസിക്കുന്നു. ഇവർ ഇരുവരും കളത്തിക്കുട്ടുംബക്കാരാണ്. 5-ാം തലമുറക്കാരാണ്.

ഇവരുടെ 3-ാം തലമുറ മൂത്തമകൻ-വക്കി പൊന്നാനിക്കാട്ടു തോപ്പിൽനിന്നു വിവാഹം കഴിച്ചു. 1960 ജനുവരി.

രണ്ടാമത്തേ മകൻ സേവിയർ.

പെൺമക്കൾ

ത്രേസ്യായെ പോത്താനിക്കാട്ടു കുററപ്പിള്ളിൽ പൈലി വിവാഹം കഴിച്ചു. രണ്ടുപെൺമക്കൾ അവിവാഹിതകളായി താമസിക്കുന്നു. നാലാമത്തേ മകൾ പഠിക്കുന്നു.

4 മോളത്തു മത്തായി മാണിയുടെ നാലാമത്തേ മകളെ പുന്നമററത്തു പിച്ചാപ്പള്ളിൽ വിവാഹം കഴിച്ചു.

ii വാഴക്കുളം കളപ്പുര തറവാട്ടിൽ താമസിച്ചിരുന്ന മാണിമത്തായിയുടെ ആദ്യകുടി രണ്ടാമത്തേ മകൻ മത്തായി ഔസേപ്പ്. ഇയ്യാൾ വാഴക്കുളം തറവാട്ടിൽ താമസിച്ചു. ഇയ്യാൾ മേമടങ്ങു ചക്കാലയ്ക്കൽനിന്നു വിവാഹം കഴിച്ചു. 5-ാം തലമുറയിൽ ഇയ്യാൾക്കു നാലു ആൺമക്കളും ഒരു മകളും: ഇവളെ തേവർപാടത്തു വിവാഹം കഴിച്ചു.

1 മൂത്ത മകൻ ഔസേപ്പ്, മത്തായി ഭാര്യ ആരക്കുഴ മണിയാട്ട്. വാഴക്കുളം തറവാട്ടിൽ താമസം

ഇവക്കു 6–ാം തലമുറയിൽ രണ്ടാൺമക്കളും ഒരു മകളും. ഇവൾ മംഗലാപുരം കർമ്മൽമഠത്തിൽ ചേന്നു.



റവ. സി. ബ്ളൻഡീന

2 രണ്ടാമത്തേ മകൻ ഔസേപ്പ്, അബ്രാഹം—ഇയ്യാൾ ആയവന ഉപ്പുകുട്ടുങ്കൽനിന്നു വിവാഹം നടത്തി. കാളിയാററിൽ ചോളക്കാട്ടു താമസിച്ചു. ഇവക്കു 6–ാം തലമുറയിൽ നാലു ആൺ മക്കൾ രണ്ടു പെൺ മക്കൾ.

3 മത്തായി ഔസേപ്പിൻെറ മൂന്നാമത്തേ മകൻ വക്കി—ഇയ്യാൾ ഏഴല്ലൂരു തയ്യിൽ നിന്നു വിവാഹം ചെയ്തു. കാളിയാർ ചോളക്കാട്ടു താമസിക്കുന്നു. ഏകമകൻ 6–ാം തലമുറഔസേപ്പ്.

4 മത്തായി ഔസേപ്പിൻെറ നാലാമത്തേ മകൻ ബ: ജോസ്: ഹ്യൂഗോ അച്ചൻ. വാഴക്കുളം കൊവേന്തയിൽചേന്നു.



ബ. ജോസ് ഏറ്റഗോച്ചൻ
കളപ്പുരയ്ക്കൽ
ജനനം 10-1-1910
സന്യാസസഭാപ്രവേശനം
24-11-1952
ഉടുപ്പിട്ടം 7-6-1941

## വാഴക്കുളത്തു കുവേലി കളപ്പുരയ്ക്കക്കാർ

വാഴക്കുളം കളപ്പുര തറവാട്ടിൽ താമസിച്ചിരുന്ന മാണി മത്തായിയുടെ ആദ്യ വിവാഹത്തിലെ മോളത്തു മത്തായി മാണി, കളപ്പുര തറവാട്ടിൽ താമസിച്ചിരുന്ന മത്തായി ഔസേപ്പ് എന്നിവരെക്കുറിച്ചും അവരുടെ 5-ാം തലമുറയിലും 6-ാംതലമുറയിലും ഉള്ളവരെക്കുറിച്ചും പ്രസ്താവിച്ചു കഴിഞ്ഞു.

ii ഇനി മാണിമത്തായിയുടെ രണ്ടാംകുടി മക്കളെക്കുറിച്ചും അവരുടെ മക്കളെക്കുറിച്ചുമാണു പറയുന്നതു്.

മാണിമത്തായി പുനർവിവാഹം കഴിച്ചതു മേമടങ്ങു തെന്നാൽ ചക്കാലയ്ക്കൽനിന്നാണു്. ഇയ്യാൾ വിവാഹാനന്തരം വാഴക്കുളം തറവാട്ട് ആദ്യകുടി മക്കൾക്കു കൊടുത്തശേഷം, കുടുംബസഹിതം കുവേലി എന്ന സ്ഥലത്തേക്കു മാറിത്താമസിച്ചു.

രണ്ടാം വിവാഹത്തിൽ ഇയ്യാൾക്കു്—നാലു് ആൺമക്കളും ഏക മകളും ഉണ്ടായി. ഏകമകളെ വടകോട്ടു മിററത്താനിക്കൽ വക്കി വിവാഹം ചെയ്തു.

മത്തായിയുടെ ആൺമക്കളുടെ വിവരങ്ങൾ

1 മൂത്തമകൻ മത്തായി ചെറിയ— ഇയ്യാൾ ഏഴല്ലൂർ വട്ടക്കുന്നേൽനിന്നു വിവാഹം കഴിച്ചു. ആദ്യം കല്ലൂർക്കാട്ട് ഈറ്റുങ്ങ

പ്പറമ്പിൽ താമസിച്ചു. പിന്നീട്ട് ഈ സ്ഥലം വിററു കലയന്താനിയിൽ ചെന്നു വസ്തുക്കൾ പിടിച്ചു. ഇയ്യാൾക്ക 3 ആൺ മക്കൾ 3 പെൺ മക്കൾ—5-ാം തലമുറ.

1 മൂത്തമകൻ ചെറിയ മത്തായി– ഇയ്യാൾ കല്ലൂക്കാട്ട മാട പള്ളിക്കുന്നേൽനിന്നു വിവാഹം കഴിച്ചു.

| | |
|---|---|
| മത്തായി മകൻ B. A. | മത്തായി മകൾ റവ. സി. ആൽഫ്രഡ് മിഷനു പോയി. |

കളപ്പുരയ്ക്കൽ കുവേലി-ചെറിയായുടെ കുടുംബം

2 മത്തായി ചെറിയായുടെ രണ്ടാമത്തേ മകൻ ചാക്കോ—ഇയ്യാൾ ആയവന മുടാനംകുന്നേൽ മത്തായെ വിവാഹം കഴിച്ചു. കലയന്താനിയിൽ താമസിച്ചു. ഇയ്യാൾ അകാലമരണം പ്രാപിച്ചു. ഇയ്യാൾക്ക് 6-ാം തലമുറയിൽ-ചെറിയ, മറിയം എന്ന രണ്ട മക്കൾ മാത്രമേയുള്ളു;

3 മത്തായി ചെറിയയുടെ മൂന്നാമത്തേ മകൻ തൊമ്മൻ-ഇ. യ്യാൾ കല്ലൂക്കാട്ട് എടാട്ടേൽ ചാക്കോ മകളെ വിവാഹം ചെയ്തു. ഇയ്യാൾക്ക-6-ാം തലമുറയിൽ മകൻ 1 പെൺമക്കൾ 3. ഇവർ കലയാന്താനി മാർ തോമ്മാതോട്ടത്തിന്നടുത്തു താമസിക്കുന്നു—

മത്തായി ചെറിയയ്ക്കു മൂന്നു പെൺമക്കൾ ഉണ്ട്. ഇവരിൽ രണ്ടുപേർ വാഴക്കുളം മഠത്തിൽ ചേന്നു. ഒരാളെ കലയന്താനി ഓണാട്ട കുഞ്ഞു വിവാഹം കഴിച്ചു.



(ചെറിയ മക്കൾ)റവ. സിസ്റ്റർ: ലെയോളാ
റവ. സി. ഗ്ലോറിയാ

### വാഴക്കുളം കൂവേലി കളപ്പുര കുടുംബം

2 മത്തായിയുടെ രണ്ടാമത്തേ മകൻ മത്തായി തൊമ്മൻ—ഇയ്യാൾ മാറിക പൊന്നാട്ട തെങ്ങുംതയ്യിൽ ദത്തുവന്ന മഞ്ചേരി മത്തായി മകൾ മറിയയെ വിവാഹം കഴിച്ചു. ഇവക്കു രണ്ടു് ആൺ മക്കളുണ്ടു്. 5-ാം തലമുറ.

1) തൊമ്മൻ മത്തായി— ഇയ്യാൾ മുത്തോലപുരത്തു പറയിടത്തിൽനിന്നു വിവാഹം കഴിച്ചു മുടപ്പന്നൂര താമസിക്കുന്നു—ഇയ്യാൾക്കു 6-ാം തലമുറയിൽ ആൺമക്കൾ 6 പെൺമക്കൾ ......

2) തൊമ്മൻ മാണി 5-ാം തലമുറ ഇയ്യാൾ കല്ലൂർ ഇടവക അടപ്പൂരുഅയിപ്പു മകൾ റോസയെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിക്കുന്നു. ഇവക്കു് 6-ാം തലമുറയിൽ ആൺമക്കൾ 2. പെൺമക്കൾ——

3 മത്തായിയുടെ മൂന്നാമത്തേ മകൻ വക്കി— ഇയ്യാൾ ഏഴല്ലൂർ വട്ടക്കുന്നേൽ അയിപ്പു മകൾ മറിയത്തെ വിവാഹം കഴിച്ചു കണ്ടത്തിനു തെക്കെക്കര താമസിക്കുന്നു. ഇവക്കു് ആൺമക്കൾ 5-ാം തലമുറ മത്തായി, അയിപ്പുകുഞ്ഞു്. ഏക മകളെ നാഗപ്പുഴ നീർണ്ണാൽ വിവാഹം കഴിച്ചു.

4 മത്തായിയുടെ നാലാമത്തേ മകൻ തറവാട്ടിൽ താമസിക്കുന്ന മത്തായി, ഇയ്യാൾ മാറിക പൊന്നാട്ട ആഗസ്തി മകളെ വിവാഹം കഴിച്ചു. ഇയ്യാൾക്കു രണ്ടു പെൺമക്കൾ മാത്രം. മൂത്തമകളെ ആവോലി തെക്കേക്കര പൈലി മകൻ വിവാഹം കഴിച്ചു. ചെറുപ്പത്തിലേ മരിച്ചുപോയി. ഇവളെ കടുത്തുരുത്തി ആയാംകുടി തുരുത്തിമാലിൽ വിവാഹം കഴിച്ച് ഇവിടെ ദത്തു നിർത്തി. രണ്ടാമത്തേ മകളെ പ്ലാശനാൽ കൊച്ചുപ്ലാക്കൽ അയിപ്പു വിവാഹം കഴിച്ചു.

## 1 എടപ്പുഴം കുടുംബം



## കളപ്പുര, എടപ്പഴകുടുംബങ്ങളിലെ അദ്ധ്യാപകാദ്ധ്യാപികമാർ

1 എടപ്പഴത്തിൽ ഉലപ്പ ത്രേസ്യ—
2 കളപ്പുര (കുളത്തുങ്കൽ) കുഞ്ഞാപ്പ ജോർജ്ജ് B. A. B. T.
3 എടപ്പഴത്തിൽ ഉലഹന്നൻ തോമസ്
4 കളപ്പുരയ്ക്കൽ അയിപ്പ് (കൊച്ചു) ജോസഫ്. B. A. B. T.
5 ,, തൊമ്മൻ ചാക്കോ.
6 ,, (കുളത്തുങ്കൽ) കുഞ്ഞാപ്പജോസഫ് B. A. B. T.
7 ,, (പുറത്തേക്കുടി) കുട്ടൻ—ബ്രിജിററ്.

1 ,, ,, കുട്ടൻ ഫിലോമിനാ- B. A.
2 ,, ,, കുട്ടൻ അന്നക്കുട്ടി
3 വാഴക്കുളം എടപ്പഴത്തിൽ ഉലപ്പ യൂദിത്ത്
4 ,, ,, ഉലപ്പ് മറിയാമ്മ
5 ,, ,, ഉലപ്പ് കത്രീനാ—
6 കളപ്പുര (കൊമ്പങ്ങപ്പാടത്തു) അയിപ്പ സിസിലി
7 ,, ,, അയിപ്പ കൊച്ചുത്രേസ്യാ B. A.

1 കളപ്പുര (പുറത്തേക്കുടി) തോമ്മസ് ജോർജ്ജ് B. A.
2 ,, (കൊമ്പങ്ങപ്പാടത്തു) ആഗസ്തി തോമ്മസ് B. A.
3 ,, (മോളത്തു) മാണി മാണി
4 ,, (പുറത്തേക്കുടി) വറുഗീസ് വറുഗീസ് B. A.
5 ,, (കൊമ്പങ്ങപാടത്തു) അയിപ്പ ജോസഫ് B. A.
6 ,, ,, അയിപ്പ തോമ്മസ് B. A.

കളപ്പുരക്കൽ മാത്തു അയിപ്പിൻെറ മക്കൾ മാണി, ഉലപ്പ്, മാത്തു, ഔസേപ്പ്, ബ. ഗീവറുഗീസ് ശെമ്മാശൻ. ഇവരിൽ ഉലപ്പ് വിവാഹം കഴിച്ചു, മഞ്ഞള്ളൂർ എടപ്പഴത്തിലേക്കു മാറി താമസിച്ചു. ഇയ്യാൾക്കു 4 ആൺമക്കളും 4 പെൺമക്കളും ഉണ്ട്.

അയിപ്പ് ഉലപ്പിൻെറ പെൺമക്കളുടെ വിവരങ്ങൾ

1 ആരക്കുഴ ഏർത്തടത്തിൽ വിവാഹം ചെയ്ത ഏലി, 2 കാരക്കുന്നത്തു കുമ്പപ്പള്ളിൽ വിവാഹം ചെയ്ത അന്നാ, 3 കിഴക്കമ്പലത്തു വിവാഹം ചെയ്ത മറിയം, 4 പെരുങ്ങൊഴ പിട്ടാപ്പള്ളിൽ വിവാഹം ചെയ്ത റോസാ—,,- റോസയ്ക്കു ചാക്കോ, ഉലപ്പവൈദ്യൻ, വക്കി, മത്തായി മറിയം, ഏലി, അന്നാ, എന്ന മക്കൾ ഉണ്ട്.

| | |
|---|---|
| റോസയുടെ പൗത്രന്മാരാണ്. | ബ: വക്കി ഗീവറുഗീസച്ചൻ<br>ബ: വക്കി സ്കറിയാച്ചൻ<br>ശ്രീ ഉലപ്പ വക്കി വക്കീൽ<br>ശ്രീ ഉലപ്പ മത്തായി B. A.<br>റവ: സിസ്റ്റർ മത്തായി മകൾ-<br>ആരാധനമഠത്തിൽ ചേന്നു. |

അയിപ്പ് ഉതുപ്പിൻെറ ആൺമക്കളുടെ വിവരങ്ങൾ

1 പാടത്തിൽ ഉതുപ്പ അയിപ്പ്—ഇയ്യാൾ വിവാഹം കഴിച്ച് നെയിശേരി പാടത്തിൽ പോയി താമസിച്ചു. വളരെ നിലം പുരയിടങ്ങൾ ഇയ്യാൾ പിടിച്ചു. ഇയ്യാൾക്ക് 4-ാം തലമുറ ഉതുപ്പ്, ചാക്കോ, എന്ന രണ്ടാൺമക്കളും; 9 പെൺമക്കളുമുണ്ട്.

1 മൈലക്കൊമ്പ് അമംതുരുത്തിൽ വിവാഹം കഴിച്ച ഏലി, 2 ,, ,, വിവാഹം കഴിച്ച ബ്രിജിത്താ, 3 ചെമ്പരത്തി ചൊള്ളാപറമ്പിൽ വിവാഹം കഴിച്ച അന്നാ, 4 നെയിശേരി ഉറുമ്പിൽ വിവാഹം ചെയ്ത മറിയം 5, ,, ആയത്തു പാടത്തു വിവാഹം ചെയ്ത കത്രിനാ 6, ചേക്കപ്പുഴ വിവാഹം ചെയ്ത അച്ചാമ്മാ, 7 ഏഴല്ലൂർ മഞ്ചപ്പള്ളിൽ വിവാഹം ചെയ്ത റോസാ, 8 തെക്കേ പുന്നമററത്തു തെക്കെക്കുന്നേൽ വിവാഹം കഴിച്ച ത്രേസ്യ 9 മൈലക്കൊമ്പ് മേക്കുന്നേൽ വിവാഹം കഴിച്ച ആഗനസ്.

4-ാം തലമുറ: ഉതുപ്പ്, ചാക്കോ എന്ന ആൺമക്കളുടെ വിവരം

1 മൂത്തമകൻ ഉതുപ്പ് തറവാട്ടിൽ-പാടത്തിൽ താമസിച്ചു-ഇയ്യാൾ രണ്ടു വിവാഹം കഴിച്ചു. ആദ്യവിവാഹം പാലായിൽ പടവിൽനിന്നു്-ഈ വിവാഹത്തിൽ കുഞ്ഞയിപ്പു, കുഞ്ഞിത്തൊമ്മൻ എന്ന രണ്ട് ആൺമക്കളും 3 പെൺമക്കളും. മൂത്ത മകളെ അമന്തുരുത്തിൽ കുഞ്ഞച്ചൻ വിവാഹം കഴിച്ചു-രണ്ടാമത്തേ മകളെ ഇലഞ്ഞിയിൽ കട്ടിമററത്തിൽ വിവാഹം കഴിച്ചു. ഇളയ മകളെ നടവക്കാട്ടു കാട്ടൂർകുടിയിൽ വിവാഹം കഴിച്ചു. അവൾ ചെറുപ്പത്തിലേ മരിച്ചു പോയി.

**എടപ്പുഴം പാടത്തിൽ ഉതുപ്പ് മക്കൾ അയിപ്പ്, തൊമ്മൻ, ചാക്കോകുടുംബം**

ടി. അയിപ്പിൻെറ പെൺമക്കൾ

1 അയിപ്പുമറിയത്തെ മുളക്കുളം വെരിങ്ങാംമല മാത്യു M. A. വിവാഹം കഴിച്ചു.

2 അയിപ്പ് അന്നയെ കോതമംഗലത്തു, കാക്കനാട്ടു പുളിക്കലായിൽ ജോർജ്ജ് വിവാഹം കഴിച്ചു.

3 അയിപ്പു ലില്ലിയെ മാന്നാനത്തു പെരുമാലിൽ പുറക്കരിയിൽ വിവാഹം ചെയ്തു.

II പാടത്തിൽ അയിപ്പ് ഉതുപ്പിൻെറ ആദ്യകുടി രണ്ടാമത്തേ മകൻ- കുഞ്ഞിത്തൊമ്മൻ. ഇയ്യാൾ കരിമണ്ണൂർ...... നിന്നു വിവാഹം ചെയ്തു. ഇയ്യാൾക്കു 6-ാം തലമുറ ആൺ മക്കൾ 2. മൂത്ത മകൻ കുഞ്ഞുതുപ്പു B. A. മാറിക പൊന്നാട്ട് ആഗസ്തി ചാക്കുപി

ള്ളയുടെ മകളെ വിവാഹം കഴിച്ചു. രണ്ടാമത്തേ മകൻ രാജു. പെൺമക്കൾ അഞ്ച്:

III പാടത്തിൽ തറവാട്ടിൽ താമസിച്ചിരുന്ന അയിപ്പ് ഉതുപ്പിന്റെ രണ്ടാം ഭാര്യ ഇലഞ്ഞിയിൽ കുളത്തുങ്കൽ ഏലി ആണ്. ഇവരുടെ ഏക മകൻ ചാക്കോ B. A. ഇയാൾവള്ളിക്കാപറമ്പിൽ വക്കികുര്യൻ വക്കീലിന്റെ മകളെ വിവാഹം ചെയ്തു. ഇവർ തൊടുപുഴ താമസിക്കുന്നു.



എടപ്പഴം പാടത്തിൽ
ഉതുപ്പ് ചാക്കോ–B. A.

ഇവരുടെ 6-ാം തലമുറയിലെ മക്കളാണ് കുഞ്ഞുതുപ്പച്ചൻ കുര്യച്ചൻ എന്നിവർ. വേറെ പെൺമക്കളുണ്ട്.

### പാടത്തിൽ അയിപ്പ ചാക്കോയുടെ കുടുംബം

ഇയ്യാൾ പാലായിൽ പ്രവിത്താനത്തു കുഴിമ്യാലിൽനിന്നു വിവാഹം ചെയ്തു. ഇവളുടെ സ്വന്തം സഹോദരനാണ് ബ. കുഴിമ്യാലിലച്ചൻ. ചാക്കോ നെയിശേരി ക്ലാരമഠം സ്ഥാപനത്തിനുള്ള സ്ഥലം ദാനമായി കൊടുത്തു. മഠത്തിൽ പ്രതിവർഷം ജൂലായി 25–ാം തിയ്യതി വി. യാക്കോബുശ്ലീഹായുടെ തിരുനാൾ ദിവസം ദാനക്കാരൻ ശ്രീ. അയിപ്പ ചാക്കോയെ പ്രത്യേകമായി ഓർത്തു പ്രാർത്ഥിക്കുന്നുണ്ട്.

ഇയ്യാൾക്ക് 5-ാം തലമുറയിൽ അയിപ്പ, മത്തായി, വക്കി, തോമസ്, കരിയാക്കോ, ചാക്കോ എന്ന 6 ആൺ മക്കളും അറക്കൽ വിവാഹം ചെയ്ത ഏലി,മൂലമറ്റത്തിൽ അബ്രാഹം വിവാഹം ചെയ്ത അന്ന എന്ന പെൺമക്കളുമുണ്ട്.

ആൺ മക്കളുടെ വിവരങ്ങൾ 5–ാം തലമുറ

1. മൂത്ത മകൻ ചാക്കോ അയിപ്പ വാരികാട്ടുനിന്നു

വിവാഹം കഴിച്ചു. 6-ാം തലമുറയിൽ ഇവക്കു ജെയിംസ്, ടോമി, എന്ന രണ്ടു് ആൺമക്കളും ചിന്നമ്മ, മേരി, സെലിൻ, കൊച്ചുറാണി എന്ന 4 പെൺമക്കളുമുണ്ടു്. ചിന്നമ്മയെ വഴക്കുളത്തു പൂർവ കളത്തിതറവാടായ താഴത്തുവീട്ടിൽ വിവാഹം ചെയ്തു. രണ്ടാമത്തേ മകൻ മത്തായി B. A. കാഞ്ഞിരപ്പള്ളിൽ എളപ്പുപാറയിൽ അന്നം B. A. B. T.- യെ വിവാഹം കഴിച്ചു തൊടുപുഴ താമസിക്കുന്നു. ഇവക്കു 6-ാം തലമുറയിൽ മകൻ ജെയിംസും- മൂന്നു പെൺകുട്ടികളുമുണ്ടു്.



ചാക്കോ മത്തായി B. A.
മത്തായി അന്നം
B. A. B. T.

3 മൂന്നാമത്തേ മകൻ വക്കി, ഇയ്യാൾ പാലായിൽ കാപ്പിൽ റോസയെ വിവാഹം കഴിച്ചു. ഇവരുടെ 6-ാം തലമുറ ജെയിംസ്, ജോസഫ്, വക്കൻ, പെണ്ണമ്മ, മറിയാമ്മാ, കൊച്ചുത്രേസ്യാ

വക്കി ജെയിംസ് B. A.

4 തോമസ് നാഗപ്പുഴ മേക്കുന്നേൽ മാത്യുമകളെ വിവാഹം കഴിച്ചു. 6-ാം തലമുറ ജോയി, വത്സാ, രാജു എന്ന മക്കൾ

5 കുഞ്ചാക്കോ- നെയിശേരി വട്ടമററത്തിൽനിന്നു വിവാഹം കഴിച്ചു- വയൽപാടത്തു താമസിച്ചു. ഇയ്യാൾ ചെറുപ്പത്തിലെ മരിച്ചുപോയി. 6 -ാം തലമുറ ഏക മകൻ ജെയിംസ്; മകൾ അന്നാ.

6 ആറാമത്തേ മകൻ ചാക്കോ-വയൽപാടത്തു താമസിക്കുന്നു. ഇയ്യാളുടെ 6-ാം തലമുറ അന്നമ്മാ, മാമ്മി, റോസാ.

### 11 എടപ്പഴം തുരുത്തേൽ ഉതുപ്പ വക്കിയുടെ കുടുംബം

3-ാം തലമുറ ഇയ്യാൾ കാവന ചൊള്ളാമഠത്തിൽനിന്നു വിവാഹം കഴിച്ചു.

ഇയ്യാൾക്കു 4–ാം തലമുറ ഏകമകൻ മത്തായി. ഇയ്യാൾ രണ്ടു വിവാഹം കഴിച്ചു. ആദ്യവിവാഹം കുറവിലങ്ങാട്ടു പെട്ടെക്കാട്ടിൽനിന്നു്. ഈ വിവാഹത്തിൽ ഏക മകൾമാത്രം– ഇവളെ കൊച്ചുപറമ്പിൽ– പൂതക്കാവൽ മാണി വിവാഹം കഴിച്ചു.

വക്കി മത്താ പുനർവിവാഹം ചെയ്തതു മഞ്ഞള്ളൂർ തെക്കെക്കര മത്തായി മകൾ ഏലിയെയായിരുന്നു. ഇവക്കു 5–ാം തലമുറ വക്കി, മത്തായി എന്ന രണ്ടാൺമക്കളും നാലു പെൺമക്കളും ഉണ്ടു്.

5–ാം തലമുറ ഉതുപ്പുകുഞ്ഞയിപ്പിൻെറ വിവരങ്ങൾ

ഇയ്യാൾ മുട്ടുചിറ മുരിക്കൽ മാത്തുവിൻെറ മകൾ ഏലിയെ വിവാഹം കഴിച്ചു. ഇയ്യാൾ പാടത്തിൽ താവഴിട്ടിൽ താമസിച്ചു.



അയിപ്പ് ഉതുപ്പ് B. A. B. T.

6–ാം തലമുറ മകൻ ഉതുപ്പച്ചൻ. B. A. B. T. ഇയ്യാൾ പാലായിൽ വയിപ്പനനിന്നു വിവാഹം കഴിച്ചു. കുഞ്ഞയിപ്പിൻെറ രണ്ടാമത്തെ മകൻ 6–ാം തലമുറ മാത്തച്ചൻ–മെക്കാനിക്കൽ എൻജിനീയർ—

N·B എടപ്പഴം പാടത്തിൽ താവാട്ടിലേ പാര്യമ്പര പേരുകൾ.

വാഴക്കുളം മഞ്ഞള്ളൂർ എടപ്പഴത്തിൽനിന്നു്, ആദ്യമായി കുടുംബസഹിതം സ്ഥിരത്താമസത്തിനായി നെയിശേരി പാടത്തിൽ, ഏകദേശം 1880–ാമാണ്ടിൽ വന്ന കാരണവൻെറ പേരു് ഉതുപ്പ് അയിപ്പ് എന്നായിരുന്നു. ഈ പേരു് ഈ 1965– ലും നിലനിന്നുപോരുന്നു— ഈ പേരു തുടച്ചയായി ഇട്ടുപോകുന്നതു് പൂർവ്വ്കാരണവന്മാരുടെ ഓർമ്മ നിലനിത്താൻ വേണ്ടിയാണു്. ഉതുപ്പ് അയിപ്പ്. അയിപ്പ് ഉതുപ്പ്, ഉതുപ്പ് അയിപ്പ്, അയിപ്പ് ഉ

തുപ്പ് എന്ന പേരു പാടത്തിൽ കുടുംബത്തിൽ ജനിക്കുന്ന അദ്യം അല്ലെങ്കിൽ രണ്ടാമത്തേ ആൺകുട്ടിക്കു നല്കുകയും അയിപ്പ്, അല്ലെങ്കിൽ ഉതുപ്പ് എന്ന കുട്ടിക്കു പ്രായമാകുമ്പോൾ അയാളെ പാടത്തിൽ തറവാട്ടിൽ വീതപ്രകാരം താമസിപ്പിക്കുകയും ചെയ്യണം.

പാടത്തിൽ അയിപ്പ് ഉതുപ്പ്–ഒന്നാമൻ; ഉതുപ്പ് അയിപ്പ്, അയിപ്പ് ഉതുപ്പ് രണ്ടാമൻ B. A. B. T. ജനനം ... ... ... അയിപ്പ ഉതുപ്പ് 3-ാമൻ -(4,5, 6)ഇങ്ങനെ വിളിക്കണം. നെയിശേരിൽ വന്നശേഷം ജനിച്ചു്, 1942 ആഗസ്റ്റ് 30-ാംനു മരിച്ച ഉതുപ്പിൻെറ ഓർമ്മയെ, പാടത്തിൽ കുടുംബത്തിൽ നിത്യം നിലനിർത്താനാണ് ഈ ഉതുപ്പ് എന്ന പേരു കുടുംബത്തിൽ വേണമെന്നും; ഈ പേരുകാരൻ പാടത്തിൽ തറവാട്ടിൽ താമസിക്കണമെന്നും പറയുന്നതു്. 1942 ആഗസ്റ്റ് 30-ാംനു മരിച്ച പാടത്തിൽ അയിപ്പ് ഉതുപ്പ് ദൈവത്തിനും മനുഷ്യക്കും, സഭക്കും, സമുദായത്തിനും, കുടുംബത്തിനും, സകലക്കും നല്ലവനും ഇഷ്ടപ്പെട്ടവനുമായിരുന്നു. സത്യസന്ധനും, നീതിമാനും, ബുദ്ധിമാനും, വിവേകിയും, ധൈര്യവാനും, മുൻനോട്ടമുള്ളവനുമായിരുന്നു.

കുടുംബങ്ങളിലും നാട്ടിലും ഇടവകയിലും സാധാരണ ഉണ്ടാകാറുള്ള വഴക്കുകളും, കേസുകളും നിഷ്പക്ഷ നിലയിൽ ഒത്തുതീർപ്പിൽ അവസാനിപ്പിച്ചിരുന്നു. ബ: വികാരി അച്ചന്മാരുടെ സഹായി ആയിരുന്നു. പൊതുജനസമ്മതനും പൊതുക്കാര്യ പ്രസക്തനും ആയിരുന്നു. കരിമണ്ണൂർ നെയിശേരി വണ്ടമററം റോഡു വെട്ടിക്കുന്നതിനു് ഒരു പ്രധാന പ്രവത്തകൻ ആയിരുന്നു. കൊട്ടവേലി കൊവേന്ത സ്ഥാപനത്തിനു് ക. നി. മൂ. സ. ബ: ബല്ലവാച്ചൻെറ ഉററ സഹായി ആയിരുന്നു. കാളിയാർ തോട്ടം കൂടി കൊട്ടവേലി കൊവേന്തയിലേക്കുള്ള റോഡു വെട്ടുന്നതിനു ക. നി. മൂ, സ. ബ: ശവ്യാരച്ചനെ (പുല്ലറമ്പിൽ) ഇയ്യാൾ വളരെ സഹായിച്ചിട്ടുണ്ടു്. ഇയ്യാൾ സംസ്കരിക്കപ്പെട്ടിരിക്കുന്നതു നെയിശേരി പള്ളി അകത്തു് ആനവാതിലിനു തെക്കുവശത്താണു്.

റാസാ, ശവസംസ്കാരം മുതലായ്ത നടത്തിയതു് അനുജൻ ബ. ശവ്യാരച്ചനും അനന്തിരവർ ബ: മക്കോസച്ചനും, ബ. മാർസൽ അച്ചനും [പുല്ലറമ്പിൽ] വികാരി ബ: നമ്പ്യാപറമ്പിൽ യൗസേപ്പച്ചനും മററും കൂടിയാണു്.

വാഴക്കുളം കൊവേന്ത പ്രിയോർ പെ. ബ: വിൻസന്തിയോസച്ചൻ ചരമപ്രസംഗം പറഞ്ഞു. കൊട്ടവേലി കൊവേന്തയിൽ നിന്നു് അച്ചന്മാർ വന്നിരുന്നു. പരേതൻ വാഴക്കുളം പ്രത്യേകിച്ചു കൊട്ടവേലി കൊവേന്തയുടെ ഒരു ഉപകാരി ആയിരുന്നു.

കളത്തിക്കുടുംബത്തിലെ, എടപ്പുഴംകുടുംബത്തിലെ ഒരു അഭിമാനസ്തംഭമായിരുന്നു ഇയ്യാൾ. ഇയ്യാളുടെ മരണം വീടിനും നാടിനും കുടുംബത്തിനും ഒരു വലിയ നഷ്ടമായിപ്പോയി.

## 3-ാം തലമുറ എടപ്പുഴം തറവാട്ടിൽ താമസിച്ച ഉതുപ്പ് തൊമ്മ ൻെറ കുടുംബം

(1 എടപ്പുഴത്തിൽ ബ: ചാക്കോച്ചൻെറ എണ്ണച്ഛായാപടം ഇന്നും ഇവിടെ ഇരുപ്പുണ്ട്. ഇതിനെക്കുറിച്ച് അടുത്ത പേജുകളിൽ വിവരിച്ചിട്ടുണ്ട്)

(2 ഇന്നു പല സ്ഥലങ്ങളിൽ വിവിധ വീട്ടുപേരുകളോടുകൂടി താമസിക്കുന്ന എടപ്പുഴക്കാർ എല്ലാവരുടേയും പൂർവ്വതറവാട് ഇതാണ്. ഇവർ എവിടെ താമസിച്ചാലും "എടപ്പുഴം" എന്ന തറവാട്ടുപേരു മറക്കുകയും ഉപേക്ഷിക്കയും അരുത്. ഔദ്യോഗിക എഴുത്തുകളിൽ "എടപ്പുഴമായ" പാടത്തിൽ, ഉരുത്തോൽ, പൊരുന്നംകോട്ടു വാഴക്കാലാകണ്ടം എന്നും മററും പറയണം)

എടപ്പുഴത്തിൽ അയിപ്പ് ഉതുപ്പിൻെറ ഇളയമകൻ തൊമ്മൻ, ഇയ്യാൾ കിഴക്കമ്പലത്തുനിന്ന് വിവാഹം കഴിച്ചു. ഇയ്യാൾക്കു 4-ാം തലമുറക്കാരായി 4 ആൺമക്കളും 3 പെൺമക്കളുമുണ്ട്. പെൺമക്കളിൽ ഒരാളെ ആരക്കുഴ കോണേകല്ലുങ്കൽ പൗലോസ് മകൻ വിവാഹം കഴിച്ചു. രണ്ടാമത്തേയാളെ കാരക്കുന്നത്തു കൊററത്ത് വിവാഹം കഴിച്ചു. മൂന്നാമത്തേയാളെ, കല്ലൂർ അടപ്പൂർ ഉലഹന്നൻ മകൻ വിവാഹം കഴിച്ചു.

### നാല് ആൺമക്കളുടെ വിവരങ്ങൾ

1 തൊമ്മൻ കുഞ്ഞുതുപ്പ്. ഇയ്യാൾ പേരെക്കോട്ടിൽ തെക്കെക്കര വക്കിമകൾ കത്രീനായെ വിവാഹം കഴിച്ചു. പൊരുന്നംകോട്ടു താമസിക്കുന്നു. ഇവർക്കു 5-ാം തലമുറ തൊമ്മൻ, വക്കി, മനുവൽ എന്ന മൂന്നാൺമക്കളും 6 പെൺമക്കളുമുണ്ട്. അന്നാ, ഏലി, മേരി, ത്രേസ്യാ ഒരാൾ മഠത്തിൽ പോയി.

### കുഞ്ഞുതുപ്പിൻെറ 3 ആൺമക്കളുടെ വിവരങ്ങൾ

മൂത്തമകൻ തൊമ്മൻ നടവക്കാട്ടു കാട്ടൂർക്കുടിയിൽ നിന്നു വിവാഹം ചെയ്തു. രണ്ടാമത്തേ മകൻ മഞ്ഞള്ളൂരു വല്യവീട്ടിൽപറമ്പിൽ കുന്നത്ത് അയിപ്പുമകൾ മറിയത്തെ വിവാഹം കഴിച്ചു ദത്തുനില്ക്കുന്നു. ഇവരുടെ രണ്ടുപെൺമക്കൾ ചങ്ങനാശേരി ആരാധനമഠത്തിൽ ആണു. പേരു...........

മൂന്നാമത്തേമകൻ മനുവൽ തിരുമാറാടി പരിയാരത്തുനിന്നു വിവാഹം കഴിച്ചു.

### എടപ്പുഴത്തിൽ തൊമ്മൻ ഉതുപ്പു കുടുംബം

1 ഉതുപ്പിൻെറ ആറു പെൺമക്കളിൽ മൂത്തയാളെ നാഗപ്പുഴ നെടുംകല്ലേൽ വക്കി വിവാഹം കഴിച്ചു. 2 രണ്ടാമത്തേ മകൾ ഏലിയെ ഏനാനല്ലൂർ കൊച്ചുമുട്ടത്തു പാറക്കണ്ടത്തിൽ തോമ്മായുടെ മകൻ വിവാഹം കഴിച്ചു. 3-ാമത്തേ മകൾ മേരിയും വിവാഹം ചെയ്തു. നാലാമത്തേ മകൾ ത്രേസ്യാ മഠത്തിൽ

ചേൎന്നു. അഞ്ചാമത്തേയും ആറാമത്തേയും പെൺമക്കൾ പഠിപ്പിക്കുന്നു. (Teachers)

| ഉതുപ്പും ത്രേസ്യാ മഠത്തിൽ ചേൎന്നു |
|---|

2 ഉതുപ്പ് തൊമ്മന്റെ 2-ാമത്തേ മകൻ ഉലഹന്നൻ. ഇയ്യാൾ ആരക്കുഴ മണിയാട്ടു മറിയത്തെ വിവാഹം കഴിച്ചു കല്ലൂക്കാട്ടു വാഴക്കാലകണ്ടത്തിൽ താമസിക്കുന്നു. 6-ാം തലമുറയിൽ ഇയ്യാൾക്കു തോമസ് (ടീച്ചർ), ജോൺ (വിവാഹം കഴിച്ചു) എന്ന ആൺമക്കളും 7 പെൺമക്കളുമുണ്ട്. 1 മൂത്തമകൾ അന്നക്കുട്ടിയെ കല്ലൂക്കാട്ട്, ഇസ്ക്കാളുസ്സൽ ഉലഹന്നൻ ഉലഹന്നൻ വിവാഹം ചെയ്തു. (ചെറുക്കൻ പെൺവഴി-6-ാം തലമുറയും പെണ്ണു ആൺവഴി 5-ാംതലമുറയുംആണ്.) ഉലഹന്നന്റെ നാലു പെൺമക്കൾ മഠത്തിൽചേൎന്നു റവ. സിസ്റ്റേഴ്സ്: ടീസാമാർഗരററ്, എലിസബത്ത്, ബെറോമിയ, ക്ലിമാക്കുസ്. എസ്തർ, മേരി. ആണു മററു പെൺമക്കൾ.

### എടപ്പുഴത്തിൽ തറവാട്ടിൽ ഉതുപ്പുതൊമ്മന്റെ കുടുംബം

3 ഉതുപ്പ് തൊമ്മന്റെ മൂന്നാമത്തേ മകൻ മത്തായി, ഇയ്യാൾ തെക്കേക്കര തൊമ്മന്റെ രണ്ടു പെൺമക്കളിൽ രണ്ടാമത്തേ മകൾ അന്നയെ വിവാഹം കഴിച്ചു. വാഴക്കാലകണ്ടത്തിൽ താമസിക്കുന്നു. മക്കൾ 1 മത്തായി തൊമ്മൻ കൊടമുള്ളിൽനിന്നു വിവാഹം കഴിച്ചു. 2 മത്തായി ദാനിയേൽ, തോട്ടക്കര ചക്കാലയ്ക്കൽ റോസയെ വിവാഹം കഴിച്ചു. 3—6-വരെയുള്ള മക്കൾ ദാവീദ്, ജോസഫ്, ശ്ലേമോൻ, ഏലിയാസർ.

4 ഉതുപ്പ് തൊമ്മന്റെ നാലാമത്തേ മകൻ ചാക്കോ പാറപ്പുഴ നെട്ടുംകല്ലേൽ ചാക്കോ മകൾ മറിയത്തെ വിവാഹം കഴിച്ചു എടപ്പുഴം തറവാട്ടിൽ താമസിക്കുന്നു. ഇയ്യാൾക്കു ചാക്കോ തൊമ്മൻ, ചാക്കോ ചാക്കോ—എന്ന രണ്ടു് ആൺ മക്കൾ ഉണ്ടു്. 6-ാം തലമുറ. ഇയ്യാളുടെ പെൺമക്കൾ — മത്താ, മേരി, അന്നമ്മ, ഏലമ്മ, ഇവരിൽ ഒരു മകളെ കുനാമ്മാവു ലത്തീൻ ഇടവകയിൽ വിവാഹം കഴിച്ചു.

## എടപ്പഴത്തിൽ ബ. ചാക്കോച്ചൻ



ജനനം 1856-കുഭം ......
ഗുരുപട്ടം 1880 കന്നി - 20
മരണം 1922 നവംബർ-28

എടപ്പഴത്തിൽ അയിപ്പം് ഉതുപ്പിന്റെ മൂന്നാമത്തേ മകനാണിദ്ദേഹം. തനിക്കു് ഒരു വൈദികനാകണമെന്നു ചെറുപ്പം മുതൽ ആഗ്രഹിച്ചിരുന്നു. പെ. ബ. കാനാട്ട ചാക്കോച്ചന്റെ പക്കൽ ചെന്നു്, തൻെറ ആഗ്രഹം അറിയിച്ചു. അദ്ദേഹം കുട്ടിയുടെ സൽസ്വഭാവം, ആത്മാൎത്ഥത, ബുദ്ധിസാമൎത്ഥ്യം മുതലായ ഗുണങ്ങളെ പരീക്ഷിച്ചു, തനിക്കു തൃപ്തി വന്നതുകൊണ്ടു് 18-ാമത്തേ വയസ്സിൽ വാഴക്കുളം വൈദികസെമിനാരിയിൽ, ചാക്കോച്ചനെ സ്വീകരിച്ചു. 6 വൎഷത്തേ സെമിനാരിജീവിതം, സെമിനാരി അധികാരികൾക്കു തൃപ്തിപ്പെട്ടതിൻെറ ഫലമായി24-ാമത്തേ വയസ്സിൽ 1880-ൽ ഇദ്ദേഹത്തിനു വൈദികപട്ടം കൊടുത്തു. അദ്ദേഹം നവപൂജയും അൎപ്പിച്ചു.

അക്കാലത്തു പെ. ബ. കാനാട്ടച്ചൻ, തന്റെ സ്വന്തം ഇടവക

യായ കോന്തുരുത്തി പള്ളിയുടെ, ഒരു കുരിശുപള്ളി ചെങ്ങനാട്ട് എന്ന സ്ഥലത്തു പണിയിച്ചു. കാനാട്ടച്ചന്റെ സ്നേഹഭാജനമായ ബ. എടപ്പഴത്തിൽ കൊച്ചച്ചൻ ആ കുരിശുപള്ളിയുടെ അസ്തേന്തിയായി നിയമിതനായി. ഈ ചെങ്ങനാട്ട കുരിശുപള്ളി ഒരു കൊവേന്തസ്ഥാപനത്തിനായി പെ. ബ. കാനാട്ടച്ചൻ അധികാരികളുടെ അനുവാദത്തോടുകൂടി വിട്ടുകൊടുത്തു. ഇതാണ് ഇന്നത്തെ തേവര കൊവേന്ത—പെ. ബ. കാനാട്ടച്ചന്റെ വീട്ട് ഇതിനു തൊട്ടടുത്താണ്. കാനാട്ടുകുടുംബം ഇന്നും, ഒരു നല്ല നിലയിൽ നിലനില്ക്കുന്നുണ്ട്. ഈ 1965-ലും ഈ കുടുംബത്തിൽ വൈദികർ ഉണ്ട്. ഈ കുടുംബത്തിന് ഇന്നു പല ശാഖാകുടുംബങ്ങളും ഉണ്ട്.

ബ. എടപ്പഴത്തിലച്ചൻ ചങ്ങനാട്ട കുരിശുപള്ളിയുടെ അസ്തേന്തിയായി മൂന്നുവഷം ജോലി നോക്കി.— പെ. ബ. കാനാട്ടച്ചന്റെ പരിശ്രമംകൊണ്ടും വാഴക്കുളത്തും അയൽസ്ഥലങ്ങളിലും ഉണ്ടായിരുന്ന ജനങ്ങളുടെ ശ്രമദാനംകൊണ്ടും, കഴിവനുസരിച്ചുള്ള ധനസഹായംകൊണ്ടും, ഇന്നു കാണുന്ന ബ്രഹ്മാണ്ഡ ദേവാലയവും മുറികളും 1877-ൽ തീൎത്തു, വെഞ്ചരിച്ച്, അവിടെ നിയമപ്രകാരം ഒരു കൊവേന്ത സ്ഥാപിച്ചു.

കൊവേന്തപള്ളി, മുറികൾ മുതലായവയ്ക്കു ധനസഹായം കൂടുതൽ കിട്ടിയിട്ടുള്ളതു പാല, ഭരണങ്ങാനം, രാമപുരം മുതലായ സ്ഥലങ്ങളിലെ പള്ളികളിൽനിന്നും വൈദികരിൽനിന്നും ഇടവകക്കാരിൽനിന്നുമാണ്. അക്കാലത്തു് ആ പ്രദേശങ്ങൾ ധനപുഷ്ടിയുള്ള സ്ഥലങ്ങളായിരുന്നു. പെ.ബ. കട്ടക്കയത്തു വല്യചാണ്ടി അച്ചനും പെ.ബ. കാനാട്ടച്ചനുംകൂടി ആ പ്രദേശങ്ങളിൽ ചുററിനടന്നു പണപ്പിരിവു നടത്തി. തെക്കാട്ടുശേരി ഇടവക പാറായി മ.രാ.രാ.ശ്രീ. അയ്യനാട്ട അവിരാ തരകൻ അവർകൾ 750-ൽപരം രൂപ ദാനമായിതന്ന കാൎയ്യം പ്രത്യേകം പ്രസ്താവ്യമാണ്. അന്നത്തെ 750 രൂപാക്കു് ഇന്നു 7000 രൂപായിൽ കൂടുതൽ വിലയുണ്ട്. പാറായികുടുംബക്കാർ കേരളകത്തോലിക്കാസഭയേയും സമുദായത്തേയും, പള്ളികളേയും, വൈദികരേയും മെത്രാന്മാരേയും മുൻകാലങ്ങളിലും ഇന്നും സഹായിക്കുന്നുണ്ട്. അവരുടെ ധൎമ്മത്തിന്റെ ശക്തികൊണ്ടാണു പാറായിക്കാർ ഇന്നും, അധഃപതിക്കാതെ, ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കുന്നതു്.

കൊവേന്ത ആരംഭിച്ച കാലംമുതൽ, ഇടവകക്കാൎയ്യങ്ങൾ ഒക്കെയും ബ. നമ്പ്യാപറമ്പൻ വല്യമാത്തു അച്ചൻ അന്നു, വാഴക്കുളത്തുണ്ടായിരുന്ന, ചുരുങ്ങിയ ജനങ്ങളുടെ സഹായസഹകരണ

ത്തോട്ടകൂടി സ്ഥാപിച്ച പള്ളിയിൽത്തന്നെ നടത്തിപ്പോന്നിരുന്നു. ആരക്കുഴപള്ളിയുടെ അന്സ്തേന്തി ഇവിടത്തെ കരിശുപള്ളിയുടേയും അന്സ്തേന്തിയായിരുന്നു. എങ്കിലും ഇടവകകാര്യങ്ങൾ നടത്തിയിരുന്നതു കൊവേന്തവൈദികർതന്നെയാണ്.

ബ. നമ്പ്യാപറമ്പൻ മാത്തുഅച്ചൻ 1837-ൽ ഗണപതിക്കുന്നേൽ (പിന്നീട് അതു കർമ്മലക്കുന്നായി) ഒരു പള്ളിക്കു കല്ലിട്ടുവെങ്കിലും, അതിൻെറ വളർച്ചയ്ക്കും മേൽഗതിക്കും പല തടസ്സങ്ങൾ ഉണ്ടായി. ബ. മാത്തുഅച്ചൻതന്നെ പല വിഷമതകൾ അധികാരികളിൽനിന്നു സഹിക്കേണ്ടിവന്നു. എങ്കിലും മൂന്നുവർഷംകൊണ്ട് അതെല്ലാം സമാധാനത്തിൽ ആയി. 1840–ൽ, നിരോധിക്കപ്പെട്ട കിടന്നിരുന്ന പള്ളി പുരോഗമിക്കുവാൻ തുടങ്ങി. 1859–ൽ, അതു കൊവേന്തസ്ഥാപനത്തിനു വിട്ടുകൊടുത്തപ്പോൾ, കരിശുപള്ളി അധഃപതിക്കുവാനും കൊവേന്ത ഉയരുവാനും തുടങ്ങി. എങ്കിലും ഇടവകക്കാര്യങ്ങൾ എല്ലാം മുറപോലെ ഇവിടെ നടത്തപ്പെട്ടിരുന്നു.

ബ. നമ്പ്യാപറമ്പൻ വല്യമാത്തുഅച്ചൻ, 1876-ജനുവരി 27-ാം തിയ്യതി ഭാഗ്യമരണം പ്രാപിച്ചു. അന്നത്തേ കരിശുപള്ളിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിൻെറ കല്ലറ ഏതാണെന്ന് ഇന്ന് ആർക്കും നിശ്ചയമില്ല. കളപ്പുരയ്ക്കൽ ബ. അയിപ്പു ഗീവറുഗീസ് ശെമ്മാശൻ 1859-ൽ ജനിച്ചു ശെമ്മാശപട്ടം ഏറ്റു 1877-ൽ മരിച്ചു, ഇവിടത്തേ കരിശുപള്ളിയിൽ സംസ്കരിക്കപ്പെട്ടു. കുഴിമാടം ഏതാണെന്നു° ആർക്കും നിശ്ചയമില്ല.

1840 മുതൽ 1877 വരെ മരിച്ച നമ്മുടെ പൂർവ്വന്മാർ സംസ്കരിക്കപെട്ടിരിക്കുന്നതു്, ഇന്നത്തേ കൊവേന്തപള്ളിയുടെ വടക്കുവശത്തുള്ള മുററത്താണ് –ഇതുകൊണ്ടാണ് ഇന്നും മരിച്ചവരുടെ തിരുനാൾ ദിവസം (നവംബർ 2-ാം തിയ്യതി) ഇന്നത്തേ പള്ളിയുടെ വടക്കേമുററത്തു്, ഒപ്പീസ് കഴിക്കുന്ന വൈദികൻ ഹന്നാൻ വെള്ളം തളിച്ചു പ്രാർത്ഥിക്കുന്നതു്.

1877-ൽ കൊവേന്തപള്ളി, ആശ്രമം മുതലായതു വെഞ്ചരിച്ച്, അതു്, ഒരു കാനോനിക (പള്ളിനിയമപ്രകാരം) ആശ്രമമായിത്തീർന്നശേഷം, ഇവിടെ മുമ്പുണ്ടായിരുന്ന കരിശുപള്ളി, ജനങ്ങളുടെ സഹായത്തോടുകൂടെ, താഴെ കരിശുംതൊട്ടിക്കും കൊട്ടാംപടിക്കും തെക്കുവശത്തു സ്ഥാപിച്ചു. കൊവേന്തപ്പള്ളിമുററത്തുണ്ടായിരുന്ന സിമിത്തേരിയും താഴെ ഇന്നത്തേ കരിശിനു വടക്കുവശത്ത്, ഇന്നു താഴെ ഉള്ള സ്കൂളിനകത്തും മുററത്തും

(അന്നു് ഈ സ്കൂൾ ഇല്ല) സ്ഥാപിച്ചു. 1877 മുതൽ 1885 വരെ ഇടവകക്കാരുടെ ശവസംസ്ക്കാരം അവിടെ നടത്തപ്പെട്ടു. 1885-ആഗസ്റ്റ് 15-ാം തിയ്യതി പടിഞ്ഞാറെ പള്ളി സ്ഥാപിതമായപ്പോൾ, ഇവിടെനിന്നു സിമിത്തേരിയും അങ്ങോട്ടു മാററി. ഈ കുരിശുപള്ളിക്കു് അസ്തേന്തിമാരായി ബ. പുന്നക്കോട്ടിൽ യാക്കോബച്ചൻ, മേക്കുന്നേൽ മത്തായി അച്ചൻ, റാത്തപ്പിള്ളിൽ യോഹനാനച്ചൻ മുതലായവർ ജോലി നോക്കിയിട്ടുണ്ടു്. പെ. ബ. കാനാട്ടു ചാക്കോച്ചൻ 2 കൊല്ലംകൊണ്ടു കൊവേന്തപ്പള്ളിയും മുറിയും തീർത്തശേഷം — വാഴക്കുളത്തു് ഒരു ഇടവകപള്ളികൂടെ സ്ഥാപിക്കണം എന്നു കരുതി, അതിനുള്ള പരിശ്രമങ്ങൾ തുടങ്ങി. തന്റെ ശരീരാരോഗ്യം അതിനു പ്രതികൂലമായിരുന്നെങ്കിലും, ദൃഢമനസ്കനും ധീരനും ആയിരുന്ന അദ്ദേഹം ഇടവകപ്പള്ളിസ്ഥാപനത്തിനു സന്നദ്ധനായി.

1883-ൽ, ഇന്നു വാഴക്കുളം പള്ളി, മുറി, സിമിത്തേരി മുതലായ സ്ഥാപനങ്ങൾ ഇരിക്കുന്ന പുരയിടം, താഴെ റോഡുസയിഡുവരെ പാർസ്യാ അഥവാ — പെരഷ്യാ ഗീവർഗീസ് പേരിൽ പതിപ്പിച്ചു—. വാഴക്കുളം ചന്ത അനുവദിച്ചുവന്നകാലത്തു്, ചിലരെല്ലാം റോഡുസൈഡിൽ ഉണ്ടായിരുന്ന പള്ളിസ്ഥലം അനധികൃതമായി, കൈവശമാക്കി സ്വന്തം ആവശ്യങ്ങൾക്കു പീടികമുറികൾ പണിയിച്ചു്, ആദായം എടുത്തിരുന്നു.

ഇടവകപള്ളിക്കുള്ള സ്ഥലം പതിഞ്ഞുകിട്ടിയ ഉടനെ അവിടെ ഇടവകപള്ളി സ്ഥാപിക്കുന്നതിനുള്ള ശ്രമം തുടങ്ങി. കൊവേന്തയിൽ താമസിച്ചുകൊണ്ടു്, പ്രാപ്തനായ ഒരു ഇടവക വൈദികനെക്കൊണ്ടു പള്ളി പണിയിക്കുവാനായിരുന്നു, കാനാട്ടച്ചന്റെ പ്ലാൻ—, ഇതിനു് ആരെയാണു വേണ്ടതെന്നു്, ചില ഇടവക വൈദികരോടു കാനാട്ടച്ചൻ ആലോചിച്ചതായി ബ, ക.നി.മൂ.സ. മഞ്ചേരിൽ കുറിയാക്കോസച്ചൻ പറഞ്ഞുകേട്ടിട്ടുണ്ടു്.

ഇതിനായി ചില ഇടവകവൈദികരുടേയും കാനാട്ടച്ചൻേറയും അഭിപ്രായമനുസരിച്ചു്, അന്നു ചങ്ങനാട്ടു കുരിശുപള്ളിയുടെ അസ്തേന്തിയായിരുന്ന ബ. എടപ്പഴത്തിലച്ചനെ വാഴക്കുളം കുരിശുപള്ളിയുടെ അസ്തേന്തിയായി നിയമിച്ചു. അന്നു കാനാട്ടച്ചനു് അതിനുള്ള അധികാരമുണ്ടായിരുന്നു.

1884-ൻെറ ആരംഭത്തിൽ എടപ്പഴത്തിലച്ചൻ വാഴക്കുളം കുരിശുപള്ളിയിൽ വന്നു്, ജോലി ഏററു. ഇദ്ദേഹം നല്ല ചുണയും, ചൊടിയും, ധൈര്യവും, മനക്കരുത്തും, കാര്യക്ഷമതയും ഉള്ള ഒരു യുവവൈദികനായിരുന്നു. കാനാട്ടച്ചൻെറ നിർദ്ദേശപ്രകാരം കുരിശുപള്ളിക്കാര്യങ്ങൾ ഊർജ്ജിതമായി നടത്തിത്തുടങ്ങി. 1884 മി

ഥ്യനം 4-ാംനു തട്ടപറമ്പിൽ തൊമ്മന്റേറയും റോസയുടേയും മകൻ ഇട്ടിയവുരായെ എടപ്പഴത്തിലച്ചൻ മാമ്മോദീസാ മുക്കിയ കണ ക്കു് 1934-ൽ കൈക്കാരന്മാരുടെ പൂട്ടമുറിയിൽ സൂക്ഷിക്കപ്പെ ട്ടിരിക്കുന്നതായി അന്നത്തെ കൈക്കാരൻ വട്ടക്കുഴിയിൽ ചാക്കോ ഉലഹന്നൻ പറഞ്ഞു കേട്ടിട്ടുണ്ടു്.

1885-ൽ പെ.ബ. കാനാട്ട ചാക്കോച്ചനു രോഗം വർദ്ധിച്ചു. ഇവിടെയുള്ള വൈദ്യന്മാരെ കൂടാതെ, വരാപ്പുഴ മെത്രാപ്പോലി ത്താച്ചൻ പ്രത്യേക വൈദ്യന്മാരെ വരാപ്പുഴനിന്നു് അയച്ചു. എ ന്നിട്ടും സാരമായ രോഗശാന്തി ഉണ്ടായില്ല. പെ. ബ. ചാക്കോച്ച നു്, തന്റെ അന്ത്യകാലം അടുത്തുവെന്ന ബോദ്ധ്യമുണ്ടായി. കൊ വേന്ത അച്ചന്മാരേയും സെമിനാരിക്കാരേയും പ്രത്യേകം പ്രത്യേകം വിളിച്ചു തന്റെ ചാവരുളായി പല കാര്യങ്ങൾ പറഞ്ഞുകൊടുത്തു് അവരെ അനുഗ്രഹിച്ചു. തന്റെ സ്നേഹശിഷ്യനായ ബ.എടപ്പഴ ത്തിലച്ചനേയും വിളിച്ചു പല കാര്യങ്ങൾ പറഞ്ഞു് ഏല്പിച്ചതായും, പ്രത്യേകിച്ചും ഇടവകപള്ളിസ്ഥാപനകാര്യവും മററും പറഞ്ഞതാ യും അദ്ദേഹത്തിൽനിന്നും ക. നി. മൂ. സ. ബ. മഞ്ചേരിൽ കുറിയാ ക്കോസച്ചനിൽനിന്നും ഞാൻ കേട്ടിട്ടുണ്ടു്. കൊവേന്ത നാളാഗമ ത്തിൽ ഈ കാര്യങ്ങൾ എല്ലാം കാണുന്നുമുണ്ടു്.

### വാഴക്കുളംകാരുടെ ഭാഗ്യദോഷം

1883-ൽ പെ. ബ. കാനാട്ടച്ചൻ ഇടവകപള്ളിക്കുള്ള സ്ഥ ലം പതിപ്പിക്കുകയും 1884-ൽ ഇടവകപള്ളി പണിയിക്കുന്നതിനു ബ. എടപ്പഴത്തിലച്ചനെ, കുരിശുപള്ളിയുടെ അസ്റ്റേന്തിയായി നിയമിക്കുകയും, പള്ളിപണിക്കുള്ള അടുത്ത ഒരുക്കങ്ങൾ ആരംഭി ക്കുകയും ചെയ്യുവെങ്കിലും, വാഴക്കുളം ഇടവകപള്ളി ആരംഭിക്കുന്ന തിനു കാനാട്ടച്ചനു് ഇടയായില്ല.

1885 ജൂൺമാസം 10-ാംനു ബുധനാഴ്ച കാലത്തു 10½ മണിക്കു്, ആശ്രമവാസികളുടേയും സെമിനാരിക്കാരുടേ യും, വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റേയും പ്രാർത്ഥനാമദ്ധ്യേ പെ. ബ. കാനാട്ട ചാക്കോച്ചൻ, തന്റെ 59-ാമത്തേ വയ സ്സിൽ ഇഹലോകവാസം വെടിഞ്ഞു. കിഴക്കരുടെ സൂ ര്യൻ അസ്തമിച്ചു. മെത്രാനടുത്ത വടിയും മുടിയും ഇല്ലാത്ത മെത്രാൻ അന്തരിച്ചു. ചെങ്കോലും കിരീടവും വെയ്ക്കാത്ത കിഴക്കരുടെ രാജാവു് അന്ത്യശ്വാസം വലിച്ചു.

ഭാഗ്യസ്മരണാർഹനായ യോഗ്യനായ പെ. ബ. കാനാട്ടു ചാക്കോച്ചൻെറ അകാലമരണം നിമിത്തം കൊവേന്തയിലും ഇടവകയിലും വൈദികരിലും, അല്മായരിലും വലിയ ഒരു സ്തംഭനം ഉണ്ടായി. ഈ അവസരത്തിൽ, അസ്തേന്തി ബ. എടപ്പഴത്തിൽ ചാക്കോച്ചനാണു, കൊവേന്ത, ഇടവക വൈദികരേയും ജനങ്ങളേയും ആശ്വസിപ്പിക്കുകയും, സമാധാനപ്പെടുത്തുകയും, നിയന്ത്രിക്കുകയും ചെയ്തിരുന്നതു്.

കാനാട്ടച്ചന്റെ അന്ത്യരോഗത്തിലും, മരണനേരത്തും അച്ചന്റെ കൂട്ടത്തിൽനിന്നു പിരിയാതെ, അന്ത്യശുശ്രൂഷ ചെയ്തതു്, തൻെറ പ്രഥമ ശിഷ്യന്മാരായ ക. നി.. മൂ. സ. ബ. മഞ്ചേരിൽ കുരിയാക്കോസച്ചനും, കൊച്ചുമുട്ടത്തു ബ. ദൊമ്മ്നിക്കോസച്ചനുമായിരുന്നു. ഇടവകവൈദികരും ജനങ്ങളും രോഗവേളയിൽ വരികയും കാണുകയും ആശിസ്സുകൾ വാങ്ങുകയും ചെയ്തിരുന്നു. 11–ാംനു ശവസംസ്കാരം ആഘോഷമായി നടത്തി. മദുബഹായുടെ അകത്താണു പരേതൻ സംസ്കരിക്കപ്പെട്ടിരിക്കുന്നതു്. ഒരു കരിങ്കൽ സ്ലാബ്ബ് മുകളിൽ ഇട്ടിട്ടുണ്ടു്.

### പടിഞ്ഞാറെക്കുന്നേൽ പാർസ്യ ഗീവറുഗീസിൻെറ സ്ഥലത്തു് വാഴകുളം ഇടവകപള്ളി ആരംഭിക്കുന്നു

പെ:ബ: കാനാട്ടച്ചന്റെ മരണത്തോടുകൂടെ സംഗതികളെല്ലാം അവതാളത്തിൽ ആയപ്പോൾ, അന്നത്തേ അസ്തേന്തി ബ. എടപ്പഴത്തിൽ ചാക്കോച്ചൻ, ഇടവകവൈദികരായ വെട്ടുകല്ലുംപുറത്തു ബ. മാത്തുഅച്ചൻ, കളപ്പുരക്കൽ ബ. ഗീവറുഗീസച്ചൻ, വല്യവീട്ടിൽ പറമ്പിൽ ബ.ഗീവറുഗീസച്ചൻ, നമ്പ്യാപറമ്പിൽ ബ. കൊച്ചുമാത്തു അച്ചൻ, വടക്കേക്കര ബ. യാക്കോബച്ചൻ, റാത്തപ്പിള്ളി ബ. യോഹന്നാനച്ചൻ മുതലായവരേയും കളപ്പുരക്കൽ മാണി മത്തായി, തലക്കൽ അയിപ്പുവക്കി, കൂറ്റൻപാടത്തു തൊമ്മൻ, പുത്തൻപുരയിൽ ലൂക്കാ വൈദ്യൻ മുതലയവരേയും മററു പല ഇടവകക്കാരേയും വിളിച്ചുകൂട്ടി, കാനാട്ടച്ചൻ ഇടവകപ്പള്ളിക്കായി പതിപ്പിച്ചിട്ടിരുന്ന "പാർസ്യ ഗീവറുഗീൻെറ" സ്ഥലത്തു് പള്ളി സ്ഥാപിക്കുന്നതിനെക്കുറിച്ചു്, ചൂടുപിടിച്ച ആലോചനകൾ നടത്തി. ആലോചനയിൽ യാതൊരു എതിരഭിപ്രായവും കൂടാതെ സ്ഥിരമായ ഇടവകപ്പള്ളി സ്വന്തം സ്ഥലത്തു സ്ഥാപിക്കണമെന്നു് എല്ലാവരും അഭിപ്രായപ്പെട്ടു. എങ്കിലും ഇതിനായി തുടന്നു പരിശ്രമിക്കുവാൻ ആക്കും ധൈര്യമില്ലായിരുന്നു. കാരണം പെ. ബ. കാനാട്ടച്ചൻെറ അകാലമരണം നിമിത്തം വാഴക്കുളംകാക്കു ലഭിച്ചിരുന്ന ബലവും ശക്തിയും സംരക്ഷണവും ഇല്ലതായി.

ഇതിനാൽ മയിലക്കൊമ്പ്, ആരക്കുഴ അയൽപ്പള്ളിക്കാരുടെ എതിൎപ്പ് ഉണ്ടായാൽ വരാപ്പുഴ നിന്നു് വല്ല നിരോധന കല്പനകളും ഉണ്ടായേക്കാമെന്നും പള്ളിക്കാര്യത്തിനു മുമ്പോട്ടിറങ്ങി പ്രവൎത്തിക്കുന്ന വൈദീകൎക്കു വല്ല പള്ളിക്കുററവും വന്നേക്കുമെന്നും മററുമുള്ള ചിന്താഗതിയും സകല വൈദീകൎക്കും ഉണ്ടായിരുന്നു.

1837_ൽ ഗണപതിക്കുന്നേൽ പള്ളി ആരംഭിച്ച നമ്പ്യാപറമ്പൻ വല്യമാത്തു അച്ചനുണ്ടായ അനുഭവങ്ങൾ ഇപ്പോഴും ഉണ്ടാകാൻ പാടില്ലാത്തതല്ലാ എന്നു പലവൈദീകരും അഭിപ്രായപ്പെട്ടു.

എങ്കിലും വാഴക്കുളത്തു ഒരു ഇടവകപ്പള്ളിക്കൂടെ ഉണ്ടാകണം എന്നും വരാപ്പുഴ മെത്രാപ്പോലീത്തക്കും പെ. ബ: കാനാട്ടച്ചനും ആഗ്രഹമുണ്ടെന്നു് നമുക്കു വിചാരിക്കാം. ഇതുകൊണ്ടാണല്ലോ കാനാട്ടച്ചൻ ഇടവകപള്ളിക്കു സ്ഥലം പതിപ്പിച്ചതും കൊവേന്തയിൽ താമസിച്ചുകൊണ്ടു് ഇടവകപള്ളി പണിയിപ്പിക്കണമെന്നും മററും അദ്ദേഹം നിശ്ചയിച്ചതു്. ഈ സാഹചര്യങ്ങൾകൊണ്ടു് നമുക്കു് വരാപ്പുഴനിന്നും, കൊവേന്തയിൽനിന്നും തടസങ്ങൾ ഒന്നും ഉണ്ടാകുകയില്ലെന്നാണ് എന്റെ പൂൎണ്ണബോധ്യം. എന്നെല്ലാം പറഞ്ഞു് ബ: എടപഴത്തിലച്ചൻ വൈദീകരേയും ജനങ്ങളേയും ധൈര്യപ്പെടുത്തുകയും സമ്മതിപ്പിക്കുകയും ചെയ്തു. എന്നാൽ ജനങ്ങൾക്കു് മെത്രാന്റെ ശിക്ഷകളേയും മററും ഭയപ്പെടാൻ ഇല്ലാതിരിക്കുന്നതുകൊണ്ടു അവർ മുമ്പോട്ടിറങ്ങി പരസ്യ പ്രവൎത്തനങ്ങൾ ആരംഭിച്ചു.

ആഗസ്റ്റ് 8_ാം നു- ശനിയാഴ്ച മാതാവിന്റെ ദിവസത്തിൽ പള്ളിക്കുള്ള ഒരു താല്കാലിക ഷെഡ്ഡ് കെട്ടുന്നതിനാരംഭിച്ചു. എല്ലാവരുടേയും നല്ലമനസ്സും സഹകരണവും കൊണ്ടു് 14_ാം നു- വെള്ളിയാഴ്ച ഷെഡിന്റെ പണിതീൎത്തു

### പുത്തൻപള്ളിയിൽ പുത്തൻ കുബ്ബാന.

1885 ആഗസ്റ്റ് 15_ാംതിയ്യതി ശനിയാഴ്ച രാവിലെ ബ: എടപഴത്തിൽ യാക്കോവച്ചൻ തന്നെ പുതിയ പള്ളിഷെഡ്ഡ് രഹസ്യമായി വെഞ്ചരിച്ചു് അതിൽ അദ്ദേഹംതന്നെ പുത്തൻ കുബ്ബാന ചൊല്ലി ദൈവത്തിനും മാതാവിനും സ്തോത്രം പാടി ജനങ്ങൾ മഹാ സന്തോഷത്തോടും, ഭക്തിയോടും കൂടി ദിവ്യബലിയിൽ സംബന്ധിച്ചു.

ഇടവക വൈദീകർ, അന്നു കടമുള്ള ദിവസമായിരുന്നതു കൊണ്ടു് മററു പുതിയ പള്ളിയിലെ ചടങ്ങുകളിൽ സംബന്ധിച്ച പലൎക്കും ഭയവുമായിരുന്നു. അന്നു പാട്ടുകുബ്ബാനയോ, സ്തപസ്സകുബ്ബാനയോ ഒന്നും നട

ത്തിയില്ല കാരണം പള്ളിക്കു് മെത്രാന്റെ അംഗീകാരമോ, സർക്കാർ അംഗീകാരമോ ഇല്ലായിരുന്നു. ഒരു രഹസ്യപള്ളിയായിട്ടാണു് തുടങ്ങിയതു്. പിന്നേയും പള്ളിയകത്തു് വേണ്ടതായ അലങ്കാരങ്ങളോ, കുപ്പായങ്ങളോ ഇല്ലായിരുന്നു. അയൽപ്പള്ളികളായ മയിലക്കൊമ്പു്, ആരക്കുഴയിൽ നിന്നുംസംമാനങ്ങൾ കിട്ടുവാനും സാദ്ധ്യമല്ലായിരുന്നു.

എന്നാൽ വിചാരിച്ചതുപോലെയുള്ള വിഷമങ്ങൾ ഒന്നുംതന്നെ കൊവേന്തയിൽ നിന്നോ വരാപ്പുഴയിൽ നിന്നോ ഉണ്ടായില്ല. കാരണം ഇടവകപ്പള്ളിയും കനാട്ടച്ചന്റെ ഒരു പ്രസ്ഥാനവുമായിരുന്നതുകൊണ്ടാണു്.

എടപ്പഴത്തിലച്ചനേയും, കളപ്പുരക്കലച്ചനേയും കുറിച്ചു് ചില സൂചനകൾ കൊവേന്താ നാളാഗമത്തിൽ കാണുന്നുണ്ടു്.

കുർബ്ബാന കഴിഞ്ഞു് ബ: എടപഴത്തിലച്ചൻ തന്നെ ഇന്നുകാണുന്ന വാഴക്കുളം പള്ളിക്കു കല്ലിട്ടു.

പിറ്റേദിവസം ഒരു പൊതുയോഗംവിളിച്ചുകൂട്ടി പള്ളിനടപടികൾ നടത്തി. കൈക്കാരന്മാരായി കളപ്പുരക്കൽ മത്തായി, തലക്കൽ വക്കി, കുററൻപാടത്തുതൊമ്മൻ, പുത്തൻപുരയിൽ ലൂക്കാ വൈദ്യൻ മുതൽ പേരെ തിരഞ്ഞെടുത്തു. ശവസംസ്കാരവും ഇവിടെ നടത്തുവാൻ തുടങ്ങി.

ബ: എടപഴത്തിലച്ചൻ 1884- മിഥുനം 4-ാംനു- യും 1885- കന്നി 26-ാം നു- യും മാമ്മോദീസാമുക്കിയ കണക്കുകൾ 1934-ലിൽ ഇരുപ്പുള്ളതു കണ്ടതായി അന്നത്തെ കൈക്കാരൻ വട്ടക്കുഴിയിൽ ചാക്കൊ ഉലഹന്നാൻ പറഞ്ഞു കേട്ടിട്ടുണ്ടു്.

ബ: എടപഴത്തിലച്ചൻ പുത്തൻ പള്ളികാര്യങ്ങൾ എല്ലാം ശരിപ്പെടുത്തിയശേഷം 1886-ൽ ഇവിടെനിന്നു സ്ഥലംമാറി നെയിശേരിക്കു പോയി. അവിടെ നിന്നു നാഗപ്പുഴ, മുതലക്കോടം, കിഴക്കമ്പലം, ഞാറക്കൽ മുതലായ സ്ഥലങ്ങളിൽ വികാരിത്വജോലിനോക്കി കടശി, ജോലികളെല്ലാം രാജി വെച്ചു് വാഴക്കുളം സ്വന്തം ഇടവകയിൽ വന്നു, പടിഞ്ഞാറെനടക്കു് വടക്കുവശത്തുള്ള മുറിയിൽ താമസിച്ചു.

രാമപുരം പള്ളി ഇടവക വെട്ടിക്കുഴച്ചാലിൽ അച്ചനാണു പിന്നീടു വന്നതു്. ഇദ്ദേഹമാണു് എടപ്പഴത്തിലച്ചൻ കല്ലിട്ട പുത്തൻപള്ളി പണി ആരംഭിച്ചതു്.

വാഴക്കുളത്തിന്റെ പുരാതന ചരിത്രം, ആരക്കുഴ മൈലക്കൊമ്പു് മുതലായ പള്ളികള്ളികളുടെ ചരിത്രം, ഏടമന, വെട്ടുപാറ, ക

ളത്തി, നമ്പ്യാപറമ്പൻ, ചൊള്ളാമഠം മുതലായ കുടുംബങ്ങളുടെ ചരിത്രങ്ങൾ കൊവേന്ത ഇടവക പള്ളിമുതലായവയുടെ ചരിത്രങ്ങൾ എല്ലാം ബ എടപ്പഴത്തിലച്ചൻ എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്. മഞ്ചേരി ക. നി. മൂ. സ. ബ. കുരിയാക്കോസച്ചനും ഞാനുംകൂടി അഞ്ചു വഷം വാഴക്കുളത്തു് ഒരുമിച്ചു താമസിച്ചിട്ടുണ്ടു് (1923–1928). ബ. എടപ്പഴത്തിലച്ചൻ പറഞ്ഞതും കൂടുതലായി പല കാര്യങ്ങളും ഇദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടു്. പെ ബ. കാനാട്ടച്ചൻ 26 വഷത്തേ നാളാഗമം സ്വന്തം കൈപ്പടയിൽ എഴുതിയിട്ടുണ്ടു്. തുടന്നു ബ. മഞ്ചേരിലച്ചനാണു കൊവേന്തനാളാഗമം എഴുതിപ്പോന്നതു്. 1928 ജൂലായ് 2–ാംനു 80–ാമത്തേ വയസ്സിൽ ഇദ്ദേഹം മരിച്ചു. ചരിത്രസംബന്ധമായി നല്ല ജ്ഞാനം ഇദ്ദേഹത്തിനുണ്ടായിരുന്നു. ആ പഴയ ചരിത്രങ്ങൾ എന്നെയും പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ടു്.

### എടപ്പഴത്തിൽ ബ. ചാക്കോച്ചൻെറ മരണം (1922 നവംബർ 28)

ബ. ചാക്കോച്ചൻ ഏതോ കാര്യം പ്രമാണിച്ചു നെയിശേരിൽ ഉള്ള സ്വന്തം സഹോദരൻ അയിപ്പിന്റെ വീട്ടിൽ പോയിരുന്നു. അവിടെ വച്ചു ഹൃദ്രോഗമുണ്ടായി. ചികത്സകൾ നടത്തി. രോഗശമനം ഉണ്ടായില്ല. വിൽപത്രവും മററും എഴുതി നാട്ടുകാരുടേയും ബന്ധുമിത്രാദികളുടേയും മുണ്ടാട്ടുചുണ്ടേൽ ബ. തോമ്മാച്ചൻേറയും തെക്കേക്കര ബ. ഫ്രാൻസീസച്ചൻേറയും മററും പ്രാത്ഥനാമദ്ധ്യേ ഭാഗ്യമരണം പ്രാപിച്ചപ്പോൾ അദ്ദേഹത്തിനു് 66 വയസ്സുണ്ടായിരുന്നു. അദ്ദേഹം ആരംഭിച്ചതും അദ്ദേഹത്തിൻെറ ഇടവകയുമായ വാഴക്കുളം പള്ളിയിൽ ശവസംസ്കാരം നടത്തണമെന്നു് സ്വന്തം അനുജൻ എടപ്പഴത്തിൽ തൊമ്മനും സ്വന്തം വീട്ടുകാരും നാട്ടുകാരും, ഇടവക വികാരിയായ ബ. വല്യവീട്ടിൽപറമ്പിൽ ഗീവറുഗീസച്ചൻ, തയ്യിൽ ജോജ്ജച്ചൻ വടക്കേക്കര ബ. ചാക്കോച്ചൻ, ബ. പൂക്കാട്ടു ഗീവറുഗീസച്ചൻ മുതൽപേരും ആഗ്രഹിക്കുകയും നിർബന്ധിക്കുകയും ചെയ്തു എങ്കിലും വഴിയുടെ ദൈഘ്യത്താലും വാഹനങ്ങളുടെ കുറവുകൊണ്ടും സഹോദരൻ അയിപ്പിൻെറ പുത്രന്മാരായ പാടത്തിൽ കുഞ്ഞുഉപ്പു, കുഞ്ഞാക്കോ മുതലായവരുടെ നിർബന്ധപൂവ്വമായ അപേക്ഷകൊണ്ടും ശവസംസ്കാരം നെയിശേരി പള്ളി അകത്തുതന്നെയാകട്ടെയെന്നു, ബ. മുണ്ടാട്ടുചുണ്ടേലച്ചൻേറയും മററും അഭിപ്രായപ്രകാരം നിശ്ചയിച്ചു.

23–ാംനു ആഘോഷമായ ശവസംസ്കാരം നടത്തപ്പെട്ടു. മദ്ബഹായുടെ താഴെ അഴിക്കുട്ടത്തു നടുവിൽ ആണു കല്ലറ. കബറിടത്തിൻെറ മേൽഭാഗത്തു് ഒരു സ്ലാബും സ്ഥാപിച്ചിട്ടുണ്ടു്.

ഇദ്ദേഹം വളരെ ഭക്തനും ആത്മാർത്ഥതയുള്ളവനും ധീരനും വിഷമഘട്ടങ്ങളെ തരണം ചെയ്യുന്നതിനു പ്രാപ്തനുമായിരുന്നു. എന്തു വിഷമങ്ങളായാലും, തൻെറ പരിശ്രമങ്ങൾക്കു വിലങ്ങുതടിയായി വീണാൽ അതെല്ലാം തട്ടിമാററിക്കളയുന്നതിനുള്ള ഒരു ധീരമനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു.

1885- ആഗസ്റ്റ് 15-ാം നു വാഴക്കുളം ഇടവകപ്പള്ളി ആരംഭിക്കുന്നതിനു പല പ്രതിബന്ധങ്ങളും ഉണ്ടായിരുന്നു. എങ്കിലും ദൈവത്തിലും, മാതാവിലും ശരണപ്പെട്ടും ഇടവക വൈദികരുടെയും ജനങ്ങളുടെയും സഹകരണത്തിലും ഉറച്ചുനിന്നു പ്രവർത്തിച്ചു കാര്യം നേടി.

ഇദ്ദേഹം വളരെ ദൈവവിശ്വാസവും, ദൈവപരിപാലനയിൽ ഉറച്ച ശരണവുമുള്ളവനായിരുന്നു. സഭയേയും സമുദായത്തേയും വളരെ സ്നേഹിച്ചു. അവയുടെ ഉയർച്ചയ്ക്കുവേണ്ടി എന്തും പ്രവർത്തിക്കുന്നതിനു സന്നദ്ധനായിരുന്നു.

കുടുംബക്കാരേയും നാട്ടുകാരേയും ഇടവകക്കാരേയും വളരെ സ്നേഹിച്ചിരുന്നു. എല്ലാവരോടും പ്രത്യേകിച്ചു സാധുക്കളോട് ഇദ്ദേഹത്തിനു വളരെ അനുകമ്പയുണ്ടായിരുന്നു. സ്വന്തം കുടുംബക്കാരോടും വിശിഷ്യാ കുടുംബക്കാരിൽ അവശതയും ദാരിദ്ര്യവും ഉള്ളവരോട് കൂടുതൽ സ്നേഹവും അനുകമ്പയും കാണിച്ചിരുന്നു. കുടുംബത്തിൽപ്പെട്ട വല്ലവരെയും പ്രത്യേകിച്ചു പാവപ്പെട്ടവരെ വഴിയിൽ വച്ചു കണ്ടാൽ തിരിഞ്ഞുനിന്ന് അവരുടെ ക്ഷേമാദികൾ ചോദിച്ചറിയുന്നതും, അവക്കു വല്ല സഹായം ചെയ്യുന്നതും അദ്ദേഹത്തിന് ഒരു പ്രത്യേകതയായിരുന്നു. പരോപകാരതല്പരനായിരുന്നതുകൊണ്ട് പണവും മററും ശേഖരിച്ചുവയ്ക്കുക പതിവില്ലായിരുന്നു.

വാഴക്കുളം നെയിശേരി പള്ളികൾക്കു വയൽപാടത്തു തനിക്കുണ്ടായിരുന്ന ഇരുപ്പുനിലത്തിൽനിന്ന് ഓരോ ഏക്കർ നിലം ദാനമായി കൊടുത്തു. വെമ്മററത്തുണ്ടായിരുന്ന നിലത്തിൽനിന്നു, ടി—പള്ളികൾക്ക് ഈരണ്ട് ഏക്കർ നിലവും ദാനമായി കൊടുത്തിട്ടുണ്ട്.

വാഴക്കുളം ചന്തയിൽ ഒരു കരിങ്കൽ കുരിശു സ്ഥാപിക്കുന്നതിനുവേണ്ടി സാമാനങ്ങൾ എല്ലാംതന്നെ ശേഖരിച്ചു. എന്നാൽ തൻെറ അകാലമരണം നിമിത്തം, അതു് ഉയർത്തി നാട്ടുന്നതിനു തനിക്കു സാധിച്ചില്ല— ഈ ജോലി നിർവ്വഹിക്കുന്നതിനു തൻെറ അ

നന്തിരവക്കാരിൽ ചിലരെ ഏല്പിച്ചിട്ടുണ്ട്. ഇതിനുള്ള മാർഗ്ഗങ്ങളുമുണ്ട്.

സൂചന: ഇന്നു വാഴക്കുളം പള്ളിക്കാർ, മെത്രാനച്ചൻ തിരുമനസ്സിലെ നിർദ്ദേശപ്രകാരം വയൽപാടത്തുനിന്നും മററും കിട്ടുന്ന പാട്ടനെല്ലിൽ, ഒരു ഭാഗം പള്ളിയിലേക്ക് എടുത്തശേഷം രണ്ടുഭാഗം ബ. എടപ്പഴത്തിലച്ചൻെറ ഒരു ശാശ്വത സ്മാരകത്തിനായി നീക്കിവെയ്ക്കുന്നുണ്ട്.

ഈ 1965-ൽ ബ. എടപ്പഴത്തിലച്ചൻ മരിച്ചിട്ട 43 വഷമായി. അദ്ദേഹത്തിൻെറ അടുത്ത അനന്തിരവക്കാർ ആരെങ്കിലും ഒന്നോ—രണ്ടോ—പലരോ കൂടി ഒന്നിച്ചുചേന്ന്, അദ്ദേഹത്തിൻെറ അഭിലാഷപ്രകാരം കുരിശോ ഇന്നത്തെ പരിഷ്കൃതരീതിയിൽ ഒരു കപ്പേളയോ പണിയിക്കുന്നതിനു ശ്രമിക്കട്ടെ. അനന്തിരവക്കാർ ആരെങ്കിലും ഇപ്പോൾ പള്ളിയിൽ ഇരിക്കുന്ന പണംകൊണ്ട്, വേണ്ട അനുവാദത്തോടുകൂടി പ്രവത്തനങ്ങൾ ആരംഭിക്കുക. അപ്പോൾ അദ്ദേഹത്തിൻെറ അനന്തിരവക്കാർ എല്ലാവരും വീതപ്പിരിവുകൾ തരും.

വിൽപത്രപ്രകാരം ചുമതലപ്പെട്ടവർ ചെയ്യട്ടെയെന്നു പറഞ്ഞു മററുള്ള അനന്തിരവക്കാർ ഒഴിഞ്ഞുമാറി നില്ക്കുന്നതും ശരിയല്ലാ. ചുമതലപ്പെട്ടവർ ചെയ്യുന്നില്ലെങ്കിൽ മററവർ ചെയ്യണം.

പള്ളികൾക്ക്, ഇന്നു ചിലർ വസ്തുവോ പണമോ ദാനമായി കൊടുക്കുന്നുണ്ട്. അവർ ഓരോ വ്യവസ്ഥകളോടുകൂടിയാണു കൊടുക്കുന്നത്. അതായതു നിത്യകുർബ്ബാനയ്ക്കും വല്ല ധർമ്മകാര്യങ്ങൾക്കും മററുമായി നിയോഗിച്ചുകൊണ്ടാണു കൊടുക്കാറുള്ളതു്. എന്നാൽ ബ. എടപ്പഴത്തിലച്ചൻ യാതൊരു വ്യവസ്ഥയും കൂടാതെ വെറും ദാനമായിട്ടാണു നിലം വച്ചിരിക്കുന്നതു്. ഇതുകൊണ്ടാണു കോതമംഗലം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്, കിട്ടുന്ന പാട്ടം നെല്ലിൽ ഒരു ഭാഗം പള്ളി എടുക്കുകയും ബാക്കി രണ്ടു ഭാഗം കൊണ്ട് ബ. എടപ്പഴത്തിലച്ചൻെറ ഒരു നിത്യസ്മാരകം ഉണ്ടാക്കുകയും ചെയ്യണമെന്നു കല്പിച്ചിരിക്കുന്നതു്. പള്ളിക്കാർ സ്മാരകം പണിയിക്കുന്നതിൽ വളരെ നല്ലതു്, ബ. ചാക്കോച്ചന്റെ സ്വന്തം അനന്തിരവക്കാർ ചെയ്യുന്നതാണല്ലോ—ഇവർ ആരും ചെയ്യുന്നില്ലെങ്കിൽ കളത്തി കുടുംബത്തിലേ ഏതൊരു വ്യക്തിക്കും തങ്ങളുടെയുംകൂടെ കാരണവനായ ബ. ചാക്കോച്ചൻെറ നിത്യസ്മാരകം ഉണ്ടാക്കുവാൻ പാടുള്ളതാണു്. ആരും കൈമുതൽ എടുക്കണ്ടാ—ബ. ചാക്കോച്ചൻെറ സ്വന്തം മുതൽ പള്ളിയിൽ കിടപ്പുണ്ട്. തികയാതെ വന്നാൽ അപ്പോൾ അതിനുള്ള നിവൃത്തിമാ

ഗ്ഗം ആലോചിച്ചാൽ മതി. ബ. അച്ചൻെറ 50–ാം ചരമവാർഷികം 1972-ൽ ആണ്, അതിനു മുമ്പ് തീരണം.

N.B. ഈ ചരിത്രം എഴുതപ്പെട്ടിരിക്കുന്നതു പൊതുജനങ്ങൾക്കോ, നാട്ടുകാർക്കോ, ഇടവകക്കാർക്കോ വേണ്ടിയല്ലാ പ്രത്യുത കളത്തിക്കുടുംബക്കാരെ പ്രധാനമായും ഉദ്ദേശിച്ചാണ്.

അവരുടെ കുടുംബങ്ങളിൽ നിന്നു വിവാഹം കഴിച്ച് അന്യകുടുംബങ്ങളിൽ പോയിരിക്കുന്ന പെൺ വഴിക്കാരെയും ഉദ്ദേശിച്ചാണ്.

ഇതുകൊണ്ടാണു കളത്തികുടുംബത്തിൻെറ ഒരു അഭിമാനസ്തംഭമായി വിളങ്ങുന്ന ബഃഎടപ്പഴത്തിലച്ചൻെറ ചരിത്രം സ്വല്പം വിസ്താരമായി എഴുതിയത്. ഇതിലാരും അസൂയപ്പെടരുത്.

ബഃ എടപ്പഴത്തിലച്ചൻെറ കാര്യങ്ങൾ അദ്ദേഹത്തിൽനിന്നും, അദ്ദേഹത്തിൻെറ സമകാലികന്മാരിൽനിന്നും കേട്ടറിഞ്ഞവയേയും വാഴക്കുളം കോവെന്ത നാളാഗമത്തിൽനിന്നു വായിച്ചറിഞ്ഞവയേയും മററും അടിസ്ഥാനമാക്കിയാണു വിവരിക്കപ്പെട്ടിരിക്കുന്നത്. ഇതെല്ലാം വിശ്വാസസത്യങ്ങളായി ആരും കരുതരുത്. സാധാരണ ചരിത്രങ്ങളിൽ സംഭവിക്കാറുള്ളതുപോലെ ഇതിലും വല്ല ന്യൂനതകളും ഉണ്ടായി എന്നു വരാം. തെററാണെന്നു ബോദ്ധ്യപ്പെടുന്നവയെ തിരുത്താനും ഒരുക്കമാണ്.

## തലയ്ക്കൽ കുടുംബം

### കരോട്ടെത്തലയ്ക്കൽ മാത്തുവിൻെറ കുടുംബം

കളപ്പുരയ്ക്കൽ മാത്തുഅയിപ്പിൻെറ മകൻ–രണ്ടാം തലമുറ കരോട്ടെത്തലയ്ക്കൽ (പുളിയാങ്കര) മാത്തുവിന് മൂന്നാംതലമുറ മാത്തുവക്കി എന്ന ഏകമകനും മൂന്നു പെൺമക്കളുമുണ്ട്.

1 മൂത്തമകളെ വാഴക്കുളത്തു വടക്കുംപറമ്പിൽ വിവാഹം ചെയ്തു. ഇവർക്ക മത്തായി, അയിപ്പ്, ചാക്കോ എന്ന മക്കളുണ്ട്.

2 രണ്ടാമത്തേ മകളെ കല്ലൂർക്കാട്ട വീണക്കാട്ട വിവാഹം ചെയ്തു. ഇവർക്ക് അയിപ്പ്, മത്തായി, വറുഗീസ്, ചാണ്ടി എന്ന ആൺമക്കളുണ്ട്.

ഇവരിൽ മത്തായിയുടെ പുത്രനാണ് പെ. ബ. യോഹന്നാനച്ചൻ.

3 മൂന്നാമത്തേ മകളെ കല്ലൂർക്കാട്ട നെടുങ്കല്ലേൽ (ഇസ്ഥാളക്കൻ) വിവാഹം കഴിച്ചു. ഇവരുടെ മക്കൾ 1 വറുഗീസ്, 2 ചാക്കോ– 3 മത്തായി–4അയിപ്പ്, 5 ഉലഹന്നാൻ–6 പെ. ബ. മോൺ: വല്യതോമ്മാച്ചൻ– ഇദ്ദേഹം 1921– മുതൽ എറണാകുളം അതിരൂപതയുടെ ജനറാളായിരുന്നു. ഇപ്പോൾ വിൻസെൻഷ്യൻ സഭയിലേ ഒരു അംഗമാണ്.



പെ: ബ. മോൺ: നെട്ടാകല്ലേൽ വല്യ തൊമ്മാച്ചൻ



പെ. ബ. യോഹന്നാനച്ചൻ പെണക്കാട്ട്.

പൗത്രൻ പെ: ബ. കൊച്ചുതൊമ്മാച്ചൻ
പൗത്രപുത്രൻ ബ. യാക്കോബച്ചൻ

പെൺമക്കൾ രണ്ടു്. ഒരാളെ റാത്തപ്പിള്ളിൽ മത്തായി വിവാഹം കഴിച്ചു. തെന്നത്തൂർ താമസിക്കുന്നു. ഇവരുടെമകനാണു് ബ. യോഹന്നാനച്ചൻ റാത്തപ്പിള്ളിൽ. രണ്ടാമത്തേ മകളെ കാട്ടാംകോട്ടിൽ ചാക്കോ വിവാഹം കഴിച്ചു. കല്ലൂക്കാട്ട താമസിക്കുന്നു.

**കരോട്ടേത്തലയ്ക്കൽ കുടുംബം തെന്നത്തൂർ**

മൂന്നാം തലമുറ കരോട്ടെ തലയ്ക്കൻ(പുളിയാങ്കര) മാത്തുവിന്റെ ഏകമകൻ വക്കി: ഇയ്യാൾ വാഴക്കുളത്തുനിന്നു തെന്നത്തുക്കു പോയി. അവിടെ കാളിയാർ പുഴയ്ക്കു തൊട്ടു കുറെ നിലം പുരയിടങ്ങൾ വാങ്ങിച്ചു. അവിടെ കുടുംബസഹിതം സ്ഥിരതാമസമാക്കി. വക്കിക്കു മത്തായി, അയ്പു് വർഗീസ് എന്ന ആൺമക്കളും(3-ാംതലമുറ) 5 പെൺമക്കളുമുണ്ടു്. പെൺമക്കളിൽ മൂത്തതിനെ വാഴക്കുളത്തു നമ്പ്യാപറമ്പിൽ പൂക്കാട്ടു വിവാഹം ചെയ്തു. കളത്തിനമ്പ്യാപറമ്പൻ ബന്ധത്തിൽ ഇവർ ഇരുവരും നാലാം തലമുറക്കാരാണു്. ഇതിനാൽ അന്നത്തേ നിയമപ്രകാരം ബന്ധം പിരിച്ചാണു് ഇ

വർ വിവാഹം ചെയ്യപ്പെട്ടതു്. രണ്ടാമത്തേ മകളെ മടക്കത്താനത്തു തലച്ചിറ വിവാഹം ചെയ്തു. മൂന്നാമത്തേ മകളെ കോടിക്കുളത്തു തോട്ടപാട്ടു് ഔസേപ്പു വിവാഹം കഴിച്ചു. നാലാമത്തേ മകളെ കരിമണ്ണൂർ പാറത്താഴത്തു ചാക്കോ വിവാഹം ചെയ്തു. അഞ്ചാമത്തേ മകളെ കാഞ്ഞിരക്കുമ്പിൽ ചാത്തൊളി, റെട്ടമരുതുംചാലിൽ വിവാഹം ചെയ്തു.

നാലാം തലമുറ ആൺമക്കളുടെ വിവരങ്ങൾ

1 വക്കി മത്തായി അരക്കുഴ എടത്തട്ടേൽ റോസയെ വിവാഹം ചെയ്തു. എടതട്ടേക്കാരും കളത്തിയാന്മാരും കാവന വെട്ടപാറയ്ക്കൽനിന്നു മാറിപ്പോയവരാണു്. ഇവരുടെ ഒക്കെ പൂർവ്വതറവാട്ടു് എടമനക്കുടുംബമാണു്.

ഇവക്കു 5-ാംതലമുറ വറുഗീസ് (കൊച്ചു്)കുഞ്ഞാപ്പു്, ഉലഹന്നൻ, തോമസ്, മത്തായി എന്ന 5 ആൺമക്കളും തുമ്മുള്ളിലും ഞാളാംകുന്നേലും വിവാഹം ചെയ്ത 2 പെൺമക്കളുമുണ്ടു്. തുമ്മുള്ളിൽ വിവാഹം ചെയ്ത മകളുടെ ഒരു മകൾ റവ. ബ്രദർ ഏഞ്ജ്നസ്സ് മദ്രാസിൽ ഗബ്രിയേൽ ബ്രദേഴ്സിന്റെ സഭയിലും ഒരു മകൾ കൊരട്ടി ആരാധന മഠത്തിലും, ഞാളാംകുന്നേൽ വിവാഹം ചെയ്ത മകളുടെ ഒരു മകൻ തിരുവനന്തപുരത്തു ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ കൂട്ടത്തിലും ചേർന്നിട്ടുണ്ടു്.

വക്കി മത്തായിയുടെ ആൺമക്കളുടെ വിവരങ്ങൾ

1 മത്തായി വറുഗീസു് (കൊച്ചു) മാറിക പൊന്നാട്ട തെങ്ങുംതയ്യിൽ മത്തായി മകളെ വിവാഹം ചെയ്തു (ഈ മത്തായി കാവന മഞ്ചേരിൽ നിന്നു ഇവിടെ ദത്തുവന്നതാണു്)

**തെന്നത്തൂർ തലയ്ക്കൽ കുടുംബം**

1 തലയ്ക്കൽ മത്തായി വറുഗീസ് (കൊച്ചു്) മാളികയിൽ താമസിക്കുന്നു. ഇയ്യാൾക്കു് 6-ാം തലമുറയിൽ ജോസഫ് (ബേബി) മത്തായി എന്ന രണ്ടാൺമക്കളും കൊച്ചുത്രേസ്യാ (ഇവളെ തെള്ളിയാങ്കൻ വിവാഹം ചെയ്തു.) മേരി എന്ന രണ്ടു പെൺമക്കളുമുണ്ടു്.

2 വറുഗീസ് മത്തായിയുടെ രണ്ടാമത്തേ മകൻ കുഞ്ഞാപ്പു്, ഇയ്യാൾ വാഴക്കുളം വെട്ടപാറയ്ക്കൽ മറിയത്തെ വിവാഹം കഴിച്ചു. ഇവക്കു 6-ാം തലമുറയിൽ മത്തായി എന്ന ഏക മകനും റോസാ, മറിയം, ത്രേസ്യാ എന്ന മൂന്നു പെൺമക്കളുമുണ്ടു്. ഇവരിൽ റോസയെ ഏഴല്ലൂരും മറിയത്തെ കാപ്പിലും വിവാഹം കഴിച്ചു.

3 വറുഗീസ് മത്തായിയുടെ മൂന്നാമത്തേ മകൻ ഉലഹന്നൻ തറവാട്ടിൽ താമസിക്കുന്നു. ഇയ്യാൾ കരിമണ്ണൂർ പള്ളിക്കമ്യാലിൽ

നിന്നു വിവാഹം ചെയ്തു. ഇവരുടെ 6-ാം തലമുറയിൽ ജോസഫ് എന്ന മകൻ പൈങ്ങാട്ടൂർ ഞാവരക്കാട്ടുനിന്നു വിവാഹം ചെയ്തു. റോസ. ശാന്ത, എന്ന രണ്ടു പെൺമക്കളുമുണ്ടു്. ഒരു മകൾ മിഷൻ മഠത്തിൽ ചേർന്നു.



റവ. സി. വെറോനിക്കാ.
(ഉലഹന്നൻ റോസാ)

4 വറുഗീസ് മത്തായിയുടെ നാലാമത്തെ മകൻ തോമസ്. ഇയ്യാൾ കിഴക്കേ കോതമംഗലത്തു പിച്ചാട്ടു മറിയത്തെ വിവാഹം കഴിച്ചു കാളിയാർ തോട്ടത്തിനടുത്തു താമസിക്കുന്നു. ഇയ്യാൾക്കു 6-ാം തലമുറയിൽ മത്തായി,ജോർജ്ജ് എന്ന രണ്ടു് ആൺ മക്കളുണ്ടു്. റോസ, ലെയോ, ലൂസി (കൊല്ലം മഠത്തിൽ ചേർന്നു) ലില്ലി, ജസീന്താ, മേരി, മോളി എന്ന ഏഴു പെൺമക്കൾ, ഇവരിൽ രണ്ടു പേർ മഠത്തിൽ ചേർന്നു.

റവ. സി. ലെയോ
(തോമസ് മകൾ)



5 വറുഗീസ് മത്തായിയുടെ അഞ്ചാമത്തേ മകൻ മത്തായി. ഇയ്യാൾ വാഴക്കുളം കൊവേന്തയിൽ ചേൻ്റു ആസ്തപ്പാട്ട പട്ടം കിട്ടി. രോഗബാധിതനായി 1952 മാച്ച് 21-ാംനു ചെത്തിപ്പുഴ കൊവേന്തയിൽ വച്ചു മരിച്ചു.



തലശ്ശേരിൽ മത്തായി മകൻ ബ. ഏൺണസ്റ്റ് ശെമ്മാശൻ.

| | |
|---|---|
| ജനനം | 1916 |
| സഭാപ്രവേശനം | 1938 |
| ആസ്തപ്പാട്ടപട്ടം | 1942 |
| മരണം 21-3-0- | 1952 |

II മാത്തു വറുഗീസിൻെറ രണ്ടാമത്തേ മകൻ അയിപ്പ്. ഇയ്യാൾ വിവാഹം കഴിച്ചിരുന്നതു വടകര ചാത്താംകുന്നേൽ മറിയത്തെയാണ്. ഇവർ തെന്നൂർ പടിഞ്ഞാറെക്കരയിൽ താമസിക്കുന്നു. ഇവക്കു വറുഗീസ് (കൊച്ചു) കുരിയാക്കോ, ജോസഫ് എന്ന മൂന്നു് ആൺ മക്കളും മൂന്നു പെൺമക്കളുമുണ്ടു്. 1 പെൺമക്കളിൽ മൂത്തതിനെ (മറിയം, കുഞ്ഞുപെണ്ണു) കാവന കളമ്പാട്ടേൽ കുറിയാക്കോ മകൻ വിവാഹം ചെയ്തു. ഇവക്ക് കുരിയാക്കോ, അയിപ്പ് എന്ന ആൺമക്കളും നാലു പെൺമക്കളുമുണ്ടു്. പെൺമക്കളിൽ രണ്ടുപേർ ആരാധനമഠത്തിൽ ചേന്നു.

തെന്നൂർ തലശ്ശേരിൽ കുടുംബക്കാർ

1 തലശ്ശേരിൽ പടിഞ്ഞാറെക്കര വറുഗീസ് അയിപ്പിൻെറ രണ്ടാമത്തെ മകളെ ഏഴല്ലൂർ വട്ടക്കുന്നേൽ ചാക്കോ കുഞ്ഞാപ്പു വിവാഹം ചെയ്തു. ഇവർ ഏഴല്ലൂർനിന്നു- കല്ലാനി_തെക്കുംഭാഗത്തിനുപോയി. ഇവക്ക് ആൺമക്കൾ...പെൺമക്കൾ...

പെൺമക്കളിൽ രണ്ടുപേർ മൈലക്കൊമ്പു തിരുഹൃദയമഠത്തിൽ ചേന്നു.

റവ. സി: ത്രേസ്യാ. മാഗ്ദറാറു്



റവ. സിസ്റ്റർ. ബക്കുമാൻസ
B.A. B. T.

2 വറുഗീസ് അയിപ്പിൻെറ മൂന്നാമത്തെ മകൾ ഏലിക്കുട്ടി വടകര ആരാധനമഠത്തിൽ ചേൎന്നു. 5-ാം തലമുറ.





റവ. സി. വില്ലനോവാ (അയിപ്പ ഏലി:)
റവ. സി. കുരിയാക്കോ ഡെനീസ്

പടിഞ്ഞാറക്കര വക്കി അയിപ്പിൻെറ മൂന്ന് ആൺമക്കളിൽ മൂത്ത മകൻ വറുഗീസ് (കൊച്ചു) നടവക്കാട്ടു കാട്ടൂർക്കുടിയിൽ ചാ

ക്കോ മകളെ വിവാഹം കഴിച്ചു. ഇവക്ക് ആൺമക്കൾ 4. ജോസഫ് (വിവാഹം കഴിച്ചു.) 2 റവ. ഫാ. ജെയിംസ് 3 മത്തായി, 4 ജോർജ്ജ്. 6–ാംതലമുറ.



R. Fr. James. S.J., B.A.

2. പടിഞ്ഞാറേക്കര വക്കി അയിപ്പിന്റെ രണ്ടാമത്തേ മകൻ കുരിയാക്കോ ഇലഞ്ഞി കട്ടിമററത്തിൽ ഏലിയെ വിവാഹം ചെയ്തു. ഇയ്യാൾക്കു് ആറാം തലമുറയിൽ ഉതപ്പ്, മത്തായി(കുഞ്ഞുഞ്ഞു്) എന്ന രണ്ടാൺമക്കളും മറിയം, അമ്മിണി, അന്ന(ചിന്നമ്മ) അൽഫോൻസാ എന്ന നാലു പെൺമക്കളുമുണ്ട്. ഉതുപ്പച്ചൻ ഭരണങ്ങാനത്തു തുരുത്തിയിൽനിന്നു വിവാഹം ചെയ്തു. മകൾ മറിയം വടകര ആരാധനാമഠത്തിൽ ചേന്നു.

അയിപ്പ് കുരിയാക്കോ 1953-ൽ അകാലമരണം പ്രാപിച്ചു.

3 പടിഞ്ഞാറക്കര വക്കി അയിപ്പിന്റെ 3-ാമത്തേ മകൻ ജോസഫ് B. A., B. L. ഭാര്യ കോതമംഗലം ഇലഞ്ഞിക്കൽ ചക്കുംകുടി മത്തായി മകൾ കുസുമം B. A. ഇവർ തൊടുപുഴ സ്ഥിരതാമസം.



T. J. Joseph B.A., B.L
Kusumam Joseph B.A,&M.L.A. (1957-1964)

ഇവക്കു 6-ാം തലമുറ ജോസഫ്, മത്തായി, ജോജ്ജ്, പീയൂസ്, ജോൺ, മേരി, ഗ്രേയിസി എന്ന മക്കളുണ്ട്.

**കരോട്ടെ തലയ്ക്കൽ കുടുംബം**

III മാത്തു വറുഗീസിന്റെ മൂന്നാമത്തേ മകൻ

കിഴക്കേക്കര താമസിക്കുന്ന വറുഗീസ്. ഇയ്യാൾ പോത്താനിക്കാട്ട് കുററപ്പുള്ളിൽ മത്തായെ വിവാഹം കഴിച്ചു. ഇയ്യാൾക്കു 5-ാം തലമുറക്കാരായി വക്കി, പാലോസ്, മത്തായി എന്ന മൂന്നു് ആൺമക്കളും 5 പെൺമക്കളും ഉണ്ടു്. 1 മുതലക്കുടത്തു തുറസ്സുൻ വിവാഹം ചെയ്തു മറിയം 2 കരിമണ്ണൂർ കുന്നപ്പുള്ളിൽ വിവാഹം ചെയ്തു അന്നാ 3 തെള്ളിയാങ്കൽ വിവാഹം ചെയ്തു ഏലി 4 പൈങ്ങോട്ടൂർ ആട്ടുകുഴിയിൽ വിവാഹം ചെയ്തു ത്രേസ്യ 5 മൈലക്കൊമ്പു തിരുഹൃദയമഠത്തിൽ ചേർന്ന ബ്രിജിത്താ.

റവ. സിസ്റ്റർ ഏവൻഗലിസ്റ്റ (വറുഗീസ് ബ്രിജിത്താ)

## 5–ാം തലമുറ വറുഗീസിൻെറ മൂന്നു് ആൺമക്കളുടെ വിവരങ്ങൾ

1 നടവകാട്ട പടക്കെക്കടിയിൽനിന്ന വിവാഹം ചെയ്ത വക്കിക്കു് 6–ാം തലമുറയിൽ വക്കി, മത്തായി, ജേസ്, പൗലോസു്, ചാക്കോ എന്ന ആൺ മക്കളും മത്താ, റീത്താ, ലൂസി, മേരി എന്ന പെൺമക്കളും ഉണ്ടു്. 2) പൌലോസ്. ഇയ്യാൾ രണ്ടു വിവാഹം ചെയ്തു. ആദ്യഭാര്യ കോടിക്കുളത്തു കാറ്റ്പ്പിൽ ഏലി. പൌലോസിൻെറ രണ്ടാം ഭാര്യ കരിമണ്ണൂർ കുഴിക്കാട്ടമ്യാലിൽ മറിയം ഇവരുടെ 6–ാം തലമുറ ജോർജ്ജു്, മത്തായി, ജോസഫു്, റോസി, മേരി, പൗളിൻ, ത്രേസ്യ, വൽസാ, ഫ്രാൻസീസ്കാ 3) വറുഗീസിൻെറ മൂന്നാമത്തേ മകൻ മത്തായി കരിമണ്ണൂർ അറയ്ക്കത്തോട്ടത്തിൽ റോസയെ വിവാഹം കഴിച്ചു. ഇവക്കു 6–ാം തലമുറയിൽ വറുഗീസ് ജോളി ടോമ്മി (തോമസു) സവിച്ചൻ ലൂസി, സെലിൻ, ആഗ്നസു്, മേരി, ലില്ലി, ലീലാമ്മാ എന്ന മക്കളുണ്ടു്.

### കളപ്പുരയ്ക്കൽ കുടുംബത്തിലേ 3–ാം ശാഖാ
### താഴത്തേതതലയ്ക്കൽ കുടുംബം

കളപ്പുരയ്ക്കൽ അയിപ്പിൻെറ മകൻ 2–ാം തലമുറ താഴത്തേതതലയ്ക്കൽ ഔസേപ്പു്. ഇയ്യാൾക്കു് 3–ാം തലമുറക്കാരായി രണ്ടു പെൺമക്കൾ മാത്രം. ഇവരിൽ മൂത്തയാളെ കാവന മററപ്പള്ളിൽ മാത്തുവിനെക്കൊണ്ടു വിവാഹം കഴിപ്പിച്ചു് ഇവിടെ ദെത്തു നിത്തി. ഇവർ പൂവ്വകളത്തിപറമ്പിൽ താമസിച്ചു.

രണ്ടാമത്തേ മകളെ നാഗപ്പുഴ താഴത്തുവീട്ടിൽ ചാക്കോ വിവാഹം ചെയ്തു. ഇവക്കു് അയിപ്പു്, ചാക്കോ, മത്തായി എന്ന മൂന്നു് ആൺമക്കളും നാലു പെൺമക്കളുമുണ്ടു്. ഇവരിൽ അയിപ്പു് കല്ലൂരും ചാക്കോയും മത്തായിയും നാഗപ്പുഴയും താമസിച്ചു. അയിപ്പിൻെറ പൗത്രന്മാരാണു് ബ. ഔസേപ്പച്ചനും ബ. സിറിയക്കച്ചനും

### ശ്രീ ഏ.സി. ചാക്കോ B. A. B. L. & M. L. A.

നാഗപ്പുഴ തറവാട്ടിൽ താമസിക്കുന്ന മത്തായിയുടെ മകനാണു ബ. യൗസേപ്പച്ചൻ B. A., B. T. തിരുഹൃദയമഠത്തിലേ ബ. ദെൽഫീനോ കന്യാസ്ത്രീ മകളാണു്.

താഴത്തേതലയ്ക്കൽ ദെത്തുനിന്ന മൂത്തമകൾക്കു് 4–ാംതലമുറയിൽ അന്തോനി, തോമ്മാ എന്ന ആൺമക്കളും, കൊച്ചുമൂട്ടത്തു മൂ

ന്നാർകുടിയിൽ വക്കി വിവാഹം ചെയ്ത അന്നയും- വടകോട്ട, കുട്ട ക്കാട്ട തച്ചിലേടത്തു തൊമ്മൻ വിവാഹം ചെയ്ത മറിയവും ഇങ്ങ നെ രണ്ടു പെൺമക്കളുമുണ്ട്.

ആൺമക്കൾ അന്തോനിയുടേയും തൊമ്മൻെറയും വിവരങ്ങൾ

1. അന്തോനി, പേടിക്കാട്ടുകുന്നേൽ വക്കി മകൾ റോസയെ വിവാഹം ചെയ്തു. ഇവൎക്കു ജോസഫ്, വറുഗീസ്, മത്തായി, അ ന്തോനി, കുറിയാക്കോ എന്ന അഞ്ചു് ആൺമക്കളും; മറിയം, ത്രേ സ്യാ ബ്രിജിത്താ, റോസാ എന്ന നാലു പുത്രിമാരുമുണ്ട്. റോസ മിഷനുപോയി.



അന്തോനി മകൾ സി. റോസാ.

2 രണ്ടാമത്തേ മകൻ തോമ്മാ—ഇപ്പോൾ മൂവാററുപുഴ പാല മൂട്ടിൽ മാണി മകൾ മറിയത്തെ വിവാഹം കഴിച്ചു. വറുഗീസ് എന്ന ഏകമകൻ കളത്തിക്കുടുംബത്തിൽപെട്ട നെയിശേരി പാട ത്തിൽ ചാക്കോ അയിപ്പു മകൾ ഫെലമ്മയെ വിവാഹം ചെയ്തു. കളത്തിതറവാട്ടിൽ താമസിച്ചിരുന്നു.

ഈ പൂൎവ്വതറവാട്ട് തോട്ടപുറത്തു പൈലി ജോസഫിനു് വിററു. ഇവൻ കുടുംബസഹിതം തൊട്ടപുഴ എടപ്പെട്ടിയിൽ പോയി സ്ഥലം വാങ്ങിച്ചു് അവിടെ താമസിക്കുന്നു. ഇവനു മൂ ന്നു പെണ്ണന്മാരുണ്ട്. ഇവരിൽ മൂത്തയാളെ (ഏലി) ഇഞ്ചിയൂർ പുതയത്തുമോളയിൽ ചാക്കോ വിവാഹം കഴിച്ചു. രണ്ടാമത്തെ പെണ്ണിനെ വെങ്ങല്ലൂർ, കറുകടം പുത്തൽപുരയിൻ ദേവസ്യാ വി വാഹം ചെയ്തു. മൂന്നാമത്തേയാളെ ഏനാനല്ലൂർ വെളുത്തേടത്തു പാറയിൽ മത്തായി വിവാഹം ചെയ്തു.

## പുല്ലറമ്പിൽ കുടുംബം

കളത്തി മാത്തു മൂത്തപ്പൻെറ രണ്ടാമത്തേ മകനാണു പുല്ലാമ്പിൽ വറുഗീസ്. ഇയ്യാൾക്ക മാത്തു, ഉലഹന്നൻ എന്ന രണ്ട് ആൺമക്കളും രണ്ടുപെൺമക്കളും ഉണ്ട്. പെൺമക്കളിൽ ഒരാളെ ഭരണങ്ങാനത്തു, എടമററത്തു വിവാഹം ചെയ്തു. ഇവൾ സന്താനമില്ലാതെ മരിച്ചു. രണ്ടാമത്തേ മകൾ ഏലിയെ വാഴക്കുളത്തു താണിക്കൽ വിവാഹം ചെയ്തു.

വറുഗീസിനു വീതം കിട്ടിയതാണു പുല്ലറമ്പിൽ പുരയിടവും താകരപ്പള്ളിത്താഴത്തേ നിലവും, വാഴക്കുളം കുറവൻപാടത്തു് നിലം പുരയിടങ്ങളും. ഇതിൻെറ വിസ്തീർണ്ണം ഇന്നത്തെ വാഴക്കുളം കോതമംഗലം റോഡു തുടങ്ങി, താഴെ ചന്തസ്ഥലം താഴെയുള്ള റോഡുവരെ ആയിരുന്നു—

വറുഗീസ് മക്കൾ മാത്തുവും ഉലഹന്നനും കൂടി ഈ വസ്തുക്കൾ എല്ലാം രണ്ടായി ഭാഗിച്ചെടുത്തു. മഞ്ഞള്ളൂർ പുരയിടത്തിൽ കിഴക്കുഭാഗം മാത്തുവും പടിഞ്ഞാറുഭാഗം ഉലഹന്നനും എടുത്തു. ഈ പുരയിടത്തിൻെറ തിരിവു് അനുസരിച്ച് കിഴക്കേ പുൽപറമ്പിൽ, പടിഞ്ഞാറേ പുല്ലാമ്പിൽ എന്ന പേരുകൾ ഉണ്ടായി.

### കിഴക്കേ പുല്ലറമ്പിൽ വറുഗീസ് മാത്തുവിൻെറ വിവരങ്ങൾ

ഇയ്യാൾ ആരക്കുഴ പാംകോട്ടുനിന്നു വിവാഹം കഴിച്ചു. പാംകോട്ടുകാർ, കണ്ടത്തിൽ, മീൻപൂരു, റാത്തപ്പിള്ളി, കക്കുഴി മുതലായ കുടുംബങ്ങളിൽപ്പെട്ടവരാണു്.

കിഴക്കേ പുല്ലറമ്പിൽ മാത്തുവിനു് ഔസേപ്പ് എന്ന ഏകമകനും, മറിയം എന്ന ഏകമകളും മാത്രമേ ഉണ്ടായിരുന്നൊള്ളു. ഇവരുടെ വിവരങ്ങൾ: ഏക മകൻ മറിയത്തെ ഏനാനല്ലൂർ കൊച്ചുമുട്ടത്തു മത്തായി മകൻ വക്കി വിവാഹം ചെയ്തു. തുരുത്തേൽ പുരയിടത്തിൽ താമസിച്ചു. ഇവക്ക് ഏകമകൾ മറിയം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവളെ ആയവന കാക്കനാട്ടു മത്തായി ചെറിയ വിവാഹം കഴിച്ചു ഇവിടെ ദെത്തുനിന്നു. ഈ ചെറിയാൻെറ സ്വന്തം സഹോദരനാണു കാക്കനാട്ടു ബ. മത്തായിയച്ചൻ. ഇവക്കു പൈലി, വക്കി, മത്തായി, മറിയം, ഏലി, ബ്രിജീത്ത എന്ന 6 മക്കളുണ്ടായിരുന്നു.

## ഈ ആറു മക്കളുടെ വിവരങ്ങൾ

1 മറിയത്തെ കല്ലൂക്കാട്ടു കാട്ടാംകോട്ടിൽ വിവാഹം ചെയ്തു. ഇവക്ക് അയിപ്പ്, സ്കറിയ എന്ന മക്കളുണ്ടായിരുന്നു. 2 ഏലിയെ മുതലക്കുടത്ത് ചെമ്പരുത്തിൽ വിവാഹം ചെയ്തു. ഇവക്ക് ഏക മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മ ഏലി അകാലമരണം പ്രാപിച്ചു. 3 ബ്രിജിത്തായെ ആരക്കുഴ ഓണാട്ടു മാണി വിവാഹം കഴിച്ചു.

## ആൺമക്കളുടെ വിവരങ്ങൾ

പൈലി ഏനാനല്ലൂർ തുരുത്തേൽ അമ്മയുടെ വസ്തുവിൽ താമസിച്ചു. വക്കിയും, മത്തായിയും ആയവന അയിപ്പിൻെറ വീതം വസ്തുക്കളിൽ താമസിച്ചു.

3-ാം തലമുറ പുല്ലറമ്പിൽ മാത്തു ഏക മകൻ ഔസേപ്പ്. ഇയ്യാൾ ഏനാനല്ലൂർ കൊച്ചുമുട്ടത്തു മത്തായി മകൾ ഏലിയെ വിവാഹം ചെയ്തു.

സൂചന: മാത്തുവിൻെറ ഏക മകൾ മറിയത്തെ കൊച്ചുമുട്ടത്ത് മത്തായി വക്കിയും, അവിടെനിന്നു മത്തായി ഏലിയെ പുല്ലറമ്പിൽ മാത്തു ഔസേപ്പും, പരസ്പരം വിവാഹം ചെയ്തു. ഏലിയുടെ സ്വന്തം സഹോദരന്മാരാണ് ക. നി. മൂ. സ. കൊച്ചുമുട്ടത്തു ബ. ദോമിനിക്കോസച്ചനും. ദിവ്യ ശ്രീ ബ. മത്തായി അച്ചനും.

കിഴക്കേ പുല്ലറമ്പിൽ മാത്തു ഔസേപ്പിൻെറ 4-ാം തലമുറ മക്കൾ വറുഗീസ്, ചാക്കോ, മത്തായി (ഇയ്യാൾ കാവന കളമ്പാട്ടേൽ വക്കി മകൾ ത്രേസ്യയെ വിവാഹം കഴിച്ചു. 19-ാമത്തേ വയസ്സിൽ സന്താനമില്ലാതെ, വിഷഭയമേററു് അകാലമരണം പ്രാപിച്ചു. ഭാര്യ ത്രേസ്യ കോതമംഗലത്തു ഒലിയപ്പുറത്തു പുനർ വിവാഹം ചെയ്യപ്പെട്ടു. ഇവക്കു രണ്ടാൺമക്കളുണ്ട്.) യൗസേപ്പ്. [ക. നി. മൂ. സ. ബ. ശവയ്യാരച്ചൻ] തൊമ്മൻ ഇങ്ങനെ ആൺമക്കൾ 5; നമ്പേലിൽ വിവാഹം ചെയ്ത മറിയം, കാക്കനാട്ടിൽ വിവാഹം ചെയ്ത ത്രേസ്യ, ആരക്കുഴ മഠത്തിൽ ചേന്ന ഏലി [ബ. മരിയാഞ്ചലാ ഇവൾ ഇരുപതാമത്തേ വയസ്സിൽ വാഴക്കുളം കൊവേന്തയിൽ വച്ചു ഏ. പെ. ബ. പഴേപറമ്പിൽ ളൂവീസ് മെത്രാനച്ചനിൽനിന്നു 1904 ഫെബ്രുവരി17 -ാംനു- സഭാവസ്ത്രം സ്വീകരിച്ചു. 1906 സെപ്ററംബർ 12-ാംനു- മരിച്ചു. ആരക്കുഴ പള്ളി അകത്തു ആനവാതലിനു തെക്കുവശത്തു സംസ്കരിക്കപ്പെട്ടിരിക്കുന്നു.] (എന്നു് പെൺമക്കൾ 3.)



ബ. ശവയ്യ്ാരച്ചൻ സി.എം.ഐ.
ജനനം 1888 മാർച്ച് 30
ഗുരുപ്പട്ടം 1919 ഡിസംബർ 22
മിഷൻ പ്രവത്തനങ്ങൾ പേജ് 20



ബ. ഏലി മരിയാഞ്ചല
ജനനം 1880 ജനുവരി 6
സഭാവസ്ത്രം 1904 ഫെബ്രുവരി 7
മരണം 1906 സെപ്റ്റം: 12

ഔസേപ്പ ബ. ശവയ്യ്ാരച്ചൻ C .M.I.

ഇദ്ദേഹം ഒരു തികഞ്ഞ ധ്യാനപ്രാസംഗികനാണ്. കോതമംഗലം, പാലാരൂപതകളിൽ 1960 നുമുമ്പു സ്ഥാപിതമായിട്ടുള്ള സകല പള്ളികളിലും ഒന്നും രണ്ടും കൂടുതൽ പ്രാവശ്യങ്ങളിലും, ചങ്ങനാശേരി, എറണാകുളം, തൃശ്ശൂർ, കോട്ടയം, തലശ്ശേരി, വരാപ്പുഴ, കൊച്ചി, ആലപ്പുഴ, തിരുവനന്തപുരം, കൊല്ലം വിജയപുരം, മുതലായ രൂപതകളിലെ പള്ളികളിലും, പല കന്യകാമഠങ്ങളിലും സ്കൂളുകളിലും മററുമായി 650- ളം ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. 12 ലക്ഷത്തോളം ജനങ്ങളെ പല സ്ഥലങ്ങളിലും പല കാലങ്ങളിലുമായി കുമ്പസാരിപ്പിച്ചിട്ടുണ്ട്. ഈ 1965-ലും 77-ാമത്തെ വയസ്സിലും ധ്യാനങ്ങൾ നടത്തുന്നതിനും നീണ്ട കുമ്പ

സാരം കേൾക്കുന്നതിനും യാതൊരു ക്ഷീണവും മനസ്സുകേടുമില്ല. ഇദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഭീമഭാഗവും ധ്യനം കുമ്പസാരം മുതലായവ നടത്തുന്നതിനാണു വിനിയോഗിച്ചിരിക്കുന്നതു്.

ചങ്ങനാശ്ശേരിമെത്രാപ്പോലിത്താ, മാർ മാത്യു കാവുക്കാട്ട തിരുമനസ്സുകൊണ്ടു് ഇദ്ദേഹത്തെ, യാതൊരു പള്ളിയും വൈദികരും ഇല്ലാത്തതും ധാരാളം പുതുവൻ പ്രവേശനക്കാരു പുതുതായി പ്രവേശിച്ചിട്ടുള്ളതുമായ പീരുമേട്ട താലൂക്കിൽ, പെരിയാർ തുടങ്ങി ഉട്ടംബംചോല കല്ലാർ വരെ ഏകദേശം 50 മൈലിനിടയ്ക്കുള്ള ജനങ്ങളുടെ ആത്മകാര്യങ്ങൾ നടത്തിക്കൊടുക്കുന്നതിനു സഭാധികാരികളുടെ അനുവാദത്തോടുകൂടെ അയച്ചു. ഇദ്ദേഹം ഏകനായി ഫോറസ്റ്റുകാരുടേയും പാണ്ടിക്കാരുടേയും കാട്ടാന കാട്ടുമൃഗങ്ങളുടേയും ഉപദ്രവങ്ങൾ സഹിച്ചു് അഞ്ച്യവർഷംകൊണ്ടു് 9 പള്ളികളും, 3 സ്കൂളുകളും, 2 കന്യകാമഠങ്ങളും ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ സ്ഥാപിച്ചിട്ടുണ്ടു്.

യാതൊരു പ്രതിഫലവും, ശമ്പളവും കൂടാതെയാണു് ഇദ്ദേഹം മിഷൻ പ്രവത്തനങ്ങൾ നടത്തിയിരുന്നതു്. ഇദ്ദേഹത്തിനു കിട്ടിയിരുന്ന കുർബ്ബാനധമ്മവും, പള്ളിവരുമാനങ്ങളുമെല്ലാം മിഷൻ പ്രവത്തനങ്ങൾക്കായി ചിലവാക്കിയിരുന്നു. പുതുവൽപ്രവേശനക്കാർക്കു ധനാഗമമാർഗ്ഗം വളരെ തുച്ഛമായിരുന്നു. അവരുടെ ചെററപ്പുരകളിൽ താമസിച്ചും, അവരുടെ ദരിദ്രമായ ഭക്ഷണം അനുഭവിച്ചുമാണു് ഇദ്ദേഹം പള്ളികൾ സ്കൂളുകൾ മുതലായവ സ്ഥാപിച്ചതു്. ചങ്ങനാശ്ശേരി, കോതമംഗലം മെത്രാന്മാർ ഇദ്ദേഹത്തെ സംരക്ഷിച്ചിരുന്നു.

പാലാമ്പടം ഈപ്പൻ തോമസു്, കൊല്ലംകുളംകാർ എല്ലാവരും പ്രത്യേകിച്ചു് ഇട്ടിരാച്ചനും പള്ളിപാറുക്കൽക്കാരും പൊട്ടംകുളംകാരും ഉള്ളഴിഞ്ഞു് ഇദ്ദേഹത്തെ സഹായിച്ചിരുന്നു. കാഞ്ഞിരപ്പള്ളി, പൊൻകുന്നം, കുട്ടിക്കൽ, കപ്പാട്ടു്, മുണ്ടക്കയം, ചങ്ങനാശ്ശേരി, ആലപ്പുഴ, പാലാ, ഭരണങ്ങാനം, അറക്കുളം മുതലായസ്ഥലങ്ങളിൽനിന്നു ഗണ്യമായ തുക പിരിഞ്ഞുകിട്ടിയിട്ടുണ്ടു്. ആലപ്പുഴ വാഴത്തോപ്പിൽ ഔസേപ്പച്ചൻ 3000 രൂപ കൊടുത്തു. ഇങ്ങിനെ പല സ്ഥലങ്ങളിലും ഇടവകകളിലും നിന്നു രണ്ടായിരത്തിനാനൂറോളം രൂപ സംഭാവനയായി കിട്ടിയിട്ടുണ്ടു്. ഈ സംഭാവനത്തുകകളും മെത്രാന്മാരുടെ സഹായധനങ്ങളും കൊണ്ടാണു് ഈ 9 പള്ളികളും മൂന്നു പള്ളിക്കൂടങ്ങളും, ആദ്യം ഷെഡ്ഡുകളായും പിന്നീടു നല്ല കെട്ടിടങ്ങളായും പണിയിച്ചതു്. ശ്രീ. കെ. ആർ

ശങ്കർ എന്ന ഒരു ഈഴവധനാഢ്യന്റെ വകയായി പെരിയാർതുട ങ്ങി മൂന്നാർവരെ പല ബസ്സുകൾ ഓട്ടുന്നുണ്ടായിരുന്നു. പാണ്ടി യിൽനിന്നും രണ്ടായിരത്തിൽ പരം രൂപ സംഭാവന കിട്ടി.

കൂട്ടിക്കൽ (പൂച്ചകല്ലു) പൊട്ടംകുളം കറിയാ പാപ്പച്ചൻ വ ണ്ടൻമേട്ടിൽ ഒരു പള്ളി സ്വന്തം ചിലവിൽ സ്വന്തം സ്ഥലത്തു പ ണിയിച്ചു, ചങ്ങനാശേരി മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു സംഭാവന ചെയ്തു. ആ പള്ളി ഒരു കോവേന്ത സ്ഥാപനത്തിനാ യി വന്ദ്യതിരുമേനി വിട്ടുതന്നു. ബ. ശവയ്യാരച്ചൻ യാതൊരു പ്രതിഫലവും കൂടാതെ പീരുമേട്ടിലേ ആനക്കാട്ടിൽ മിഷൻപ്രവ ർത്തനങ്ങൾ നടത്തിയതിനു് ഒരു നന്ദിയായിട്ടുകൂടെയാണു തിരുമേ നി വണ്ടന്മേട്ടു പള്ളി സഭയ്ക്കു വിട്ടുതന്നതു്.

1950 തുടങ്ങി 1957 വരെയായിരുന്നു ബ. ശവയ്യാരച്ചന്റെ പീരുമേട്ട മിഷൻ പ്രവർത്തനങ്ങൾ

1957 ജൂൺമാസത്തിൽ ബ. ശവയ്യാരച്ചൻ വന്ദ്യപിതാവിന്റെ അനുവാദത്തോടുകൂടി പീരുമേട്ടമിഷൻ ഇടവകവൈദികരെ ഏല്പി ച്ചിട്ടു വാഴക്കുളം കൊവേന്തയിൽ വന്നു വിശ്രമിക്കുമ്പോൾ, കോത മംഗലം മെത്രാൻ മാർ മാത്യു പോത്തനാമൂഴി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ നടവക്കാട്ടു കടവൂർപള്ളി വികാരിയായി നിയമിച്ചു. കുഴഞ്ഞു മറിഞ്ഞു കിടന്നിരുന്ന സിമിത്തേരി കേസ്സുകൾക്കും 12 കൊല്ലമായി നിലവിലിരുന്നിരുന്ന ശവസംസ്കാരനിരോധനത്തി നും മുൻ ബ. വികാരിമാരുടേയും, ഇടവകയോഗക്കാരുടേയും ,കൈ ക്കാരന്മാരുടേയുംമററും സഹായസഹകരണങ്ങൾകൊണ്ടും, വന്ദ്യ പിതാവിന്റെ പ്രത്യേക നിർദ്ദേശങ്ങൾകൊണ്ടും, ദൈവാനുഗ്രഹം കൊണ്ടും എല്ലാം പള്ളിക്കനുകൂലമായ സക്കാർ വിധിയുണ്ടായി. കേസ്സുകൾ എല്ലാം തീന്നപ്പോൾ ജോലി പിതാവിന്റെ അനുവാദ ത്തോടുകൂടി രാജിവെച്ചു 72-ാം വയസ്സിൽ വാഴക്കുളത്തേക്കു പോ ന്നു. അരമനയിൽചെന്നു യാത്രപറഞ്ഞു പോന്നപ്പോൾ മെത്രാന ച്ചന് തിരുമനസ്സുംകൊണ്ടു തന്ന ഒരു സാക്ഷിപത്രം താഴെചേക്കുന്നു.

Bishop's House, Kothamangalam,
24-3-1960.

From

The Vicar General,
Diocese of Kothamangalam.
Bishop's House KOTHAMANGALAM,

To

The S H. Provincial,
Kalamassery. Alwaye.

......................In this connection we are happy to inform you that Rev. Fr. Xavier was doing wonderful work at Kadavur church. This Diocese. especially His Lordship will be grateful to the Carmelite Congregation for lending the services of such a bold and zealous priest who in his old age did wonders there.

With kind rewards,
Yours, devotedly.
(Sd.)
(True copy)

Fr. Francis Sales C. M. I.
Provincial.
4-10-'60.

കിഴക്കേപ്പുറമ്പിൽ മാത്യു ഔസേപ്പിന്റെ മക്കളിൽ ബ. ശൗര്യാരച്ചൻ സി. എം. ഐ യെക്കുറിച്ചും ബ. സി. മരിയാഞ്ചലാ (ഏലി)യെക്കുറിച്ചും വിവരിച്ചുകഴിഞ്ഞു. ഇനി ഔസേപ്പിന്റെ മറ്റു മക്കളെക്കുറിച്ചാണു പറയുന്നതു്.

1. മൂത്ത മകൻ ഔസേപ്പു വർഗീസ്. ഇയ്യാൾ ആരക്കുഴ മാതേക്കൽ ചാക്കോ ത്രേസ്യായെ വിവാഹം കഴിച്ചു കല്ലൂർക്കാട്ടു കീരമ്പാറ താമസിച്ചു. ഇവർക്കു് ഔസേപ്പ്, ചാക്കോ, വർക്കി (ബ. മക്കോറസച്ചൻ സി. എം. ഐ. മത്തായി(ബ. മാർസൽ അച്ചൻ സി. എം. ഐ. എം. എ.) ഡൊമനിക്കു് എന്നഅഞ്ചു് ആൺമക്കളും മറിയം, ഏലി, അന്നാം, കുഞ്ഞുപെണ്ണു്, മോനി, ഫ്ലമേന(ബ സി. ദൊരോത്തി) എന്ന ആറു പെൺമക്കളുമുണ്ടു്.

## ഇവരുടെ വിവർങ്ങൾ

1- മൂത്ത മകൻ വറുഗീസ് കുഞ്ഞൗസേപ്പ് - ഇയ്യാൾ കുറുപ്പാമറ്റത്തിൽ കുറിയാക്കോ മകൾ ബ്രിജീത്തായെ വിവാഹം കഴിച്ചു തിരണ്ടിക്കോട്ടിൽ താമസിക്കുന്നു.

ഇയ്യാൾക്ക് ആറാം തലമുറ 1- കുഞ്ഞായിപ്പ്- ഇയ്യാൾ അരിക്കുഴ കഴിക്കച്ചാലിൽ ബ്രിജിത്തായെ വിവാഹം കഴിച്ചു, മലബാർ കെല്ലൂരിൽ താമസിക്കുന്നു. ഇയ്യാൾക്കു 6-ാം തലമുറ മേരി, ബ്രിജിറ്റ് ജോസ്, കൊച്ചുത്രേസ്യാ, ടോമ്മി, ജോർജ്ജ്, ജസീന്താ എന്ന മക്കളുണ്ട്. രണ്ടാമത്തെ മകൻ കുറിയാക്കോ- ഇയ്യാൾ കല്ലൂക്കാട്ടു കാരക്കുന്നേൽനിന്നു വിവാഹം കഴിച്ചു. ഇവളുടെ മാതാപിതാക്കന്മാർക്ക് ഇവൾ ഏക സന്താനമായിരുന്നു. ഇതിനാൽ ടി കുറിയാക്കോ കാരക്കുന്നേൽ ദത്തുനിന്നു. കാരക്കുന്നേൽക്കാരു കല്ലൂക്കാട്ടെ വസ്തുക്കൾ വിററു കീരമ്പാറ വസ്തുക്കൾ വാങ്ങിച്ചു. ഇവർ എല്ലാവരുംകൂടി ഇവിടെ സ്ഥിരതാമസമായി. ഇവർക്കു ജോർജ്ജ് ജോസഫ്, ഫ്രാൻസീസ് എന്ന മൂന്ന് ആൺമക്കൾമാത്രമേയുള്ളു. ഇവരിൽ ജോർജ്ജ് 1965 ജൂൺ മാസത്തിൽ കോതമംഗലം മൈനർസെമിനാരിയിൽ ചേർന്നു. കുഞ്ഞൗസേപ്പിന്റെ 3-ാമത്തെമകൻ കുഞ്ഞുവർക്കി 6-ാം തലമുറ നാഗപ്പുഴ നെടുങ്കല്ലേൽ മേരിയെ വിവാഹം ചെയ്തു. മലബാർ കെല്ലൂർ എന്ന സ്ഥലത്തു താമസിക്കുന്നു. ഇവരുടെ 7-ാം തലമുറ മക്കൾ ബ്രിജിററ്, മേരി, ജോസ്, കൊച്ചുത്രേസ്യ. കുഞ്ഞൗസേപ്പിന്റെ 4-ാമത്തെ മകൻ കുഞ്ഞുമത്തായി 6-ാം തലമുറ കപ്യാരുമലയിൽ കുഞ്ഞുവർഗീസ് മകളെ [റോസിലി] വിവാഹം കഴിച്ചു മലബാറിൽ കെല്ലൂർ എന്ന സ്ഥലത്തു താമസിക്കുന്നു. ഇവരുടെ 7-ാംതലമുറ മക്കൾ ജോസ്, എബ്രാഹം, ജോർജ്ജ്, മേരി. ഫ്രാൻസിസ്.



ഔസേപ്പ കുന്നിതൊമ്മന് B. A. B. T. ഭാര്യ കുഞ്ഞമ്മ M.A.

തിരണ്ടിക്കോട്ടിൽ കുഞ്ഞൗസേപ്പിന്റെ 5-ാമത്തെ മകൻ 6-ാം തലമുറ കുഞ്ഞിത്തൊമ്മൻ. ഇയ്യാൾ ബി. എ. ബി. റ്റി. പാസ്സായി കോതമംഗലത്തു നെല്ലിമറ്റത്തു് ഇലഞ്ഞിക്കൽ വാലെൽനിന്ന കുഞ്ഞമ്മ(റോസിലി എം..എ.)യെ വിവാഹം കഴിച്ചു. ഇരുവരും ബോംബെയിൽ സ്കൂൾ ജോലി നോക്കുന്നു. ഇവർക്ക് 7-ാം തലമുറയിൽ കുഞ്ഞുമോൻ [ജോസഫ്] എന്ന ഒരു ആൺകുട്ടിയുണ്ട്.

കുഞ്ഞൗസേപ്പിന്റെ അഞ്ചാമത്തെ മകൻ മാനുവൽ മെക്കാനിക്കൽ എൻജിനിയർ.

കുഞ്ഞൗസേപ്പിന്റെ ഇളയ മകൻ ആഗസ്തി 6-ാം തലമുറ. ഇയാൾ നാഗപ്പുഴ പാറേക്കാട്ടിൽനിന്ന മേരിയെ വിവാഹം കഴിച്ചു തിരണ്ടിക്കോട്ട തറവാട്ടിൽ താമസിക്കുന്നു. ഇവരുടെ 7-ാം തലമുറ ജോർജ്, ബ്രിജിററു്, ജോസ് ഇവർ തിരണ്ടിക്കോട്ടിൽ താമസിക്കുന്നു. കുഞ്ഞൗസേപ്പിനു പെൺമക്കൾ 3. മൂത്ത മകൾ ഏലിയെ തഴവംകുന്നത്തു് അറയ്ക്കൽ വിവാഹം ചെയ്തു. ഇവർക്കു 7-ാം തലമുറയിൽ ജോസ്, മേരി, ബ്രിജിററു്, കൊച്ചുത്രസ്യാ, ജസീന്ത എന്ന മക്കളുണ്ട്. രണ്ടാമത്തെ മകൾ ത്രേസ്യയെ പൈങ്ങോട്ടൂർ നെട്ടംകല്ലേൽ വിവാഹം ചെയ്തു. ഇവർക്കു 6 ാം തലമുറ ജോസ്, ജേക്കബ്, ഏലി, ലൂസി എന്ന മക്കൾ. മൂന്നാമത്തെ മകൾ പ്ലമ്മേന 6-ാം തലമുറ വാഴക്കുളം മഠത്തിൽ ചേർന്നു.



റവ. സി. പെരഗ്രീൻ

[പ്ലമ്മേന]

കീരമ്പാറ താമസിക്കുന്ന ഔസേപ്പു വർഗീസിന്റെ അഞ്ചു് ആൺമക്കളിൽ രണ്ടാമൻ വർഗീസ് കുഞ്ഞാക്കോ-ഇയാൾ കപ്പൂർക്കാട്ടുമോളത്തു താമസിക്കുന്ന കളപ്പുര മത്തായി മാന്നിയുടെ മകളെ വിവാഹം കഴിച്ചു. ഇവർ തിരണ്ടിക്കോട്ട പടിഞ്ഞാറെക്കര താമസിച്ചു. ആ സ്ഥലം പിന്നീട്ട കാരക്കുന്നേൽക്കാർക്കു വിററശേഷം വെളിയൽചാലിൽ നിലംപുരയിടങ്ങൾ വാങ്ങി അവിടെ താ

മസിക്കുന്നു. ഇവർക്കു രണ്ടാൺമക്കളും നാലു പെൺമക്കളുമുണ്ട്. ആൺമക്കളിൽ മൂത്ത വർക്കി 6-ാം തലമുറ പോത്താനിക്കാട്ടു തോപ്പിൽനിന്നു വിവാഹം കഴിച്ചു. ഇവരുടെ 7-ാം തലമുറ ഒരു മകൾ റോസ. രണ്ടാമത്തേ മകൻ സേവ്യർ 6-ാം തലമുറ പഠിക്കുന്നു.

ചാക്കോയുടെ (6ാം തലമുറ) നാലു പെൺമക്കളുടെ വിവരങ്ങൾ. മൂത്തമകളെ പോത്താനിക്കാട്ടു കൂറപ്പള്ളിൽ വിവാഹം കഴിച്ചു. രണ്ടാമത്തേയും. മൂന്നാമത്തേയും പെൺമക്കൾ അറക്കുളത്തു മൂലമറ്റം തിരുഹൃദയമഠത്തിൽ ചേർന്നു. നാലാമത്തേ മകൾ പഠിക്കുന്നു.



സി. മേരിക്കുട്ടി സി. ഏലിക്കുട്ടി



കീരമ്പാറത്താമസിക്കുന്ന ഔസേപ്പു വർഗീസിൻെറ ഇളയമകൻ ഡോമിനിക്ക്- ഇയാൾ പൈങ്ങോട്ടൂർ ആട്ടകുഴിയിൽ അന്നമ്മയെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിക്കുന്നു. ഇയാൾക്കു രണ്ടാൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. മൂത്ത മകൾ ത്രേസ്യാ വാഴക്കുളം മഠത്തിൽ ചേർന്നു. ഡൊമിനിക്കിന്റെ രണ്ടു് ആൺമക്കൾ ജോസ്, ഫ്രാൻസിസ്. രണ്ടു പെൺമക്കൾ പഠിക്കുന്നു.

റവ. സി. ഫെസ്റ്റീനാ (ഡോമനിക്ക് ത്രേസ്യാക്കുട്ടി)



കിഴമ്പാറ താമസിക്കുന്ന ഔസേപ്പ് വർഗീസിൻെറ [illegible]-ാംതലമുറ രണ്ടുമക്കൾ കുഞ്ഞവക്കി (മർക്കോസച്ചൻ C. M. I.) കുഞ്ഞുമത്തായി (മാർസൽ അച്ചൻ C. M. I. M..A) കൊവേന്തയിലും പ്ലമേന [റവ. സി. ഡൊറോത്തി T.O.C. D.] കൂനമ്മാവു മഠത്തിലും ചേന്നു.

റവ. ഫാ. മാർക്കു്

ജനനം 26-2-1909

ഗുരുപ്പട്ടം 3-6-1939

പൗരോഹിത്യ സിൽവർ

ജൂബിലി 3-6-1964



റവ. ഫാ. മാർസൽ

ജനനം 11-2-1911

ഗുരുപട്ടം 3-6-1939

സിൽവർ ജൂബിലി

3-6-1964

ഇറാക്ക കാലഡിയിൽ പ

ത്രിയാക്കേറ്റ സെമിനാരി

റെക്ടർ

[പൗരോഹിത്യ സിൽവർ

ജൂബിലി]

പുതിയ കുർബ്ബാന കാപ്പ

ധരിച്ചു ചൊല്ലുന്നു.





റവ. സി. ദൊരേത്തി

ജനനം 11-2-1919

സഭാവസ്ത്രസ്വീകരണം

24-11-19:6

മരണം 18-1-1648

കീരമ്പാറ താമസിക്കും പുൽപ്പറവിൽ ഔസേപ്പു മകൻ വർഗീസിന്റെ പെൺമക്കൾ 6.

1. മൂത്തമകൾ മറിയാമ്മയെ (5-ാംതലമുറ) കാവക്കാട്ട പിച്ചാപ്പിള്ളിൽ മത്തായി വിവാഹം കഴിച്ചു. ഇവർക്ക നാല്ല് ആൺമക്കളും 6-ാംതലമുറ മൂന്നുപെൺമക്കളുമുണ്ട്. മൂത്തമകളെ വാഴക്കുളത്തു് ആനിക്കോട്ടിൽ മത്തായി വിവാഹം ചെയ്തു.

ഒരു മകൾ മാർത്താണ്ഡം മഠത്തിൽ മർസലിന



മൂന്നാമത്തെ മകൾ തൃശ്ശൂർ

തിരുക്കുടുംബ മഠത്തിൽ ചേന്നു.

റവ. സി. റെമ്മി

മകൻ ജോൺ 6-ാം തലമുറ വാഴക്കുളം
കൊവേന്തയിൽ ചേന്നു. (1965)

പിച്ചാപ്പിള്ളി മത്തായി മറിയാമ്മയുടെ ആൺ മക്കൾ–കുഞ്ഞു്, വറുഗീസ്, പൈലി B. A. B. T., കുറിയാക്കോ—

കുഞ്ഞിന്റെ മകൻ വാഴക്കുളം
കൊവേന്തയിൽ ചേന്നു. 1965

2-ാമത്തെ മകൾ കൊച്ചേലി 5-ാം തലമുറ, ഇവളെ പോത്താനിക്കാട്ടു് ഏനാനിക്കൽ വക്കി പൈലോ വിവാഹം കഴിച്ചു. ഇവർ കുരംകുന്നേൽ താമസിക്കുന്നു. ഇവർക്ക വക്കി B. A. B. T. മത്തായി, ഔസേപ്പ് എന്ന നാലാൺമക്കളും മൂന്നു പെൺമക്കളും. രണ്ടു പെൺമക്കൾ തൃശ്ശൂർ തിരുക്കുടുംബമഠത്തിൽ ചേന്നു.



റവ. സി. ബെനേനാ, റവ. സി. മാവുത്രസ്

3-ാമത്തെ മകൾ അന്നമ്മ 5-ാം തലമുറ ഇവളെ നാഗപ്പുഴ തഴവംകുന്നിൽ റാത്തപ്പിള്ളി മത്തായി വിവാഹം കഴിച്ചു. ഇവർക്കു രണ്ടാൺ മക്കളും ചെമ്പരത്തിക്കൽ വിവാഹം ചെയ്തു ഒരു മകളുമുണ്ട്.

4-ാമത്തെ മകൾ മോനിയെ(5-ാംതലമുറ) തഴവംകുന്നത്തു റാത്തപ്പിള്ളിൽ തൊമ്മൻ വിവാഹം ചെയ്തു. ഇവരുടെ രണ്ടുമക്കൾ അദ്ധ്യാപകരാണു്.

5-ാമത്തെ മകൾ കുഞ്ഞുപെണ്ണു് (ത്രേസ്യാ)5-ാംതലമുറ കല്ലൂർക്കാട്ടു മോളത്തു കളപ്പുരയിൽ മാണി അഗസ്തി വിവാഹം കഴിച്ചു. കലയന്താനിയിൽ താമസിക്കുന്നു —ഇവർക്കു് 6-ാംതലമുറയിൽ മൂന്നാൺമക്കളും(മാണി, വക്കി, മാർസൽ) മൂന്നു പെൺമക്കളുമുണ്ടു്. മകൻ വർഗീസ് വാഴക്കുളം കൊവേന്തയിൽ ചേർന്നു. രണ്ടു പെൺമക്കൾ മിഷനു പോയി. (ബ്ളോക്കു് പേജ് 33, 34) 6-ാമത്തെ മകൾ വർഗീസ് പ്ലൂമേന കൂനമ്മാവു മഠത്തിൽചേർന്നു. [ബ്ളോക്കു് പേജ് 79]

മഞ്ഞള്ളൂർ കിഴക്കേ പുല്പറമ്പിൽ താമസിച്ച മാത്തു ഔസേപ്പിന്റെ രണ്ടാമത്തെ മകൻ ഔസേപ്പു ചാക്കോ രണ്ടു വിവാഹം ചെയ്തു. ആദ്യത്തെ ഭാര്യ കിഴക്കെ കാര്യാത്തുമലയിൽ അയിപ്പു ത്രേസ്യാ. ഇവർ വിവാഹം കഴിഞ്ഞശേഷം വാഴക്കുളം കുറ്റം പാടം പുരയിടത്തിലേക്കു മാറി താമസിച്ചു. ഇവർക്കു പല കുട്ടികൾ ഉണ്ടായെങ്കിലും എല്ലാവരും മരിച്ചു. കുഞ്ഞുവർഗീസു മാത്രം ജീവിച്ചു. 1904 ഫെബ്രുവരി 6-ാം തീയതി ത്രേസ്യായും മരിച്ചു.

ഏക മകൻ കുഞ്ഞുവർഗീസ് [5-ാം തലമുറ]-ഇയാൾ ആരക്കുഴ മാതേക്കൽ[കോണെക്കല്ലുങ്കൽ ] പത്രോസ് റോസയെ വിവാഹം കഴിച്ചു. ഇവളുടെ സഹോദരന്മാരാണ തോമസ് മാതേക്കൽ B. A. B. T.യും റവ. ഫാ. മാത്യു മാതേക്കലും.

ഇവരുടെ ആൺമക്കൾ 4. 1-ചാക്കോ കല്ലൂർക്കാട്ട് ആശുപത്രിയിൽ എക്സ്റേ ജോലിചെയ്യുന്നു. ഇയാൾ ഏഴല്ലൂർ താന്നിക്കൽ ഏലിശ്വായെ വിവാഹം കഴിച്ചു. ഇവൾക്ക 7-ാം തലമുറ അലോഷ്യസ്, ബെയിസിൻ—എന്ന കുട്ടികൾ ഉണ്ട്.

2. ജോസ് 6-ാം തലമുറ കല്ലൂർക്കാട്ട നെട്ടംകല്ലേൽ മേരിയെ വിവാഹം കഴിച്ചു നട്ടക്കുടിപറമ്പിൽ താമസിക്കുന്നു. ഇവൾക്ക 7-ാം തലമുറ- ജോർജ്ജ്, റോസിലി, സ്റ്റെല്ലമരിയ, റീത്താ എന്ന മക്കൾ ഉണ്ട്. 3. പീററർ 6-ാം തലമുറ T. T. C. പാസ്സായി അദ്ധ്യാപകജോലി നോക്കുന്നു. 4. തോമ്മസ് 6-ാംതലമുറ T. T.C .യ്ക്കു പഠിക്കുന്നു.

കുഞ്ഞു വർഗീസിൻെറ പെൺ മക്കൾ-6

1. ത്രേസ്യാ ഇവളെ കരിമണ്ണൂർ അത്തിക്കൽ ജോസഫ് വിവാഹം കഴിച്ചു.—ഇവരുടെ മകളാണ റവ. സി. ജോസഫ് ക്രസ്റ്റീനാ(നാൻസി).



മൂന്നു മക്കൾ കന്യാസ്ത്രീകൾ റവ. സിസ്റ്റേഴ്സ് ബ്രിജിററ്, പയസ്, ജയിംസ്

റവ. സി. ബ്രിജിററ്

(മോനിക്ക)

M. A. L. T.

റവ. സി. പയസ് (ഏലമ്മ)

മറിയക്കുട്ടി— നാഗപ്പുഴ തൈമറ്റത്തിൽ വിവാഹം കഴിച്ചു—ഇവർക്കു 7-ാമതലമുറ ജോർജ്ജ്, ജെയിംസ്, റോസാ........



റവ. സി. ജയിംസ്
(സിസിലി)



റവ. സി. നാൻസി

വാഴക്കുളത്തു താമസിച്ച ഔസേപ്പുചാക്കോ പുനർ വിവാഹം കഴിച്ചതു പാലാ മുണ്ടാങ്കൽ കൊട്ടാരത്തിൽ കുര്യയിപ്പു മകൾ മാമ്മി(മോനി)യെയാണ്. ഇവർക്കു പുനർവിവാഹത്തിൽ കുറിയാക്കോകുഞ്ഞാപ്പ, മറിയം, ഏലി(കുട്ടി) എന്ന മക്കളുണ്ട്.

ഇവരുടെ വിവരങ്ങൾ

പുല്ലാമ്പിൽ(മല നിരപ്പേൽ) ചാക്കോകുറിയാക്കോ—കുടുംബം.

ചാക്കോ കുറിയാക്കോ— രണ്ടു വിവാഹം കഴിച്ചു. ആദ്യ ഭാര്യ ആരക്കുഴ മാതേക്കൽ വക്കി മകൾ മറിയാമ്മ. (1923) ഇവർക്കു നാലു ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. ഇവരിൽ രണ്ടുപേർ ഈശോസഭയിലും രണ്ടു പെൺ മക്കൾ ഇടക്കുന്നി മഠത്തിലുമുണ്ട്. രണ്ടുപേർ വിവാഹം കഴിച്ചു. ഒരാൾ വീട്ടിൽ.

കുറിയാക്കോയുടെ ആദ്യകുടി മക്കളുടെ വിവരങ്ങൾ

1. മൂത്തമകൻ ജോർജ്ജ് ഈശോസഭയിൽ ചേർന്നു 1962-ൽ ഗുരുപ്പട്ടമേററു. 1962 ഏപ്രിൽ മാസത്തിൽ കല്ലൂർക്കാട്ട് ഇടവകയിൽ നവപൂജയർപ്പിച്ചു. സംബന്ധക്കാർ, വീട്ടുകാർ, നാട്ടുകാർ എല്ലാവരും ആദ്യകുർബാനയിലും വീട്ടിൽ നടത്തിയ സൽക്കാരത്തിലും പങ്കുകൊണ്ടു. പല വൈദികരും ശെമ്മാശന്മാരും, സ്വന്തം പെങ്ങന്മാരും സംബന്ധക്കാരുമായ പല കന്യാസ്ത്രീകളും സംബന്ധിച്ചിരുന്നു.





റവ: ഫാദർ ജോർജ്ജ് S. J. റവ: ജോൺ S. J.

ജനനം 1929 ജനനം 1945
ഗുരുപ്പട്ടം 1962 സഭാവസ്ത്രസ്വീകരണം 1965

രണ്ടാമത്തെ മകൻ ചാക്കോ. ഇവൻ ജർമ്മനിയിൽ മെഡിക്കൽ കോളേജിൽ ചേർന്നു 1958—1964പഠിച്ചു ഉയർന്ന മെഡിക്കൽ ഡിഗ്രി കരസ്ഥമാക്കി ജർമ്മനിയിൽനിന്നുതന്നെ മെഡിക്കൽ പരീക്ഷപാസ്സായ ഒരു കത്തോലിക്കാവനിതയെ നിയമപ്രകാരം വിവാഹം കഴിച്ചു. ഇരുവരും തല്ക്കാലം ജർമ്മനിയിൽ ആശുപത്രിജോലി നോക്കുന്നു.

ഇവർക്ക് 7–ാം തലമുറ ഒരു പെൺകുട്ടിയുണ്ട്.

3. കുറിയാക്കോയുടെ 3-ാമത്തേ മകൻ ജോസ് വീട്ടിൽ താമസിക്കുന്നു.

4. കുറിയാക്കോയുടെ നാലാമത്തെ മകൻ ജോണി. ഈശോസഭയിൽചേർന്നു പഠിക്കുന്നു.

ചാക്കോ കുറിയാക്കോയുടെ പെൺമക്കളുടെ വിവരങ്ങൾ

1. മൂത്തമകൾ മോനിക്കാ (റവ: സിസ്റ്റർ ജമ്മാ) 2. മറിയക്കുട്ടി(റവ: സിസ്റ്റർ ലിനിയാ) എടക്കുന്നി മഠത്തിൽചേർന്നു.

3. ഇളയമകൾ ആഗ്നസിനെ മോളത്തു കളപ്പുരക്കൽ മാണി മാണി വിവാഹം കഴിച്ചു.



ഡോ. ചാക്കോ മാർഗരററ്

ഡോ. കുറിയാക്കോ ചാക്കോ

കുറിയാക്കോയുടെ മക്കൾ രണ്ടു കന്യാസ്ത്രീകൾ



റവ.സി. ലിസിയാ (മറിയക്കുട്ടി കുറിയാക്കോസ്)
റവ. സി. ജമ്മാ (മോനിക്കാ കുറിയാക്കോസ്)

കുറിയാക്കോ മറിയാമ്മ 1947 ജൂലായി 26-ാം തിയ്യതി ശനിയാഴ്ച സന്ധ്യകഴിഞ്ഞു് 7 മണിക്കു, തന്റെ സ്നേഹഭർത്താവിനേയും തന്റെ സ്നേഹഭാജനങ്ങളായ ഏഴ് അരുമസന്താനങ്ങളേയും അ

ത്യഗാധദുഃഖസാഗരത്തിൽ നിമഗ്നരാക്കിക്കൊണ്ട് ഭാഗ്യമരണം പ്രാപിച്ചു. ഈ മക്കൾ 7 പേരും വളരെ സുഖത്തിലും സന്തോഷത്തിലും, നല്ല നിലയിലും സ്ഥിതിയിലും ജീവിക്കുന്നു.

കുറിയാക്കോയുടെ പുനർ വിവാഹം

കാഞ്ഞിരപ്പള്ളി വാഴൂർ ചെങ്കല്ലേപള്ളി ഇടവക ചെമ്പകശ്ശേരി കുര്യൻ മകൾ ഏലിക്കുട്ടിയെ വിവാഹംകഴിച്ചു. 1949-ൽ ഇവളെ ഭരണങ്ങാനം മററത്തിലാണ് ആദ്യവിവാഹം കഴിച്ചിരുന്നതു്. ഈ വിവാഹത്തിൽ ഒരു മകനും ഒരു മകളും ഉണ്ട്. പുനർ വിവാഹത്തിൽ ജോയി എന്ന മകൻ ഉണ്ട്. ഇവൾ ഭർത്താവിൻെറ ആദ്യകുടി മക്കളെ മാതൃഹൃദയത്തോടുകൂടെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.

വാഴക്കുളത്തുള്ള കുററൻപാടത്തു പുരയിടത്തിൽ താമസിച്ച പുല്പറമ്പിൽ ഔസേപ്പു ചാക്കോയുടെ ഇളയമകൻ കുഞ്ഞാപ്പു വാഴക്കുളം തറവാട്ടിൽ താമസിച്ചു. ഇയ്യാൾ കോതമംഗലത്തു മലയിൻകീഴ് ഒലിയപ്പുറത്തു മാണി മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇയ്യാൾ വാഴക്കുളത്തു തനിക്ക് അവകാശമായി കിട്ടിയ നിലം പുരയിടങ്ങൾ മഞ്ഞള്ളൂരും കല്ലൂർക്കാട്ടും താമസിച്ചിരുന്ന പുൽപ്പറമ്പിൽ കുടുംബക്കാർക്കുതന്നെ വിററു. കോതമംഗലത്തു നിലം പുരയിടങ്ങൾ വാങ്ങിച്ചു ഭാര്യവീട്ടിൽ ദെത്തുപോയി.

ഇവർക്കു മാണിക്കുഞ്ഞു B. A., ചാക്കോ, ആൻറണി, ജോർജ്ജ എന്ന നാലു് ആൺമക്കളും മോനിക്കാ, കത്രീന, ഏലിക്കുട്ടി തുടങ്ങി നാലുപെൺമക്കളുമുണ്ട്.



പുൽപ്പറമ്പിൽ ജോസഫ്
മാണി ബി. ഏ.

## മഞ്ഞെള്ളൂര കിഴക്കേപുല്പ്പറമ്പിൽ തറവാട്ടിൽ താമസിച്ച ഔസേപ്പ തൊമ്മന്റെ കുടുംബം

4-ാം തലമുറ–ഔസേപ്പ തൊമ്മൻ കാവന കളമ്പാട്ടേൽ വർക്കി മകൾ റോസയെ വിവാഹം കഴിച്ചു. അകാലമരണം പ്രാപിച്ച മത്തായിയുടെ ഭാര്യ ത്രേസ്യായുടെ അനുജത്തിയാണു് ഈ റോസ. (5-ാം തലമുറ) ഇവർക്കു കുഞ്ഞാപ്പ, വർഗീസ്(കുട്ടി)എന്നു രണ്ടാൺമക്കൾ മാത്രം.

### തൊമ്മന്, കുഞ്ഞാപ്പ, വർഗീസ്, വിവരങ്ങൾ

തൊമ്മൻ കുഞ്ഞാപ്പ 5-ാം തലമുറ കാളിയാർ പെട്ടനാട്ട ദേവസ്യാ മകൾ റോസയെ വിവാഹം കഴിച്ചു. ഇവർ പടിഞ്ഞാറെ പുല്ലറമ്പിൽ തറവാട വിലക്കുവാങ്ങിച്ചു പഴയ പുരപൊളിച്ചു് ആ തറയിൽത്തന്നെ പുതിയ പുര പണിയിച്ചു. ഈ തറവാട്ട പൂർവ്വ കാരണവൻ വർഗീസ് ഉലഹന്നാൻ താമസിച്ചിരുന്നതാണു്. ഇന്നു പല സ്ഥലങ്ങളിൽ താമസിക്കുന്ന പടിഞ്ഞാറെ പുൽപ്പറമ്പിൽ കാരുടെ പൂർവ്വ തറവാടാണു്. ഇവക്കു് (6-ാം തലമുറ) തൊമ്മൻ, മാണി, ജോസ്, വക്കി എന്ന നാലാൺമക്കളും നാലു പെൺമക്കളുമുണ്ടു്. മൂത്തമകൾ റോസിലിയെ കാളിയാററിൽ തെക്കേക്കര ചെമ്പനാൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകളെ അറക്കുളത്തു കാട്ടുംകാവുകുടുംബത്തിൽ വിവാഹം ചെയ്തു. ജോസഫ് തൊമ്മൻ 6-ാം തലമുറ പാലാ, മാനത്തൂർ ഇണ്ടിപാറ പള്ളിഇടവക മഞ്ഞളാംമാക്കൽ മേരിയെ വിവാഹം കഴിച്ചു. മഞ്ഞള്ളൂര കുളമ്പയുടെവക നിലംപുരയിടങ്ങൾ വാങ്ങിച്ചു് അവിടെ താമസിക്കുന്നു. ഇവൾ ഏകമകളാണു്. അപ്പൻ ചെറുപ്പത്തിലെ മരിച്ചു. വല്യപ്പനാണു ഇവളെ' വളത്തി, പഠിപ്പിച്ച വിവാഹം കഴിപ്പിച്ചതു്. ഇവക്കു 7-ാം തലമുറ ജോസ്, രാജു, റോസാ......

2. 4-ാം തലമുറ ഔസേപ്പ തൊമ്മന്റെ രണ്ടാമത്തെ മകൻ 5-ാം തലമുറ വർഗീസ്. ഇയ്യാൾ കോതമംഗലത്തു ഇലഞ്ഞിക്കൽ തോപ്പിൽ വക്കി മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു മഞ്ഞള്ളർ തറവാട്ടിൽ താമസിക്കുന്നു. ഈ വീടിനു 100 വഷത്തിൽ കൂട്ടതൽ പഴക്കമുണ്ടു്. ആദ്യകാരണവർ വർഗീസ് മകൻ മാത്തു മകൻ ഔസേപ്പ്.—മകൻ തൊമ്മൻ, മകൻ വർഗീസ്, കിഴക്കേ പുൽപറമ്പിൽകാർ എല്ലാവരുടേയും പൂർവ്വതറവാടാണിതു്. ഇവക്കു 6–ാംതലമുറയിൽ തൊമ്മൻ, ജോർജ്ജ്, ജോസഫ്, ആൻറണി എന്ന നാലാൺ മക്കളും, റോസിലി, സിസിലി, മേരി, ഏലിക്കുട്ടി എന്ന നാലു പെൺമക്കളുംഉണ്ടു്. ഇവരിൽ റോസിലിയെ വടകാട്ട വടക്കെക്കുടിപ്പാറയിൽ വിവാഹം കഴിച്ചു. ഇവക്കു 7-ാംതലമുറ 1. കുഞ്ഞയിപ്പ്. രണ്ടാമത്തെമകൾ അദ്ധ്യാപികയാണു്. മറ്റുള്ളവർ പഠിക്കുന്നു.

വാഴക്കുളത്തു കുറാൻപാടത്തു താമസിച്ച
ഔസേപ്പുചാക്കോയുടെ രണ്ടു പെൺമക്കളുടെവിവരം

1. മൂത്തമകൾ മറിയാമ്മ—ഇവളെ നാഗപ്പുഴ പുന്നക്കോട്ടിൽ താമസിക്കും മേക്കുന്നേൽ മത്തായി കുറിയാക്കോ വിവാഹം കഴിച്ചു.(പടിഞ്ഞാറേപുൽപറമ്പിൽ വർഗീസ് മകൾ അന്നയെ വിവാഹം കഴിച്ച പുന്നക്കോട്ടിൽ ചാക്കോയ്ക്കു സന്താനമില്ലായിരുന്നു. ഇതിനാൽ സഹോദരിപുത്രൻ കുറിയാക്കോയേയും അന്നയുടെ സഹോദരൻ കിഴക്കേപുൽപ്പറമ്പിൽ ചാക്കോ മകൾ മറിയാമ്മയേയും, ഇവരെ സംരക്ഷിക്കുന്നതിനായി പുന്നക്കോട്ടിൽ ദത്തുനിർത്തി. ദത്തുപുത്രൻ കുരിയാക്കോയും ദത്തുപുത്രി മറിയാമ്മയും അവരെ വാർദ്ധക്യകാലത്തു നല്ലപോലെ സംരക്ഷിച്ചു.)

പുന്നക്കോട്ടിൽ ദത്തുവന്ന കുറിയാക്കോയുടേയും മറിയാമ്മയുടേയും മക്കൾ. ഏകമകൻ കുറിയാക്കോ ജോസഫ്(കുഞ്ഞ്) ഇവൻ പാലായിൽ കുടക്കച്ചിറനിന്നു വിവാഹം കഴിച്ചു. ഇവരുടെ മക്കൾ... .... ... കുറിയാക്കോ മറിയാമ്മ പെൺമക്കൾ മൂന്ന്. മൂത്തമകൾ അന്നക്കുട്ടിയെ കോതമംഗലത്തു പുളിക്കൽ വിവാഹം ചെയ്തു. ഇളയ മകളെ ചങ്ങനാശ്ശേരി തൃക്കൊടിത്താനം ഇടവകയിൽ വിവാഹം ചെയ്തു. നടുവിലത്തെ മകൾ മോനിക്കുട്ടി.



റവ. സി. ആൽബർട്ട്

(മോനിക്കുട്ടി കുരിയാക്കോസ്)

വാഴക്കുളം മഠത്തിൽ ചേർന്നു

2. പുൽപ്പറമ്പിൽ ചാക്കോയുടെ ഇളയമകൾ ഏലിക്കുട്ടി. ഇവളെ പോത്താനിക്കാട്ട് ഏനാനിക്കൽ വക്കി അബ്രാഹം വിവാഹം കഴിച്ചു. ഇവരുടെ മകനാണ് റവ. ഫാ. ജോർജ്ജ് ഏനാനിക്കൽ.



റവ. ഫാ. ജോർജ്ജ് C. SS. R. B. A.

ഇവരുടെ ഒരു മകൾ കന്യാസ്ത്രീ ബാംഗ്ളൂർ മഠത്തിലുണ്ട്. ഇവർക്ക മററു പുത്രന്മാരും പുത്രിമാരുമുണ്ട്.

### കിഴക്കേ പുൽപ്പറമ്പിൽ മാത്തു ഔസേപ്പിൻെറ മൂന്നു പെൺ മക്കളുടെ വിവരം

4-ാംതലമുറ മൂത്തമകൾ മറിയം (കുഞ്ഞുപെണ്ണ്) ഇവളെ മഞാള്ളൂർ നമ്പേലിൽ വർഗീസ് ലൂക്കാ വിവാഹം കഴിച്ചു. (കളത്തിനമ്പ്യാപറമ്പിൽ ബന്ധത്തിൽ ഇവർ നാലാംതലമുറക്കാരാണ്. ആ കാലത്തിലെ പള്ളിനിയമപ്രകാരം സംബന്ധംപിരിച്ചാണ് ഇവർ വിവാഹം നടത്തിയതു്. ഇവക്ക 5-ാംതലമുറ വർഗീസ്, മത്തായി, തൊമ്മൻ, കുഞ്ഞൗത, ചാക്കോ എന്ന അഞ്ചാൺമക്കളും, 1 പെരുമ്പാവൂർ മലേക്കണ്ടത്തിൽ [ചെറുപള്ളായി] വക്കി വിവാഹം ചെയ്ത ഏലി, 2 തോട്ടക്കര തെക്കേൽ ഇട്ടിയവിരാ വിവാഹം കഴിച്ച മറിയം, 3 മണിയന്ത്രത്തു [പൂഞ്ഞാററിൽ] നെട്ടങ്കല്ലേൽ ഔസേപ്പു വിവാഹം കഴിച്ച അന്ന എന്ന പെൺമക്കളുമുണ്ട്.

മറിയം [കുഞ്ഞുപെണ്ണിൻെറ]പൗത്രന്മാരും പൗത്രികളും 6-ാം തലമുറ.





1 ശ്രീമതി തൊമ്മൻ സിസിലി B. A. B. T.

2 ലൂക്കാ മേരി (നേഴ്സ്)



റവ. ഫാ. കൊച്ചുപൗലോസ്

ജനനം 1905

ഗുരുപട്ടം 1937





1 ബ. മത്തായി ലൂക്കാച്ചൻ. 2 ബ. മത്തായി തൊമ്മച്ചൻ.



സി. ജൽത്രൂദ്

മിഷൻ മഠത്തിൽ

2. രണ്ടാമത്തെ മകൾ ഔസേപ്പ് ഏലി (സി. മറിയാഞ്ചെലാ പേജ് 71)

മൂന്നാമത്തെ മകൻ ഔസേപ്പ ത്രേസ്യായെ ആയവന-കാക്ക നാട്ടിൽ കീഴക്കേൽ പൈലി ഔസേപ്പ വിവാഹം കഴിച്ചു. ഇവ ൎക്ക ബ. കൊച്ചുപൗലോസച്ചൻ, ചാക്കോ, അന്ന, ഏലി എന്ന മക്കൾ ഉണ്ട്.

മകൾ ഏലി(സി. മേഴ്സി തിരുഹൃദയമഠം)



ത്രേസ്യായുടെ പൗത്രിമാർ
സി. റാൾഫ് തിരു. മഠം. സി. ഫ്ളോറൻസ് മിഷൻമഠം

## പടിഞ്ഞാറെ പുല്ലറമ്പിൽ കുടുംബം

കളത്തിമാത്തുമുത്തപ്പൻെറ രണ്ടാമത്തെ മകൻ വർഗീസ് വാഴക്കുളത്തുനിന്ന മഞ്ഞള്ളൂർ പുൽപ്പറമ്പിൽ വന്നു താമസിച്ചു. ഈ വർഗീസിനു 2-ാംതലമുറയിൽ മാത്തു, ഉലഹന്നൻ എന്ന രണ്ടു പുത്രന്മാരും രണ്ടുപുത്രിമാരും ഉണ്ടായിരുന്നു.

കുറിയാക്കൊ, ഡെന്നീസ് മുതലായവരുടെ ബ്ളോക്കിനു് 15 00

വക്കീൽ ജോസപ്പ്, കുസുമം ജോസഫ് ബ്ളോക്കിനു 7 00

## എടപഴത്തിൽക്കാരുടെ സംഭാവന.

1. നെയിശേരിപ്പാടത്തിൽ ഉതുപ്പ് മക്കഠം കുഞ്ഞയിപ്പ് 25; കുഞ്ഞിതൊമ്മൻ 5; കുഞ്ഞാക്കൊ B. A. 5. 45 00

2 നെയിശേരിപാടത്തിൽചാക്കൊമക്കഠം മത്തായി B.A. 50 00

3. നെയിശേരി പാടത്തിൽ ചാക്കൊ വക്കി 10, തോമസ് 10, ചാക്കൊ 5. 25 00

4. നെയിശേരി പാടത്തിൽ കുഞ്ഞയിപ്പ് ഉതുപ്പച്ചൻ B. A. B. T. 5 00

ടി യാൻെറ ബ്ലോക്കിനു് 5 0

കുഞ്ഞാക്കൊ B. A; മത്തായി B. A ഫാമിലി ബ്ലോക്കു 12 0

5. മഞ്ഞള്ളൂർ എടപ്പഴത്തറവാട്ടിൽ തൊമ്മൻ, കുഞ്ഞുതുപ്പ് (പൊരുന്നകോട്ട്) 10 00

## പുല്ലറമ്പിൽക്കാരുടെ സംഭാവന.

1. കല്ലൂർകാട്ടുവർഗ്ഗീസു, കുഞ്ഞഔസേപ്പ്, ചാക്കൊ, ദൊമിനി 30 00

2. കല്ലൂർകാട്ട ചാക്കൊ, കുഞ്ഞുവറീതു് 10, കുറിയാക്കൊ 10, കുഞ്ഞാപ്പു 5, 25 00

3. മഞ്ഞള്ളൂർ തൊമ്മൻ, ജോസഫ് വർഗ്ഗീസ് 10 00

പുല്ലറമ്പിൽ കുടുംബത്തിലെ വൈദീകർ, കന്യാസ്ത്രീകഠം, ബിരുദ്ധാരികഠം, മുതലായവരുടെ ബ്ലോക്കുകഠംക്കു 60 00

4. കീരിക്കോട്ടു പുല്ലറമ്പിൽ ഉലഹന്നാൻ കുഞ്ചിലൊ 50 00

ടി യാൻെറ വല്യ ബ്ലോക്കിനു 10 00

## കൊട്ടപ്പള്ളിക്കാരുടെ സംഭാവന

റവ: ഫാദർ മാർട്ടിൻ (കപ്പുച്ചിയൻ) റവ: ബ്ര: മൈക്കിഠം C.M.I. റവ: ബ്ര: ബ്ളയിസ്,റവ: സിസ്റ്റർ ഇഞ്ചപ്ലാക്കൽ പൈലി മകഠം ആൻജലാ (*Angela*) റെഡിപാലം മിഷ്യൻമാം ഇവരുടെ ബ്ലോക്കിനു 20 00

1. ഇവരുടെ ബ്ലോക്കെടുപ്പിച്ചതിനു ഒരാളുടെ സംഭാവന 20 00

2. മലെക്കുടിയിൽ ഉലഹന്നാൻ വക്കി 10 00

3. മലെക്കുടിയിൽ ഉലഹന്നാൻ വാദ്യാർ 10 00

4. കാളിയാർ തോട്ടത്തിൽ കൊട്ടപ്പള്ളി ഉതുപ്പ്, പൈലി, മത്തായി 8 00

1. നെടുംകല്ലേൽ പെ: ബ; മോൺ വല്യ തോമാച്ചന്റെയും (അമ്മവീട് തലയ്ക്കൽ) പെ: ബ: പെണക്കാട്ട് ജോണച്ചന്റെയും [വല്യമ്മ വീട് തലയ്ക്കൽ] ബ്ലോക്കുകൾ എടുപ്പിച്ചതിന് 10 00

2. പിട്ടാപ്പിള്ളി ബ: ജോർജ്ജുച്ചന്റെയും, കറിയാച്ചന്റെയും [അമ്മവീട് എടപ്പുഴത്തിൽ]

3. നമ്പേലി ബ: ലൂക്കാച്ചൻ, തോമാച്ചൻ റവ: സി: എൽത്രൂത്ത് മിസിസ് തൊമ്മൻ സിസിലി B. A. B. T., ലൂക്കാ മേരി [ഇവരുടെ വല്യമ്മ വീട് പുല്ലറമ്പിൽ] സംഭാവന [17+10] 27 00

ഇവരുടെ ബ്ലോക്കിന് 25 00

4. പെ: ബ: കാക്കനാട്ടിൽ കൊച്ചു പൌലോസച്ചന്റെ സംഭാവന 25 00

ടി പെ: ബ: അച്ചന്റെയും സഹോദരി ബ: മെഴ്സി കന്യാസ്ത്രീ (അമ്മവീട് പുല്ലറമ്പിൽ) യുടേയും ബ്ലോക്കിനു 10 00

ബ: റാഫേൽ, ഫ്ലോറൻസ് [വല്ല്യമ്മ വീട് പുല്ലറമ്പിൽ] ബ്ലോക്കിന് 10 00

ബ: മത്തായി, ജോസ്, എമ്മാനുവൽ സി. എം. ഐ., ശെമ്മാശന്റെയും, സഹോദരി ബ: സാലെസ് കന്യാസ്ത്രീയുടേയും [അമ്മവീട് മൊളത്തു കളപുരക്കൽ] ബ്ലോക്കിന് 10 00

5. ബ: എന്നനി അബ്രാഹം ജോർജ്ജച്ചന്റെയു ബ: മെകുന്നേൻ കുറിയാക്കൊ ആംപ്രഡാ കന്യാസ്ത്രീയുടേയും [അമ്മ വീട് പുല്ലറമ്പിൽ] ബ്ലോക്കിനു 10 00

6. എനാനിക്കൽ ബ: മത്തായച്ചന്റെ സംഭാവന 10 00

ടി ബ: അച്ചന്റെ ജേഷ്ഠൻ അറംകുന്നേൽ വക്കി പൈലിയുടെ മക്കൾ ബ: ബെന്നാ, റേമ്മിസ് കന്യാസ്ത്രീകളുടെ ബ്ലോക്കിനു 10 00

7. പിച്ചാപ്പിള്ളി മത്തായി മകൾ കന്യാസ്ത്രീയുടെയും കരിമണ്ണൂർ അത്തിക്കൽ ജോസഫിന്റെ മക്കൾ ജോസ് കത്രീന കന്യാസ്ത്രീയുടെ (അമ്മവീട് പുല്ലറമ്പിൽ) ബ്ലോക്കിനു 5 00

8. പൊതു ബ്ലോക്കുകൾ 5 ക്ക് 30 00

9. തെളിയാത്ത ബ്ലോക്കുകൾ വീണ്ടും എടുപ്പിച്ചതിന് 25 00

അങ്കമാലി അമ്മമാസിന്ന പ്രസിൽ മുൻകൂറ് 151 00

കാലടി പ്രസിൽ 30 00

*N. B.* ഇനിയും പിരിഞ്ഞു കിട്ടേണ്ടതും പ്രസ്സിൽ കണക്കു തീർത്തു കൊടുക്കേണ്ടതുമുണ്ട്.



**എന്നു് ബ. ശവസ്ത്യാരച്ചൻ സി. എം. ഐ.**

ജനനം—30-3-1888, സന്യാസപ്രവേശനം—10-4-1910, ഗുരുപ്പട്ടം—22-10-1919

## മിഷൻപ്രവത്തനങ്ങൾ

നടത്തിയ ധ്യാനങ്ങൾ—650, രചിച്ച പുസ്തകങ്ങൾ—12, പീരുമേടുമിഷനിൽ സ്ഥാപിച്ച പള്ളികൾ—9, സ്കൂളുകൾ—3, മഠങ്ങൾ—2.

തിക്കും, ന്യായത്തിനും, ഉപവിക്കും ഒത്തവിധം മക്കൾക്കു ഭാഗിച്ചു കൊടുക്കണം. മക്കളെ തമ്മിൽ ഭിന്നിപ്പിക്കരുതു്. ആരോടും പക്ഷഭേദമോ വിദ്വേഷമോ കാണിക്കരുതു്. തക്കകാരണമുണ്ടെങ്കിൽ, മറ്റവരേയും ബോദ്ധ്യപ്പെടുത്തി വല്ലവർക്കും കൂടുതൽ കുറവു കൊടുക്കുന്നതിനു വിരോധമില്ല. എങ്കിലും സൂക്ഷിക്കണം. മക്കൾ മാതാപിതാക്കന്മാർ തരുന്നതു സന്തോഷത്തോടുകൂടെ വാങ്ങണം. എന്നാൽ നിങ്ങൾക്കു് അതു നിത്യം ലഭിക്കും.

അവിവാഹിതരായ സ്ത്രീപുരുഷന്മാർ ഏതെങ്കിലും കാരണങ്ങൾ നിമിത്തം കുടുബത്തിൽ ഉണ്ടെങ്കിൽ, ഉള്ളതിൽ ഓഹരി ഇവർക്കും കൊടുക്കണം. മാതാപിതാക്കന്മാരുടെ കാലശേഷം വിവാഹിതരായ മററു മക്കളുടെ കൂട്ടത്തിലേ ജീവിതം ഇവൎക്കു് അസുഖമായി തോന്നുന്നു എങ്കിൽ തനിച്ചു മാറി താമസിക്കുന്നതിനു് ഒരു സ്ഥലവും ഉപജീവനമാൎഗ്ഗവും കൊടുക്കണം. മക്കൾക്കു ഭാഗിച്ചുകൊടുക്കാൻ വസ്തുക്കൾ ഇല്ലെങ്കിൽ ഇവരെ എല്ലാവരേയും ഏതെങ്കിലും തൊഴിൽ തഴക്കി, ദൈവപരിപാലനയ്ക്കു് ഏല്പിക്കുക.

ധനികന്മാരായ ആളുകൾ വസ്തു ഭാഗിക്കുമ്പോൾ ഉള്ളതുപോലെ ഒരു ഓഹരി നിത്യകുബ്ബാന, പള്ളി, കൊവേന്ത, മഠങ്ങൾ, അനാഥശാല, വൃദ്ധമന്ദിരം മുതലായ പൊതുസ്ഥാപനങ്ങൾക്കും വൈദിക, സന്യാസ, കന്യക വിദ്യാൎത്ഥീവിദ്യാൎത്ഥിനികളുടെ പഠനച്ചിലവിനുമായി നീക്കിവെയ്ക്കുന്നതു നല്ലതാണു്. ധനികന്മാർ കത്തോലിക്കാസമുദായത്തേയും, ദരിദ്രരേയും വിധവകളേയും, അനാഥക്കുഞ്ഞുങ്ങളേയും മററും സഹായിക്കണം. നമ്മുടെ കുടുംബധനം വൎദ്ധിക്കുന്നതിനും മക്കൾ നല്ലവരായിത്തീരുന്നതിനും

# എടമനക്കുടുംബം

## കളത്തി ആയ പുൽപ്പറമ്പിൽ

### 77 വയസുള്ള ബ. ശവയ്യാരച്ചൻ സി. എം. ഐ. അവർ കളുടെ കളത്തിക്കുടുംബത്തിലേ ആൺ പെൺ വഴിക്കാരായ സകല അനന്തിരവരോടും കാര ണവനടുത്ത അന്ത്യ ആഹ്വാനം അഥവാ അഭ്യർത്ഥന

(For private reading only)

## (എൻെറ സ്നേഹവാത്സല്യ അനന്തിരവരേ)

എനിക്കു് ഇപ്പോൾ വയസ്സു് 77 ആയി. എന്റെ കണക്കുകളുടെ ദിവസം എനിക്കു് അടുത്തുവരുന്നു. എൻെറ പൂർവ്വികന്മാർ പോയ സ്ഥലത്തേക്കു പോകാൻ ഞാൻ തയ്യാറായി വരുന്നു. നിങ്ങളിൽ ചിലർ താമസിച്ചും ഇനിയും ചിലർ വളരെ താമസിച്ചും കാല ങ്ങൾ കഴിഞ്ഞും നിങ്ങളുടെ പൂർവ്വികന്മാർ പോയ സ്ഥലത്തേക്കു വരും. നിങ്ങളെല്ലാവരും നമ്മുടെ സ്വർഗ്ഗീയ തറവാട്ടിൽ, ആരും വഴിതെററിപ്പോകാതെ എത്തിച്ചേരണം.

നിങ്ങളെല്ലാവരും നല്ല തികഞ്ഞ ദൈവ വിശ്വാസവും, പ്രവൃ ത്തികളും, മതവിശ്വാസവും, മതാനുഷ്ഠാന പ്രവൃത്തികളും, സന്മാ ർഗ്ഗനിഷ്ഠയും, നീതിബോധവും, സത്യസന്ധതയും ഉള്ളവരായി ഇന്നും എന്നും മരണപര്യന്തം ജീവിക്കണം. അവസാനത്തോളം ദൈവവിശ്വാസത്തിലും പുണ്യത്തിലും നിലനില്ക്കണം. അന്ത്യം വരെയുള്ള നിലനിൽപ്പു് ഒരു ദൈവദാനമാണു്. ഈ ദാനം ദൈവം വൃഥാ നമുക്കു നൽകുകയില്ല. എളിമയോടും സ്ഥിരതയോ ടുംകൂടെ അങ്ങയോടു പ്രാർത്ഥിക്കുന്നവർക്കുമാത്രമേ നൽകുകയുള്ളൂ. നാം നമുക്കുവേണ്ടിയും അന്യർക്കുവേണ്ടിയും ഈ ദാനം ആഗ്രഹിക്കു കയും പ്രാർത്ഥിക്കയും വേണം.

നമ്മുടെ കുടുംബങ്ങളിൽ നല്ല മാതാപിതാക്കന്മാർ, നല്ല യുവ തീയുവാക്കന്മാർ, ബാലികാബാലന്മാർ നമുക്കു വേണം, ഇതിനായി എല്ലാവരും പ്രാർത്ഥിക്കുന്നും പ്രവർത്തിക്കയും വേണം.

മാതാപിതാക്കന്മാർ പ്രത്യേകിച്ചു് അമ്മമാർ നല്ല വൃക്ഷങ്ങ ളായി ജീവിക്കണം. നല്ല വൃക്ഷമെല്ലാം നല്ല ഫലങ്ങളായ നല്ല മക്കളേയും, തണ്യ വൃക്ഷങ്ങളായ തണ്യ മാതാപിതാക്കന്മാർ തണ്യ ഫലങ്ങളായ തണ്യ മക്കളേയും ലോകത്തിനും സഭയ്ക്കും സമുദായ ത്തിനും കുടുംബങ്ങൾക്കും നൽകും. ഒരു നദിയുടെ ഉത്ഭവസ്ഥാനം നല്ലതായാൽ ആ നദിയിലേ വെള്ളം നന്നായിരിക്കുമല്ലോ. മറിച്ചു്

ഉത്ഭവസ്ഥാനം ചെളിയും മലിനതകളും നിറഞ്ഞതാണെങ്കിൽ നദിയിലെ വെള്ളവും മോശമായിത്തീരും. ഇതുപോലെ നല്ലവരും തണ്യവരുമായ മാതാപിതാക്കന്മാരെക്കുറിച്ചും പറയാവുന്നതാണ്.

ഒരു കുടുംബത്തിൻെറ സാക്ഷാലുള്ള ഭാഗ്യം (1) എല്ലാവിധത്തിലും യോജിക്കുന്ന മാതാപിതാക്കന്മാർ, (2) ഉത്തമസന്താനങ്ങൾ, (3) അത്യാവശ്യപ്പെട്ട ധനം, ശരീരസൗഖ്യം, തങ്ങളുടെ മക്കളെ എല്ലാവരേയും തക്ക അന്തസ്സിലും നിലയിലും ആക്കിക്കാണുന്നതിനുള്ള ഭാഗ്യം, ദീർഘായുസ്സ് മുതലായവയാണ്.

തമ്മിൽ ചേരാത്ത മാതാപിതാക്കന്മാർ, ദ്രോഹികളായ മക്കൾ, കുടുംബദാരിദ്ര്യം, തീരാവ്യാധി, അകാലമരണം മുതലായവ സാധാരണ രീതിയിൽ കുടുംബനിർഭാഗ്യമായി നാം കരുതുന്നു. എന്നാൽ ഇതെല്ലാം ദൈവചിത്തമെന്നു കരുതി സഹിക്കുന്നുവെങ്കിൽ ദൈവം നമ്മെ കാത്തുരക്ഷിക്കുകയും നമ്മുടെ അവശതകൾ എല്ലാം ദൈവം നീക്കിത്തരികയും ചെയ്യും.

മാതാപിതാക്കന്മാരും മക്കളും സഹോദരസഹോദരിമാരും തമ്മിലുള്ള യോജിപ്പ് ഒരു കുടുംബഭാഗ്യവും, ഭിന്നിപ്പ് ഒരു കുടുംബനിർഭാഗ്യവുമായി നാം കരുതുന്നു. ധനവും ഉയർച്ചയും മററനവധി ലൗകിക നന്മകളും ഭാഗ്യങ്ങളും ഉണ്ടായിരുന്നാലും കുടുംബത്തിൽ സമാധാനമില്ലെങ്കിൽ നമ്മുടെ കുടുംബം ഒരു ചെറിയ നരകവും നമ്മൾ നരകവാസികളുമായി ജീവിക്കും. എന്നാൽ മറിച്ച് ഉയർച്ച്, ധനം, ശരീരസുഖം മുതലായി നിരവധി കൂട്ടങ്ങളിൽ നാം എത്ര അധഃപതിച്ചവരായാലും, കുടുംബത്തിൽ സമാധാനം ഉണ്ടെങ്കിൽ നാം ഈ കണ്ണുനീരുകളും കഷ്ടതകളും നിറഞ്ഞ സ്ഥലത്ത് സ്വർഗ്ഗവാസികളേപ്പോലെ ജീവിക്കും. യോജിപ്പ് ഭാഗ്യവും ഭിന്നിപ്പ് നിർഭാഗ്യവുമാകുന്നു. നാം വളരെ ക്ഷമിച്ചും സഹിച്ചും ജീവിക്കണം. പിരാകി നേർന്ന്, ചീത്തയും ദൂഷണവും പറഞ്ഞ് വൈരാഗ്യബുദ്ധിയോടുകൂടെ കുടുംബങ്ങളിലും അയൽപക്കത്തും ജീവിക്കരുത്. സമാധാനവും യോജിപ്പും കുടുംബങ്ങളിലും അയൽപക്കത്തും, നാട്ടിലും ഇല്ലാതാകുമ്പോൾ സമാധാനത്തിൻെറ രാജാവായ ഈശോയെ നാം സമീപിക്കണം. "സമാധാനത്തിൻെറ രാജാവായ ഈശോയുടെ തിരുഹൃദയമേ ഞങ്ങളുടെ കുടുംബങ്ങളിലും നാട്ടിലും സമാധാനവും യോജിപ്പും നല്കണമേ" എന്ന് സമാധാനം ലഭിക്കുന്നതുവരെ ചൊല്ലണം. മാസാദ്യവെള്ളിയാഴ്ച ആചരിക്കുക, പ്രതിഷ്ഠ പുതുപ്പിക്കുക, ഭവനത്തിലുള്ള തിരുഹൃദയത്തിനു മുമ്പാകെ, ദിനംപ്രതിയോ മാസാദ്യവെള്ളിയാഴ്ചയോ കെടാവിളക്ക് കത്തിക്കുക: തിരുഹൃദയരൂപം അലങ്കരിക്കുക മുതലായി പലതും ചെയ്യുക. അപ്പോൾ സമാധാനം നമ്മുടെ കുടുംബത്തിലുണ്ടാകും.

മക്കൾക്കു കാലത്തിനടുത്ത വിദ്യാഭ്യാസം നൽകുക. നല്ല മനസ്സും നല്ല ആഗ്രഹവും സൽസ്വഭാവവും, പുണ്യവും, പഠനവും ശരീരസൗഖ്യവും ഉള്ള യുവതീയുവാക്കന്മാരെ വൈദികസന്യാസ കന്യകഅന്തസ്സുകളിൽ പ്രവേശിപ്പിക്കുക, മററവർക്ക് വിവാഹപ്രായമാകുമ്പോൾ അവർക്ക് ഏററവും പററിയ കൂട്ട് അന്വേഷിച്ചു വിവാഹത്തിൽ പ്രവേശിപ്പിക്കുക. കൂട്ട് തക്കതല്ലാതെ വന്നാൽ വിവാഹജീവിതം അവർക്ക് നിത്യം കൈപ്പും അരോചകവും അസുഖവും അസമാധാനവും നിറഞ്ഞതും ചിലപ്പോൾ നിത്യരക്ഷപോലും അപകടത്തിലാക്കുന്നതും ആയിരിക്കും. ഇങ്ങനെയുള്ള നിർഭാഗ്യങ്ങൾ ഒന്നും വന്നു സംഭവിക്കാതിരിപ്പാൻ മാതാപിതാക്കന്മാരും മക്കളും, സ്വന്ത ആളുകളും ദൈവത്തോടു വളരെ പ്രാത്ഥിക്കണം. സ്ത്രീധനം, വസ്ത്രാഭരണങ്ങൾ എന്നിവ കാലത്തിനടുത്തവിധത്തിൽ വേണ്ടവയാണെങ്കിലും എല്ലാവിധത്തിലും യോജിക്കുന്ന തക്ക കൂട്ടാണ് ഇവർക്കും കുടുംബത്തിനും ഭാഗ്യം വരുത്തുന്നതു്. വിവാഹിതർ ദിനംപ്രതി ഇങ്ങനെ പ്രാത്ഥിക്കണം. "വിവാഹബന്ധത്തിൽ ഞങ്ങളെ യോജിപ്പിച്ച ദൈവമേ ഞങ്ങൾക്കു തമ്മിൽ ചെറുപ്പത്തിലും മദ്ധ്യപ്രായത്തിലും വാദ്ധക്യത്തിലും സ്നേഹവും സമാധാനവും യോജിപ്പും സന്തോഷവും നൽകണമേ. ഞങ്ങൾക്ക് ശരീരസൗഖ്യവും, ദീർഘായുസ്സും അത്യാവശ്യപ്പെട്ട ധനവും നൽകണമേ. ഞങ്ങൾക്ക് ഉത്തമ സന്താനങ്ങളെ നൽകണമേ. അവരെക്കുറിച്ച് ഇന്നും എന്നും പ്രത്യേകിച്ച് ഞങ്ങളുടെ വാദ്ധക്യകാലത്തിലും സന്തോഷിപ്പാൻ ഇടയാക്കണമേ. കൊച്ചുകുട്ടികളേയും ബാലികാബാലന്മാരേയും യുവതീയുവാക്കന്മാരേയും സ്നേഹിക്കയും അനുഗ്രഹിക്കയും ചെയ്ത ഈശോനാഥാ; അവരെ ആശിവ്വദിച്ചനുഗ്രഹിക്കണമേ. അവരെ ആത്മശരീരശുദ്ധിയിൽ കാത്തുകൊള്ളണമേ. അവർക്കു നല്ല പുണ്യവും ദൈവവിശ്വാസവും മതവിശ്വാസവും ദൈവസ്നേഹവും പരസ്നേഹവും നല്ല ബുദ്ധിയും പഠനവും ശരീര സൗഖ്യവും ധനവും നൽകണമേ. തക്ക കാലത്തിൽ അവരെ തക്ക അന്തസ്സിൽ പ്രവേശിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ."

മാതാപിതാക്കന്മാർ പ്രത്യേകിച്ച് അമ്മമാർ ദൈവത്തോട് തങ്ങളുടെ മക്കളിൽ ചിലരെ വൈദികത്വത്തിലും സന്യാസത്തിലും, കന്യകാമഠങ്ങളിലും പ്രവേശിപ്പിക്കുന്നതിനു പ്രാർത്ഥിക്കണം. യാക്കോബ്, യോഹന്നാൻ എന്ന ശ്ലീഹന്മാരുടെ അമ്മ ഈ രണ്ടു മക്കളേയും കത്താവിൻെറ പക്കൽ കൊണ്ടുചെന്ന് "ഇവരെ അങ്ങേ ശ്ലീഹന്മാരുടെ ഗണത്തിൽ ചേക്കണമേ" എന്നപേക്ഷിച്ചു. അമ്മയുടെ അപേക്ഷപ്രകാരം കത്താവ് ഇവരെ കൈക്കൊണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽചേത്തു. ഇതുപോലെ നല്ല അമ്മമാർ തങ്ങളുടെ മക്കളെക്കുറിച്ച് കത്താവിനോട് അപേക്ഷിക്കണം.

ഇംഗ്ലണ്ടിൽ വോഗൺ കുടുംബത്തിലേ മാതാവു തൻെറ പതിമൂന്നു മക്കളിൽ കുടുംബജോലിക്കു് ആവശ്യമുള്ളവരെമാത്രം നിറുത്തി ക്കൊണ്ടു ബാക്കിയുള്ളവരെ എല്ലാം ദൈവശുശ്രൂഷയ്ക്കായി വിളി ച്ചുകൊള്ളണമേ എന്നപേക്ഷിച്ചതിൻെറ ഫലമായി മൂന്നു മക്ക ളൊഴിച്ചു് ബാക്കി പത്തുപേരും വൈദികത്വത്തിലും സന്യാസ ത്തിലും കന്യകാമഠങ്ങളിലും പ്രവേശിക്കുന്നതിനു് ഇടയായി.

നല്ല വൈദിക സന്യാസ സന്യാസിനി, മിഷനറിമാർ ന മ്മുടെ കുടുംബത്തിലുണ്ടാകുന്നതു് വലിയ ദൈവാനുഗ്രഹമാണു്. ഇവർ കുടുംബത്തിലുള്ളവരുടെ പാപങ്ങൾക്കു് പരിഹാരം ചെയ്യു കയും ശിക്ഷകളെ ഇവരുടെ സൽപ്രവൃത്തികൊണ്ടു് കുടുംബത്തിൽ നിന്നു മാററിക്കളയുകയും ചെയ്യുന്നു. വളരെ ദൈവാനുഗ്രഹങ്ങൾ ഇവരുടെ പുണ്യപ്രവൃത്തികൾകൊണ്ടു കുടുംബത്തിലുണ്ടാകും. പല ശിക്ഷകളും ദൈവകോപവും കുടുംബത്തിൽനിന്നു മാറിപ്പോകും.

## മാതാപിതാക്കന്മാർ

നിങ്ങൾ തമ്മിൽ ഹൃദയംഗമമായി സ്നേഹിക്കണം. ചെറുപ്രാ യത്തിലും മദ്ധ്യപ്രായത്തിലും വാദ്ധക്യകാലത്തും തമ്മിൽ സ്നേഹി ക്കണം. സ്നേഹം ഉണ്ടാകണമെങ്കിൽ തമ്മിൽ വളരെ ക്ഷമിക്കുക യും സഹിക്കുകയും, തമ്മിൽ ചെയ്യേണ്ട സേവനങ്ങൾ നടത്തു കയുംവേണം. തമ്മിൽ, പിണങ്ങി ചീത്തയും തെറിയും പറയു കയും പുരുഷന്മാർ സ്ത്രീകളെ മർദ്ദിക്കുകയും മററും ചെയ്യരുതു്. കുട്ടി കളുടെ മുമ്പിൽവച്ചു നിങ്ങൾ പിണങ്ങി ക്ഷോഭിക്കരുതു്. അങ്ങ നെ ചെയ്താൽ കുട്ടികൾക്കു് നിങ്ങളുടെ നേരെ സ്നേഹവും ബഹു മാനവും ഉണ്ടാകയില്ല.

കുട്ടികളെ ശിക്ഷിക്കുന്നതിലും നിങ്ങൾ സഹകരിക്കണം. നിങ്ങൾ തമ്മിൽ എതിർപ്പും പിറുപിറുപ്പും ഉണ്ടാകരുതു്.

നിങ്ങളുടെ മക്കളെ ചെറുപ്പംമുതൽ ദൈവത്തിനും നിങ്ങൾ ക്കും നല്ലവരും തക്കവരുമായി വളർത്തിക്കൊണ്ടുവരണം. നല്ല കത്തോലിക്കാ അന്തരീക്ഷത്തിലും ശിക്ഷണത്തിലും അവരെ വള ർത്തണം. പ്രായത്തിനടുത്ത ഉപദേശം മിതമായ ശിക്ഷ, ഭക്ഷണം മുതലായതു നൽകണം. അവരെ തന്നിഷ്ടത്തിലും തോന്ന്യവാസ ത്തിലും ലോകആഡംബരങ്ങളിലും ലോകമായങ്ങളിലും വളർത്താ തിരിപ്പാൻ സൂക്ഷിക്കണം.

സർവ്വപ്രധാനമായി അവർക്കുവേണ്ടി ദൈവത്തോടു വളരെ പ്രാർത്ഥിക്കണം. യോബു് നിവിവിയ തൻെറ മക്കളുടെ പുണ്യവർദ്ധ നത്തിനും പുണ്യത്തിനും പരിശുദ്ധ ജീവിതത്തിനും വേണ്ടി ദിവ സംതോറും പ്രാർത്ഥിക്കുകയും ബലിയർപ്പിക്കുകയും ചെയ്തിരുന്നു.

പുരുഷന്മാർ സ്ത്രീകളുടെ കുമ്പസാരം, കുർബ്ബാന, പ്രാർത്ഥന

മുതലായ ഭക്തകൃത്യങ്ങളെ തടയരുതു്. സ്ത്രീകളുടെ ഭക്തകൃത്യങ്ങൾകൊണ്ടു പുരുഷനും മക്കൾക്കും കുടുംബത്തിനും വളരെ ദൈവാനുഗ്രഹങ്ങൾ ഉണ്ടാകും. അവക്കു ഭക്ഷണം, വസ്ത്രം, ചികിത്സ മുതലായവ പുരുഷന്മാർ നടത്തിക്കൊടുക്കണം. പുരുഷനെ രാവും പകലും, സുഖത്തിലും അസുഖത്തിലും ഒരുപോലെ ശുശ്രൂഷിക്കുന്ന സ്ത്രീയെ വിഷമിപ്പിക്കരുതു്. അവളെ സങ്കടപ്പെടുത്തുകയും ചെയ്യരുതു്. അവളുടെ മാനസിക ശാരീരിക അസുഖങ്ങൾ, അവളുടെ മുലപ്പാൽ കുടിക്കുന്ന കുട്ടികളിലും കലരും.

പുരുഷന്മാർ കുടുംബത്തെ ഭരിക്കണം. സ്ത്രീഭരണം അത്ര നല്ലതല്ല. പുരുഷന്മാർ ഓർക്കണം-എനിക്കു് ഒരാത്മാവേയുള്ളു അതിനെ ഞാൻതന്നെ രക്ഷിക്കണം-മററാരും എന്റെ ആത്മാവിനെ രക്ഷിക്കുകയില്ല-ദൈവത്തെ ഞാൻ ഓർത്തു നടക്കണം-എനിക്കു മരണവും ഒരു സ്വർഗ്ഗവും ഉണ്ടു്-നരകഭയവും എനിക്കുവേണം-എനിക്കു മാതാപിതാക്കന്മാർ, സഹോദരസഹോദരിമാർ ഉണ്ടു്-ഇവരെയും ഞാൻ സ്നേഹിക്കണം-സമുദായത്തോടും രാഷ്ട്രത്തോടും പള്ളിയോടും വൈദികരോടും എനിക്കു കടമകളുണ്ടു്.

ഭാര്യയേയും മക്കളേയും ഞാൻ സംരക്ഷിക്കണം. അവർക്കു വസ്ത്രം, ഭക്ഷണം, ചികിത്സ എന്നിവ നല്കണം. കുട്ടികളെ പഠിപ്പിക്കണം. തക്കകാലത്തിൽ തക്ക അന്തസ്സുകളിൽ അവരെ പ്രവേശിപ്പിക്കണം. നീതിയായിട്ടും സത്യമായിട്ടും ഞാൻ ധനം ഉണ്ടാക്കണം എന്നും മററുമുള്ള വിചാരം പുരുഷന്മാർക്കുവേണം. ഇതിനു വിപരീതമായി സ്വന്ത ആത്മകാര്യവും കുടുംബകാര്യങ്ങളും നോക്കാതെ മദ്യപിച്ചും കൂട്ടുകൂടിയും നടക്കരുതു്. ദൈവതിരുമുമ്പാകെയും, ഭാര്യാമക്കളുടെ മുമ്പാകെയും നിങ്ങൾ കുററക്കാരാകും. യൌസേപ്പുപിതാവു വേലചെയ്തു മാതാവിനേയും ഉണ്ണിമിശിഹായേയും സംരക്ഷിച്ചിരുന്നു. നിങ്ങൾ ഈ മാതൃക അനുകരിക്കണം. കുടുംബത്തെ നശിപ്പിക്കുകയും കുടുംബവാസികളെ പട്ടിണി ഇടുകയും ചെയ്യരുതു്.

## യുവതികൾ

വിവാഹപ്രായമായ യുവതികളേ, നിങ്ങൾ പഠനകാലത്തു പഠിക്കണം. കന്യകാലയങ്ങളിൽ പോകുവാൻ നല്ല മനസ്സും മററും ഉണ്ടെങ്കിൽ അതിനു പോകുക. അതിനു് സൽസ്വഭാവം, പഠനം, ശരീരസൗഖ്യം, ധനം മുതലായവ വേണം. ഇതിലേക്കു് ഒരു പ്രത്യേക ദൈവതോന്നിപ്പുംവേണം.

ഇതിനൊന്നിനും സാധിക്കുന്നില്ലെങ്കിൽ വിവാഹാന്തസ്സിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുക. ഏററവും പററിയ ഒരു കൂട്ടു കിട്ടുന്നതിനു് നിങ്ങൾ വളരെ പ്രാർത്ഥിക്കണം. വിവാഹപ്രായമായ

യുവതികൾ ചാരിത്രത്തെ വളരെ സ്നേഹിക്കണം. ശുദ്ധത യുവതികൾക്കു ശ്രേഷ്ഠമായ ഒരു അലങ്കാരവും, അശുദ്ധത യുവതികൾക്ക് ഒരു മഹാ പരാജയവും ആണ്. പ്രായവും ശരീരപുഷ്ടിയും അധികരിക്കുന്നതിനോടുകൂടെ, അശുദ്ധതയും നിങ്ങളിൽ നുഴഞ്ഞു കയറും. പിശാചുക്കളും, കാമാതുരന്മാരായ ദുഷിച്ച യുവാക്കന്മാരും നിങ്ങളെ മലിനപ്പെടുത്തുവാൻ ശ്രമിക്കും. നിങ്ങൾ അവരോടു ധീരധീരം പോരാടണം. ആഗ്നസ്, സിസിലിയാ, ലൂസിയാ, മറിയഗൊരേത്തി മുതലായ യുവ പുണ്യവതികൾ നിങ്ങൾക്കു മാതൃകയും മദ്ധ്യസ്ഥകളും ആയിരിക്കണം.

നല്ല ഒരു കൂട്ടം, നല്ല ഒരു കുടുംബവും, കൈവരുന്നതിനായി യുവതികൾ വളരെ പ്രാത്ഥിക്കണം. ഈ തെരിഞ്ഞെടുപ്പിൽ ദോഷം വന്നാൽ അതിനെ പരിഹരിക്കുന്നതിനു നിങ്ങൾക്കു യാതൊരു മാർഗ്ഗവും ഇല്ല. കത്തോലിക്കാവിവാഹം മരണംവഴി അല്ലാതെ വേർതിരിക്കപ്പെടുന്നതിനു ലോകത്തിൽ വേറെ യാതൊരു മാർഗ്ഗവുമില്ല.

വിവാഹം ഏഴു കൂദാശകളിൽ ഒന്നാണ്. വിവാഹാനുഗ്രഹങ്ങൾ ധാരാളമായി നമുക്കു ലഭിക്കുന്നതിന്, വളരെ ഒരുക്കത്തോടും ഹൃദയശുദ്ധിയോടുംകൂടെ വേണം ഈ കൂദാശയെ നമ്മൾ കൈക്കൊള്ളുവാൻ. 1 തമ്മിൽത്തമ്മിലുള്ള നിത്യസ്നേഹം, 2 കുടുംബജീവിതത്തിൻെറ ഭാരങ്ങളും വിഷമതകളും സഹിക്കുന്നതിനും വഹിക്കുന്നതിനുമുള്ള ദൈവാനുഗ്രഹങ്ങൾ, 3 കാലത്തിൻെറ തികവിൽ ഉണ്ടാകുന്ന സന്താനഭാരം വഹിക്കുന്നതിനുള്ള ദൈവശക്തി മുതലായവയാണു വിവാഹാനുഗ്രഹങ്ങൾ. ബ. വികാരിയുടേയും സാക്ഷിക്കാരുടേയും മുമ്പിൽ വച്ചുള്ള വധൂവരന്മാരുടെ പരസ്പര സമ്മതം പറച്ചിലും കൈപിടുത്തവുമാണു വിവാഹമെന്ന കൂദാശയുടെ കാതലായ ഭാഗം. ഈ സമയത്തു് ഇവർ വിവാഹാനുഗ്രഹങ്ങൾ പ്രാപിക്കുന്നു. വിവാഹ ആഡംബരങ്ങൾ സാരമില്ല. വിവാഹാനുഗ്രഹങ്ങളാണു സർവ്വപ്രധാനമായിട്ടുള്ളതു്.

വിവാഹാനുഗ്രഹങ്ങളിൽ സ്നേഹമാണു സർവ്വപ്രധാനമായിട്ടുള്ളതു്. ഈ സ്നേഹം ഒന്നുമാത്രമാണു വിവാഹജീവിതത്തെ ഇമ്പമുള്ളതാക്കിത്തീക്കുന്നതു്. ഇതിൻെറ അഭാവം വിവാഹജീവിതത്തെ കൈപ്പും അരോചകവുമാക്കിത്തീക്കുന്നു. തമ്മിൽത്തമ്മിൽ വളരെ ക്ഷമിക്കുകയും സഹിക്കുകയും വേണം. കടപ്പെട്ട സേവനങ്ങളും, ശുശ്രൂഷകളും പരസ്പരം നിർവ്വഹിക്കണം. "വിവാഹബന്ധത്തിൽ ഞങ്ങളെ യോജിപ്പിച്ച ദൈവമേ, ഞങ്ങൾക്കിനിയും സ്നേഹവും, സമാധാനവും, സന്തോഷവും നൽകണമേ" എന്നു് ഇരുവരും നിത്യം പ്രാത്ഥിക്കണം.

## വിവാഹിതകഠം

ഇവർ വിവാഹം വഴിയായി സ്വഭവനവും സ്വമാതാപി താക്കന്മാർ,സഹോദര സഹോദരിമാർ മുതലായവരെയും വിട്ട് ഭർ തൃഗ്രഹത്തെ സ്നേഹിക്കുകയും അവിടെ ഭർത്താവിനും ഭർത്താവിന്റെ മാതാപിതാക്കന്മാർക്കും ഇനി സേവനങ്ങൾ നടത്തുകയും ചെയ്യ ണം. എളിമ, ക്ഷമ, കീഴ്‌വഴക്കം, ഭക്തി, ധർമ്മശീലം, അദ്ധ്വാ നശീലം, ചാരിത്രശുദ്ധി ഇവയാണ് ഒരു നല്ല സ്ത്രീയുടെ ലക്ഷണ ങ്ങൾ.

ഒരു നല്ല സ്ത്രീ അവളുടെ ഭർത്താവിനു്, ഒരു പുഷ്പമുടിയും, ദുഷിച്ച സ്ത്രീ ഭർത്താവിനു് ഒരു മുൾമുടിയും, അഴിയാമാറാപ്പുമാണ്. —"A good woman is a crown, and a bad woman is a burden for her husband—"

## അമ്മമാർ, അമ്മായിഅമ്മമാർ

ഇവർ മാതൃസ്നേഹത്തോടുകൂടെ കുടുംബത്തെ ഭരിക്കണം. ഭർത്താവിനോടു യോജിച്ചും, കീഴ്പ്പെട്ടും വേണം സ്ത്രീകൾ കുടുംബഭ രണം നടത്താൻ. ഭർത്താവിനെ അവഗണിച്ചും എതിർത്തും അയാ ളോട് ആലോചിക്കാതെയും സ്ത്രീകൾ കുടുംബഭരണം നടത്തരുതു്.

മക്കളേയും പ്രത്യേകിച്ചു മരുമക്കളേയും അമ്മമാർ ഭരിക്ക ണം—മരുമക്കളെ സ്വന്തമക്കളെപ്പോലെയും കൂടുതലായും വിചാ രിക്കണം. അമ്മായിയമ്മപ്പോരുകൊണ്ടു് ഭർതൃഗ്രഹം അവൾക്കു പാറാവാക്കിത്തീർക്കരുതു്. അവളോടു വളരെ ക്ഷമിക്കണം. അ വളെ സംരക്ഷിക്കണം. അവളുടെ തെററുകൾ പർവ്വതീകരിച്ചു്, അവളെ കുററക്കാരിയാക്കരുതു്. അമ്മായിഅമ്മമാർ ഒന്നു് ഓർക്കണം—നിങ്ങളുടെ വാർദ്ധക്യകാലത്തും-രോഗശയ്യയിലും നി ങ്ങൾക്കു രക്ഷ സ്വന്തമകൾ അല്ലാ—അവൾ അന്യ കുടുംബത്തിൽ പോയി. ഇനി നിങ്ങൾക്കു് ഏകരക്ഷ മരുമകൾ മാത്രമാണു്. ആ മരുമകളെ ഇന്നു നിങ്ങൾ ഉപദ്രവിക്കുകയും വെറുക്കുകയും ചെയ്യ രുതു്. യുവതികൾക്കടുത്ത സ്വാതന്ത്ര്യവും, രക്ഷയും സന്തോഷവും മററും അവൾക്കും അനുവദിച്ചുകൊടുക്കണം. അവൾ വേലക്കാരിയ ല്ലാ മകന്റെ സഹകരണിയാണു്. അവൾ ഇവിടെ വിരുന്നുകാ രിയല്ലാ കുടുംബമുതൽ, അമ്മയെപ്പോലെ, അനുഭവിക്കാനുള്ളവളാ ണു്.

സ്ത്രീധനം, ആഭരണങ്ങൾ മുതലായവ കൂടുതൽ കിട്ടാത്തതു കൊണ്ടു് അവളോടു കോപിക്കുകയും അവൾക്കു് ഇവിടെ കിട്ടേണ്ട വ കൊടുക്കാതെ അവളെ വിഷമിപ്പിക്കയുമരുതു്. അവൾക്കു മനഃ ക്ലേശങ്ങൾ വരുത്തരുതു്. അവളുടെ നല്ല മനസ്സും സന്തോഷവുമാ

ണു, ധനത്തെക്കാൾ കുടുംബത്തിനു കൂടുതൽ ഉപകാരപ്രദം.

യുവതികളുടെ മനസ്സു, തൊട്ടാൽ വാടുന്ന ചെടിപോലെ പെട്ടെന്നു് അധഃപതിച്ചുപോകും. അമ്മമാരും മററും അവളുടെ മനസ്സിനെ കോപത്തോടുകൂടി തൊട്ടു വാട്ടി, മടുപ്പു വരുത്തരുതു്.

## മരുമകൾ

മരുമകൾ ഭർത്താവിനും മാതാപിതാക്കന്മാർക്കും കീഴ്പ്പെട്ടും അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചും ജീവിക്കുവാനുള്ളവളാണു്. അമ്മായിയമ്മ, കുടുംബനായികയും അടുക്കളറാണിയും ആണു്. മരുമകൾ പ്രത്യേകമായി അമ്മമാർക്കു കീഴ്പ്പെട്ടു ജോലിചെയ്യണം. അമ്മയോടു് എതിർത്തും ഭിന്നിച്ചും മകൾ നടക്കരുതു്. ഇങ്ങനെ നടന്നാൽ മനസ്സിനും ശരീരത്തിനും സുഖവും സന്തോഷവും ഉണ്ടാകയില്ല. മറിച്ചു് അമ്മയോടു യോജിച്ചു നിന്നാൽ മകൾക്കു വലിയ ഭാഗ്യവും സന്തോഷവുമായിരിക്കും. കുടുംബത്തിൽ എല്ലാവരും മകൾക്കു് അനുകൂലികൾ ആയിരുന്നാലും, അമ്മായിയമ്മ ഒരുത്തി പ്രതികൂലി എങ്കിൽ മരുമകൾക്കു് അടുക്കളയിൽ സുഖവും സന്തോഷവുമുണ്ടാകയില്ല. കുടുംബത്തിൽ സകലരും മകൾക്കു പ്രതികൂലികൾ ആയിരുന്നാലും അമ്മ അനുകൂലിയെങ്കിൽ, മകൾക്കു് അടുക്കളയിൽ സുഖവും സന്തോഷവുമായിരിക്കും.

യുവതികൾ, നല്ല സ്ത്രീകളുടെ ലക്ഷണങ്ങളെക്കുറിച്ചും മററും മുമ്പുപറഞ്ഞിരിക്കുന്നതു നോക്കുക. ''ആദർശകുടുംബങ്ങൾ'' എന്ന പുസ്തകം വായിക്കുക.

## മൃതപത്നികന്മാരും വിധവകളും

ചെറുപ്പക്കാരിയായ ഭാര്യ മരിച്ച പുരുഷന്മാരും ഭർത്താവു മരിച്ച സ്ത്രീകളും പുനർവിവാഹം കഴിക്കുകയാണു്, അവരുടെ ആത്മശരീരങ്ങൾക്കു നല്ലതു്. എന്നാൽ അതിനു സാഹചര്യങ്ങൾ അനുവദിക്കുന്നില്ലെങ്കിൽ ധീരമനസ്സോടും ദൈവസഹായം അപേക്ഷിച്ചുംകൊണ്ടു് മക്കൾക്കും അന്യർക്കും ഉതപ്പു കൊടുക്കാതെ സ്ഥിരതയോടുകൂടെ ജീവിച്ചുകൊള്ളണം. സ്വശരീരനിയന്ത്രണം സാദ്ധ്യമല്ലെങ്കിൽ പാപത്തിൽ ജീവിക്കുന്നതിൽ അത്യുത്തമം പുനർവിവാഹം കഴിക്കുന്നതാണു്. പുരുഷന്മാർ സ്ത്രീകളോടും, സ്ത്രീകൾ പുരുഷന്മാരോടും വളരെ അടുത്തും രഹസ്യമായും പെരുമാറുന്നതിൽ വളരെ സൂക്ഷിക്കണം. തീയും വയ്ക്കോലും അടുത്തു സൂക്ഷിക്കുന്നതു് എപ്പോഴും അപകടമാണല്ലോ. പൂർണ്ണവിരക്തനായി ശിഷ്ടകാലം കഴിക്കാമെന്നു് ധൈര്യവും മനക്കരുത്തും ഉണ്ടെങ്കിൽ പാപയപകടങ്ങൾ ജയിച്ചും പ്രാർത്ഥിച്ചും കൂദാശകൾ കൂടെക്കൂടെ

സ്വീകരിച്ചും ജീവിക്കുക. വിരക്തജീവിതം അസാദ്ധ്യമല്ലാ ദൈവാനുഗ്രഹംകൊണ്ടു സുസാദ്ധ്യമാണു്.

## ഒരു മഹാപുണ്യം

വിവാഹപ്രായമായ യുവതീയുവാക്കന്മാർ, തങ്ങളുടെ ശരീരത്തിൻെറ ദുരാശകൾക്കു വശംവദരാകാതെ ചീത്ത നോട്ടം, കേൾവി, സ്പർശനം മുതലായവയെ ത്യജിച്ചു ശുദ്ധമുള്ളവരായി ജീവിക്കുന്നതു് ഒരു മഹാപുണ്യമാണു്. നല്ലയാളുകൾ ഭക്ഷണപാനീയങ്ങളിലും വസ്ത്രാഭരണങ്ങളിലും പതപാകമുള്ളവരായി ജീവിക്കുന്നതുപോലെ, നല്ല ആളുകൾ വിവാഹതാല്പര്യങ്ങളിലും പതപാകമായി ജീവിക്കുന്നതു പുണ്യമാണു്.

## ഒരു മഹാപാപം

പരിപൂർണ്ണവിരക്തരുമുണ്ടു് വിവാഹ വിരക്തരുമുണ്ടു്. ഇങ്ങിനെയല്ലാതെ ആറും ഒൻപതും പ്രമാണങ്ങളും ലംഘിച്ചു് അശുദ്ധപാപങ്ങളിലും, മൃഗതുല്യരായി വ്യഭിചാരപാപങ്ങളിലും ജീവിക്കുന്ന ചില വിവാഹിതരും, ചില അവിവാഹിതരും ഉണ്ടു്. അശുദ്ധപാപങ്ങളിൽത്തന്നെയും അന്യരുമായി ജീവിക്കുന്ന ചില യുവതീയുവാക്കന്മാരും സ്ത്രീപുരുഷന്മാരുമുണ്ടു്. ഇവരെല്ലാവരും സ്വന്ത ആത്മാവിനും അന്യരുടെ ആത്മാവിനും നാശംവരുത്തുന്നവരാണു്. അശുദ്ധപാപങ്ങളിലും വ്യഭിചാരപാപങ്ങളിലും വീഴാതെ സൂക്ഷിച്ചും ദൈവസഹായം അപേക്ഷിച്ചും നരകഭയം വരുത്തിയും ജീവിക്കണം.

കാഞ്ഞിരപ്പഴം കാഴ്ചയ്ക്കു മനോഹരമാണു-പക്ഷേ കൈപ്പാണു്- ഇതുപോലെ ചീത്തസംസാരം, കേൾവി, സ്പർശനം, കാഴ്ച ആരംഭത്തിൽ നല്ലതാണു്. പക്ഷേ ഹൃദയത്തേയും ആത്മാവിനേയും മലിനപ്പെടുത്തും. കാലത്തും വൈകിട്ടും 3 നന്മനിറഞ്ഞമറിയം ചൊല്ലി പരിശുദ്ധ കന്യകയമ്മേ, അശുദ്ധ പാപങ്ങളിൽനിന്നു് എന്നെ രക്ഷിക്കണമേ'' എന്നു ചൊല്ലുക.

## വൈദിക സന്യാസ അന്തസ്സുകൾ

മാതാപിതാക്കന്മാർ പ്രത്യേകിച്ചു് അമ്മമാർ കുട്ടികളെ ചെറുപ്പംമുതൽ ഭക്തി, എളിമ, ക്ഷമ, കീഴ്‌വഴക്കം, ത്യാഗം, ആത്മരക്ഷയിലുള്ള താല്പര്യം മുതലായവയിൽ തഴക്കണം. വൈദികസന്യാസ അന്തസ്സുകളിന്മേൽ വലിയ താല്പര്യവും അവക്കു വരുത്തണം. പഠനച്ചിലവു വഹിക്കുന്നതിനു നിവൃത്തിയില്ലാത്തതുകൊ

ണ്ടു് മക്കളും മാതാപിതാക്കന്മാരും നിരാശപ്പെടരുതു്. പഠനച്ചില വിനുള്ള പണം എങ്ങിനേയും ഉണ്ടാകും. മെത്രാന്മാരും സന്യാസസഭാശ്രേഷ്ഠന്മാരും ധനസഹായം നല്ല കുട്ടികൾക്കു നൽകിയെന്നും വരാം. ഇന്നു് നല്ല ദൈവവിശ്വാസവും ധനസ്ഥിതിയും ഉള്ള ചില അല്മായർ നല്ല കുടുംബക്കാരും സൽസ്വഭാവികളും നല്ല പഠനവും പുണ്യവും ഉള്ളവരുമായ കുട്ടികളെ വൈദികത്വത്തിലും സന്യാസത്തിലും മിഷൻ രംഗങ്ങളിലും തങ്ങളുടെ പണംകൊടുത്തു പ്രവേശിപ്പിക്കുന്നുണ്ടു്. സൽസ്വഭാവമുള്ള പെൺകുട്ടികൾക്കു പത്രമേനിയും കൊടുക്കുന്നുണ്ടു്.

എന്നാൽ കുടുംബഉയർച്ചയ്ക്കും, മാനത്തിനും, ധനസമ്പാദനത്തിനുംമററുംവേണ്ടി കുടുംബത്തിൽ വൈദികർ ഉണ്ടാകുവാൻ നാം ആഗ്രഹിക്കരുതു്. ഇടവകവൈദികർക്കു് ധനസമ്പാദനം നിരോധിക്കപ്പെട്ടന്നില്ലെങ്കിലും പണസമ്പാദനം പ്രധാന ഉദ്ദേശ്യമായിരിക്കരുതു്.

## യുവതീയുവാക്കന്മാർ

പഠനകാലത്തു നല്ലതുപോലെ ഉത്സാഹിച്ചു പഠിക്കണം. ചീത്ത കൂട്ടുകെട്ടുകളിൽനിന്നും ചീത്ത സിനിമാ നാടകങ്ങൾ ചീത്ത പുസ്തകങ്ങളുടെ വായന മുതലായവയിൽനിന്നും ഒഴിഞ്ഞുമാറി പരിശുദ്ധമായ ജീവിതം കഴിച്ചു് ആത്മശരീരശുദ്ധതയെ സ്നേഹിച്ചു് ക്രമം കടന്ന സുഖസന്തോഷങ്ങൾ വസ്ത്രആഭരണങ്ങൾ ശരീരഅലങ്കാരം മുതലായവ ത്യജിച്ചു ജീവിക്കണം. നല്ല ത്യാഗികളായി കർത്താവിനേയും ശ്ലീഹന്മാരേയുംപോലെ ആത്മരക്ഷമേൽ താല്പര്യമുള്ളവരായി ജീവിക്കണം. എന്നാൽ ദൈവം നിങ്ങളെ അങ്ങേ ശുശ്രൂഷയ്ക്കു വിളിക്കും. അല്ലെങ്കിൽ പരിശുദ്ധമായ വിവാഹജീവിതത്തിൽ പ്രവേശിപ്പിക്കും.

## ആശീർവ്വാദവും ശാപവും

നിങ്ങൾ, മാതാപിതാക്കന്മാർ വൈദികർ ഗുരുക്കന്മാർസ്ഥാനത്തിലും അധികാരത്തിലും ഇരിക്കുന്നവർ മുതലായവരെ സന്തോഷിപ്പിച്ചും അവർക്കു കീഴ്‌വഴങ്ങിയും നടന്നു് അവരുടെ ആശിസ്സു വാങ്ങണം. ഇതു വളരെ വിലപിടിച്ചതാണു്. മറിച്ചു് അവരെ സങ്കടപ്പെടുത്തി അവരുടെ ശാപം ഏല്ക്കരുതു്. ഇതു നിങ്ങൾക്കു് ഒരു നിത്യനഷ്ടവും, കഷ്ടവും ആയിരിക്കും.

ദൈവം ഒരു മാതൃകാകുടുംബത്തെ ലോകത്തിൽ സ്ഥാപിച്ചു. അതു നസ്രസ് കുടുംബമാണു്. അവിടെ അവർ തമ്മിൽ സ്നേഹിച്ചും, ബഹുമാനിച്ചും, ശുശ്രൂഷിച്ചും, ക്ഷമിച്ചും, സഹിച്ചും ജീ

വിച്ചിരുന്നു. അവർ അക്കാലത്തെ നടപ്പനുസരിച്ചുള്ള ദൈവാരാധനകളും, കുടുംബപ്രാർത്ഥനകളും കൃത്യമായി നടത്തിയിരുന്നു. യൗസേപ്പുപിതാവു ആശാരിപ്പണിയും മാതാവു പാചകവേലകളും തയ്യലും നടത്തിയിരുന്നു. ഈശോ അവരെ സഹായിച്ചിരുന്നു. വേലകൾകൊണ്ടു് അവർ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നു. നമ്മൾ എല്ലാവരും ഈ മാതൃക അനുസരിച്ചു പ്രാർത്ഥിച്ചും, വേലചെയ്തും, നീതിയും സത്യവും പാലിച്ചും ജീവിക്കണം.

നമ്മുടെ ഭവനം പ്രാർത്ഥന, വേല, അദ്ധ്വാനം, ബുദ്ധിമുട്ട്, ദാരിദ്ര്യം, സങ്കടം, ദീനം മുതലായവയുടെ സ്ഥലമാണ്.

സുഖവും, അസുഖവും, ശാരീരികമാനസിക ക്ലേശങ്ങളും മററും നമുക്കുണ്ടാകും. എല്ലാം ദൈവചിത്തമെന്നുകരുതി ദൈവപരിപാലനയ്ക്കു നമ്മെ ഏല്പിക്കണം. ഈ കണ്ണുനീരിന്റെ സ്ഥലത്തു് ഇതെല്ലാം ഉണ്ടാകണം. നമ്മുടെ ഭവനവും ലോകവും സ്വർഗ്ഗമല്ല. എന്നാൽ നമ്മുടെ ക്ഷമകൊണ്ടും ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കംകൊണ്ടും മററും നമുക്കു് ഇഹലോകം സ്വർഗ്ഗമാക്കിത്തീർക്കാം. അനിഷ്ടസംഭവങ്ങൾ എല്ലാം വലത്തുവശത്തെ നല്ല കള്ളനെപ്പോലെ, നമ്മുടെ പാപപരിഹാരത്തിനും പുണ്യയോഗ്യതകൾക്കുംവേണ്ടി, സഹിച്ചു കാഴ്ചവയ്ക്കണം. ഇടതുവശത്തെ കള്ളനെപ്പോലെ പിറുപിറുത്തു ഫലമില്ലാതാക്കിത്തീർക്കരുതു്.

നമ്മുടെ ഭവനം പുണ്യത്തിന്റെ സ്ഥലമാക്കണം, പാപത്തിന്റെ സ്ഥലമാക്കരുതു്. അബ്രാഹം, ഇസഹാക്കു്, യാക്കോബു, മുതലായവരുടെ ഭവനംപോലെയും നസ്രസ്‌ഭവനംപോലെയും നമ്മുടെ ഭവനം ആക്കണം. അബ്രാഹത്തിന്റെയും തോബിയാസിന്റെയും ഭവനങ്ങളിൽ മാലാഖാമാർ ചെന്നു് അവരെ അനുഗ്രഹിച്ചു. ലോത്തിന്റെ ഭവനത്തിൽ നശീകരമാലാഖായും ചെന്നതായി വേദാഗമങ്ങളിൽ കാണുന്നുണ്ടു്. നമ്മുടെ ഭവനങ്ങളിൽ നമ്മുടെ സൽപ്രവൃത്തികൾകൊണ്ടു മാലാഖാമാരും പാപപ്രവൃത്തികൾകൊണ്ടു പിശാചുക്കളും വരും.

നമ്മുടെ ഭവനങ്ങളിൽ സംബന്ധക്കാർ. ബന്ധുമിത്രാദികൾ, വഴിയാത്രക്കാർ മുതലായി സ്ത്രീപുരുഷന്മാരും, യുവതീയുവാക്കന്മാരും, വേലക്കാരും, വേലക്കാരികളും ഉണ്ടാകും. എന്നാൽ ഭവനം മലിനമാകത്തക്കപ്രവൃത്തികൾ ഇവർ തമ്മിൽ ഉണ്ടാകരുതു്. ഇരുട്ടുകൊണ്ടും സൂത്രങ്ങൾകൊണ്ടും മനുഷ്യരെ മറയ്ക്കാം, ദൈവത്തെ മറയ്ക്കാൻ സാദ്ധ്യമല്ല.

ഭവനങ്ങളിൽ പ്രായമായ സ്ത്രീപുരുഷന്മാരും മക്കളും വിവാഹിതരും ദീർഘനാളത്തേക്കു് ഒരുമിച്ചു ജീവിക്കുന്നതു് സുഖത്തിനും, സമാധാനത്തിനും നല്ലതല്ല. സമാധാനക്കേടും ദാരിദ്ര്യവും വർദ്ധിക്കും. വിവാഹം കഴിച്ചവർ മാറിത്താമസിക്കണം.

നമ്മുടെ വീട്ട് ആണ്ടുതോറും ബ. വികാരിയച്ചനെക്കൊണ്ടു വെഞ്ചരിപ്പിക്കണം. "ദൈവമേ, അബ്രാഹം ഇസഹാക്ക് യാക്കോബു മുതലായവരുടെ ഭവനങ്ങളെ അവിടുന്ന് ആശീർവദിച്ച് അനുഗ്രഹിച്ചതുപോലെ ഇവരുടെ ഭവനത്തേയും ആശീർവദിക്കണമേ. പുണ്യവും, ഭക്തിയും, പരിശുദ്ധിയും, സൗഖ്യവും സമാധാനവും, സമ്പത്തും ഇവക്കു നൽകണമേ, പിന്നെയും സ്വർഗ്ഗത്തിൽനിന്നും ഒരു മാലാഖായെ ഈ ഭവനത്തിൽ വസിപ്പിക്കണമേ" എന്നുംമററും ചൊല്ലി വൈദികൻ ഭവനത്തിനുള്ളിലും പുറത്തും ഹന്നാൻവെള്ളം തളിച്ചു നമ്മുടെ ഭവനത്തെ ശുദ്ധമാക്കുന്നു. വൈദികനെ കിട്ടാതെവരുമ്പോൾ നമ്മൾ തന്നെത്താൻ ഹന്നാൻവെള്ളം കൊണ്ടുവന്നു തളിക്കണം. പ്രതിഷ്ഠ പുതുപ്പിക്കണം.

കുരിശുരൂപം, തിരുഹൃദയരൂപം, തിരുക്കുടുംബരൂപം മുതലായി പലരൂപങ്ങൾ നമ്മുടെ ഭവനത്തിൽ വേണം. ഹന്നാൻവെള്ളം, കുരുത്തോല, വി. ബെനദിക്തോസ് കാശുരൂപം മുതലായവ നമ്മുടെ ഭവനങ്ങളിൽ ഉള്ളതു നല്ലതാണ്.

സുവിശേഷപ്പുസ്തകം ക്രിസ്തുാനുകരണം പുണ്യവാന്മാരുടെ ജീവചരിത്രം അത്യാവശ്യമായി വേണം. പ്രതിദിനം 10 മിനിററ് നേരത്തേക്ക്എങ്കിലും തനിച്ചോ കൂട്ടമായോ ടി പുസ്തകങ്ങൾ വായിക്കണം. വേറെയും നമ്മുടെ ധനസ്ഥിതി, വിദ്യാഭ്യാസം മുതലായവ സാഹചര്യങ്ങൾ അനുസരിച്ചു ശാസ്ത്രീയവും ആദ്ധ്യാത്മികവുമായ പുസ്തകങ്ങൾ വാങ്ങി വായിക്കണം. ഒരു കത്തോലിക്കാ ദിനപത്രവും ഏതെങ്കിലും ഒരു മാസികയും വരുത്തണം. ദിനപത്രങ്ങൾ ഇന്നു പലതുണ്ട്. ഒരു കത്തോലിക്കാപത്രമാണ് ഒരു കത്തോലിക്കാകുടുംബത്തിൽ അത്യാവശ്യം.

നമ്മൾ അനുദിന ഭക്ഷണപാനീയങ്ങളിലും ശാരീരികസുഖസന്തോഷങ്ങളിലും വളരെക്കൂടുതൽ ആസക്തി കാണിക്കരുത്. മിതമായ ഭക്ഷണം, സന്തോഷം, വസ്ത്രാഭരണങ്ങൾ, വൃത്തിയും ചില വുകുറഞ്ഞതുമായ വീടുകൾ എന്നിവ മതി. കിടപ്പാടമില്ലാത്തവക്കും കാററും കുളിരും തട്ടക്കാൻതക്ക വീടില്ലാത്തവക്കും വീടും, വസ്ത്രമില്ലാത്തവക്കു വസ്ത്രവും, ഭക്ഷണമില്ലാത്തവക്കു വിശപ്പുശമനത്തിനുള്ള ആഹാരവും ഉള്ളതുപോലെ നാം കൊടുക്കണം. സമുദായകാര്യങ്ങൾക്കും, മതകാര്യങ്ങൾക്കും. പൊതുക്കാര്യങ്ങൾക്കും നമ്മുടെ ധനം വ്യയംചെയ്യണം. എന്നാൽ ദൈവാശീർവാദം നമുക്കുണ്ടാകും.

നമ്മൾ എല്ലാവരോടും പ്രത്യേകിച്ചു പാവപ്പെട്ടവരോടും സ്വന്തകുടുംബക്കാരോടും പ്രത്യേക സ്നേഹവും ബഹുമാനവും അടുപ്പവും അനുകമ്പയും ഉള്ളവരാകണം.

സ്വന്തകുടുംബക്കാർ എല്ലാവരും ഒരേനിലയിൽ അല്ലാ. നമ്മെക്കാൾ ഏതെങ്കിലും വിധത്തിൽ താഴ്ന്നവരോടു പ്രത്യേക പ

രിഗണനന ഉണ്ടാകണം. അവരോട്ട സംസാരിക്കണം. സംബന്ധ പ്പേരുകൾ വിളിക്കണം. പാവപ്പെട്ട വീട്ടിലും, ചെററക്കുടിലുകളിലും, മഹാദാരിദ്ര്യത്തിലും രോഗത്തിലും കിടക്കുന്നവരെ ചെന്നു കാണണം. പാട്ടുള്ള സഹായങ്ങൾ ചെയ്തുകൊടുക്കണം, നമ്മുടെ കുടുംബത്തിലെ ധനികന്മാരും പാവപ്പെട്ടവരും ഓക്കണം ഞങ്ങൾ എല്ലാവരുടേയും പൂർവ്വകാരണവൻ ഒരാൾ ആയിരുന്നുവെന്നു്. നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ പൂർവ്വമുത്തപ്പന്റെ അനന്തിരവക്കാരിൽ ചിലർ ധനികന്മാരും, ചിലർ പാവപ്പെട്ടവരും, ചിലർ വിദ്യാഭ്യാസമുള്ളവരും ചിലർ വിദ്യാഭ്യാസമില്ലാത്തവരുമായിത്തീൎന്നു.

(1922 നവംമ്പർ 22-ാംതീയതി മരിച്ച എടപ്പഴത്തിൽ ബചാക്കോച്ചൻ ഒരു തികഞ്ഞ കുടുംബസ്നേഹിയായിരുന്നു. കുടുംബത്തിൽപ്പെട്ട ഒരു കൂലിവേലക്കാരനെ കണ്ടാൽ തിരിഞ്ഞുനിന്നു് അവനോടു സംസാരിക്കുന്നതും അവന്റെ ക്ഷേമാദികൾ തിരക്കി അറിയുന്നതും അദ്ദേഹത്തിനു് ഒരു പ്രത്യേകതയായിരുന്നു. ചെററക്കുടിലിൽ കിടക്കുന്നവരെ ചെന്നുകാണുന്നതും സംബന്ധപ്പേരുവിളിക്കുന്നതും അദ്ദേഹത്തിനു വലിയ സന്തോഷവും ബഹുമാനവുമായിരുന്നു.)

നമുക്കു് മാർത്തോമ്മാക്രിസ്ത്യാനികൾ ആണെന്നും മററും (എടമനകുടുംബക്കാൎക്കും, അതിന്റെ സകല ശാഖാകുടുംബക്കാൎക്കും അതിന്റെ ഒരുശാഖയായ കളത്തിക്കുടുംബക്കാൎക്കും തങ്ങൾ ഒരു പുരാതന ബ്രഹ്മാണ്ഡകുടുംബത്തിന്റെ അംഗങ്ങൾആണെന്നു്) അഭിമാനപ്പെടാമെങ്കിലും നമ്മുടെ അഭിമാനം ഇതിൽ ഒന്നിലുമല്ലാ, തങ്ങളുടെ പുരാതനത്വം പുരാതന കുടുംബക്കാൎക്കു യോജിക്കുന്ന കുടുംബമഹത്വത്തിലും സൽപ്രവൃത്തികളിലും അത്രേ അടങ്ങിയിരിക്കുന്നതു്. we should show our noble birth and nobility not by boasting words but by nobles deeds and character.

പഴയ ഇസ്രായേൽ ജനങ്ങൾ, തങ്ങൾ അബ്രാഹത്തിന്റെ ഗോത്രക്കാരും കുടുംബക്കാരും ആണെന്നു്, സ്വാഭിമാനം പറഞ്ഞപ്പോൾ കൎത്താവു ശാസനാരൂപത്തിൽ അവരോടു് അരുളിച്ചെയ്തു: "നിങ്ങൾ അങ്ങിനെയാണു്, പക്ഷേ ഇന്നു നിങ്ങൾക്കു് അബ്രാഹത്തിന്റെ പ്രവൃത്തികൾ ഇല്ല."

അബ്രാഹത്തിന്റെ ഗോത്രക്കാരും കുടുംബക്കാരും ദൈവത്തിന്റെ തെരിഞ്ഞെടുക്കപ്പെട്ട ജനവുമായിരുന്ന ഇസ്രായേൽമക്കൾ, കാലാന്തരത്തിൽ വളരെ മോശക്കാരും, ശപിക്കപ്പെട്ടവരുമായിത്തീൎന്നു......അവരുടെ ഹൃദയം സകലവിധ അനീതികൾകൊണ്ടും അശുദ്ധപാപങ്ങൾകൊണ്ടും മലിനപ്പെട്ടതുമായിരുന്നു. ഇതുകൊണ്ടു കൎത്താവു അവരെ വെറുത്തു് ഉപേക്ഷിച്ചു.

ഇന്നു് ചില പുരാതന കുടുംബക്കാരും, തറവാട്ടുകാരും, തങ്ങ

ളുടെ പുരാതന കുടുംബമഹത്വം പറഞ്ഞു് സ്വയം അഭിമാനിക്കുന്നുണ്ടു്. എന്നാൽ എല്ലാവരും നല്ലവരല്ല. ചിലർ പേരുകൊണ്ടുമാത്രം പുരാതന ക്രിസ്ത്യാനികളും കുടുംബക്കാരും എന്നാൽ പ്രവൃത്തികൾകൊണ്ടു മഹാമോശക്കാരുമാണു്. പാവപ്പെട്ടവരും, കൂലിവേലക്കാരും. അവശക്രൈസ്തവരും, ചിലപ്പോൾ പഴയ ക്രിസ്ത്യാനികളെക്കാൾ, ദൈവതിരുമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും നല്ലവരാണു്. ഇവരെക്കുറിച്ചു കർത്താവരുളിച്ചെയ്യുന്നു. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും പാവപ്പെട്ട ആളുകൾവന്നു് അബ്രാഹത്തോടും ഇസഹാക്കിനോടും മററുംകൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും. രാജ്യത്തിൻെറ മക്കൾ, അതായതു് ഇസ്രായേൽക്കാർ,ഉന്നതരേ ചില പുരാതന കുടുംബക്കാർ,ധനികന്മാർ. വിദ്യാസമ്പന്നർ മുതലായവർ പുറത്തുള്ള അന്ധകാരത്തിലേക്കും നരകത്തിലേക്കും തള്ളപ്പെട്ടും. (മത്തായി–8: 10–12)ഈ വേദവാക്യം എല്ലാവരും പ്രത്യേകിച്ചു പുരാതന കുടുംബക്കാർ, ധനികന്മാർ, വിദ്യാസമ്പന്നന്മാർ മുതലായവർ ഓർക്കണം.

സ്വർഗ്ഗരാജ്യം നല്ല മനസ്സും നല്ല ഹൃദയവുമുള്ളവർക്കാണു നൽകപ്പെടുന്നതു്. നിഗളികൾക്കും, അശുദ്ധി പ്രവർത്തിക്കുന്നവർക്കും, അനീതികാർക്കും നൽകപ്പെട്ടുകയില്ല.–

ദൈവം ശുദ്ധമുള്ളവർക്കും, അങ്ങേ പ്രമാണങ്ങളേയും അന്തസ്സിനടുത്ത കടമകളേയും അനുസരിച്ചും ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടും നീതിയും സത്യവും പാലിക്കുന്നവർക്കും അത്രേ സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തിരിക്കുന്നതു്. ദൈവം ഉയർന്ന കുടുംബക്കാരേയും കൊഴുത്ത ധനികന്മാരേയും പണ്ഡിതന്മാരേയും അല്ലാ നോക്കുന്നതു്. എന്നാൽ ഇവർ ഹൃദയശുദ്ധിയുള്ളവരെങ്കിൽ ഇവരേയും പാവപ്പെട്ടവരേയും ദൈവം പ്രത്യേകമായി സ്നേഹിക്കുകയും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

ഒരു കാലത്തു് അധഃപതിച്ചു് ചില ധനികന്മാരുടെ ആശ്രിതരും വേലക്കാരും ആയിരുന്നവർ ഇന്നു് ഉയർന്നു് ധനികന്മാർ ആയിട്ടുള്ളവർ ഉണ്ടു്. പഴയ കുടുംബക്കാരും ധനികന്മാരും ഇന്നു് അധഃപതിച്ചിട്ടും ഉണ്ടു്. "വൻപൻ നശിച്ചാൽ കുരുമ്പനാകും" എന്ന പഴമൊഴിക്കനുസരണമായി ഇന്നു പഴയ ധനികന്മാരിൽ ചിലർ അസൂയക്കാരും, അന്യൻെറ ഉയർച്ചയിൽ അസഹിഷ്ണുക്കളും ആണു്.

ധനം എന്നും ഒരു കുടുംബത്തിനോ വ്യക്തിക്കോ അധീനപ്പെട്ടിരിക്കയില്ല.– രാജാക്കന്മാരും, ഉയർന്ന ഉദ്യോഗസ്ഥന്മാരും, കൊഴുത്ത ധനികന്മാരും സമർത്ഥന്മാരും അധഃപതിക്കുന്നുണ്ടു്. അധഃപതിച്ചവൻ ഉയരുന്നുമുണ്ടു്. ഉയർന്നവനും താഴ്ന്നവനും ദൈവത്തെ ഓർത്തു നടക്കട്ടെ. എന്നാൽ നമുക്കെല്ലാവർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാം.–

ഇന്നത്തേ പുരാതനത്വവും പൌരാണികത്വവും ധനവും ഓ ൎത്തു് ആരും ഡംഭടിച്ചു നടക്കരുതു്. പാവപ്പെട്ടവർ നിരാശപ്പെ ട്ടും നടക്കരുതു്.

ലോകത്തിൽ ധനംകൊണ്ടും പാണ്ഡിത്യംകൊണ്ടും പുരാത നത്വംകൊണ്ടും ഉയർന്നവരും, ദരിദ്രരും, കൂലിവേലക്കാരും, ഭിക്ഷ ക്കാരും, വിദ്യാവിഹീനരും ഉണ്ടു്. പുണ്യവും പരസ്നേഹവും ദൈവവിചാരവും ദൈവവിശ്വാസവും മതവിശ്വാസവും മതാനു ഷ്ഠാനങ്ങളും, സത്യസന്ധതയും, സന്മാർഗ്ഗ ജീവിതവും ഉള്ളവർ ക്കാണു സ്വർഗ്ഗരാജ്യം നൽകപ്പെടുന്നതു്.

തലമുറകൾ നീണ്ടു നീണ്ടു പോകുന്തോറും സംബന്ധവും അ കന്നും പിരിഞ്ഞും പോകുന്നുണ്ടു്. വിവാഹവും അടുത്ത ആ ളുകളും കുടുംബക്കാരും തമ്മിൽ നടത്തുന്നുണ്ടു്. തിരുസഭയുടെ ഇന്ന ത്തേ നിയമപ്രകാരം ജ്യേഷ്ഠാനുജന്മാരുടെ മക്കൾ,മക്കളുടെ മക്കൾ, അവരുടെ മക്കൾ മൂന്നും നാലും തലമുറക്കാർ തമ്മിൽ വിവാഹം നടത്താം. നിയമവിരുദ്ധമല്ല എങ്കിലും ഒരേകുടുംബത്തിൽപ്പെട്ട, ആൺവഴിക്കാർഎത്ര അകന്നാലും വിവാഹം കഴിക്കാതിരിക്കയാ ണു നല്ലതു്. വിവാഹം വാസ്തവമാണെങ്കിലും ഇങ്ങിനെ വളരെ അടുത്തവരുടെ വിവാഹത്തിൽനിന്നുണ്ടാകുന്ന സന്തതികൾക്കു ചില ന്യൂനതകൾ ഉണ്ടാകുന്നതായി കാണുന്നുണ്ടു്.

സ്വന്ത കുടുംബക്കാർ, അയൽവാസികൾ, ബന്ധുമിത്രാദി കൾ തമ്മിൽ എന്തെങ്കിലും വഴക്കുണ്ടായി, കോടതികയറുന്നതിൽ നല്ലതു് ഇരുകൂട്ടൎക്കും സമ്മതമുള്ള ചില മദ്ധ്യസ്ഥന്മാരെ നിശ്ച യിച്ചു, സമ്മതം രേഖപ്പെടുത്തിക്കൊടുത്തശേഷം അവരുടെ വിധി ക്കു വശംവദരാകുന്നതാണു നമ്മുടെ ആത്മാവിനും കുടുംബത്തി നും നല്ലതു്. വെറും വാശിക്കും പകരംവീഴ്ത്തലിനും വേണ്ടി ദൈ വത്തേയും നമ്മുടെ ആത്മാവിനേയും നാം ഉപേക്ഷിക്കരുതു്. ക ച്ചേരികയറിയാൽ കള്ളം പറയണം. തീരെ നിവൃത്തിയില്ലാതെവ ന്നാൽ മാത്രമേ കച്ചേരികയറാവു.അല്ലെങ്കിൽ ധനവും കുടുംബവും നശിക്കും.

കുടുംബധനം എന്നും ഒരേ നിലയിൽ ഇരിക്കുകയില്ല. അതു കൂടിയും കുറഞ്ഞും, പൊങ്ങിയും താണും ഇരിക്കും. ചിലർ ദൈ വാനുഗ്രഹംകൊണ്ടും തങ്ങളുടെ പരിശ്രമംകൊണ്ടും ധനികന്മാരാ യിത്തീരുന്നുണ്ടു്. മററുചിലർ ദൈവചിത്തംകൊണ്ടും തങ്ങളുടെ സൂക്ഷക്കുറവുകൊണ്ടും അബന്ധവശാൽ ദരിദ്രരായിത്തീരുന്നുണ്ടു്. നമ്മുടെ ധനത്തെ നിലനിറുത്താനും, ഉയർത്താനും വേണ്ടി നാം അ നീതികളും അക്രമങ്ങളും, പരദ്രോഹങ്ങളും ഒരിക്കലും ചെയ്യരുതു്.

വമ്പൻ നശിച്ചാൽ കുറുമ്പനായിത്തീരും എന്ന പഴമൊഴി പോലെ—നാം ദരിദ്രരായാൽ—കുറുമ്പന്മാരും, പൈശൂന്യക്കാരും ആകരുതു്. നമ്മുടെ ധനസ്ഥിതി എങ്ങിനെയും ആകട്ടെ. നമ്മു

ടെ കുടുംബമഹത്വം നാം കളയരുതു്. ഈ വസ്തുത (എടമന കുടുംബക്കാരും എല്ലാപുരാതന കുടുംബക്കാരും നല്ലപോലെ ഓക്കണം.)

സാഹചര്യങ്ങൾ നമ്മെ നല്ലവരോ, തണ്ണ്യവരോ ആക്കാൻ പര്യാപ്തങ്ങളാണു്. ധനം, വിദ്യാ, സാമത്ഥ്യം, ജോലി, ഉദ്യോഗം മുതലായവ നമ്മെ ഉയത്തുകയും ദാരിദ്ര്യം, അജ്ഞത, ത്രാണിക്കുറവു്, ചില ജോലികൾ മുതലായവ നമ്മെ അധഃപതിപ്പിക്കുകയും ചെയ്യുന്നുണ്ടു്. സാഹചര്യങ്ങൾ എന്തുംവരട്ടെ നാം തികഞ്ഞ ദൈവവിശ്വാസം, മതവിശ്വാസം, സന്മാർഗ്ഗനിഷ്ഠ, നീതിബോധം മുതലായ ഗുണങ്ങൾ ഉള്ളവരായി ദൈവത്തിൽ ഉറച്ചുവിശ്വസിച്ചു ജീവിക്കണം. കുടുംബപ്പേരുകളും ധനവുമല്ലാ നമ്മുടെ സൽപ്രവൃത്തികളാണു നമ്മെ ഉയത്തുന്നതു്.

തിരുസഭയോടും മാർപ്പാപ്പാ, മെത്രാന്മാർ, വൈദികർ മുതലായവരോടും നാം എപ്പോഴും സ്നേഹവും ബഹുമാനവും കാണിക്കണം. അവരോടു് ഒരിക്കലും എതിക്കരുതു്. സഭയോടും വൈദികരോടും മനഃപൂവ്വം എതിർക്കുന്ന കുടുംബങ്ങളിലും മാതാപിതാക്കന്മാരിലുംനിന്നു് വൈദികർ ഉണ്ടാകുവാൻ അത്ര എളുപ്പമല്ല.

വൈദികരിൽ വല്ല തെററുകളും ഉതപ്പുകളും പക്ഷേ കണ്ടേക്കും. അവരുടെ തെറ്റുകളെ നാം അനുകരിക്കണ്ടാ, എന്നാൽ അവരുടെ സ്ഥാനത്തേയും അധികാരത്തേയും നാം ബഹുമാനിക്കണം. പരസ്യമായ വൈദികവിദ്വേഷം, കുററംപറച്ചിൽ നാം ത്യജിക്കണം. ക്ഷന്തവ്യമല്ലാത്ത തെററുകൾ വൈദികരിൽ കണ്ടാൽ,അവയെ മെത്രാനെ അറിയിക്കണം. മാതാപിതാക്കന്മാർ ചിലപ്പോൾ മക്കളുടെ മുമ്പാകെ കുററക്കാരാകാൻ പാടുണ്ടു്. അപ്പോൾ മക്കൾ ക്ഷമിക്കണം. ഇതുപോലെ വൈദികർ ജനങ്ങളുടെമുമ്പാകെ കുറ്റക്കാരാകുവാൻ പാടുണ്ടു്. അപ്പോൾ ജനങ്ങൾ അവരോടു ക്ഷമിക്കണം. (മത്തായി സുവിശേഷം-23-ാം അദ്ധ്യായം 1. 2, 3, 34, 39 വാക്യങ്ങൾ നാം വായിക്കണം)വൈദികരോടുള്ള ക്രമം കടന്ന അടുപ്പവും, ഇടവകക്കാരെക്കുറിച്ചു കുററവും ഏഷണിയും തൻകാര്യലാഭത്തിനുവേണ്ടിപറഞ്ഞു് ഇടവകയിൽ ഭിന്നിപ്പുണ്ടാക്കുന്നതും അത്ര നല്ലതല്ല.

രാഷ്ട്രീയാധികാരികളേയും രാഷ്ട്രത്തേയും നാം സ്നേഹിക്കണം, ആദരിക്കണം, ബഹുമാനിക്കണം. ദൈവപ്രമാണത്തിനും, തിരുസഭയുടെ കല്പനകൾക്കും, സ്വാഭാവിക പ്രമാണങ്ങൾക്കും വിരുദ്ധമല്ലാത്തപ്പോൾ അവരുടെ കല്പനകളും നാം അനുസരിക്കണം. നമ്മുടെ അവകാശങ്ങൾ ന്യായമായ മാർഗ്ഗങ്ങളിൽക്കൂടെ നാം നേടി എടുക്കണം. തൻകാര്യത്തിനുവേണ്ടി മാത്രം സർക്കാർ അധികാരികളെ സേവിക്കുന്നവരുമുണ്ടു്. ഇതു നല്ലതല്ല. മാതാപിതാക്കന്മാക്കു വാദ്ധക്യം ആകുമ്പോൾ തങ്ങളുടെ സമ്പാദ്യങ്ങൾ, നീ

നീതിക്കും, ന്യായത്തിനും, ഉപവിക്കും ഒത്തവിധം മക്കൾക്ക് ഭാഗിച്ചു കൊടുക്കണം. മക്കളെ തമ്മിൽ ഭിന്നിപ്പിക്കരുതു്. ആരോടും പക്ഷഭേദമോ, വിദ്വേഷമോ കാണിക്കരുതു്. തക്കകാരണമുണ്ടെങ്കിൽ, മററവരേയും ബോദ്ധ്യപ്പെടുത്തി വല്ലവക്കും കൂടുതൽ കുറവു കൊടുക്കുന്നതിനു് വിരോധമില്ല. എങ്കിലും സൂക്ഷിക്കണം. മക്കൾ മാതാപിതാക്കന്മാർ തരുന്നതു് സന്തോഷത്തോടുകൂടെ വാങ്ങണം. എന്നാൽ നിങ്ങൾക്കു് അതു് നിത്യം ലഭിക്കും.

അവിവാഹിതരായ സ്ത്രീപുരുഷന്മാർ ഏതെങ്കിലും കാരണങ്ങൾ നിമിത്തം കുടുംബത്തിൽ ഉണ്ടെങ്കിൽ, ഉള്ളതിൽ ഓഹരി ഇവക്കുംകൊടുക്കണം മാതാപിതാക്കന്മാരുടെ കാലശേഷം വിവാഹിതരായ മററു മക്കളുടെ കൂട്ടത്തിലെ ജീവിതം ഇവക്കു് അസുഖമായി തോന്നുന്നു എങ്കിൽ തനിച്ചു മാറി താമസിക്കുന്നതിനു് ഒരു സ്ഥലവും ഉപജീവനമാർഗ്ഗവും കൊടുക്കണം. മക്കൾക്ക് ഭാഗിച്ചുകൊടുക്കാൻ വസ്തുക്കൾ ഇല്ലെങ്കിൽ ഇവരെ എല്ലാവരേയും ഏതെങ്കിലും തൊഴിൽ തഴക്കി, ദൈവപരിപാലനയ്ക്കു് ഏല്പിക്കുക

ധനികന്മാരായ ആളുകൾ വസ്തു ഭാഗിക്കുമ്പോൾ ഉള്ളതുപോലെ ഒരു ഓഹരി നിത്യകുർബ്ബാന, പള്ളി, കൊവേന്ത, മഠങ്ങൾ, അനാഥശാല, വൃദ്ധമന്ദിരം മുതലായ പൊതുസ്ഥാപനങ്ങൾക്കും വൈദിക, സന്യാസ കന്യക വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ ചെലവിനുമായി നീക്കി വയ്ക്കുന്നതു നല്ലതാണു്. ധനികന്മാർ കത്തോലിക്കാ സമുദായത്തേയും ദരിദ്രരേയും, വിധവകളേയും അനാഥകുഞ്ഞുങ്ങളേയും മററും സഹായിക്കണം. നമ്മുടെ കുടുംബധനം വർദ്ധിക്കുന്നതിനും, മക്കൾ നല്ലവരായി തീരുന്നതിനും മററും ഇതെല്ലാം ഉപകരിക്കുന്നതാണു്.

ഇന്നു് നല്ല തികഞ്ഞ ദൈവവിശ്വാസവും, പരസ്നേഹവും, നല്ല മനസ്സും, നല്ല ഹൃദയവും ഉള്ള ചില ധനികന്മാരും, മദ്ധ്യസ്ഥിതിക്കാരും, തങ്ങളുടെ വരുമാനത്തിൽനിന്നും, ദരിദ്രരും കൂലിവേലക്കാരും തങ്ങളുടെ തുച്ഛമായ വരുമാനത്തിൽനിന്നും രാഷ്ട്രത്തേയും, തിരുസഭയേയും, വേദപ്രചാരത്തേയും ദരിദ്രരേയും, പാവപ്പെട്ടവരേയും, അനാഥരേയും, വിധവകളേയും, അനാഥശാല, വൃദ്ധമന്ദിരം, പാവപ്പെട്ട സ്കൂൾ, വൈദീക, മിഷ്യനറി വിദ്യാർത്ഥികളേയും, ഉള്ളഴിഞ്ഞു സഹായിക്കുന്നുണ്ടു്.

ഇന്നു് ചില യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും, അമേരിക്കയിൽ

നിന്നും, ധനികന്മാരും, ദരിദ്രന്മാരും, കൂലിവേലക്കാരും, തൊഴിലാളകിളും, തങ്ങളുടെ വരുമാനങ്ങളിലും, മാസശമ്പളം, ദിവസകൂലികളിൽ നിന്നും, പുകവലി, ചായകുടി മുതലായവകളിൽ നിന്നും വൻതുകകളും, അല്പതുകകളും, ഉണ്ടാക്കി, ലഘുനിക്ഷേപങ്ങൾ ശേഖരിച്ച്, അതുകൊണ്ട് അനവധി പൊതുകാര്യങ്ങൾ നടത്തുന്നുണ്ട്. പല പാവപ്പെട്ടവരെയും സഹായിക്കുന്നുണ്ട്. വിവാഹം കഴിക്കാൻ നിവർത്തിയില്ലാതെ വലഞ്ഞും ഇച്ഛാഭംഗപ്പെട്ടും, ചിലപ്പോൾ പാപവഴിയിൽ അകപ്പെടുന്നതിനും കാരണമാകുന്ന യുവതികൾക്ക് അത്യാവശ്യപ്പെട്ട വിവാഹ വസ്ത്രങ്ങൾ, ആഭരണങ്ങൾ; മുതലായത് ഉണ്ടാക്കി കൊടുത്ത് അവരെ വിവാഹിതകളാക്കി തീർക്കുന്നുണ്ട്. ഇത് ഒരു മഹാ മനുഗുണപ്രവർത്തിയാണ്.

## ധനം

ഇത് ഒരു ദൈവദാനമാണ്. എങ്കിലും ദൈവം ധനം നമുക്ക് വൃഥാ നൽകുന്നില്ല. പ്രത്യുത ഏതെങ്കിലും വേല ജോലികൾ ചെയ്യുന്നവർക്കും ധനലബ്ധിക്കായി പ്രാർത്ഥിക്കുന്നവർക്കും, നീതിയും സത്യവും പാലിക്കുന്നവർക്കും, മിതവ്യയം പാലിക്കുന്നവർക്കും, ദുർവ്യയം ത്യജിക്കുന്നവർക്കും, ഉള്ളതുപോലെ നല്ല മനസ്സോടും, നല്ല ഹൃദയത്തോടും, പ്രതിഫലവും, പേരും പെരുമയും ഇച്ഛിക്കാതെ ധർമ്മവും പരസഹായവും ചെയ്യുന്നവർക്കും ദൈവം ധനം പ്രദാനം ചെയ്യും. ചിലപ്പോൾ ദാരിദ്ര്യവും ധനനഷ്ടം, കൃഷി നഷ്ടം മുതലായ അനിഷ്ട സംഭവങ്ങൾ ഉണ്ടായി എന്നും വരാം. നസ്രസ് കുടുംബത്തിൽ മാതാവും യൗസേപ്പ പിതാവും ഉണ്ണി ഈശോയും ദരിദ്രരായിരുന്നു —

ഏററവും നല്ല ധനം നെററിവിയർത്തു ജോലിചെയ്തുണ്ടാക്കുന്ന ധനമാണ്. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം.

ധനം ദുർവ്യയം ചെയ്യുന്നതും– ലുബ്ധിക്കുന്നതും അത്ര നല്ലതല്ലാ.

ധനം വളരെ അധികം നമുക്കുണ്ടെങ്കിലും മിതവ്യയം – മിതമായ ഭക്ഷണപാനീയങ്ങൾ, വസ്ത്ര ആഭരണങ്ങൾ, ഭവനങ്ങൾ ആണ് നമുക്ക വേണ്ടിയതും നല്ലതും.

മിശിഹായ്ക്ക് വലിയ സമ്പന്നനായി ജീവിക്കാമായിരുന്നു. എങ്കിലും അവിടന്നു ദരിദ്രനായിട്ടാണ് ജീവിച്ചത്.–
ലൂക്കാ സുവിശേഷം 16–ാം അദ്ധ്യായത്തിൽ വറയുന്ന ധനികനെ

പോലെ വളരെ സുഖജീവിതം കഴിച്ചശേഷം നിത്യനരകത്തിൽ പോയതും മഹാദരിദ്രനായി ജീവിച്ചശേഷം മരിച്ചു സ്വർഗ്ഗത്തിൽ പോയ ലാസറിനേയും നാം ഓർക്കണം.

പുഴ പിടിക്കാത്തതും എലികരളാത്തതുമായ മടിശീലകളിൽ നാം ധനം ശേഖരിക്കയെന്ന – അതായത് ദാനധർമ്മങ്ങൾ കൊണ്ട് നമ്മൾ സ്വർഗ്ഗത്തിൽ പുണ്യ സമ്പാദ്യങ്ങൾ ഉണ്ടാക്കണം– നമ്മുടെ ധനം ഒന്നും കുഴിമാടത്തിലേക്ക് നമ്മുടെ കൂടെ പോരുന്നില്ല – ദാനധർമ്മം ചെയ്ത് ധനം (പുണ്യ ഫലം) നമ്മുടെ കൂട്ടത്തിൽ സ്വർഗ്ഗത്തിലേക്ക് പോരുന്നു.

## ധർമ്മം

ധനം നമ്മുടെ ആവശ്യങ്ങൾക്കും, അത്യാവശ്യങ്ങൾക്കും, അന്യരുടെ പാവപ്പെട്ടവരുടെ, അത്യാവശ്യങ്ങൾക്കും വേണ്ടിയുള്ളതാണ്. ധനമെല്ലാം ദൈവത്തിൻേറതാണ്. നാം അതിന്റെ പാട്ടക്കാരാണ്. ധനമുള്ളവനും, ധനം ഇല്ലാത്തവനും ദൈവമക്കളാണ്. മാതാപിതാക്കന്മാർ മക്കളെ രക്ഷിക്കുന്നതുപോലെ നാം നമ്മുടെ സഹോദരന്മാരെ, അവരുടെ അത്യാവശ്യം നോക്കി, നമ്മുടെ കഴിവുപോലെ കൂടുതൽ കുറവായി അവരെ സഹായിക്കണം. നല്ല മനസ്സോടുകൂടെ ധർമ്മം കൊടുക്കണം. ധർമ്മം കൊണ്ട് നമ്മുടെ ധനം കുറയുകയല്ലാ വർദ്ധിക്കുകയാണ് ചെയ്യുന്നത്. കുടുംബങ്ങളെയും, നമ്മുടെ മക്കളേയും, കൃഷി തൊഴിൽകളേയും ഫലപുഷ്ടമാക്കുന്നതും ധർമ്മമാണ്. "കൊടുക്കുവിൻ എന്നാൽ നിങ്ങൾക്ക് നല്ലപ്പെടും" (ലൂക്കാ: 6:3.) ധർമ്മം ഒന്നിനു നൂറിരട്ടി വിളയിക്കുന്ന ഒരുമാതിരി വിത്താണ്. (വി. ബസീൻ)

ഇനി ധർമ്മം കൊണ്ടുമാത്രം നമ്മുടെ ധനം വർദ്ധിക്കുകയും നിലനിൽക്കുകയും ചെയ്യുമെന്ന് ആരും വിചാരിക്കരുത്. നീതിയും സത്യവും ഉപവിയും, സന്മാർഗ്ഗജീവിതവും, ദൈവാശ്രയവും, പ്രാർത്ഥനയും, മററും കൂടെ നമുക്കും വേണം. കുട്ടികളെ കൊണ്ടും ധർമ്മം കൊടുപ്പിച്ച് തഴക്കണം. "ദൈവമെ, ഞങ്ങളുടെ എല്ലാവരുടേയും പാപപരിഹാരത്തിനും പുണ്യജീവിതത്തിനും, കൃഷികൾ, വേലകൾ എല്ലാം ഫലപ്രദമാകുന്നതിനും മററും വേണ്ടി ഞാൻ ഈ ധർമ്മം കൊടുക്കുന്നു." എന്നു ചൊല്ലുക.

സകലരേയും നമ്മുടെ ശത്രുക്കളെക്കൂടെയും നാം സ്നേഹിക്കണം.

സൽമാതൃകകൊണ്ടും, ഉപദേശം കൊണ്ടും. നാം എല്ലാവരേയും സൽപാ നഥാവിൽ നടത്തണം. നിങ്ങൾക്ക് ഞാൻ ഒരു പുത്തൻ പ്രമാണം തരുന്നു. പരസ്പരം സ്നേഹിക്കണം സകലർക്കും നന്മ ചെയ്യുക. ആർക്കും തിന്മ ആഗ്രഹിക്കുകയും പ്രവർത്തിക്കയും അരുത്. കർത്താവിനെ കുറിച്ച് പറ യുന്നതു്, "അവിടന്നു് സകലർക്കും നന്മ ചെയ്തുകൊണ്ടു് കടന്നു പോയി രുന്നു" എന്നാണ് —

പ്രാർത്ഥന

ചോദിപ്പിൻ തരപ്പെടും, മുട്ടുവിൻ തുറക്കപ്പെടും എന്നും മററും കർത്താ വ് നമ്മോട് ഉപദേശിക്കുന്നു. നമ്മുടെ ആത്മ ശരീര കാര്യങ്ങൾക്കും, അന്യരുടെ കാര്യങ്ങൾക്കും, മാതാപിതാക്കന്മാർ, സഹോദര സഹോദ രിമാർ, നാട്ടുകാർ, വീട്ടുകാർ, സംബന്ധക്കാർ, ബന്ധുമിത്രാദികൾ, ശത്രുക്കൾ മുതലായവർക്കും, തിരുസഭാ, മാർപ്പാപ്പ, കർദിനാളന്മാർ, മെത്രാ ന്മാർ, വൈദീകർ, സന്യാസികൾ, മുതലായവർക്കുവേണ്ടിയും നാം പ്രാ ർത്ഥിക്കണം. അവർ എല്ലാവരും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നവരാണ്. അവരുടെ പ്രാർത്ഥനകൾ നമുക്കു ഫലിക്കണമെങ്കിൽ നാം അവർക്കുവേണ്ടി യും പ്രാർത്ഥിക്കണം.

പാപികളെ പ്രാർത്ഥനകൊണ്ടു് മാനസാന്തരപ്പെടുത്തുക. . മഹാ പാപികളായി ജീവിക്കുന്നവരുണ്ട്. എത്ര കഠിന പാപികൾ ആയിരു ന്നാലും ദൈവാനുഗ്രഹം അവർക്കു കിട്ടിയാൽ അവർ പെട്ടെന്നു് മാനസാ ന്തരപ്പെടും വി: ആഗസ്തിനോസു മാനസാന്തരപെട്ടതു് അമ്മയുടെ 19 വർഷത്തെ സ്ഥിരമായ പ്രാർത്ഥനകൊണ്ടാണ്. ഇതുപോലെ പല പാ പികൾ. അന്യരുടെ പ്രാർത്ഥനകൊണ്ടു് മാനസാന്തരപ്പെട്ടിട്ടുണ്ട്. നമ്മൾ ഇന്നയിന്ന പാപികൾ മാനസാന്തരപ്പെടണം എന്നു് കരുതിക്കൂട്ടി പ്രാർ ത്ഥിക്കണം.

ഇത്രയും പറഞ്ഞുകൊണ്ടു് എൻെറ ഉപദേശം അവസാനിപ്പിക്കുന്നു.

ഇതു് എല്ലാവരും വായിക്കുകയും കുട്ടികളെ പലപ്പോഴും വായിച്ചു കേൾപ്പിക്കുകയും ചെയ്യണമെന്നു് എൻെറ എളിയ അപേക്ഷ.

എന്നു്, ബ: ശവര്യാരച്ചൻ

814

സി. എം. ഐ.

വാഴക്കുളം കൊവേന്ത

വാഴക്കുളം

1965 ഡിസംബർ 3

Printed and Published by P. J. Kunjelo Pulparambil
Thodupuzha

# എടമനക്കുരിശും
# എടമനക്കുടുംബവും



വി. മത്തായിശ്ലീഹാ
തിരുനാൾ
സെപ്റ്റംബർ 21

വി. മത്തായി
സുവിശേഷം

എടമനക്കുടുംബക്കാരുടെ
പ്രത്യേക മദ്ധ്യസ്ഥൻ

## എടമനക്കുരിശേ വാഴ്ക
### ഇടയിലും വഴിയിലും ഞങ്ങൾക്കു രക്ഷ നൽകുക